


# എങ്ങട്?
# രണ്ട് യു.സി.

union christian college, aluva

# FS School of Fashion

*A one stop solution for courses in fashion*




## 1 Year Program

- Diploma in Fashion Technology
- Diploma in Fashion Management
- Diploma in Fashion Communication

## 6 Months Program

- Diploma in Fashion Design
- Diploma in Textile Design
- Diploma in Apparel Merchandising

III[rd] Floor, Park Avenue Bldg., Bank Jn., Aluva, Ernakulam - 683 101
Tel : 0484 - 6542008
e-mail : info@fscollege.org | web : www.fscollege.org

# സമർപ്പണം

എല്ലാ ആണുങ്ങൾക്കും...

എല്ലാ പെണ്ണുങ്ങൾക്കും...





അത് അനിവാര്യമായിരുന്നു.  ചായയുടെ മണം എന്നും എനിക്കൊരു ലഹരിയായിരുന്നു...
അതുകൊണ്ടുതന്നെ, മരുഭൂമിയിലേക്ക് പെയ്തിറങ്ങിയ കുളിർമഴയായാണ് ഞാൻ ആ ഒരു
കപ്പ് ചായയെ കണ്ടത്.

പണ്ട്, മൂന്നാം ക്ലാസിൽ വച്ച് അപ്പന്റിസൈറ്റിസ് പിടിപെട്ടപ്പോൾ വയറ് പരിശോധിക്കാനായി
ഡോക്ടർ എന്നെ രണ്ട് ദിവസം പട്ടിണിക്കിട്ടു. ആ രണ്ട് ദിവസം, സൂചി മുനയിലൂടെ ഗ്ലൂക്കോസ്
ഭക്ഷിച്ചും തൊട്ടരികിലെ കിടക്കകളിൽ കിടന്നിരുന്നവർ തിന്നുന്ന ഭക്ഷണപദാർത്ഥങ്ങൾ നോക്കി
വെള്ളമിറക്കിയും ഞാൻ തള്ളിനീക്കി.  രണ്ടാം ദിവസം, ദ്രാവക രൂപത്തിലുള്ള എന്തെങ്കിലും
തിന്നാൻ കൊടുക്കാമെന്നുള്ള കരുണാർദ്രമായ ഉത്തരവുണ്ടായി.  അന്ന്, എന്റെ ആമാശയത്തി
ലേയ്ക്കു പെയ്തിറങ്ങിയ കുളിർ മഴയാണ് ഈ ചായ.

ഇന്ന് ഓഫീസിൽ നിന്നും വീട്ടിലേക്ക് മടങ്ങിയപ്പോൾ കൂടെ പോന്നതാണവൻ.  പതിവു
പോലെ, തിളങ്ങുന്ന തീപ്പെട്ടി കൂടുകൾ പോലത്തെ കടകളും മിന്നുന്ന കണ്ണുകളോടെ പരക്കം
പായുന്ന ഉറുമ്പുകളെപോലെയുള്ള വാഹനങ്ങളും നിറഞ്ഞ രാത്രി ചിത്രം നോക്കി
അലസമായി നിൽക്കവേയാണ് അവൻ ചായയുമായി വന്നത്.  അത്, കൈകളിൽ നിന്നും
ഹൃദയത്തിലേക്ക് ഏറ്റുവാങ്ങിക്കൊണ്ട് ഞാൻ എന്റെ ചായ പ്രേമത്തിന്റെ കഥ അവനോട്
പറഞ്ഞു.  ചിരിച്ചുകൊണ്ട് അവൻ ആ കഥ മുഴുവനും കേട്ടു.  എന്നിട്ട്, പണ്ട് ഞങ്ങളിരുന്ന്
ആർത്തിയോടെ ചായ കുടിച്ചിരുന്ന കോളേജ് ക്യാന്റീനെക്കുറിച്ചും, നരച്ച താടിയും
മീശയും വച്ച, എപ്പോഴും പാകമാകാത്ത ഷർട്ട് ധരിച്ചിരുന്ന ഒരാളെക്കുറിച്ചും അവൻ
എന്നെ  ഓർമ്മിപ്പിച്ചു.

പാതിയൊഴിഞ്ഞ ചായ കോപ്പയിൽ നിന്നും എനിക്കാകാന്റീനിന്റെ മണം കിട്ടി തുടങ്ങി.
അത് എന്റെ മനസ്സിനെ പഴയകാലത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ചായ കപ്പ് തിരികെ കൊടുത്തുകൊണ്ട് ഞാൻ കളിയായി ചോദിച്ചു.  "എടാ, നമുക്ക്
നമ്മുടെ പഴയ കോളേജിലേക്ക് പോയാലോ.?"

ഉത്തരം 'പോകാം' എന്നോ, 'നോക്കാം' എന്നോ ആയിരുന്നെങ്കിൽ, 'എപ്പോ,
എങ്ങനെ, എന്തിന്,' എന്നിങ്ങനെ ഒരു മറുചോദ്യമായിരുന്നെങ്കിൽ ഞാൻ ആ
തിളങ്ങുന്ന തീപ്പെട്ടി കൂടുകളെയും നോക്കി കുറേനേരം കൂടി അവിടത്തന്നെ
നിന്നേനെ. എന്നാൽ അവൻ ഉത്തരം ഒറ്റവാക്കിലൊതുക്കി.
"വാ".


NOKIA
Abc 918/1
POVAM...?
Options Back



# കാൻസർപ്പഴം

കശുമാങ്ങകൾക്ക് മധുരമാണെന്നുള്ള അവന്റെ വാദം കേട്ട് എനിക്ക് ചിരിയാണ് വന്നത്. അതിന്റെ രുചി ഒരുപാട് അറിഞ്ഞവനാണ് ഞാനെന്ന് അവനറിയില്ല. പണ്ട് വീട്ടു മുറ്റത്തെ കശുമാവിലിരുന്ന് ഞാനൊരിക്കൽ മൂക്കുമുട്ടെ കശുമാങ്ങകൾ തിന്നു. കുറെ നേരമായി എന്നെ അന്വേഷിച്ചുകൊണ്ടിരുന്ന അമ്മ ഒടുക്കം സഹികെട്ട്, കൈയിലൊരു പുളിവാറലുമായി കശുമാവിൻ ചോട്ടിൽ വന്നു നിന്ന് 'ഇറങ്ങടാ' എന്ന് ആക്രോശിച്ചു. പേടിച്ച് താഴേക്ക് നോക്കിയ എന്റെ മൂക്കിൽ നിന്നും എന്തോ നീര് വരുന്നത് ഞാനറിഞ്ഞു. അത് കശുമാങ്ങയുടെ നീരായിരുന്നു. 'മൂക്കുമുട്ടെ തിന്നുക' എന്നു വച്ചാൽ എന്താണെന്ന് അന്നാണ് ഞാൻ മനസ്സിലാക്കിയത്. ആ എന്നോടാണ് ഇവൻ കശുമാങ്ങയുടെ രുചിയെപ്പറ്റി തർക്കിക്കുന്നത്.

ചുവപ്പും മഞ്ഞയും നിറത്തിൽ കശുമാങ്ങകൾ തൂങ്ങിക്കിടക്കുന്ന ഒരു കശുമാവിൻ ചോട്ടിൽ ഞങ്ങളെത്തി. മുഴുത്ത ഒരു കശുമാങ്ങ കൈയിലെടുത്ത് അവൻ മണത്തു നോക്കി. മധുരത്തിന്റേയോ, ചവർപ്പിന്റെയോ മണമല്ല.

ഉടനെ, പാതാളത്തിൽ നിന്നെന്നപോലെ ഒരു വൃദ്ധൻ അവതരിച്ചു. ഒരുപക്ഷേ പ്രദേശ വാസിയായിരിക്കാം.

"മക്കളെ കശുമാങ്ങ തിന്നററ്. എല്ലാം വെഷാണ്" അയാൾ താക്കീത് ചെയ്തു.

ഞാനും അവനും പരസ്പരം നോക്കി.

എന്നിട്ട് അയാളോട് പറഞ്ഞു.

"ഞങ്ങള് കഴുകി തിന്നോളാം."

അയാൾ ചിരിച്ചു. അയാളും അയാളുടെ ശോഷിച്ച ശരീരവും വികലമായ അവയവങ്ങളും ചിരിച്ചു. യഥാർത്ഥത്തിൽ അതൊരു ചിരിയായിരുന്നില്ല. ഒരു തേങ്ങലായിരുന്നു.

# കാസർഗോഡ് നിന്നുമൊരു കത്ത്...

**മർജാൻ എ.യു.**
ഒന്നാംവർഷ ഇംഗ്ലീഷ് ബിരുദം



വിഷയം : എൻഡോസൽഫാൻ

സർ,

(ഗവൺമെന്റ് & കോർപറേറ്റ്)

നിങ്ങൾ ഞങ്ങൾക്കുമേൽ ചൊരിഞ്ഞ 'എൻഡോസൾഫാൻ' എന്ന അനുഗ്രഹത്തിനു നന്ദി അറിയിച്ചുകൊള്ളുന്നു. അത് ഞങ്ങളുടെ ഭൂമിയെ ഫലഭൂയിഷ്ടമാക്കി, ഞങ്ങളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഏറെ സഹായകമാകുകയും ചെയ്തു. മനുഷ്യരൂപത്തിൽ നിന്നും വ്യത്യസ്തമായതിനാൽ കുറച്ചുകാലം 'ലൈംലൈറ്റിൽ' കഴിഞ്ഞതിന്റെ സന്തോഷം പങ്കുവെയ്ക്കുന്നു. ഇന്ന് ഞങ്ങളിൽ പല മുതിർന്നവരും ഇഴഞ്ഞും, മുട്ടുകുത്തിയും, സംസാരിച്ച് തുടങ്ങാതെയും സ്വന്തമായി അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനാകാതെയും ജീവിക്കുന്നു. ഇങ്ങനെ ബാല്യകാല സ്മരണകളിലേക്ക് തിരിച്ചുപോകാൻ സഹായിച്ച നിങ്ങളോട് ഞങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. ഗവൺമെന്റ് നൽകിയ റിലീഫ് ഫണ്ട് കൃത്യമായി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പോക്കറ്റിൽ തന്നെ തങ്ങുന്നുണ്ട്. പൂർണ്ണമായി 'എൻഡോസൾഫാൻ' ബാധിത ഗ്രാമമായതിനാലാകും, ഇരുനൂറിലേറെ മാനസികവൈകല്യം ബാധിച്ചവരുള്ള 'മെഗ്രാൽപുത്തൂർ' എന്ന ഗ്രാമത്തെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളുടെ പട്ടികയിൽ തലകാണിപ്പിക്കാതിരുന്നതെന്ന് കരുതുന്നു. ക്യാൻസർ രോഗികൾക്കുള്ള ധനസഹായം നിഷേധിക്കപ്പെട്ടതുമൂലം ജാനും നായിക് ആത്മഹത്യചെയ്തത് അറിഞ്ഞുകാണുമെന്ന് വിശ്വസിക്കുന്നു.

കൂടങ്കുളത്തെ 'വിവരമില്ലാത്ത' ജനങ്ങൾ ഏതോ 'ഉദയകുമാറിന്റെ' ചോരത്തിളപ്പ് കണ്ട് ശബ്ദമുയർത്തുന്നത് കാസർകോട്ടേക്ക് വ്യക്തമായി കേൾക്കാം. വികസനമാണ് നിലനിൽപ്പിനേക്കാൾ പ്രധാനമെന്ന് എന്തേ അനുഭവം പഠിപ്പിച്ചുതന്നു. കോർപ്പറേറ്റുകളുടെ സ്വാർത്ഥതയ്ക്കായ് ഇനിയും ഞങ്ങൾ എന്താണ് ചെയ്തു തരേണ്ടത്? മറ്റ് പ്രത്യേക ആവശ്യങ്ങൾ ഒന്നുമില്ലെങ്കിൽ ഞങ്ങളെ കുഴിച്ചുമൂടുക, ഒരുപക്ഷേ കശുമാവുകൾ മുളച്ചേക്കാം!

*എന്ന്,*

*ബഹുമാനപൂർവ്വം*

**'ഇരകൾ.'**

# ഹിരോഷിമ
# നമ്മെ ഓർമ്മിപ്പിയ്ക്കുന്നത്...!

**അനുശ്രീ കെ.ജി.**
രണ്ടാംവർഷ ഭൗതികശാസ്ത്ര ബിരുദം



"I am Become Death. The Destroyer of World"

ഞാൻ മരണമായിക്കഴിഞ്ഞു. ലോകം നശിപ്പിക്കുന്നവൻ. ആറ്റംബോംബിനു ജന്മം കൊടുത്ത അമേരിക്കൻ ഗവേഷണസംഘത്തിന്റെ തലവൻ ജെ. റോബർട്ട് ഒപ്പൻ ഹെമറുടെ ചരിത്രപ്രസിദ്ധമായ വാക്കുകളാണിവ.

സ്വന്തം കണ്ടുപിടിത്തം ഇപ്രകാരം തള്ളിപ്പറയുമ്പോൾ ഹിരോഷിമയിലെയും നാഗസാക്കിയിലെയും ജനങ്ങൾ വിനാശകരമായ ഈ കണ്ടുപിടുത്തത്തിന്റെ ആദ്യത്തെയും അവസാനത്തെയും ഇരകളാകുമെന്ന് ഒരുപക്ഷേ അദ്ദേഹം പ്രതീക്ഷിച്ചിരുന്നേക്കാം.

1945 ഓഗസ്റ്റ് 6 - ജപ്പാന്റെ ഹോർച്ചു ദ്വീപിലെ നഗരമായ ഹിരോഷിമ ആദ്യ അണുബോംബു സ്ഫോടനത്തിനിരയായി. ലോകമനഃസാക്ഷിയെ ഒന്നടങ്കം ഞെട്ടിച്ചുകൊണ്ട് രാവിലെ 8.15ന് അമേരിക്കയുടെ 12.5 കിലോ ടൺ ശേഷിയുള്ള 'Little Boy' എന്ന ഫിഷൻ ബോംബ് അവിടെ പതിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ 10 ചി.കി. മീറ്റർ സ്ഥലം ഈ ഭൂമുഖത്തുനിന്നും തുടച്ചു മാറ്റപ്പെടുകയായിരുന്നു. 78,150 മനുഷ്യർ നിമിഷാർധം കൊണ്ട് കത്തിച്ചാമ്പലായി.

നഷ്ടങ്ങളുടെയും മരണങ്ങളുടെയും അടിസ്ഥാന കണക്കുകൾക്കപ്പുറത്ത് കരിഞ്ഞില്ലാതായത്, ഹോമാഗ്നിയിൽ ഉരുകിത്തീർന്നത് ` പ്രതീക്ഷകളും സ്വപ്നങ്ങളുമാർന്ന നവയൗവ്വനങ്ങളും നാളെയുടെ വക്താക്കളായ കുരുന്നുകളും... ഒപ്പം ഒരു നാടിന്റെ തുടിപ്പും ആയിരുന്നു. കെ. സച്ചിതാനന്ദന്റെ കവിത പോലെ,

"കോടിസൂര്യന്മാരുടെ പ്രകാശവുമായി
മരണം പൂത്തിറങ്ങി..."

ഇതായിരുന്നു ഹിരോഷിമ. WMD (Weapon of Mass Destruction) എന്ന ഓമനപ്പേരിൽ ലോകപ്രശസ്തി നേടിയ അരുംകൊലയുടെ സൂര്യപ്രഭയാർന്ന ആരംഭം!

മുലപ്പാലും രക്തവും ഇറ്റുവീഴുന്ന കിമോണോകൾ, പൊള്ളുന്ന ഹൃദയവുമായി വീടിന്റെ കുളിരുതേടി ഇഴഞ്ഞെത്തി പടിയിൽ പിട

ഞ്ഞുവീണ കുട്ടികളുടെ കുഞ്ഞിച്ചെരിപ്പുകൾ. സ്കൂൾ സഞ്ചിയിൽ നിന്നെടുത്തു ചാടി, തറയിൽ വീണുരുകിപ്പോയ പാവക്കുട്ടികൾ... യുദ്ധത്തിന്റെ ഭീകരത അതിന്റെ മൂർദ്ധന്യത്തിൽ വീക്ഷിച്ചപ്പോൾ ഒരുപക്ഷേ, സാധാരണക്കാരനായ ഒരു അമേരിക്കക്കാരനെങ്കിലും ചിന്തിച്ചിട്ടുണ്ടാവാം... "ഇതു വേണ്ടിയിരുന്നോ???...

അല്ലെങ്കിലും ഹൃദയമില്ലാത്ത അധികാരമോഹികൾക്കല്ലാതെ ആർക്കു ചെയ്യാനാകും ഈ അറുംകൊല! ഒരു നിമിഷത്തെ ക്രൂരതയുടെ ആഘാതം തലമുറകൾക്കുശേഷം ഇന്നും ആ നഗരം പേറുന്നു... യുദ്ധം നല്ലതൊന്നും അവർക്ക് നല്കിയിരുന്നില്ല... സാമ്പത്തിക തകർച്ച, മാറാരോഗങ്ങൾ, പകർച്ചവ്യാധികൾ, പട്ടിണി, ദാരിദ്ര്യം എന്നിങ്ങനെ ആ നഗരം വേരോടെ ചുട്ടെരിക്കപ്പെടുകയായിരുന്നു.



മരണക്കിടക്കയിൽ കിടന്നുകൊണ്ട് വെള്ളക്കൊക്കുകളെ ഉണ്ടാക്കി പറത്തിയ സഡാക്കോയുടെ പ്രതിമ 'ലോകത്ത് സമാധാനം ഉണ്ടാകേണമേ' എന്നു പ്രാർത്ഥിച്ചുകൊണ്ട് ഹിരോഷിമയുടെ ഹൃദയത്തിൽ കൈയുയർത്തി നിൽക്കുമ്പോൾ, നഗരത്തിനു ബാക്കിയായത്... മരണമൊഴുക്കുന്ന പാൽക്കുപ്പികളും മരിച്ച കിളികൾ പൊഴിയുന്ന മുരടിച്ച മരങ്ങളും അവയ്ക്കുമേൽ ഇന്നു പെയ്തിറങ്ങുന്നത് - കറുത്ത മഞ്ഞും കൊല്ലുന്ന മഴയും വായുവും, നിലാവും...! എന്നാൽ,

"കൊല്ലാം, പക്ഷേ തോൽപ്പിക്കാനാവില്ല"

എന്ന ആദർശവാക്യത്തെ അർത്ഥവത്താക്കിക്കൊണ്ട് ഹിരോഷിമ ഉയർത്തെഴുന്നേറ്റു. കരിഞ്ഞ ചാരത്തിൽ നിന്നും ചിറകു കുടഞ്ഞ് പറന്നുയരുന്ന ഫീനിക്സ് പക്ഷിയെപ്പോലെ ലോകത്തിന്റെ നിറുകയിലേയ്ക്ക് ഇന്നീനഗരം കുതിയ്ക്കുകയാണ്. യുദ്ധത്തിനും ആണവശക്തികൾക്കും ഉരുക്കിയൊഴുക്കാനാകാത്ത ദൃഢവിശ്വാസവും ചങ്കുറപ്പും ഈ നാടിനുണ്ട്. നിസ്സാരമായ പ്രശ്നങ്ങളുടെ പേരിൽ ഭരണവ്യവസ്ഥയെയും സമൂഹത്തെയും പഴിപറഞ്ഞുകൊണ്ട് നിഷ്ക്രിയതയിൽ കാലം കഴിക്കുന്ന പിന്നോക്ക രാജ്യങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ ഇനിയും?...

വിവേചനശേഷി നഷ്ടപ്പെട്ട അധികാര ഭ്രാന്തന്മാർ ഇന്നും യുദ്ധങ്ങൾക്ക് ആക്കം കൂട്ടുകയാണ്. രാജ്യസമ്പത്തിന്റെ മുക്കാലും ആയുധ-ആണവശേഷി വർദ്ധിപ്പിയ്ക്കാൻ നീക്കിവെയ്ക്കുന്ന വികസ്വര രാജ്യങ്ങൾ ഇനിയും കണ്ണു തുറന്നിട്ടില്ല.

ഓരോ യുദ്ധവും അവസാനിക്കുന്നത് കൂടുതൽ യുദ്ധങ്ങൾക്ക് വഴിമരുന്നിട്ടുകൊണ്ടാണ്. ഇന്ത്യ നേരിട്ട് പങ്കെടുത്ത കാർഗിൽ യുദ്ധവും അമേരിക്കയുടെ ഇറാഖ് അധിനിവേശവും ഇസ്രായേൽ പലസ്തീൻ പോരാട്ടവുമൊക്കെ മറ്റു രാഷ്ട്രങ്ങൾ കൂടി ഏറ്റുപിടിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഇനിയുമൊരു ലോകമഹായുദ്ധത്തെ താങ്ങുവാൻ ഭൂമിദേവിയ്ക്കാകുമോ...?

എല്ലാ വർഷവും ആഗസ്റ്റ് 6, പത്രങ്ങളുടെ മുൻതാളുകൾക്ക് സൗന്ദര്യവും തലയെടുപ്പും കൂട്ടിക്കൊണ്ട് അച്ചടിച്ചു വരുന്നു. "ഇന്ന് ഹിരോഷിമ ദിനം." യുദ്ധമെന്ന വിപത്തിന്റെ ഭീകരത ലോകം അറിഞ്ഞ നാളുകൾ. അതിന്റെ ഭീതിജനകമായ ദുരന്തസ്മരണ ഒരു നിമിഷത്തേയ്ക്കെങ്കിലും നമ്മെ അലോസരപ്പെടുത്തുന്നു. എന്നിട്ടും ചത്തും കൊന്നും നേടാൻ കഴിയുമെന്ന് വിശ്വസിക്കുന്ന വിഡ്ഢികളാണോ നാം?..



# ചിരി

സഗ എ.
മൂന്നാംവർഷ സസ്യശാസ്ത്ര ബിരുദം

ഇന്നെന്റെ പൂന്തോട്ടത്തിൽ ഒരു റോസ വിരിഞ്ഞു.
അത് എന്നെ നോക്കി നിഷ്കളങ്കമായി ചിരിച്ചു.
അതിന്റെ നൈർമ്മല്യം എന്റെ ഹൃദയത്തിൽ എന്തോ ഒരാനന്ദം പകർന്നു.
അതിന്റെ നനുത്ത ഇതളുകൾ സ്വന്തമാക്കാൻ-
സ്വാർത്ഥമായൊരാഗ്രഹം എന്റെ ഹൃദയത്തിൽ പടർന്നു.
ഞാൻ കൈകൾ നീട്ടി.
അതിന്റെ അമ്മയിൽ നിന്ന് ആ പൊക്കിൾക്കൊടി ബന്ധം ഞാൻ വേർപെടുത്തി.
ഒരു കശാപ്പുക്കാരനെപ്പോലെ ഞാനതിനെ കൊന്നു.
അപ്പോഴും അതെന്റെ കയ്യിലിരുന്ന് വേദനയോടെ ചിരിച്ചു.

# ന്യൂനപക്ഷത്തിന്റെ ശരി

**അനുരാഗ് പി.പി.**
ഒന്നാംവർഷ മനശാസ്ത്ര ബിരുദം

**അച്ഛൻ**

ഒരു ബീജകണത്തിന്റെ അവകാശത്തിൽ
എനിക്ക് മുകളിൽ ഒരായിരം സ്വപ്നങ്ങളും
പ്രതീക്ഷകളും അർപ്പിച്ചു; എന്റെ കാവൽക്കാരൻ.

**അമ്മ**

പൊക്കിൾക്കൊടി അറുത്ത് മാറ്റി അകലം
തീർത്തു കാറ്റടിച്ചാലും മഴയടിച്ചാലും എന്നെ
ഓർത്ത് കരയുന്നവൾ...

**സുഹൃത്ത്**

ആശയങ്ങളും, ആശയക്കുഴപ്പങ്ങളും നിറക്കുന്നവർ,
ഇന്നത്തെ ഓരോ ചിരിയ്ക്കുള്ളിലും
നാളത്തെ കരച്ചിലുകൾ തീർക്കുന്നവർ,
കണ്ണീരിലെ സൗന്ദര്യ ശിൽപികൾ...

**ഗുരു**

ശകാരമൂർച്ചയുടെ അറ്റം കാട്ടുന്നവർ.

**സൃഷ്ടാവ് അഥവാ ദൈവം**

എല്ലാം കണ്ടിട്ടും കേട്ടിട്ടും പ്രതികരിയ്ക്കാത്തവൻ,
ഒരുപക്ഷെ ജീവിതത്തിന്റെ ചീത്ത നാളുകളിൽ
മാത്രം ഓർക്കപ്പെടുന്ന ~~[illegible]~~ ഒരുവൻ.



# പെൺകുഞ്ഞ്

**ഷഹർബാൻ എം.**
മൂന്നാംവർഷ ജന്തുശാസ്ത്ര ബിരുദം

നൈമിഷിക സുഖത്തിനായി അയാൾ അവളിൽ
ലയിക്കുമ്പോൾ അയാളുടെ മനസ് മുഴുവൻ,
സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആവേശത്തി-
മിർപ്പിലായിരുന്നു.
മാസങ്ങൾക്കുശേഷം,
അവളുടെ ഗർഭപാത്രത്തിലേക്ക് നോക്കിയ
അയാൾക്ക് കാണാൻ കഴിഞ്ഞത്,
ഒരു പെൺമുഖം തന്നെയായിരുന്നു.
പിന്നെ താമസിച്ചില്ല,
ഗർഭപാത്രം കുത്തി തുറന്ന്
അയാൾ,
അവളെ നിഷ്കരണം ചവച്ച് തുപ്പി.



# നക്ഷത്രം

ശീതൾ
*മൂന്നാംവർഷ മലയാള ബിരുദം*

"ആയിരക്കണക്കിന് അമേരിക്കക്കാരുടെ ജീവിതമാണ് ആ വർഷങ്ങളിൽ തകർന്ന് പോയത്. രാഷ്ട്രീയപരമായ അത്യാഹിതങ്ങൾ, ചരിത്രപരമായ അത്യാഹിതങ്ങൾ, പിന്നെ അവരുടെ വിശ്വാസം കാരണവും." മുറേ പറഞ്ഞു. "എന്നാൽ ഇറായുടെ ജീവിതം വലിച്ച് താഴെയിട്ടതിന് സമാനമായി മറ്റൊരു ജീവിതവും ഞാൻ കാണുന്നില്ല. തനിക്ക് സ്വയം ബലിയർപ്പിക്കാമായിരുന്ന അമേരിക്കൻ യുദ്ധഭൂമിയിലായിരുന്നില്ല ഇറായുടെ ജീവിതം തകർക്കപ്പെട്ടത് ഒരു പക്ഷേ പ്രത്യേയ ശാസ്ത്രത്തിനും, രാഷ്ട്രീയത്തിനും, ചരിത്രത്തിനും അതീതമായി ഉദാത്തമായ പ്രഹസനമാകുന്ന എന്തോ ഒന്ന് ആ ദുരന്തത്തിന്റെ ഉൾക്കാമ്പായി ഉണ്ടായിരുന്നു. മനുഷ്യരെ രൂപീകരിക്കുന്ന ഏതൊരു പരാജയത്തിനും ജീവിതത്തെ വെല്ലുവിളിക്കാൻ കഴിയില്ല. ഒരു മനുഷ്യനെ അവന്റെ പ്രസക്തിയിൽ നിന്ന് അടർത്തിമാറ്റാനും, അവന്റെ അഭിമാനത്തെ ചോർത്തിക്കളഞ്ഞ് പൊള്ളയാക്കാനും ജീവിതം ഉപയോഗിക്കുന്ന തന്ത്രങ്ങൾക്ക് മുന്നിൽ നിങ്ങൾ തൊപ്പിയൂരി നമസ്ക്കരിക്കണം." മുറേ റിംഗോൾഡും നഥാൻ സുക്കർഫനും തമ്മിലുള്ള സംഭാഷണത്തിലൂടെ മൂറേയുടെ സഹോദരൻ ഇറാറിം ഗോൾഡിന്റെ ചരിത്രമായിരുന്നു അനാവരണം ചെയ്യപ്പെട്ടത്. രണ്ടാം ലോക മഹായുദ്ധാനന്തരം അമേരിക്കയിൽ പടർന്നു പിടിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ ചിത്രം വരയ്ക്കുന്ന ഫിലിപ്പ് റോത്തിന്റെ "ഐ മാരീഡ് എ കമ്മ്യൂണിസ്റ്റ്" ഇറാ റിംഗോൾഡിന്റെ ജീവിത ദുരന്തത്തിന്റെ കഥയാണ്. ഈ കഥ ചുരുളഴിയുന്നതാകട്ടെ ഇറായുടെ മൂത്ത സഹോദരൻ മൂറേയുടേയും അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായ നഥാൻ സുക്കർഫാന്റെയും ഇടയിലെ ഭാഷണത്തിലൂടെയും. നഥാന്റെ ഇറായെക്കുറിച്ചുള്ള ഓർമ്മകളിലൂടെയും, സമാന്തരമായി തന്നെ നീങ്ങുന്ന മുറെ നഥാൻ സംഭാഷണത്തിലൂടെയും നോവലിസ്റ്റ് പറയുന്നത് തികച്ചും വൈയക്തികമായ ചരിത്രത്തെക്കുറിച്ച് മാത്രമല്ല, അന്നത്തെ അമേരിക്കൻ സമൂഹത്തിന്റെ നേർചിത്രത്തെക്കുറിച്ചു കൂടിയാണ്.



ഏതാണ്ട് അമ്പത് വർഷങ്ങൾക്കുശേഷം തന്റെ മുൻ അധ്യാപകനായ മുറേയെ കാണുകയാണ് നഥാൻ സുക്കർഫൻ എന്ന പഴയ വിദ്യാർത്ഥി. ഈ കൂടിക്കാഴ്ച നഥാനെ

ഇറായെക്കുറിച്ചുള്ള ചില പച്ചയായ സത്യങ്ങൾ അറിയിക്കുകയാണ്. ഖനി തൊഴിലാളിയായും, സൈനികനായും ജോലി ചെയ്ത് പിന്നീട് റേഡിയോ നാടകരംഗത്ത് എത്തിയ ഇറായെ നഥാൻ ആദ്യം കാണുന്നത് തന്റെ കലാലയത്തിൽ ഇറാ, എബ്രഹാം ലിങ്കണെ വേദിയിലവതരിപ്പിക്കുമ്പോഴാണ്. ഇറാനിലെ സൈനികസേവനത്തിനിടയിൽ വച്ച് സഹപാഠിയായിരുന്ന ജോണി ഒഡേയിലൂടെയാണ് ഇറായിൽ കമ്മ്യൂണിസം എത്തിയതെന്ന് പിന്നീട് ഇറായുടെ ഹ്രസ്വകാല സഹപാഠിയായിരുന്ന നഥാൻ അറിയുന്നു. ഇറായോടൊപ്പം ഇറാ ഖനിത്തൊഴിലാളിയായി ജോലി ചെയ്തിരുന്ന സിങ്ക് ടൗണിൽ നഥാൻ എത്തുകയും റേ എന്ന ഖനിത്തൊഴിലാളിയെയും ഒരു മുൻ ഖനിയിലെ വർണ്ണക്കല്ലുകൾ വിറ്റ് ജീവിക്കുന്ന ടോമി വിനാർകി എന്ന വൃദ്ധനേയും പരിചയപ്പെടുകയും ചെയ്യുന്നു. ഇറായെ റേഡിയോയിൽനിന്ന് പിരിച്ചുവിട്ട സമയത്തായിരുന്നു അവർ സിങ്ക്ടൗണിൽ പോയത്. അതിനുശേഷം ഇറായ്ക്ക് ഒപ്പം അവധി ചിലവഴിക്കാൻ അവസരം കിട്ടാതെ പോവുകയാണ് നഥാൻ.

നോവലിൽ സമാന്തരമായി നീങ്ങുന്ന മുറേയുടെ ഭാഷണമാണ് നാഥാനെ ഇറായുടെ അപരിചിത ജീവിതത്തിലേക്ക് എത്തിക്കുന്നത്. ഇറായുടെ ജീവിതത്തിന്റെ പൂർണ്ണചിത്രം നഥാൻ മുറേയിൽ നിന്ന് അറിയുകയാണ്. നോവർത്തിലെ ഗുണ്ടകളും തെരുവു തെണ്ടികളും അടങ്ങിയ തെരുവിലെ ബാല്യവും പിന്നീട് പതിനഞ്ചാം വയസ്സിൽ ഇറായ്ക്ക് നോ പാർക്കിൽ നിന്ന് ഒളിച്ചോടേണ്ടി വന്നതും പല ജോലികളിലൂടെ റേഡിയോയിൽ എത്തി "അയൺറിൻ" എന്ന വിളിപ്പേര് ലഭിച്ചതുമെല്ലാം മുറേ നഥാനോട് വിവരിക്കുകയാണ്. ഒരു നടിയും മൂന്നു പ്രാവശ്യം വിവാഹമോചനം നേടിയവളുമായ ഈവ്ഫ്രെയ്മിനെ വിവാഹം കഴിക്കുകയാണ് ഇറ. പിന്നീട് ഗർഭിണിയാകുന്ന ഈവ് ഇറായുടെ വിലക്ക് മറികടന്ന് തന്റെ ആദ്യ വിവാഹത്തിലെ മകളും സിൽഫിസിന്റെ ഭീഷണി കാരണം ഗർഭഛിദ്രം നടത്തുകയാണ്. സിൽഫിസിന്റെ പേരിൽ പിന്നീട് ഉടലെടുക്കുന്ന സംഘർഷവും ഒരു വിരുന്നിൽ വച്ച് പാർലമെന്റംഗമായ ബ്രൈഡൻ ഗ്രാന്റിനോടും പത്നിയോടും പ്രകോപിതനായി ഇറാ പെരുമാറുന്നതും ഇറായുടെ ദാമ്പത്യത്തെയും പിൽക്കാല ജീവിതത്തെയും സ്വാധീനിക്കുകയാണ്. തുടർന്ന് പലകാരണങ്ങളാൽ ഈവുമായി ഇറ വേർപിരിയുകയാണ്. ഇറായുടെ ജീവിതത്തെ പിടിച്ചു കുലുക്കിയ സംഭവങ്ങൾ വരാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളു. ഈവ് ഗ്രാന്റ് ദമ്പതിമാരുടെ സഹായത്തോടെ തന്റെ ആത്മകഥാനുഭവം രചിക്കുന്നു. 'ഐ മാരിഡ് എ കമ്മ്യൂണിസ്റ്റ്' എന്നായിരുന്നു അതിന്റെ പേര്. അതിൽ തന്റെ മുൻ ഭർത്താവ് റഷ്യൻ ഏജന്റാണെന്നും കമ്മ്യൂണിസ്റ്റാണെന്നും ഈവ് എഴുതുന്നു. തുടർന്ന് ഇറായുടെ ജീവിതം കീഴ്മേൽ മറിയുകയാണ്. കമ്മ്യൂണിസ്റ്റാണെന്നതിന്റെ പേരിൽ റേഡിയോയിലെ ജോലി ഇറായ്ക്ക് നഷ്ടപ്പെടുന്നു. തുടർന്ന് മനോരോഗാശുപത്രിയിൽ ആക്കപ്പെടുന്ന ഇറായെ കാണാനെത്തുന്ന ഈവ് ആ ഗ്രന്ഥം യഥാർത്ഥത്തിൽ ഗ്രാന്റ് ദമ്പതിമാരുടെ രചനയാണെന്ന് വെളിപ്പെടുത്തുന്നു. ഇറാ ഈവിനെ കൊല്ലുമെന്ന് ഭയപ്പെടുകയാണ് മുറേ. എന്നാൽ ഇറായുടെ പത്രപ്രവർത്തക സുഹൃത്തുക്കൾ ഈവ് യഥാർത്ഥത്തിൽ ഒരു ജൂത സ്ത്രീയാണെന്ന് വെളിപ്പെടുത്തുന്നതോടെ, സമൂഹത്തിൽ നിന്നും ഈവും ആട്ടിയകറ്റപ്പെടുകയാണ്. ആർക്കുവേണ്ടിയാണോ ഈവ് തന്റെ ജീവിതം ബലിയർപ്പിച്ചത് ആ മകളും ഈവിനെ അവസാനം ഉപേക്ഷിക്കുകയാണ്. പത്ത് വർഷത്തിന് ശേഷം ആരാലും അറിയാതെ ഹൽഹട്ടനിലെ ഒരു ഹോട്ടലിൽ വച്ച് ഈവും സിങ്ക്ടൗണിലെ പഴയൊരു ഖനിയിൽ വർണ്ണക്കല്ലുകൾ വിറ്റുകൊണ്ടിരിക്കെ ഹൃദയാഘാതത്താൽ ഇറായും മരിക്കുകയാണ്.

കമ്മ്യൂണിസ്റ്റ് വിരുദ്ധതയും ജൂതവെറുപ്പും വേരോടിയ രണ്ടാം ലോക മഹായുദ്ധാനന്തര അമേരിക്കൻ സമൂഹത്തിന്റെ ചിത്രമാണ് റോത്ത് ഈ നോവലിൽ ആവിഷ്കരിക്കുന്നത്. ഇറായും ഈവും മുറേയും ഡോറിസും എല്ലാം അതിന്റെ ഇരകളാണ്. അമേരിക്കയിലെ ചുവപ്പു വിരോധം അവരുടെ സാമൂഹ്യ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുകയാണ്. അമേരിക്കയിൽ ആയിരക്കണക്കിനാളുകളുടെ ജീവിതമാണ് തകർക്കപ്പെട്ടത് എന്ന മുറേയുടെ വാക്കുകൾ യഥാർത്ഥ അമേരിക്കൻ ചിത്രമാണ് കാണിച്ചുതരുന്നത്. നോവലിന്റെ അന്ത്യത്തിൽ മുറേ രണ്ടുമാസങ്ങൾക്ക്ശേഷം മരിച്ചത് നഥാൻ വായനക്കാരോട് പറയുകയാണ്. നഥാന്റെ ആത്മസംഭാഷണത്തിലാണ് നോവലവസാനിക്കുന്നത്.

"മുറേ എന്നെവിട്ടുപോയ ആ തെളിഞ്ഞ രാത്രിയിൽ ഈ കുന്നിൻ മുകളിൽ ഞാൻ കണ്ടത് തെറ്റുകൾ കടന്നുവരാത്ത ഒരു പ്രപഞ്ചം. ഭാവനയ്ക്കതീതമായ ഒരു പ്രപഞ്ചം നിങ്ങൾ കാണുന്നു. ശത്രുരഹിതമായ പ്രപഞ്ചക്കാഴ്ച. സമയത്തിന്റെ മഹാമസ്തിഷ്കം, മനുഷ്യൻ കൊളുത്താതെ എരിയുന്ന നക്ഷത്രലോകം."

നക്ഷത്രങ്ങൾ ഒരു അനിവാര്യതയാണ്."



**വൈശാഖ് ബി തോമസ്**
ഒന്നാംവർഷ സിഎംഎ ബിരുദം

# കണ്ണൂർ

ട്രാഫിക് ബ്ലോക്കിൽ കിടക്കാൻ തുടങ്ങിയിട്ട് നേരം ഏറെയായി. കൊച്ചിയിൽ മാത്രമേ ഈ പ്രതിഭാസം ഉണ്ടാകാറുള്ളൂ എന്ന് വിചാരിച്ചിരുന്ന എനിയ്ക്ക് തെറ്റി. എന്താണാവോ കാരണം? വല്ല അപകടവും നടന്ന് കാണുമോ? ചോദ്യങ്ങളുടെ ഒരു നിര തന്നെ എന്റെ മനസിൽ വന്ന് നിന്നു. എന്നാൽ അവന് യാതൊരു ആശങ്കയുമില്ല. സ്റ്റിയറിംഗിൽ താളം പിടിച്ച് കൊണ്ട് അവൻ പറഞ്ഞു.

"പാർട്ടീന്റെ പ്രകടനം പേന്നതാ..." എനിയ്ക്ക് വീണ്ടും ആശങ്കയായി സ്ഥലം കണ്ണൂരാണ്.

"എടാ വണ്ടി സൈഡ് ചേർത്തിട് വല്ല കല്ലേറും ഉണ്ടായാലോ...?"

അവന്റെ മുഖത്തെ ഉന്മേഷത്തിന് മീതെ കോപത്തിന്റെ കാർമേഘം പരക്കുന്നതായി എനിയ്ക്ക് തോന്നി.

ഭഗവതി കയറിയ തെയ്യത്തെപ്പോലെ അവൻ എന്നെ നോക്കി...

"കണ്ണൂര്ന്ന്വച്ചാ കല്ലേറും കത്തിക്കുത്തും ആണ്ന്ന് അനക്ക് പറഞ്ഞന്നോനെ ചെര്പ്പ്ന്നടിക്കണം"

ഞാൻ അടികൊണ്ടതുപോലെയായി.

"ഞാൻ ചുമ്മ പറഞ്ഞതാടോ."

അന്തരീക്ഷത്തിന്റെ പിരിമുറുക്കം കുറയ്ക്കാൻ ശ്രമിയ്ക്കുകയായിരുന്നു ഞാൻ. അത് ഒരു ഫലം കാണുകയും ചെയ്തു.

അൽപനേരം ചിന്തയിലാണ്ടിരുന്നതിന് ശേഷം അവൻ പറഞ്ഞു.

"ഇന്നാട്ടിലെ സമരപോരാട്ടങ്ങൾടെ ചരിത്രം അറിയാത്തോന്, ഈടത്തെ തെയ്യോം തെറേം കാണോത്തോന് ഇന്നാടിന്റെ നന്മ കാണമ്പറ്റൂല്ല പ്പാ..?



# ഉന്നത വിദ്യാഭ്യാസവും വെല്ലുവിളികളും

ദേവ് ആനന്ദ് കെ.
രണ്ടാംവർഷ ഗണിതശാസ്ത്ര ബിരുദം



ഇന്നേവരെയുള്ള സാംസ്കാരിക ചരിത്രം നമുക്ക് കാട്ടിത്തരുന്നത് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നത് ഭരണവർഗ്ഗ താൽപ്പര്യങ്ങളും ആശയങ്ങളുമാണ് എന്നാണ്. ഓരോ കാലഘട്ടത്തിലും ആധിപത്യം പുലർത്തുന്ന ആശയങ്ങൾ ഈ കാലഘട്ടത്തിലെ ഭരണവർഗ്ഗത്തിന്റെ ആശയങ്ങളാണ്. ആ കാലഘട്ടത്തിൽ ആധിപത്യം പുലർത്തുന്ന ഭൗതിക ശക്തിതന്നെയാണ് ആ സമൂഹത്തിൽ ബോധപരമായ ആധിപത്യം പുലർത്തുന്നതും.

ഇതുവരെയും സമൂഹം വർഗ്ഗവൈരുധ്യങ്ങളിലൂടെയാണ് കടന്നുവന്നിട്ടുള്ളത്. ധാർമ്മിക ചിന്തയും സദാചാര ബോധവുമെല്ലാം വർഗ്ഗാധിഷ്ഠിതമായിരുന്നു. അതോ, ഭരണവർഗ്ഗ താൽപ്പര്യങ്ങളെ ന്യായീകരിക്കാൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും. അതോടൊപ്പംതന്നെ, മർദ്ദിത-ചൂഷിത വിഭാഗങ്ങളുടെ സംഘടനാ പ്രവർത്തനത്തേയും സമരമുന്നേറ്റങ്ങളേയും ഇവ ഇഴകഴ്ത്തിക്കാട്ടുന്നതായും കാണാം.

മുകളിൽ സൂചിപ്പിച്ച അതേ ലക്ഷ്യങ്ങൾ തന്നെയാണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ച ക്രിസ്ത്യൻ മിഷണറിമാർക്കും ഉണ്ടായിരുന്നത്. അവരുടെ വിദ്യാഭ്യാസ നയങ്ങൾക്ക് പ്രധാനമായും രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് മതപ്രചാരണം, രണ്ട് യൂറോപ്യൻ മുതലാളിത്തവ്യവസ്ഥയെ പരിചയപ്പെടുത്തുക വഴി കൊളോണിയൻ ഭരണത്തെ അനുകൂലിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുക.

1947-ൽ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പുതിയ വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി രണ്ട് കമ്മീഷനുകളെ നിയമിക്കുകയുണ്ടായി. സെക്കണ്ടറി വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിശോധിക്കുവാനും ഉന്നത വിദ്യാഭ്യാസരംഗത്തെ പഠനവിധേയമാക്കുവാനുമാണ് ഇവ രൂപീകൃതമായത്. ജനാധിപത്യം, സാമൂഹ്യനീതി, സ്വാതന്ത്ര്യം, സമത്വം, സോഷ്യലിസം, മതേതരത്വം തുടങ്ങിയ ആശയങ്ങൾ മുൻനിർത്തി നടത്തിയ പരിഷ്കാരങ്ങൾക്ക്, ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കുക, കുബേര-കുചേല വ്യത്യാസങ്ങൾക്കതീതമായി സാംസ്ക്കാരിക ഉന്നമനം കൈവരിക്കുന്ന തരത്തിൽ വിദ്യാഭ്യാസ വ്യവസ്ഥയെ അഴിച്ചു പണിയുക എന്നീ ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്.

മഹത്തായ ലക്ഷ്യത്തോടെ മുന്നേറിയ ഇന്ത്യൻ വിദ്യാഭ്യാസരംഗം പതുക്കെ പതുക്കെ ഒരു കച്ചവടച്ചരക്കായി മാറുകയായിരുന്നു. ഈ മാറ്റം കൂടുതൽ വ്യക്തമായി തെളിഞ്ഞുവന്നത് 1991-ൽ നടപ്പാക്കപ്പെട്ട ആഗോളവൽക്കരണ നയങ്ങൾക്ക് ശേഷമാണ്. 1990-ൽ അധികാരത്തിലേറിയ നരസിംഹറാവുവിന്റെ സാമ്പത്തിക നയങ്ങൾ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് പറിച്ചുനടാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ ഉദാരവൽക്കരണത്തിന്റെ വലിയ സ്വാധീനം നമുക്ക് കാണാൻ കഴിയും.

National Commission for Higher Education and Research Bill 2010 (NCHER 2010) ഒരു സ്വയംഭരണ, സ്വകാര്യ വിദ്യാഭ്യാസ സമ്പ്രദായം സൃഷ്ടിച്ചെടുക്കലാണ്. ഇതുകൂടാതെ, ഉന്നത വിദ്യാഭ്യാസത്തിന്റെ പൂർണ്ണ ചുമതല ഒരു ഏഴംഗ സമിതിയിൽ (ഇതിൽ ഒരാൾ ഒരു അറിയപ്പെടുന്ന വ്യവസായി ആയിരിക്കും) ഏൽപ്പിക്കാനുള്ള നീക്കവും ഉണ്ട്. ഇതിന്റെകൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റുചില ബില്ലുകളും ഇതേ സ്വഭാവം വെച്ചു പുലർത്തുന്നവയാണ്.

National Accredition Regulatory Bill (2010) പ്രകാരം എല്ലാ കലാലയങ്ങളും അക്രിഡേഷനു വിധേയമാകണം. എന്നാൽ ഈ അക്രിഡേഷൻ നടത്തുന്നത് സ്വകാര്യ ഏജൻസികളാകുമ്പോൾ നിശ്ചിത അളവിൽ പ്രകടനം നടത്താത്ത സ്ഥാപനങ്ങൾ പുറംതള്ളപ്പെടാനാണ് സാധ്യത. ഇത്തരത്തിൽ പുറംതള്ളപ്പെടുന്ന സ്ഥാപനങ്ങൾ ഗ്രാമീണമേഖലയിലുള്ളതും ദരിദ്ര വിഭാഗങ്ങൾ പഠിക്കുന്നതുമായിരിക്കും. ഇതിന്റെ അനന്തര ഫലമെന്നോണം, വർഗ്ഗ ഭിന്നതകൾ ഇപ്പോൾ ഉള്ളതിന്റെ ഇരട്ടിയായി വിദ്യാഭ്യാസ മേഖലയിൽ പ്രതിഫലിക്കും. ഇതിന്റെ മറ്റൊരു വശം, ഉദാരവൽക്കരണ നയങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾക്കു വിധേയരായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാത്രം അക്രഡിഷൻ നൽകപ്പെടുന്ന സ്ഥിതി സംജാതമാകും എന്നതാണ്.

Foreign Educational Institution Bill (2010) പരിശോധനവിധേയമാക്കേണ്ട ഒന്നാണ്. ലോകോത്തര നിലവാരമുള്ള സർവ്വകലാശാലകളെ ഇന്ത്യയിലേയ്ക്ക് കൊണ്ടുവരാം എന്ന വ്യാജ വാഗ്ദാനത്തോടെ നടപ്പിലാക്കുന്ന ഈ ബില്ലിന്റെ യഥാർത്ഥ ഉദ്ദേശ്യം നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന മൂന്നാംകിട വിദേശ സർവ്വകലാശാലകളെ ഈ നിയമത്തിൻ കീഴിലേയ്ക്ക് കൊണ്ടുവരിക എന്നതും, ഇത്തരം സർവ്വകലാശാലകളിലെ മൂന്നാംകിട കോഴ്സുകൾ ഇന്ത്യയിലേയ്ക്ക് കൊണ്ടുവന്ന് ഇന്ത്യൻ സർവ്വകലാശാലകളെ മതാധിഷ്ഠിത-കമ്പോള വ്യവസ്ഥയുടെ ഭാഗമാക്കുക എന്നതുമാണ്. കേന്ദ്ര മാനവ വിഭവശേഷിവകുപ്പ് മന്ത്രി ലോക്സഭയിലവതരിപ്പിച്ച കണക്കുകൾ ഇതിനു തെളിവാണ്. ഇന്ത്യയിൽ സർവ്വകലാശാലകൾ സ്ഥാപിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ട് അപേക്ഷ നൽകിയിട്ടുള്ള 144-ൽ 94 സർവ്വകലാശാലകൾക്ക് സ്വന്തം രാജ്യത്ത് പ്രവർത്തനാനുമതിയില്ല എന്നുള്ളത് നമ്മുടെ വിദ്യാഭ്യാസ കച്ചവട ശ്രമങ്ങളുടെ അപഹാസ്യമായ ചിത്രത്തെയാണ് തുറന്നുകാട്ടുന്നത്. ഇങ്ങനെ, മൂന്നാംകിട സർവ്വകലാശാലകളുടെ മൂന്നാംകിട കോഴ്സുകൾ നടപ്പിലാക്കുന്നതിനുള്ള ഒരു വേദിയായി ഇന്ത്യൻ വിദ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുന്നു. ഇതോടെ, അവശേഷിക്കുന്ന സാംസ്കാരിക തനിമകൂടി നമുക്ക് നഷ്ടമാകും.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടേയും മാനേജ്മെന്റ് കോഴ്സുകളുടേയും അനിയന്ത്രിതമായ വളർച്ചയ്ക്ക് വളമിടുകയും, കലാ-സാഹിത്യ, ശുദ്ധ ശാസ്ത്രമേഖലകളെ തടയുകയും ചെയ്യുന്നത് കള്ളപ്പണംകൊണ്ട് സർക്കാരിനെ നിയന്ത്രിക്കുന്ന മുതലാളിമാരെ സഹായിക്കാനാണ്. ഇതോടെ ശാസ്ത്രം അതിന്റെ മൂല്യങ്ങളെ വെടിഞ്ഞ് ഒരു ഉൽപ്പാദന ഉപാധിയായി ചുരുങ്ങുകയും അതിന്റെ അടിസ്ഥാന ലക്ഷ്യം എന്നത് മൂലധന സേവനം മാത്രമായി മാറുകയും ചെയ്യും.

രണ്ടാം യു.പി.എ ഗവൺമെന്റ് സ്വീകരിക്കുന്ന അതേ വിദ്യാഭ്യാസ നയങ്ങളാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. എൻ.ആർ. മാധവമേനോൻ റിപ്പോർട്ട് പ്രകാരം കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള നടപടികളുമായി കേരള സർക്കാർ മുന്നോട്ടുപോവുകയാണ്. സിലബസ്, അഡ്മിഷൻ തുടങ്ങിയ മേഖലകൾ മാനേജുമെന്റുകളുടെ പിടിയിലാകുന്നതോടെ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ഒന്നില്ല എന്ന അവസ്ഥ സംജാതമാകുന്നു. കാര്യക്ഷമത, മെറിറ്റ് എന്നീ നവലിബറൽ ആശയങ്ങളാണ് ഈ നീക്കത്തിന് കാരണമായി എടുത്തുകാട്ടുന്നത്. ഇത്തരം നടപടികൾ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും അഭിപ്രായ സ്വാതന്ത്ര്യത്തിനും ചിന്താ പദ്ധതികൾക്കും പ്രതികൂല സാഹചര്യം സൃഷ്ടിക്കും. അതോടൊപ്പംതന്നെ, ഈ നടപടി മാനേജ്മെന്റുകളുടെ എല്ലാ ഫ്യൂഡൽ നയങ്ങൾക്കുമുള്ള മൗനസമ്മതമായിത്തീരുകയും ചെയ്യും. സിലബസ് തീരുമാനിക്കാനുള്ള അവകാശംകൂടി മാനേജ്മെന്റിന് ലഭിക്കുന്നതോടെ, നമ്മുടെ ചരിത്ര പുസ്തകങ്ങളിൽ വർഗ്ഗസമരങ്ങളുടേയും ജനകീയ വിപ്ലവങ്ങളുടേയും സ്ഥാനം എവിടെയായിരിക്കുമെന്ന് ആലോചിച്ചു നോക്കാവുന്നതേയുള്ളൂ.

ലാഭക്കൊതിയന്മാരായ മുതലാളിമാരുടെ കയ്യിൽനിന്നും ഇന്ത്യയുടേയും കേരളത്തിന്റെയും വിദ്യാഭ്യാസ രംഗത്തെ രക്ഷിക്കണമെങ്കിൽ നമ്മൾ വിദ്യാർത്ഥികൾ സംഘബോധത്തോടെ ഉണർന്ന് പ്രവർത്തിക്കണം. ഒരു ലാത്തിക്കും, ഒരു ഗ്രനേഡിനും, ഒരു വെടിയുണ്ടക്കും മുന്നിൽ തലകുനിക്കാതെ ഉജ്ജ്വലമായ വർഗ്ഗ പോരാട്ടത്തിലൂടെ നമുക്ക് നല്ല നാളേയ്ക്കായി പ്രവർത്തിക്കാം.

# വിൽപ്പന

**അപർണ കെ. എസ്.**
രണ്ടാംവർഷ മനശാസ്ത്ര

വിൽക്കാനുണ്ടോ ബോംബുകൾ?
ഉടലറ്റ തലകൾ?
നല്ല വില തരാം...
സാമ്രാജ്യത്വത്തിന്റെ സി.ഈ.ഓ മാർ അലയുന്നു.
വിൽക്കാനുണ്ടോ കരിഞ്ഞ കാടുകൾ?
ഞങ്ങളത് യന്ത്ര പൂന്തോട്ടമാക്കാം...
ആഗോളവത്കരണം വിലപേശുന്നു
വെറുതെ ഇരുന്നു മടുത്തു
എങ്കിൽ വാ ചൊവ്വയിലേക്കൊരു ടൂറു പോകാം.
പണക്കെട്ടുകൾ മെത്തയാക്കി,
ഡോളറുകൾ തലയണയാക്കിയ
ശവം തീനികൾ മന്ത്രിച്ചു-
പച്ച വെള്ളത്തിലും ശുദ്ധമത്രെ
കീടത്തെ കൊല്ലുന്ന വർണ്ണജലം.
ചന്തയിലെ ശ്വാനനും അന്തസ്സു കൂടും
ചേരിയിലെ നരക്കോലത്തെക്കാൾ.
വിൽക്കാനുണ്ടോ ഇളം കുഞ്ഞു തലകൾ
പകരം തരാം നല്ല കുഴി ബോംബുകൾ.



# സൂപ്പർ നാച്ച്വറൽ V/S ന്യൂറോ സയൻസ്

ജേക്കബ് കെ. ജോൺ
രണ്ടാംവർഷ മനഃശാസ്ത്ര ബിരുദാനന്തരബിരുദം

മനുഷ്യന്റെ വികാസ പരിണാമങ്ങളുടെ അന്വേഷണങ്ങൾ ചെന്നെത്തുന്നത്, അവന്റെ മസ്തിഷ്കത്തിന്റെ സങ്കീർണ്ണ ഘടനയിലാണ്. ഭാവനയും ചിന്താശേഷിയും, ഭാഷാ പരിജ്ഞാനവും മനുഷ്യ മസ്തിഷ്കത്തിന്റെ പ്രത്യേകതകളാണ്. അങ്ങനെ, ഈ സങ്കീർണ്ണത നമ്മിൽ സൃഷ്ടിക്കുന്ന ചില അനുഭവങ്ങളുടെ ശാസ്ത്രീയത ന്യൂറോ സയൻസിന്റെ വെളിച്ചത്തിൽ പരിശോധിക്കുകയാണിവിടെ. നമ്മുടെ മനസ്സിൽ രൂപംകൊള്ളുന്ന വിശ്വാസങ്ങൾ, പ്രതീക്ഷകൾ, നമ്മുടെ സ്വത്വബോധം എന്നിവ എങ്ങനെ രൂപപ്പെടുന്നുവെന്നും ആ അനുഭവങ്ങളെ ശരീര ശാസ്ത്രത്തിന്റെ തലത്തിൽ ന്യൂറോസയൻസ് നമുക്കു പറഞ്ഞുതരുന്നു.

വിശ്വാസങ്ങളെക്കുറിച്ചുള്ള ന്യൂറോ സയസൻസിന്റെ അന്വേഷണങ്ങൾ തുടങ്ങുന്നത്; അവ സൃഷ്ടിക്കുന്ന ശാരീരിക പ്രതികരണങ്ങളിൽ നിന്നാണ്. ഉദാഹരണത്തിന് ആചാരാനുഷ്ഠാനങ്ങളും, പ്രാർത്ഥനയും നമ്മുടെ വിശ്വാസവുമായി ബന്ധപ്പെട്ടുക്കിടക്കുന്നു. പ്രാർത്ഥനയിൽ ഏർപ്പെടുമ്പോൾ അത് ആത്മീയം എന്ന് വിളിക്കാവുന്ന ഒരു അനുഭവം സൃഷ്ടിക്കുകയോ അല്ലെങ്കിൽ നമുക്ക് രാത്രി അനുഭവപ്പെടുകയോ ചെയ്യും. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് ന്യൂറോ തിയോളജി നമുക്ക് പറഞ്ഞു തരുന്നു.

ദൈനംദിന ജീവിതത്തിൽ ഏതൊരാളും മാനസിക വിഷമത്തെ നേരിടേണ്ടിവരുന്നു. ഇത് അവരെ പ്രാർത്ഥനയിലേക്കോ മറ്റ് ആരാധനകളിലേക്കോ കൊണ്ടെത്തിച്ചെന്നുവരാം. അപ്പോൾ ആശ്വാസവും ലഭിച്ചേക്കും. ശാസ്ത്ര പരിജ്ഞാനത്തിന്റെ ശൈശവദിശയിൽ ജീവിച്ചിരുന്ന ആളുകൾ ഈ ആശ്വാസത്തിനു കാരണം സൂപ്പർ നാച്ച്വറൽ എന്നോ സോക്കോളജിക്കൽ ബീയിംഗ് എന്നോ വിളിക്കാവുന്ന എന്തിന്റെയെങ്കിലും ഇടപെടൽ കൊണ്ടാണെന്ന് സാധുകരിച്ചിരുന്നു. ആധുനിക ന്യൂറോ സയസൻസിന്റെ സയിന്റിസ്റ്റുകൾ ഇതെങ്ങനെ സംഭവിക്കുന്നു എന്ന് തെളിയിച്ചു കഴിഞ്ഞു. ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുമ്പോൾ ആശ്വാസം ലഭിക്കുന്നു എന്നതിന് കാരണം തലച്ചോറിലെ സ്വതസിദ്ധമായ വേദന സംഹാരികളായ എൻഡോർഫിനുകൾ (endorphins) ആണെന്നു കണ്ടെത്തി. മാനസികമോ ശാരീരികമോ ആയ വേദന തോന്നുമ്പോൾ അത് കുറയ്ക്കുന്നതിന് നമ്മുടെ മസ്തിഷ്കത്തിലെ വേദന സംഹാരികളായ 'എൻഡോർഫിനു'കളാണ് പ്രവർത്തിക്കുന്നത്.



പ്രാർത്ഥനയിൽ ഏർപ്പെടുമ്പോഴും, ചിരിക്കുമ്പോഴും, എൻഡോർഫിൻസ് തലച്ചോറിൽ നിറയുന്നു. ഇത് ശരീരത്തിന്റെ Surving mechanism ആണ്.

കറുപ്പു ചെടിയിൽ നിന്നു വേർതിരിച്ചെടുക്കുന്ന മരുന്നുകളാണ് ഒപ്പെയ്റ്റുകൾ. (opiates) മോർഫിൻ, മെത്തഡോൺ, ഹെറോയിൻ തുടങ്ങിയ സാധാരണ ഒപ്പെയ്റ്റുകൾ സന്തോഷകരമായ ഒരു മാനസികാവസ്ഥ പ്രദാനം ചെയ്യുന്നു. യാഥാർത്ഥ്യങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കാനും വേദനയുടെ തീവ്രത കുറയ്ക്കാനും ഇവ സഹായിക്കുന്നു. ഇതുപോലെ ശരീരത്തിലെ വേദന സംഹാരികളായ എൻഡോർഫിനുകളുടെ സന്തോഷകരമായ ഒരവസ്ഥ നമുക്ക് പ്രധാനം ചെയ്യുന്നു. രോഗാവസ്ഥയിൽ തുടരുന്ന ഒരാളിൽ ഒരുപക്ഷേ മന്ത്രവാദവും, ധ്യാനവും മറ്റും മരുന്നിന്റെ ഗുണം ചെയ്യുന്നതും ഇതുപോലെ മറ്റൊരു മെക്കാനിസം തന്നെ.

സന്യാസികളിലും മറ്റും ആത്മീയനുഭവം എങ്ങനെ സൃഷ്ടിക്കപ്പെടുന്നു എന്ന് നമുക്ക് നോക്കാം. 1998 ജയിംസ് ഓസ്റ്റിൻ എഴുതിയ 'zen and brain' എന്ന പുസ്തകം മസ്തിഷ്കത്തിന്റെ ഏത് രീതിയിലുള്ള പ്രവർത്തനമാണ് ആത്മീയം എന്ന അനുഭവത്തെ സൃഷ്ടിക്കുന്നത് എന്ന് കണ്ടെത്തി. മസ്തിഷ്കത്തിലെ ചില പ്രദേശങ്ങളിലേക്ക് signals എത്തുന്നതുകൊണ്ടാണ് നമുക്ക് ഭയം, സമയം, സ്വയം ബോധം എന്നിവയുടെ അനുഭവം ഉണ്ടാകുന്നത്. ധ്യാനത്തിലേർപ്പെടുമ്പോൾ ഈ സർക്യൂട്ടുകൾ തടസപ്പെടാം എന്നതാണ് ഓസ്റ്റിൻ മുന്നോട്ടുവെച്ച ആശയം.

Andrew New berg - Dw Eugene Aquili ഉം ചേർന്ന് തിബറ്റൻ ബുദ്ധസന്യാസികളേയും, ഫ്രാൻസിസ്കൻ കന്യാസ്ത്രീകളേയും പഠനവിധേയമാക്കി. ആത്മീയ അനുഭവങ്ങളുടെ മസ്തിഷ്ക പ്രവർത്തനം സംബന്ധിക്കുന്ന തീവ്രതയിൽ തലച്ചോറിലേക്ക് രക്തക്കുഴൽ വഴി ഒരു റേഡിയോ ആക്ടീവ് ട്രേസർ കടത്തി വിട്ട് തലച്ചോറിന്റെ SPECT (single, photon emission computed tomography) സ്കാൻ എടുത്തു. ധ്യാനം ചെയ്യുന്നതിൽ ഏറ്റവും പ്രഗത്ഭമായ ബുദ്ധ സന്യാസിമാരെയും, ആത്മീയാനുഭൂതിയുടെ തീവ്രത പ്രാപിക്കാൻ പ്രാപ്തരായ ഫ്രാൻസിസ്കൻ കന്യാസ്ത്രീകളെയും രണ്ട് ഘട്ടങ്ങളിലായി പഠന വിധേയമാക്കി. പ്രതീക്ഷിച്ചതുപോലെ തലച്ചോറിന്റെ prefrontal cortex ആണ് ശക്തമായി പ്രവർത്തനം നടന്ന മേഖല. എന്നാൽ തലച്ചോറിന്റെ ഒറിയന്റേഷൻ ഏരിയ ആയ superior parietal iobe ശരിക്കും പ്രവർത്ത രഹിതമാകുന്നതായി കണ്ടെത്തി. ധ്യാനത്തിന്റെ തീവ്രതയിൽ ഈ ഭാഗത്തേക്കുള്ള സിഗ്നലുകൾ തടസ്സപ്പെടുന്നു. അതുകൊണ്ട് നമുക്ക് നമ്മളാണെന്ന ബോധവും ചുറ്റുപാടുകളെക്കുറിച്ചുള്ള ബോധവും നഷ്ടപ്പെടുകയും പ്രപഞ്ചവും താനും ഒന്നാണെന്ന് അനുഭവപ്പെടുകയും ചെയ്യുന്നു.

ധ്യാനത്തിന്റെ തീവ്രതയിൽ ദൈവത്തോടോ ദൈവദൂതന്മാരോടോ സംസാരിക്കുന്നതിനെപ്പറ്റിയും അവരിൽ നിന്നും സന്ദേശങ്ങൾ ലഭിക്കുന്നതിനെപ്പറ്റിയും കാലിഫോർണിയ സർവകലാശാലയിലെ ന്യൂറോളജിസ്റ്റ് വി.എസ്. രാമചന്ദ്രൻ വിശദീകരിക്കുന്നു. സംഭാഷണത്തെ സൃഷ്ടിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട തലച്ചോറിന്റെ ഭാഗമാണ് Broca's area. ഈ ഭാഗത്തു നിന്നും നിരന്തരം സംഭാഷണങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. സാധാരണ സമയങ്ങളിൽ നാം നമ്മോടുതന്നെ സംസാരിക്കുന്നതായി ഇതിൽ നിന്നും മനസിലാക്കാം. നാം സ്വയം സംസാരിക്കാതെ ഇരിക്കുന്ന സമയമില്ല എന്നുതന്നെ പറയാം (Thought is the silent speech) അതായത് Broca യുടെ ഭാഗത്തിന്റെ പ്രവർത്തനം എപ്പോഴും നടക്കുന്നുണ്ട്. തീവ്ര ആത്മീയാനുഭവത്തിന്റെ സമയങ്ങളിൽ parietal iobe ലേക്കുള്ള സിഗ്നൽസ് തടസപ്പെടുന്നു എന്ന് പറഞ്ഞുവല്ലോ. അപ്പോൾ 'അഹംബോധം' നഷ്ടപ്പെടും. ഈ സമയത്ത് Broca's area പ്രവർത്തിക്കുകയും സംഭാഷണം ഉത്പാദിപ്പിക്കുകയും ചെയ്യും. എന്നാൽ അഹംബോധം നഷ്ടപ്പെട്ടിരിക്കുന്നതുകൊണ്ട് ഇത് നമ്മിൽ നിന്നും തന്നെ വരുന്ന സംഭാഷണങ്ങളാണ് എന്ന് തിരിച്ചറിയാൻ നാം പരാജയപ്പെടുന്നു. പ്രപഞ്ചത്തോട് ഏകീകരിക്കപ്പെട്ടിരിക്കുന്ന മാനസികാവസ്ഥയിൽ ഇത് പലപ്പോഴും പ്രപഞ്ചത്തിനു പുറത്തുനിന്നും വരുന്ന ശബ്ദമായി വ്യാഖ്യാനിക്കപ്പെടുന്നു. ഇതിനെയാണ് പലരും ദൈവത്തിന്റെയോ ദൂതന്മാരുടെയോ ശബ്ദമായി പറയുന്നത്.

ഓരോ മനുഷ്യനും അറിഞ്ഞോ അറിയാതെയോ അവന്റെ സാമാന്യ ബുദ്ധി ഉപയോഗിച്ചാണ് ജീവിക്കുന്നത്. അറിവില്ലായ്മ പലപ്പോഴും സാമാന്യ യുക്തിയെ വെട്ടിച്ചുരുക്കിയേക്കാം. Human brain ന്റെ സങ്കീർണ്ണതകളുമായി ന്യൂറോ സയൻസ് യാത്ര തുടരുന്നു.

# നിശബ്ദത

പ്രീത ബി.
രണ്ടാംവർഷ സസ്യശാസ്ത്ര ബിരുദം

നിശബ്ദതയുടെ മാറിൽ ചവിട്ടിക്കയറി,
നിന്റെ ശബ്ദം - വരണ്ട തൊണ്ടകൾ കണ്ട്
അവർ ആഹ്ലാദിച്ചു ചിരിക്കുന്നതോർത്തിടൂ...
നിന്റെ ശബ്ദം,
കേൾക്കേണ്ടിടത്ത് എത്തായ്കയാൽ,
നിന്നുടെ തലയിൽ താണ്ഡവമാടാൻ
കൊതിയോടവർ കാത്തിരിക്കുന്നു.
പൂഴിയിൽ താഴ്ത്തുമവർ നിന്റെ തലകൾ.
എന്റെ സോദരീ,
'അവളുടെ കരുത്ത്'
വിറയ്ക്കുന്ന കൈകളെ ഉറപ്പിക്കുന്നു.
അവന്റെ കൂർത്ത നഖങ്ങളെ ഒടിച്ചിടുന്നു.
സോദരീ,
ഈ തെന്നലിൻ നിശബ്ദത
ഒരു കരുത്താക്കി മാറിടൂ.



# ഒരു പുഷ്പം

**ആതിര ദിലീപ്**
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം



കാലം...
കാലമാണ്,
ഈ ജനലഴികളെ,
അതിലൂടെ കാണുന്ന ഈ മരങ്ങളെ...
അവയിൽ ഇപ്പോൾ,
ഇപ്പോൾ മാത്രം വിരിഞ്ഞിരിക്കുന്ന
ഈ പുഷ്പങ്ങളെ,
എന്റെ കൂട്ടുകാരാക്കിയത്.
നിശബ്ദമായി... അല്ല...
പതിഞ്ഞ സ്വരത്തിലാണെന്നു തോന്നുന്നു
*(ചിലപ്പോൾ എന്റെ തോന്നലാവാം)*
അവ എന്നോട് എന്തൊക്കെയോ പറയുന്നുണ്ട്.
എല്ലാ പൂവിനും കൂട്ടായി
അരികിലും, മുന്നിലും, പുറകിലുമായി
എത്രയെത്ര പൂക്കൾ... പൂക്കുലകൾ...
ഓരോ കൂട്ടങ്ങൾ...
പക്ഷെ ഒരു പൂവ് മാത്രം,
കാറ്റിൽ പൊഴിഞ്ഞുപോയ,
ഒരേ ഞെട്ടിൽ നിന്നും
ജീവന്റെ നീരുറ്റി കുടിച്ച്,
കഴിഞ്ഞ നിമിഷം വരെ
തന്റെ ചുറ്റിലും വിരിഞ്ഞു നിന്നിരുന്ന
പൂക്കളെ അന്വേഷിച്ചുകൊണ്ടിരുന്നു.
പെട്ടെന്ന്;
എന്നെ കണ്ടിട്ടാണെന്നു തോന്നുന്നു,
അവളുടെ മുഖത്ത് ആശ്വാസം പടർന്നിരുന്നു.

# പെയ്ത്ത്

**കണ്ണദാസ് സി.കെ.**
ഒന്നാംവർഷ മനഃശാസ്ത്ര ബിരുദം

സൂര്യദേവന്റെ ബീജകണം ചെന്ന് പതിച്ചത്
ഭൂമിദേവിയുടെ ഗർഭപാത്രത്തിലായിരുന്നു.
അതോടെ ദേവി ഇരുണ്ട ഗർഭം ധരിച്ചു.
ഇന്ദ്രദേവന്റെ സിസേറിയനിൽ പിറന്നത്
കാക്കത്തൊള്ളായിരം ജീവകണങ്ങൾ...





**അരുൺ തിലകൻ**
മൂന്നാംവർഷ രസതന്ത്ര ബിരുദം

# കോഴിക്കോട്

ബീച്ച് റോഡിന്റെ വശങ്ങളിലായി ധാരാളം ഉന്തുവണ്ടിക്കടകൾ. അവയിൽ, കോഴിക്കോടിന്റെ മണവും രുചിയുമുള്ള ഒത്തിരി പലഹാരങ്ങൾ, പാനീയങ്ങൾ, വറുത്ത കല്ലുമ്മക്കായ മുതൽ ഉപ്പുനെല്ലിക്കവരെ.

ഭരണികൾക്കുള്ളിൽ വിശ്രമിക്കുന്ന ഉപ്പുമാങ്ങകളും നെല്ലിക്കകളും എന്നെ നോക്കി ചിരിച്ചു. ഞാൻ അതിലൊരു ഭരണി തുറന്ന് ഒരു നെല്ലിക്ക പുറത്തെടുത്തു. ഉപ്പു നെല്ലിക്കയുടെ പള്ളയ്ക്ക് കടിച്ചപ്പോൾത്തന്നെ എന്റെ വായിൽ വെള്ളം നിറഞ്ഞു. ഉമിനീർ ലാവപോലെ ഒഴുകി വായ്ക്കകത്തൊക്കെ പരന്നു. കണ്ണിൽനിന്നും വെള്ളം കുടുകുടാ ചാടി. നിറകണ്ണുകളോടെ ഞാൻ ആ കടക്കാരനെ നോക്കി.

“എങ്ങനെണ്ടോ?” അയാൾ ചോദിച്ചു.

ഞാൻ 'ഉഗ്രൻ' എന്ന് ആംഗ്യം കാണിച്ചിട്ട് സംതൃപ്തിയോടെ ചിരിച്ചു. എന്നിട്ട്, കണ്ണുംതുടച്ച് തിരികെ കാറിലേയ്ക്ക് നടന്നു. കാറിൽ കയറുന്നതിനിടെ ഞാൻ പറഞ്ഞു:

“ഈ മലബാറുകാർക്ക്, പ്രത്യേകിച്ച് കോഴിക്കോട്ടുകാർക്ക് എന്തൊരു സ്നേഹാ. പുറംനാട്ടീന്നൊക്കെ വരുന്നവരോട് എന്ത് കാര്യമായിട്ടാണ് അവർ പെരുമാറുന്നത്.”

അവന്റെ മുഖത്ത് അഭിമാനം മുറ്റുന്ന ഒരു ചിരി പടർന്നു. ഒന്നു നിവർന്നു കൊണ്ട് അവൻ പറഞ്ഞു:

“അത് പിന്നങ്ങനല്ലടോ... മ്മള് പൊറ്റക്കാട്ടിന്റെ നാട്ടാരല്ലേ... മൂപ്പര് ഇദ്പോലെ എത്ര നാട്കള് കണ്ടതാ; എത്ര ഭാഷകള് കേട്ടതാ, എത്രയെത്ര സംസ്കാരങ്ങളാ മൂപ്പര്ടെ എഴ്ത്തില് നെറഞ്ഞ് നിക്കണ്. മൂപ്പര് ഓരോ നാട്ടില് ചെല്ല്മ്പളും അന്നാട്ടാര് മൂപ്പരോട് എങ്ങന്യാണോ പെരുമാറ്യത് അങ്ങനന്ന്യാ ഇന്നാട്ടില് വര്ന്നോരോട് മ്മളും പെര്മാറ്ന്ന്.”

എനിക്കത് നന്നായിഷ്ടപ്പെട്ടു.

“ഹാ... അതുകൊള്ളാം...”

ഞാൻ അറിയാതെ പറഞ്ഞുപോയി.

# എസ്.കെ.യുടെ സ്പന്ദനങ്ങൾ

**ആതിര പി.കെ.**
ഒന്നാംവർഷ ചരിത്ര ബിരുദം



ട്രെയിനിലെ ജനാലയിലൂടെ മഴനീർത്തുള്ളികൾ എന്റെ മുഖത്തേയ്ക്കിറ്റു വീണപ്പോഴാണ് ഞാൻ മിഠായി തെരുവിന്റെ ഉള്ളറകളിൽ നിന്ന് ഞെട്ടിയുണർന്നത്. പെട്ടെന്നെനിക്ക് ട്രെയിനുകളോടാണ് അസൂയ തോന്നിയത്. ഇന്ത്യയെത്തന്നെ നെടുകെപ്പിളർന്നുകൊണ്ട് കുകിപ്പാഞ്ഞ്, ഓരോ നിമിഷവും അവ പ്രകൃതിയെ തൊട്ടറിഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെ ദൂരങ്ങളെ പ്രണയിക്കാൻ സാധിച്ച ഒരനുഗ്രഹീത കലാകാരനാണ് എസ്.കെ. എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ശങ്കരൻകുട്ടി പൊറ്റക്കാട്.

വിശ്വപ്രസിദ്ധ സഞ്ചാരി പീറ്റർ മാത്തിസൺ തന്റെ ഹിമാലയ യാത്രാവേളയിൽ 'എന്തിനീ യാത്ര?' എന്ന ചോദ്യത്തിനു മുന്നിൽ പകച്ചു നിന്നിട്ടുണ്ട്. എന്നാൽ എസ്.കെ. യാവട്ടെ ഇതിൽ നിന്നെല്ലാം വ്യത്യസ്തനാണ്. പുതിയറയിലെ മരമില്ലിലെ പണിയുപേക്ഷിച്ച് റോം വരെ പോയി ഷെല്ലിയുടെ ശവക്കല്ലറയിൽ പൂക്കളർപ്പിച്ച് വണങ്ങി നിന്ന ആ മഹാമനുഷ്യന്റെ മിഴികൾ ഒരു നിമിഷത്തേയ്ക്ക് നിറഞ്ഞു എന്ന് ഞാൻ വായിച്ചപ്പോൾ, എനിക്ക് തിരിച്ചറിയാൻ സാധിച്ചത് സായിപ്പിൽ നിന്ന് മലയാളിയിലേയ്ക്കുള്ള ദൂരമാണ്.

ദൂരങ്ങളെ പ്രണയിക്കാനായി 1913 മാർച്ച് 14-ാം തീയതി കുഞ്ചിരാമൻ പൊറ്റക്കാടിന്റെ മകനായി കോഴിക്കോട് ജനിച്ചു. ഹിന്ദു സ്കൂളിലും സാമൂതിരി കോളേജിലുമായി വിദ്യാഭ്യാസം നേടി. ഡിഗ്രിയ്ക്കു ശേഷം ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നതോടെയാണ് അദ്ദേഹം ഇന്ത്യൻ ക്ലാസിക്സും വെസ്റ്റേൺ ക്ലാസിക്സും പഠിക്കാനാരംഭിക്കുന്നത്.

ആയിരത്തിതൊള്ളായിരത്തി മുപ്പത്തി ഏഴ് മുതൽ മുപ്പത്തി ഒമ്പത് വരെ കോഴിക്കോട്ടെ ഗുജറാത്തി സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു. അതിനുശേഷം ജോലിയുപേക്ഷിച്ച് ത്യപുര കോൺഗ്രസിൽ സംബന്ധിക്കാനായി 1939-ൽ മടങ്ങി. തന്റെ വ്യക്തിമുദ്ര പതിപ്പിക്കാത്ത മേഖലകളില്ല എന്നതിന്റെ തെളിവാണ് 'വൈറ്റ് കോളർ' ജോലികളോടുള്ള വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് ബോംബെയിൽ (ഇന്നത്തെ മുംബൈ) പലതരം ജോലികളിൽ ഏർപ്പെട്ട് അദ്ദേഹം ജീവിച്ചത്.

1945 ആണ് ഹരിതഭംഗികൊണ്ട് പ്രണയത്തിന് നിർവചനം നൽകിയ തന്റെ സ്വന്തം നാട്ടിലേയ്ക്ക് അദ്ദേഹം തിരിച്ചെത്തുന്നത്. ലോകസഞ്ചാരത്തിന്റെ രാജകുമാരന്റെ മനസ്സിലിണചേരാൻ ഭാഗ്യം ലഭിച്ചത് ജയവല്ലി എന്ന സ്ത്രീയ്ക്കാണ്. യാത്രയോടുള്ള ദാഹം മാത്രമായിരുന്നില്ല എസ്.കെ. യുടെ ജീവിതം. കോഴിക്കോട്ടെ തന്റെ ജീവിതത്തിന്റെ ശ്വാസം തന്നെയായിരുന്നു തന്റെ കുടുംബം. ആയിരത്തിതൊള്ളായിരത്തി എൺപതിൽ തന്റെ ഭാര്യ മരിക്കുന്നതോടെ എസ്.കെ യുടെ പതനം മലയാളി മണ്ണ് കണ്ട് തുടങ്ങുകയായിരുന്നു.

എസ്.കെ. പൊറ്റക്കാടിന്റെ അക്ഷരലോകത്തേയ്ക്കുള്ള ചുവടുവയ്പ്പ് തന്നെ സാമൂരിൻസ് കോളജ് മാഗസിനിലെ 'രാജഗീതി' എന്ന കഥയിലൂടെയാണ്. (1928) ആയിരത്തി തൊള്ളായിരത്തി നാൽപ്പതുകളി

ലെത്തിയപ്പോഴേയ്ക്കും അദ്ദേഹം മലയാള സാഹിത്യവേദിയിലെ ദിവ്യജ്യോതിയായി മാറിയിരുന്നു.

എസ്.കെ. യെ സംബന്ധിച്ചിടത്തോളം സാമൂഹിക പ്രതിബദ്ധതയും പ്രണയവും, നൈരാശ്യവുമെല്ലാം തുല്യ പ്രാധാന്യമുള്ള വിഷയങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ നോവലാണ് 'നാടൻപ്രേമം'. കോഴിക്കോട്ടെ ഒരു സാധാരണ ഗ്രാമമായ മുക്കത്തെ അടിസ്ഥാനമാക്കി 1941-ൽ എഴുതിയതാണ് ഇത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ നോവലാണ് 'വിഷകന്യക'. 1949-ൽ മദ്രാസ് ഗവൺമെന്റിന്റെ പ്രശസ്തിക്കും, സമ്മാനത്തിനും അർഹത നേടിയ നോവലാണിത്.

സാഹിത്യത്തിന്റെ ഏതാണ്ട് എല്ലാ മേഖലകളിലും തന്റെ പ്രാവിണ്യം തെളിയിച്ചിട്ടുള്ള വ്യക്തിയാണ് അദ്ദേഹം. എസ്.കെ. എന്ന അനുഗ്രഹീത കലാകാരനെ സംബന്ധിച്ചിടത്തോളം വർണ്ണിക്കാൻ എവിടെ നിന്നോ കടമെടുത്ത ഒരൊറ്റ വാക്യം മാത്രം. 'I hope for nothing; i fear nothing; i am free' ഈയൊരാശയം ഉള്ളിലൊതുക്കിയാവണം അദ്ദേഹം 60 കാലഘട്ടത്തിൽ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചതും. തെള്ളിച്ചേരിയിൽ ഇലക്ഷനു നിൽക്കുകയും 1000 വോട്ടിനുവേണ്ടി പരാജയം ഏറ്റുവാങ്ങേണ്ടിവരികയും ചെയ്തു.




എന്നാൽ 1962-ൽ 66000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ സുകുമാർ അഴീക്കോടിനെതിരായി പാർലമെന്റിലേയ്ക്ക് മത്സരിച്ച് ജയിക്കുകയുണ്ടായി. പരാജയങ്ങൾ ജീവിതത്തിന്റെ ഉന്നതമായ ജയത്തിലേക്കുള്ള ചവിട്ടുപടിയായി കണക്കാക്കി മുന്നേറാൻ വെമ്പൽ കൊള്ളുന്ന ഒരു വ്യക്തിയായിട്ടാണ് അദ്ദേഹത്തെ നമുക്ക് കാണാൻ കഴിയുന്നത്. കേരള സാഹിത്യ അക്കാദമി അവാർഡും, ജ്ഞാനപീഠവുമെല്ലാം സ്വന്തമാക്കിയ അദ്ദേഹം 1982 ആഗസ്റ്റ് 6-ന് നമ്മോടു വിട പറഞ്ഞു. പൂർത്തിയാക്കാനാവാത്ത അദ്ദേഹത്തിന്റെ നോർത്ത് അവന്യൂ ഇന്നും നമുക്കു മുന്നിൽ ബാക്കി നിൽക്കുന്നു. തീവണ്ടിയുടെ ഇരമ്പൽ ഉയർന്നുവരുന്നു. ആ യാത്രയും മുന്നോട്ട് പോവുകയാണ്. ഓരോ യാത്രയും ഒരു ഭ്രമവും, വിഭ്രമവും സമ്മാനിക്കുന്നു എന്ന സത്യം എസ്.കെ. പറയാതെ പറഞ്ഞു. ആ കൗതുകം നിറഞ്ഞ കണ്ണുകൾ ലോകത്തിനു മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടുപോയിരിക്കുന്നു.

# ഇരുട്ടിൽ വിരിഞ്ഞ പ്രണയ പുഷ്പം

**ശ്രീലക്ഷ്മി വി.ആർ.**
ഒന്നാംവർഷ മലയാള ബിരുദാനന്തര ബിരുദം

നിനക്കുമാത്രം ദൃശ്യമാകുന്ന കറുത്ത ഉടൽ...
നിന്റെ കാതിൽ മാത്രം വന്നലയ്ക്കുന്ന പരുപരുത്ത സ്വരം.
നിന്നെമാത്രം പിന്തുടരുന്ന വിണ്ട കാല്പ്പാദങ്ങൾ...
മുഷിഞ്ഞ ഗന്ധം...
അതെ,
ഞാനൊരു കാമുകിയാണ്..
കാഴ്ചക്കാർ ചിരിച്ചോട്ടെ...
മറ്റാർക്കുമില്ലാത്ത ഭാഗ്യം എനിക്കുണ്ട്...
നിന്റെ ചുവന്ന ചുണ്ടുകൾ
എന്നെത്തേടി വരുന്നത്
അധരദാഹം തീർക്കാനല്ല
നിന്റെ ശരീരം,
എന്നെ പുതയ്ക്കുന്നത് തണുപ്പകറ്റാനുമല്ല.
"നീ സ്നേഹമാണ്,
സ്നേഹിക്കപ്പെടേണ്ടവളാണ്."
മൗനമായ ഈ ഓർമ്മപ്പെടുത്തലുകളാണ്
എന്നെ ശിലയായി മാറാനനുവദിക്കാത്തത്.
എന്നിലെ
ജീവന്റെ ആകാശത്തുണ്ട്
പാതി മൺതരിയും
ഇറ്റു ദാഹജലവും
എല്ലാം... നീയാണ്.



# എന്തിനാ വന്നേ...?

**നസ്‌ലത്ത്**
ഒന്നാംവർഷ മനഃശാസ്ത്ര ബിരുദം

ഇന്ന് ബുധനാഴ്ചയാണ്. തോന പുതിയോടെ കിടക്കപായയിൽ നിന്നും 'അള്ളാ
പടച്ചോനെ മുത്ത് നബി നേർച്ചക്കാരെ...' എന്ന് ബിളിച്ച് എണീറ്റു. നല്ല ദിവസാക
ണെന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. ഫോണുനോക്കി... മെസേജ് ഒന്നൂല്ല. ഇന്നലെ
മോന്തിക്ക് ഫോണിൽ വർത്താനം പറഞ്ഞ് അറിയാണ്ടുറങ്ങിപ്പോയി. അയിന്റെ ദേഷ്യം
കൊണ്ടാകണം ഒരു മെസ്സേജും കാണാത്തെ. താഴെ ടി.വിയില് വാർത്ത വായിക്കുന്ന
ഒച്ചകേട്ടു. ഉപ്പ അയിന്റ മുന്നിൽ ഉണ്ട്. ഉമ്മ അടുക്കളേന്ന് എന്തൊക്കെയോ ഞൊടി
യുന്നു. (പിറുപിറുക്കുന്നു). മുഹ്സി ഇന്ന് നേർത്തെണീറ്റു. ഞാൻ ബിചാരിച്ച് വല്ല
പണിയും ചെയ്യ്ന്നാന്ന്. പക്ഷെ... ചെന്നപ്പോ ഓള് സൈക്കിളുമെടുത്ത് വീടിന് ചുറ്റും
കറങ്ങുന്ന്. ബലിച്ചുവാരി ഇന്നത്തെ ദിവസത്തെ തോന വർണിക്കുന്നില്ല. ഞാ ഏ
കാര്യത്തിലേക്ക് കടക്കാ. 9 മണിക്ക് കുഞ്ഞിമ്മുബന്ന്. ഉപ്പ അപ്പത്തേക്കും പീടിക
യിൽ പോയി. കുഞ്ഞിമ്മ നസിയോട് പീടിയയിൽ പോകാൻ പറഞ്ഞ്. ഞാൻ ആദ്യം
അത് മൈന്റാക്കിയില്ല. പിന്നെ നിവർത്തി ഇല്ലാണ്ട് ആരും പറയണത് കേക്കാത്തപ്പം
പോയി.

ഇന്ന് ഉപ്പ വല്ലാണ്ട് ക്ഷീണം കെട്ട്. ഞാനത് നോക്കി, പക്ഷെ പറഞ്ഞില്ല. പീടി
കയിൽ പോയി ഉപ്പാനെ സഹായിച്ചു. പക്ഷെ ഉപ്പ കട അന്നോട് (എന്നോട്)
നോക്കാൻ പറഞ്ഞിട്ട് ബീട്ടിൽ പോയി. പെട്ടെന്ന്... അനിയത്തി വന്ന്. ഞാനും
ഓളും തോനനേരം കൂട്ടം (വഴക്ക്) കൂടി. കൊറച്ച് കഴിഞ്ഞപ്പം ഒരു ഫോണ് വന്ന്.
കുടിയിൽ (വീട്) എന്തോ കൊയപ്പം. പീടിയ പൂട്ടി ചെല്ലാൻ പറഞ്ഞു. എന്താന്ന്
ചോയിച്ചപ്പം ഒന്നും പറയാണ്ട് ഫോണ് വെച്ച്. ഞാനും ഓളും (അനിയത്തി) പീടിയ
പൂട്ടി കുടീക്ക് ഓടി. പോന്നവയിക്ക് എല്ലാരും ഞമ്മളെതന്നെ നോക്കി നിക്ക്ന്നിണ്ടാ
യിരുന്നു. ഞാൻ പേടിച്ച് ഉപ്പാക്കെന്തെങ്കിലും പറ്റിയാ? പല ചോദ്യോം എന്റെ
ഉള്ളില് വന്നു. വയികൾക്ക് ദൂരം (നീളം) കൂടിയപോല. പക്ഷെ കുടിയിലെത്തി.
കണ്ടപാടെ എന്നെ വല്ലാണ്ടാക്കി. അന്റ സ്വന്തം സഖാവ്, നാടിന്റെ നായകൻ വി.എ
സ്. അച്യു മാമാ, ഉപ്പാന്റെ അരിയത്തിരിക്ക്ന്ന്. അനക്കാദ്യം വിശ്വാസായില്ലാന്നൊന്നും
പറേന്നില്ല. പക്ഷേ എനിക്കു ഇശ്ശ് വിശ്വാസായില്ല. സഖാവന്ന വിളിച്ച് അരിയത്തി
രുത്തി. ഞാവല്ലാത്ത ഒതുക്കത്തിൽ അരിയത്ത് പോയി. അന്നോട് പറഞ്ഞ്
'നസ്‌ലത്തിനെ കാണാനാബന്നെ'. ഇത് കേട്ടപ്പം കുടീ കുടിയോരെല്ലാം ഞെട്ടി, കൂട
ഞാനും. ഞാൻ ചോയിച്ച് "അന്ന കാണാനാ എന്തിന്?" സഖാവ് പറഞ്ഞ് "ഈടെ
ത്തിയപ്പോ നസ്‌ലത്തിന കാണ്നില്ല പീടിയേലാന്ന് ഉമ്മ പറഞ്ഞ്." ഞായെ അതൊന്നും
മൈന്റാക്കീല്ല. ഉള്ളീ പേടിയാർന്ന്, എന്ത്നാ തെറ്റ് ചെയ്തേന്നറിയാൻ. ഉപ്പക്കന്ന
ക്കാളും ബേജാറായി. ഉപ്പ മർക്കിസ്റ്റാണേലും അന്ന കാണാനാ ബന്നേന്ന് പറഞ്ഞപ്പോ
പേടിച്ച് പോയി. ഓരെല്ലാം (എല്ലാരും) ചോയിച്ച് എന്തിനാ വന്നേന്ന്? അനക്കൊരു
ഷെയ്ക്ക് ഹാന്റ് തന്ന് സഖാവ് എല്ലാരേയും വീശി കാണിച്ച് കാറീ (കാറിൽ) കയറി.
ഞാൻ അക്ഷമയായ് പിന്നേം, പിന്നേം ചോയിച്ച്, "എന്തിനാബന്നേ... എന്തിനാ ബന്നേ...
ഒച്ചയില് ബേക്ക്ന്ന് (പിന്നിൽന്ന്) ഒരടി. ഞാൻ കിടക്കേന്ന്. താഴെ വീണ്.
ഞാ സമയം നോക്കി 8.45. അപ്പഴാ തിരിഞ്ഞത് (മനസ്സിലായത്) ഞായെ ഒരു സ്വപ്ന
ലോകത്തായിരുന്നു എന്ന്. കിടക്കേന്നെണീറ്റ് ഉമ്മാനോട് ചോദിച്ച് "എന്തിനാ ബന്നേ?"

# നിള

**ആതിര മുരളീധരൻ**
രണ്ടാംവർഷ ബയോ ഇൻഫോർമാറ്റിക്സ്
ബിരുദാനന്തര ബിരുദം



മാമാങ്കത്തിന്റെ പഴമയിൽ,
ചുടുചോരകൊണ്ട് കലങ്ങി ഒഴുകിയ
പ്രതാപത്തിന്റെ നാളുകൾ
പോയ് മറഞ്ഞിരിക്കുന്നു...
കലയും കളമൊഴിയും സോപാനം തീർത്ത
നാവാമുകുന്ദന്റെ മണ്ണിൽ
പാപങ്ങൾ കഴുകികളയുവാൻ
പുണ്യതീർത്ഥമായെത്തിയ നിള,
ഇന്ന് വെറും നീർച്ചാലുമാത്രമായി...
കൊഞ്ചലോടെത്തിയ കാറ്റ് അവളെ
തഴുകി കടന്നുപോയി.
ആശ്വസിപ്പിക്കാനെന്നപോലെ...
നിരാശനിറഞ്ഞ മനസ്സോടെ
ആകാശം മിഴിനീരൊഴുക്കി.
മുടിയിഴകൾ പലവഴി പറന്നുവീണ് കൈവഴികളായി
നേർത്ത സംഗീതംപോലെ...
അവളുടെ ജീവിതവും ശോഷിച്ചുവന്നു.
പാറക്കെട്ടുകളിൽ വീണ് ചിന്നിച്ചിതറിയ
അവളുടെ പുഞ്ചിരിയ്ക്ക്
നഷ്ടബോധത്തിന്റെ നിറമായിരുന്നു.
മണ്ണിന്റെ മാറിൽ ഇരുന്നവൾ ഇല്ലാതാകുമ്പോൾ
വലിയ പുഴയുടെ ചാലുനോക്കി
ആരൊക്കെയോ പറഞ്ഞു
"ഇവിടെ ഒരു പുഴയുണ്ടായിരുന്നു."

# ആസക്തി

**ഷിന്റോ ബാബു**
മൂന്നാംവർഷ ഭൗതികശാസ്ത്ര ബിരുദം



പണ്ട്,
ബഹിഷ്കരണത്തിന്റെ ഓളമൊഴിയും മുമ്പേ,
ഞാൻ പാമ്പിനോട് ചോദിച്ചു:
"നീ എന്റെ കുതികാലിൽ പരിക്കേൽപ്പിക്കുമോ?"
പാമ്പു ചോദിച്ചു:
"നീ എന്റെ തല തകർക്കുമോ?"
ഞങ്ങളൊരുമിച്ച് ഉത്തരം നൽകി
"ഇല്ല"
അതൊരു വാഗ്ദാനമായിരുന്നു, ഒരു പ്രസ്താവനയും.
അന്നുമുതൽ, പാമ്പിനെ ഞാൻ കൂടയിലാക്കി.
പാമ്പാട്ടിയായി...
പക്ഷെ, ഞാൻ മകുടിയൂതാതെയും
അവൻ കൂട തുറന്ന് എഴുന്നേൽക്കാൻ തുടങ്ങി.
"ദാ, ഈ പഴം നോക്കൂ, ഇതൊന്ന് രുചിച്ച് നോക്കൂ..."
മണ്ണിലെ പൊടി ഭക്ഷിക്കുന്ന അവന്
ആസക്തിയുടെ രുചി ഇത്ര കൃത്യമായി
എങ്ങനെ അറിയാമെന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട്.
ഒടുവിൽ,
തകർക്കപ്പെടാത്ത അവന്റെ തല
എന്നെ പരിഹസിച്ചു ചിരിക്കുന്നു.
എന്റെ കരങ്ങൾ തളരുകയാണ്.
കുതികാലിലെ രണ്ടുപല്ലിന്റെ പാടുകളിൽ നിന്ന്
നീലനിറം വ്യാപിക്കുകയാണ്.

# ഓർമ്മ മാത്രം

**അഞ്ജിത എല്യാസ്**
ഒന്നാംവർഷ സാമ്പത്തികശാസ്ത്ര ബിരുദം

എരിയാത്ത കനലെൻ മനസിൽ പുകയുമ്പോൾ
എരിവെന്റെ നാവിൽ ബാക്കി നിന്നു.
അറിയാത്ത ലോകത്തെ കാത്തു ഞാൻ നിന്നപ്പോൾ
പാലെന്റെ അടുപ്പിൽ തിളച്ചുപൊങ്ങി.
പൊടിയിട്ടു ഞാൻ, മധുരവും സേവിച്ചു
എങ്കിലും മനസേ നീ അടങ്ങിയില്ല.
നുരച്ച് പൊങ്ങുന്നു വീണ്ടുമെന്നാശകൾ
അറിയുന്നു ഞാനതെൻ നിരാശയെന്ന്...
നാഴിയെടുത്തു ഞാൻ അരിയളന്നീടുന്നു
ഞാനളക്കാതെ പോയെന്റെ കണ്ണുനീർ മിച്ചം.
കഴുകിവാരിയരി കലത്തിലേയ്ക്കിട്ടു ഞാൻ
അരിവെന്തു ചോറാകുവാൻ കാത്തുനിന്നു.
തിളച്ച വെള്ളത്തിൽ അരിയ്ക്ക് നഷ്ടപ്പെട്ട
പഴയരൂപം ഇനി ഓർമ മാത്രം.
ആരാഞ്ഞുവോ നീ അരിയോടതിൻ ആഗ്രഹം
ആരായി മാറുവാനാണു നീ മോഹിച്ചതെന്ന്?
പായസമാകുവാൻ മോഹിച്ച അരിയെ നീ
പാത്രത്തിൽ വേവുകൂടിയ ചോറാക്കി
ആഴത്തിൽ നിന്നാ അരിമണി കേണപ്പോൾ
കേട്ടിട്ടും കേൾക്കാതെ പോയൊരാ പുത്തൻ കലം
ഇന്നെന്റെ മനസിന്റെ പൊങ്കാലയിൽ ഞാൻ
കാണുന്നൊരായിരം പുത്തൻ കലങ്ങൾ...
തച്ചുടച്ചീടുവാൻ മോഹിച്ചു ഞാനന്ന്
തച്ചിനു ന്യായം പറയുന്ന കൂട്ടരെ...
വായ അടപ്പിച്ചെന്നെ മൂലയിലിരുത്തി
വാതിലിനപ്പുറം അകന്നുപോയീ സ്വപ്നങ്ങൾ
പ്ലേറ്റിൽ കിടന്നാ അരിമണി കേണു
ഞാനതു കേൾക്കാതെ പല്ലാൽ ചവച്ചരച്ചു
എന്റെ ശരീരം പുഷ്ടിപ്പെടുത്തുവാൻ
എനിയ്ക്കൊരിക്കലും വിശക്കാതിരിക്കുവാൻ
ഒപ്പിയെടുത്തു ഞാൻ അരിമണി തന്നിലെ
നെടുകെയുള്ളൊരാ ചുവപ്പുവര
ആ വരയ്ക്കിപ്പുറം അരിമണി കേണു
ഞാനും നീയും 'കെട്ടപ്പെട്ട ജീവിതം'
ഏറെ നാള മുമ്പ് ഞാൻ വിത്തായിരുന്നു
വിത്തിൽ മുളപൊട്ടിയ ചെടിയായിരുന്നു
എന്റെ യൗവനത്തിൻ നിറമുള്ള കാലത്ത്
ആരോപണത്തെ അറുത്തുകൊണ്ടുപോയി.
ഞാനിന്ന് നിന്നിലലിയുവാൻ പോകുന്നു,
നിന്റെ രക്തത്തിലൂടെ നീയാകുവാൻ പോകുന്നു
"തിളച്ച വെള്ളത്തിൽ അരിയ്ക്ക് നഷ്ടപ്പെട്ട
പഴയരൂപം ഇനി ഓർമ്മ മാത്രം..."

# വിരഹാർദ്രം

**സന്ദീപ് വി.പി.**
*ഒന്നാംവർഷ ചരിത്ര ബിരുദം*



എന്റെ കണ്ണീരിന് നിന്റെ മറുപടി മൗനമായിരുന്നു...
വിരൽതുമ്പിലെ സ്പർശംപോലും
സ്നേഹത്തിന്റെ ചൂടറിഞ്ഞപ്പോൾ
പരിഭവങ്ങളും പരാതികളുമെല്ലാം
അതിൽ നനഞ്ഞലിഞ്ഞുപോയി...
ഒടുവിൽ, എപ്പോഴോ... എന്നുമുതൽക്കോ...
എന്റെ സങ്കടങ്ങൾ നിനക്കും
ഭാരമാണെന്ന് തോന്നിത്തുടങ്ങിയപ്പോൾ
ഒന്നും പറയാതെ, ഉള്ളിലൊതുക്കിവെച്ച്
എനിക്കെന്നെതന്നെ നഷ്ടപ്പെടുകയായിരുന്നു.
ആദ്യം നിന്നെ, പിന്നെ എന്റെ കണ്ണീരിനേയും...
എന്റെ ശോകാത്മകമായ മനസ്സിന്റെ
വിഷാദ ചിന്തകളിലേയ്ക്ക്
നിന്നെക്കൂടി തള്ളിയിടരുതെന്നാശിച്ച്
സ്വയം ഒഴിഞ്ഞുമാറിയതാവാം...
എങ്കിലും, നീ അകന്നുപോകുമ്പോൾ
എനിക്ക് നഷ്ടപ്പെട്ടത് എന്നെതന്നെയായിരുന്നു...
എന്റെ നേട്ടങ്ങൾക്കുവേണ്ടി
നിന്നെ കൂട്ടിലടയ്ക്കാൻ മനസ്സില്ലാത്തതുകൊണ്ടുമാത്രം
നീ സ്വതന്ത്രയായ് പൊയ്ക്കൊൾക.
എന്റെ നഷ്ടങ്ങൾ എന്നും
എന്റേതുമാത്രമായിരിക്കട്ടെ...

# വേർപാട്

**ബാലു ടി.കെ.**
*ഒന്നാംവർഷ സി.എം.ഇ. ബിരു*

പറയുവാൻ ഇനിയൊന്നും ബാക്കിയില്ല.
നീ പാതിവായിച്ച് മടക്കിവെച്ചിട്ടു പോയ
മനസ്സിന്റെ പുസ്തകമല്ലാതെ...
പറയുവാൻ ഇനിയൊന്നും ബാക്കിയില്ല.
നിനക്കറിയാത്ത ഏതുകഥയാണ്
എനിക്ക് പറയാനുണ്ടായിരുന്നത്...?
എങ്കിലും,
വേർപാട് തീർക്കുന്ന ഈ വേദന,
നീയറിയാതെ ഞാൻ സൂക്ഷിച്ചോട്ടെ...
ഇനിയെന്റെ വീഥികളിൽ
നീയില്ലെന്നറിയുന്ന നിമിഷം
സ്വയം ഉരുകിത്തീരാനായി
ഈ കനൽ ഞാനെന്റെ ഹൃദയത്തിൽ കാത്തുവയ്ക്കുന്നു.
ഇനിയെന്റെ സങ്കടങ്ങൾ
എന്റേതുമാത്രമായിരിക്കട്ടെ...

# തൃശ്ശൂർ

തൃശ്ശൂർ ടൗണിലേയ്ക്ക് കടക്കുന്ന എല്ലാവരും വടക്കുംനാഥനെ
പ്രദക്ഷിണം വെക്കണമെന്ന് എന്തോ നിമമുണ്ടെന്നപോലെയാണ്
സ്വരാജ് റൗണ്ടിന്റെ കിടപ്പ്, ആ റൗണ്ടാണ് നഗരത്തിന്റെ ഹൃദയം.
അവിടേയ്ക്ക് കടക്കാതെ തൃശ്ശൂർ പട്ടണം വിടുന്നതെങ്ങനെ?

കൊച്ചുകുട്ടികൾ സൂര്യനെ വരയ്ക്കുംപോലെ, വലിയൊരു വൃത്തമായി
സ്വരാജ് റൗണ്ടും അതിന്റെ രശ്മികളെ സൂചിപ്പിക്കുന്ന കുറിയ വരകളായി
പോക്കറ്റ് റോഡുകളും. അങ്ങനെയൊന്നാണ് എം.ജി.റോഡ്.
ആ റോഡിലേയ്ക്ക് കടക്കുമ്പോൾത്തന്നെ ഒരു മദ്യശാല കാണാം.
തെരുവ് തെണ്ടികൾ മുതൽ പണച്ചാക്കുകൾവരെയുള്ള സമൂഹത്തിലെ
വിവിധ തട്ടുകാർ നിത്യേന ഇവിടെ വന്നുപോകാറുണ്ട്.

"നെനക്ക് കവിത കേക്കണ്ടാ?" അവൻ ചോദിച്ചു. ഞാൻ
'വേണം' എന്ന് തലയനക്കുകയും ചെയ്തു. എന്താണവന്റെ പ്ലാനെന്ന്
വ്യക്തമാകാതെ തന്നെയാണ് ഞാനങ്ങനെ ചെയ്തത്. എന്നാൽ, എന്നെ
ഒട്ടുംതന്നെ ശ്രദ്ധിക്കാതെ അവൻ കാറിൽനിന്നും പുറത്തിറങ്ങി
ബാറിനുമുന്നിലേയ്ക്ക് നടന്നു. ഞാൻ പിറകേയും.

ബാറിനുമുന്നിലെ ഫുട്പാത്തിൽ ഒരു വൃദ്ധൻ ഇരുന്നിരുന്നു.
മെലിഞ്ഞ ശരീരം, നരച്ച തലമുടി, താടിരോമങ്ങൾ നീട്ടിയിട്ടുണ്ട്.
കൈകൾ ആകാശത്തിലേയ്ക്കുയർത്തി, പറവകളെ അഭിസംബോധന
ചെയ്തുകൊണ്ട് ഒരു കവിതചൊല്ലുകയാണയാൾ. കുഴഞ്ഞ നാവിൽനിന്നും
അടർന്നുവന്ന്, കറപിടിച്ച പല്ലുകൾക്കിടയിലൂടെ പുറത്തുകടന്ന വാക്കുക
ളിൽ മാത്രമായിരുന്നില്ല, അയാളുടെ കണ്ണുകളിലും കാതുകളിലും എന്തിന്
രോമകൂപങ്ങളിൽപ്പോലും കവിതയായിരുന്നു. കവിത...

"എങ്കിൽ, എന്റെ ശവപ്പെട്ടി മൂടാതെപോകും...
എങ്കിൽ, എന്റെ ശവപ്പെട്ടി മൂടാതെപോകും..."

എന്നയാൾ പാടി അവസാനിപ്പിക്കുമ്പോൾ കേട്ടിരുന്ന അവന്
വികാരത്തള്ളിച്ചകൊണ്ട് കണ്ണു കാണാതായി.

"കണ്ടടാ കണ്ടാ... ഇപ്പഴാണ് മ്മള് തൃശ്ശൂർന്റെ ആ മൂഡ്ലിക്ക് വന്നത്.
ഇനി നെനക്ക് നാടകം കാണണാ, കാണാം.
സിനിമ കാണണാ... കാണാം... മ്മള് തൃശ്ശൂർക്കാർക്ക് കവിതേം
നാടകോം സിനിമേം പൂരോല്ലാം രക്തത്തിലൊള്ളതാ ഗഡിയേ..."

# ചരിത്രം എഴുതണോ?
# കവിത എഴുതണോ?

**ആൻ തോമസ്**
മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം



ന്തൂട്ടാ പ്പൊ എഴ്ത്കാ...
വെറ്തേ അങ്ങ്ട് വന്നിട്ട്
കവിത എഴ്താൻ പറഞ്ഞാ
കവിത വര്വോ?
ഇതെന്താ വെള്ളരിക്കാപ്പട്ടണോ...?
ന്തേലും ആട്ടെ
ഒരു കവിത അങ്ങ്ട് എഴ്താന്ന് വച്ച്
ഒരു വാരിക അങ്ങ്ട് എട്ത്തു.
(കവിത എങ്ങനാ ഇരിക്കുന്നേന്ന്
അറിയാനാട്ടോ... അല്ലാതെ,
'കോപ്പി'യടിക്കാനൊന്ന്വല്ല...)
ആ വാരികേലെ രണ്ടുന്ന്
കവിതേക്കെ വായിച്ചു,
അപ്പഴാ രണ്ട് വരികള്
ശ്രദ്ധേൽ പെട്ടത്:
"ജയിച്ചവൻ ചരിത്രവും
പരാജിതൻ കവിതയും"
ആണത്രേ എഴ്ത്ന്നത്.
ആഹാ... അങ്ങനേപ്പെ എന്നെ
'ജയിച്ചവൻ' ആക്കാൻ
ആരും നോക്കണ്ട...
ഇത്തിരി പുളിക്കും.
ആരെന്ത് പറഞ്ഞാലും
എനിക്ക് കൊഴപ്പോല്ല,
എനിക്കെങ്ങും വയ്യ
'ചരിത്ര'മെഴ്താൻ.
ജയിച്ചവന്റെ ചരിത്രത്തേക്കാളും
പരാജിതന്റെ കവിതയാ
എനിക്കിഷ്ടം.
അതോണ്ടാ ഞാനീ കവിത
('കവിത' എന്ന് ഇതിനെ വിളിക്കാങ്കിൽ മാത്ര
എഴുതീത്... ട്ടോ.



# ചരിത്രത്തിന്റെ നെയ്ത്തുകാരൻ



*പ്രശസ്ത സിനിമാ സംവിധായകനും ദേശീയ പുരസ്കാര ജേതാവുമായ പ്രിയനന്ദനനുമായി മാഗസിൻ കമ്മിറ്റി നടത്തിയ അഭിമുഖ സംഭാഷണം*

തുറന്ന ഒരു ചോദ്യം ചോദിച്ചോട്ടേ. ഞങ്ങൾ രാവിലെ സാറിനെ വിളിച്ചപ്പോ സാറ് പറഞ്ഞു 'എന്നെ ഇന്റർവ്യൂ ചെയ്യാൻ മാത്രം എന്റെ സിനിമകളൊന്നും നിങ്ങള് കണ്ടിട്ടില്ലല്ലോ' എന്ന്. എന്താണ് അങ്ങനെയൊരു ചോദ്യം ചോദിക്കാൻ കാരണം?

സിനിമാന്ന് പറയണത് മ്മടെ സിഗ്നേച്ചർ ആണ്. മ്മള് ബാങ്കില് ഒപ്പിടാൻ വേണ്ടീട്ടല്ല സിഗ്നേച്ചർ. ചരിത്രത്തിൽ ഒപ്പിടാൻ വേണ്ടീട്ടാണ്. ഓരോ മനുഷ്യനും വേണ്ടത് അവനോന്റെ കയ്യൊപ്പാണ്. മ്മള് ചെഗുവേരേന്റെ ഷർട്ട് ഇട്ടതോണ്ടോ അയാള് വലിച്ച ചുർട്ട് വലിച്ചതോണ്ടോ ആയില്ല. അയാള് ഏറ്റെടുത്ത ദൗത്യം പ്രാവർത്തികമാക്കുക എന്നത് ലളിതമായ കർമ്മങ്ങളിലൂടെ സാധ്യമായ കാര്യല്ല. അതൊരു വല്യ ദൗത്യാണ്. അത്തരം ദൗത്യങ്ങള് ഏറ്റെടുക്കുമ്പൊ ഞാൻ മാത്രമല്ലാത്ത ഒര്പാട് ആള്ളോള്ണ്ട്ന്ന് മ്മക്ക് മനസ്സിലാക്കാമ്പറ്റും. ഞാനാണ് വലിയവൻന്ന് തോന്ന്യാ കഴിഞ്ഞു. ഞാനല്ല, നമ്മളാണ്...

☆ *ഞങ്ങളെപ്പോലെയുള്ള യുവാക്കൾ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമുണ്ട്. ജീവിതത്തില് എങ്ങോട്ട് തിരിയണംന്നുള്ള പ്രശ്നം. താങ്കളിലെ യുവാവ് എങ്ങനെയാണ് 'കല' എന്ന മേഖലയിലേക്ക് തിരിയുന്നത്?*

ലോകത്തില് ഏറ്റോമധികം മാറ്റങ്ങൾ ഉണ്ടാക്കാൻ പറ്റീട്ടുള്ളത് കലയ്ക്കാണ്. ഏറ്റവും വിലക്കൂടിയ മനുഷ്യന്മാർ കലാകാരന്മാരാണ്. ഒരാൾടെ പെയിന്റിങ്ങിന് രണ്ട് കോടി രൂപാന്ന് പറയുമ്പൊ, 'എന്നാപ്പിന്നെ പെയിന്റിങ്ങ് പഠിച്ചടാ' ന്ന് മ്മള് പറയും. ഈ രണ്ട് കോടിക്ക് പിന്നില്ള്ള തപസ്സ് എത്ര്യാന്നുള്ളടത്താണ് കാര്യം. അത് അളക്കാനാവാത്ത ഒന്നാണ്. ഈ തിരിച്ചറിവാണ് എന്നെ കലേലിക്ക് കൈപിടിച്ച് കൊണ്ടന്നത്.

☆ *അപ്പൊ കുട്ടിക്കാലമൊക്കെ?*

തൃശ്ശൂർന്നാട്ടത്ത് വല്ലച്ചെറയിലാണ് ജനിച്ചത്. വല്ലച്ചെറ ഗവ. യു.പി. സ്കൂളിൽ 7-ാം ക്ലാസ്സ് വരെ

മാത്രേ പഠിക്കാൻ സാധിച്ചിട്ടുള്ളു. പ്രത്യേകം പറയാം, അത് ഔപചാരികമായ പഠനാണ്. മ്മക്ക് മുമ്പേ നടന്ന്പോയ കൊറേ മന്ഷ്യമ്മാര് എഴ്തിയ പുസ്തകങ്ങള് വായിക്കും. അതും മനസ്സിലിട്ട് നടക്കും. ജോലിക്ക് പോകും. അതായിരുന്നു കുട്ടിക്കാലം.

☆ *വായനയുടെ കാര്യം പറഞ്ഞല്ലോ. വായനയിൽ നിന്ന് സിനിമയിലേക്ക് എങ്ങനെ?*

സിനിമാന്ന് പറയണത് മ്മക്ക് ഒരിക്കലും മായ്ച്ച് കളയാനാവാത്ത ഒന്നാണ്. ഇപ്പൊ, ഞാനില്ലാണ്ടായാലും എന്റെ സിനിമകള് കണ്ടെത്താമ്പറ്റും. നാടകം പോലെയല്ല. നാടകം ഒരു കൂട്ടായ്മേന്നാണ് ഉണ്ടാകുന്നത്. വല്യവല്യ സംഘാടനത്തിന്റെ അടയാളാണ് നാടകം. നാടകാണ് എന്നെ വായനേലിക്കും അവടന്ന് സിനിമേലിക്കും കൊണ്ടന്നത്.

☆ *നമ്മൾ ചെയ്യുന്ന സിനിമകൾ നശിച്ചുപോകുന്നില്ല, അത് വീണ്ടും വീണ്ടും ഓർമ്മിക്കപ്പെടും എന്ന് പറഞ്ഞല്ലോ. എങ്കിൽ താങ്കൾക്ക് സാഹിത്യത്തിന്റെയോ എഴുത്തിന്റെയോ മേഖലയിൽ എത്താമായിരുന്നല്ലോ. എന്തുകൊണ്ട് അതുണ്ടായില്ല?*

ഒരെഴ്ത്ത്കാരൻ ആ കാമ്പറ്റ്യ ജീവിത സാഹചര്യായിർന്നില്ല എനിക്ക്ണ്ടായിർന്നത്. 56 അക്ഷരം പഠിച്ചതോണ്ട് എഴ്ത്ത്ക്കാരനാകാനും പറ്റില്ലല്ലോ. എന്റെ മേഖല സാഹിത്യായിർന്നില്ല.

ഇപ്പൊ മ്മള് തൃശ്ശൂര്ന്ന് എറണാകുളത്ത്ക്ക് കാറില് വര്യാണ്. നീ വണ്ടീടെ എടത്തേ സീറ്റിലും ഞാൻ വലത്തേ സീറ്റിലും ഇരിക്കണു. ഡ്രൈവറ് മുമ്പില്ണ്ട്. നീ നിന്റെ അരികില്ള്ള ജനാലേക്കൂടി പൊറത്തേക്ക് നോക്കുമ്പൊ നെനക്ക് പല കാഴ്ചേം കാണാം. തെരുവ് കാണാം. വഴി മുറിച്ച് കടക്കാമ്പറ്റാതെ വെഷമിക്കണ ആളോളെ കാണാം. ഇതായ്ര്ക്കില്ല വലത്ത് വശത്തിരിക്കുന്ന എന്റെ കാഴ്ച. ഈ രണ്ട് കാഴ്ചേം മ്മടെ ഡ്രൈവർക്ക് കാണാമ്പറ്റ്വോ? പക്ഷെ, മ്മള് എല്ലാവരും പോണത് എറണാകുളത്തേക്കന്ന്യാ...

☆ *'നെയ്ത്തുകാരൻ' എന്ന സിനിമയുടെ 'ത്രെഡ്' ലേയ്ക്ക് അതായത്, ഇ.എം.എസിനേപ്പോലെ കേരള രാഷ്ട്രീയത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തിയ ഒരാളുടെ മരണത്തെ നോക്കിക്കാണുന്ന ഒരു സാധാരണക്കാരന്റെ മാനസികാവസ്ഥ എന്ന ചിന്തയിലേയ്ക്ക് എങ്ങനെയാണ് താങ്കൾ എത്തിയത്?*

നെയ്ത്ത്കാരൻന്ന് പറഞ്ഞാ തുണി നെയ്യണ നെയ്ത്ത്കാരനല്ല. ചരിത്രത്തെ നെയ്യണ നെയ്ത്ത്കാരനാണ്. പക്ഷെ, ഒരാൾക്ക് ഒറ്റക്കങ്ങ്ട് ചരിത്രത്തെ നിർമ്മിക്കാമ്പറ്റ്വോ? പറ്റില്ല. ഒരു ചായ കുടിക്കുമ്പൊ തേയില നുള്ളണ ആളോളെപ്പറ്റി ചിന്തിക്കണ്ടേ? ഒരു പഴം തിന്നുമ്പൊ അത് കൃഷി ചെയ്യണോരെപ്പറ്റി ചിന്തിക്കണ്ടേ? അങ്ങനത്തെ ഒരാളാണ് അപ്പ മേസ്തിരി (നെയ്ത്തുകാരനിൽ ഭരത് മുരളി അവതരിപ്പിച്ച കേന്ദ്ര കഥാപാത്രം). അതായത്, ചരിത്രത്തെ നിർമ്മിക്കുന്നതിൽ ഇ.എം.എസ്സിനും അപ്പ മേസ്തിരിക്കും തുല്യ പങ്കാണുള്ളത്.

ചരിത്രത്തില് ഇദ്പോലത്തെ ഒര്പാട് നെയ്ത്തുകാരമ്മാരെ മ്മക്ക് കാണാമ്പറ്റും. അവരെയൊക്കെ സാമ്രാജ്യത്ത്വം നിരന്തരം വേട്ടയാടും. പാബ്ലോ നെരുദേനെ സാമ്രാജ്വത്ത്വം കൊന്നത് എങ്ങന്യാ? ആൾടെ മര്ന്ന്കള് ഓരോന്നോരോന്നായി ഒഴിവാക്കീട്ട്. ഫിദൽ കാസ്ട്രോനെ എത്രവട്ടം കൊല്ലാൻ നോക്കി. ചെഗുവേരേനെയോ... ഒന്നാലോചിച്ച് നോക്ക്യേ. എന്ത് പൊട്ടനാല്ലേ ഈ ചെഗുവേര. ഒരു ഡോക്ടറ്. ആൾക്ക് ആൾടെ ഡോക്ടര് പണീം എട്ത്ത് നടന്നാപ്പോരേ... വെറ്തേ ക്യൂബയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കാമ്പോയി. എന്നാ ക്യൂബയ്ക്ക് സ്വാതന്ത്ര്യം കിട്ടി. ആൾക്ക് ക്യൂബേല് ഇര്ന്നാപ്പോരേ? അപ്പൊ ബൊളീവിയേല്ക്ക് പോയേക്ക്ണു. മണ്ടൻ... ല്ലേ...? (നീണ്ട ഒരു ചിരി).

എന്നാ വേറെ ചെല ആളോള്ണ്ട്. ആകാശത്ത്ന്ന് സ്വർണ്ണമാലേം പൈസേം ഒക്കെ എട്ക്കണ ആളോള്. ഞാൻ സ്വർണ്ണപ്പണി പഠിച്ചതാ. അത് എനിക്ക് പലപ്പഴും തോന്നീട്ട്ണ്ട്, ഇത്പോലത്തെ കൊറേപ്പേര്ണ്ടാർന്നെങ്ക് എന്ത് സുഖാ, സ്വർണ്ണം ഉര്ക്കണ്ട വളയ്ക്കണ്ട വെളക്കണ്ട... ആകാശത്ത്ന്ന് മാല റെഡി. എന്റിഷ്ടാ, ഡോക്ടർമ്മാരും മന്ത്രിമാരും വരെ ഇത്നെ വണങ്ങാ...

☆ *ഈയൊരു കാഴ്ചപ്പാടുതന്നെയല്ലേ 'ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്' എന്ന സിനിമയിലും ഉള്ളത്?*

നിങ്ങള് ദൈവത്തില് വിശ്വസിച്ചോളു കൊഴപ്പോന്നുല്ല. സ്നേഹാണ് ദൈവം. നീ പ്രാർത്ഥിക്കുന്നതോണ്ടോ തൊട്ട് നെറുകിൽ വെക്കണതോണ്ടോ ആർക്കും ഒരു കൊഴപ്പല്ല. പക്ഷെ, അത്നെ ബിസിനസ്സാക്കര്ത്.

☆ *തുറന്ന് ചോദിക്കട്ടെ, പ്രിയനന്ദനൻ എന്ന വ്യക്തി ദൈവവിശ്വാസിയാണോ?*

ഞാൻ സ്നേഹത്തിൽ വിശ്വസിക്കുന്നു. സ്നേഹമാണ് ദൈവം. ദൈവങ്ങളെ സ്ഥാപനവൽക്കരിക്കണേനോട് എനിക്ക് യോജിപ്പില്ലാണ്. ക്യസ്തും നബീമൊക്കെ അതിനെ എതിർത്തോരാണ്. പക്ഷെ, ഇപ്പൊ അവര്ടെ പേരില് സ്ഥാപനങ്ങള് ഉണ്ടായിക്കൊണ്ടിരിക്കാണ്. ഗുരൂന്റെ കാര്യോം അദന്ന്യാ. നീ തന്ന്യാണ് നിന്റെ ദൈവംന്ന് പറ

ണേന്റെത്രേം വല്യ സങ്കൽപ്പെന്താ ഉള്ളേ? ആ ആളും ഇപ്പൊ ദൈവാണ്.

☆ *മുമ്പെങ്ങും ഇല്ലാത്ത വിധം ഇത് കൂടി വരുന്നതായി തോന്നുന്നുണ്ടോ?*

അത് കൂടുന്നതേയുള്ളൂ. അധികാരം നില നിർത്താൻ എല്ലാ വെഷസർപ്പങ്ങളെയും പിന്തുണക്കേണ്ട ഗതികേടാണ് മ്മടെ രാഷ്ട്രീയ പാർട്ടികൾക്ക്. ജാതി സംഘടനകൾടെ എണ്ണം കൂടിക്കൂടി വരാണ്. തമിഴ്നാട്ടീന്ന് ഒരു പെണ്ണിനെ കല്യാണം കഴിച്ചാ 'ദേ അവനൊരു തമിഴത്തിനെ കെട്ടി' ന്നാവും. എന്തൊരു കഷ്ടാഷ്ടാ... 'ഇന്ത്യ എന്റെ നാടാണ്, എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്' ന്നൊക്കെ പറേണത് വെറ്തേ...

പരിണാമത്തിന്റെ കാലത്ത് എത്ര ജാതികള്ണ്ടായിരുന്നു മ്മക്ക്? ആണും, പെണ്ണും. ല്ലേ...? സ്ത്രീ ഭൂമ്യാണ്. പുരുഷൻ മഴയും. അതോണ്ടാണ് ഭൂമി കുഴിച്ച് നോക്ക്യാ വെള്ളം കിട്ടണത്. അതണ് പ്രകൃതി നെയമം. അല്ലാണ്ട് ഇപ്പറേണ ജാതീലൊന്നും ഒരു കാര്യല്ല...

☆ *ഇതീന്നൊക്കെ മാറി വേറൊരു ചോദ്യം ചോദിക്കട്ടെ, തൃശ്ശൂർക്കാരനായ പ്രിയനന്ദനൻ എങ്ങനെയാണ് കണ്ണൂർക്കാരനായ അപ്പ മേസ്തിരിയിലേയ്ക്കും കാരിഗുരുക്കളിലേയ്ക്കും എത്തുന്നത്?*

ഇത്രേം സ്നേഹള്ള ആളോളെ ഞാൻ വേറെ എവടേം കണ്ട്ട്ടില്ലാന്നൊള്ളോണ്ടന്ന്യാണ്. അവർക്ക് പോരാട്ടത്തിന്റേതായ ഒരു... ഒരു... (ഉചിതമായ വാക്കന്വേഷിക്കുന്നു) ചരിത്ര പാഠം കയ്യില്ണ്ട്. ഞങ്ങള് തൃശ്ശൂർക്കാർക്കൊന്നും അത്രയ്ക്കങ്ങ്ട് ഇല്ല. എന്താണ് വർഗ്ഗീയത, വംശീയതാന്നൊന്നും ഞങ്ങക്ക് അനുഭവിച്ചറിയേണ്ടി വന്ന്ട്ടില്ല. അങ്ങനത്തെ ഒർപാട് പോരാട്ട ചരിത്രങ്ങളാണ് ആ നാടിന്റെ പ്രത്യേകത. അതന്ന്യാണ് എന്റെ ക്യാരക്ടറ്കൾക്ക് ആ നാട് തെരഞ്ഞെടുക്കാന്ള്ള കാരണം.



☆ *കാരി ഗുരുക്കളായും അപ്പ മേസ്തിരിയായും വേഷമിട്ട ഭരത് മുരളിയേക്കുറിച്ച്?*

മുരളിയേട്ടൻ രാഷ്ട്രീയ ബോധമുള്ള ഒരു മനുഷ്യനായിരുന്നു. തന്റെ രാഷ്ട്രീയ നിലപാട്കള് തൊറന്ന് പറയാൻ മടി കാണിക്കാതിര്ന്ന ആളാണ്. കെട്ടുകാഴ്ചകളിലല്ല അണിയറേലാണ് കാര്യംന്ന് തിരിച്ചറിഞ്ഞ ആളാണ് അദ്ദേഹം. ഒരു മികച്ച കലാകാരൻ.

☆ *രാഷ്ട്രീയ ബോധത്തേക്കുറിച്ച് പറഞ്ഞല്ലോ, സിനിമയ്ക്ക് രാഷ്ട്രീയമുണ്ടോ?*

തീർച്ചയായും ഉണ്ട്. പല സംവിധായകരും വേട്ടയാടപ്പെട്ടന്നത് കണ്ട്ട്ടില്ലേ... അത്, സിനിമേലൂടെ പല തെറ്റായ പ്രവണതകളേം ചോദ്യം ചെയ്തോണ്ടാണ്. സിനിമയ്ക്ക് നിയതമായ രീതികളൊക്കെ ത്തന്നെ മതീന്ന് പറേണ ചെലര്ണ്ട്. അവരാണ് ഈ ശ്ലീലം-അശ്ലീലം ന്നൊക്കെള്ള സാധനങ്ങള് കൊണ്ടരണത്. ഞാൻ ഒരു സിനിമേല് പരിപൂർണ്ണ നഗ്നനായിട്ട് അഭിനയിക്കാൻ തയ്യാറാണ്. ആ വിഷയത്തിന് പ്രാധാന്യണ്ടങ്കി. അപ്പൊ, വിഷയത്തിന്റെ പ്രാധാന്യാണ് കാര്യം.

☆ *പക്ഷേ, വ്യക്തി ജീവിതത്തിൽ കൃത്യമായ രാഷ്ട്രീയ ബോധമുണ്ടായിട്ടും സിനിമയിലേക്കെത്തുമ്പോൾ കച്ചവട താൽപ്പര്യങ്ങൾക്ക് മുമ്പിൽ മുട്ടുമടക്കുന്ന സംവിധായകരുമില്ലേ?*

ലാഭം സിനിമേടെ ഒരു പ്രധാനപ്പെട്ട ഘടകം തന്ന്യാണ്. അതിനെ മ്മക്ക് തള്ളിക്കളയാമ്പറ്റില്ല. അതോണ്ടന്നെ ലാഭം നോക്കി സിനിമ ചെയ്യണോരെ മ്മക്ക് കുറ്റം പറയാനും പറ്റില്ല. എല്ലാരോടും 'നീ ഇങ്ങനന്നെ സിനിമ ചെയ്യണം' ന്ന് ആജ്ഞാപിക്കാമ്പറ്റ്വോ? ഒരിക്കലും പറ്റില്ല. പക്ഷെ, ലാഭത്തിനപ്പർത്തേക്ക് പോകണ സിനിമകള് എന്നും ഓർമ്മിക്കപ്പെടും. ആ സിനിമകൾക്ക് ചരിത്രത്തില് ഒരു സ്ഥാനണ്ടാകും. അടൂരിന്റെക്കെ സിനിമകള് എന്നും ഓർമ്മിക്കപ്പെടണത് അതോണ്ടല്ലേ...

☆ *'പുലിജന്മം' എന്ന സിനിമയിൽ നായകനായ പ്രകാശന്റെ വിലാപം ആരും കേൾക്കാതെ പോവുകയാണ്. അത്, താങ്കളുടെ തന്നെ വിലാപമായി കരുതാമോ?*

അത് ശര്യാണ്. പക്ഷെ, പ്രിയനന്ദനന്റെ വിലാപം ആരും കേക്കാണ്ടായിട്ടില്ല്യ. പലരും കേക്കണ്ണ്ട്. അല്ലെങ്കിപ്പിന്നെ എന്നെ ഇന്റർവ്യൂ ചെയ്യാൻ നിങ്ങള് വര്വോ? മ്മടെ വിലാപങ്ങള് കേക്കാൻ എവടേങ്കിലൊക്കെ ആരെങ്കിലുമുണ്ടാവും ന്ന്ള്ള ഒരു തോന്നലാണ് മ്മള് ഓരോരോത്തരേം മുന്നോട്ട് കൊണ്ടോണത്.

# ടാഗോർ, ഞാൻ കുട്ടിയാണ്

**അർച്ചന ജി. നായർ**
*ഒന്നാംവർഷ മലയാള ബിരുദം*



ടാഗോർ, ഞാൻ കുട്ടിയാണ്
അങ്ങയുടെ കവിതകൾ പോറ്റുന്ന കുട്ടി.
ദേശീയഗാനമെന്നിൽ ധാരയായി വീഴുംപോൾ
ഞാനോരോ നിമിഷവും ഉരുവിടും
ടാഗോർ... ടാഗോർ...
ഗീതാഞ്ജലി പാടിയുണരും,
അതിലീ നിമിഷം മറന്നു മയങ്ങും.
സ്വീകരിയ്ക്കൂ... അങ്ങെന്റെയീ ഗീതാഞ്ജലി
ടാഗോർ... ഞാൻ കുട്ടിയാണ്.
അങ്ങയുടെ കവിതകൾ പോറ്റുന്ന കുട്ടി.
അങ്ങെന്റെയാത്മാവും സ്വരവുമാണ്.
എൻ പിഞ്ചുമനസ്സ് ഗീതാഞ്ജലി
പോൽ ശുദ്ധമാണ്...
അറിയൂ.. അങ്ങെന്നെയറിയു
മെങ്കിൽ മറ്റൊരു ഗീതാഞ്ജലിയായെൻ ജന്മം.
എൻ പാതി മനസ്സവിടെ ബംഗാളിലും
പാതിയിവിടെയീ ഗീതാഞ്ജലിയിലും.
ദൈവത്തിൻ ഗീതാഞ്ജലിപോൽ
വിലപ്പെട്ടതാണെനിക്കങ്ങ്...
എന്നെ അറിയുമെങ്കിൽ ഒരുവട്ട-
മൊന്നടുത്തുവന്നു പാടൂ...
മുക്തിതൻ സ്വർഗരാജ്യത്തിലേയ്ക്കെന്റെ
നാടൊന്നുണർന്നാവൂ...
ആ വരി അങ്ങ് പാടിയതിൻ ശേഷമീ
മണ്ണിൽ ഞാൻ മരിച്ചാലും
പുണ്യമായി കരുതീടുന്നു..
അ തീക്ഷ്ണമാം കണ്ണുകൾ
എൻ കൺകളിൽ നിറയുമ്പോൾ
അറിയാതെ കൈകൾ തൊഴുതുപോകും.
നമ്മുടെ ദേശീയഗാനമെത്രയോ
ശക്തമാണത്രയും ശക്തമാണെന്റെ സ്നേഹം.
ബംഗാളിന്റെ ആത്മാവുറങ്ങുന്നു...
അതുതേടി നടക്കുന്ന ശരീരം മാത്രമായിരു
ഞാൻ...
ആ ആത്മാവ് തേടിയവിടെ ഞാനെത്തുമ്പോൾ
അങ്ങയ്ക്കായി അർപ്പിയ്ക്കുമെൻ
സ്നേഹത്തിൻ ഗീതാഞ്ജലി...
ടാഗോർ... ഞാൻ കുട്ടിയാണ്
അങ്ങയുടെ കവിതകൾ പോറ്റുന്ന കുട്ടി...

# അസൂയ

റെജീന ഇ. എ.
മൂന്നാംവർഷ മലയാള ബിരുദം

എനിക്ക് നിന്നോട് അസൂയയായിരുന്നു.
നിന്നോടു മാത്രമല്ല,
പഠിപ്പിൽ നിനക്കുള്ള സാമർത്ഥ്യത്തോടും.
എന്റെ സ്വപ്നങ്ങൾ സ്വർണ്ണനൂലിൽ
നെയ്തെടുത്തപ്പോഴേക്കും
നീ നിന്റെ സ്വപ്നത്തെ യാഥാർത്ഥ്യമാക്കിയിരുന്നു...
വിദ്യാലയത്തിന്റെ പടികടന്നപ്പോൾ
നീ എന്നോടു പറഞ്ഞു - 'കാണാം'
അമർഷം ഉള്ളിലൊതുക്കി ഞാൻ,
ചെറുതായൊന്നു പുഞ്ചിരിച്ചു.
വീണ്ടും നിന്നെ ഞാൻ കണ്ടുമുട്ടി.
അമല ആശുപത്രിയിൽ, ഒരു ഡോക്ടറുടെ രൂപത്തിൽ.
അന്നും, എനിക്ക് നിന്നോട് അസൂയയായിരുന്നു.
നിന്നോടു മാത്രമല്ല,
വൈദ്യശാസ്ത്രത്തിൽ നീ നേടിയ കഴിവിനോടും.
ഒടുവിൽ,
മോർച്ചറിക്കുള്ളിൽ തണുത്തു വിറച്ച,
നിന്റെ ശരീരം കണ്ടപ്പോഴും
എനിക്ക് നിന്നോട് അസൂയയായിരുന്നു.
മനുഷ്യൻ മനുഷ്യനെ തിരിച്ചറിയാത്ത
ഈ ലോകത്തിൽ നിന്നും-
എന്നെക്കാളും മുമ്പെ
നീ പോയല്ലോ എന്നോർത്ത്.





# ശബ്ദം

ജിതിൻ രാജ് പൗലോസ്
രണ്ടാംവർഷ മനഃശാസ്ത്ര ബിരുദം

നിശബ്ദരായ കുട്ടികൾ
ശബ്ദത്തെ അന്വേഷിച്ച് നടന്നു
ശബ്ദം ഓടിയകലുന്നതുകണ്ട്
നിശബ്ദരായി അനുഗമിച്ചു.
നൂറ്റാണ്ടുകൾക്കുമുൻപായ്
മാറ്റൊലിയായി വന്ന ശബ്ദം,
സ്വന്തം സ്വത്വത്തിൽ തട്ടി
മസ്തിഷ്കത്തിലൂടെ
ചോരയോടൊപ്പം
സ്വന്തം നാവിലെത്തിയപ്പോൾ
മുറുക്കിപൊത്തിയ വായ്കളുമായ്
അവർ ശബ്ദത്തെ അന്വേഷിച്ചു നടന്നു.

# കർച്ചീഫ്

**ടോണി രാജു വർഗ്ഗീസ്**
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

വിരലുകൾ;
നേർത്ത പാട പോലെ
അതിൽ പറ്റിയിരിക്കുന്ന വിയർപ്പ്.
എന്റെ കണ്ണീരുകൾ ആഗ്രഹിച്ചത്
വിരലുകളെയായിരുന്നു.
മുഖം ചേർത്തു പിടിച്ച്
കണ്ണീരൊപ്പാൻ കൈകളില്ലെങ്കിൽ
കണ്ണീരിനും വിലയില്ല; ലക്ഷ്യമില്ല.
അത് ആഗ്രഹിച്ചപ്പൊഴും പറഞ്ഞപ്പൊഴും
മറുപടി ഇതായിരുന്നു- 'കർച്ചീഫ്'.
അപ്പോഴും എന്റെ കണ്ണു നിറഞ്ഞു.
പക്ഷേ അവ പുറത്തു വരാൻ
പതിവില്ലാതെ മടി കാണിച്ചു.
ഞാൻ 'കർച്ചീഫ്' അന്വേഷിച്ചില്ല.
കാരണം, അവ എന്നിലേക്ക്
ഉൾവലിഞ്ഞുകൊണ്ട്
എനിക്കുവേണ്ടി പതുക്കെ
ചിരിച്ചു തുടങ്ങിയിരുന്നു.






SIDHARTHAN.S

രണ്ടാംവർഷ ഭൗതികശാസ്ത്ര ബിരുദം

# No dream is small.

## Plan it ahead with Federal Savings Fund-a brilliant Recurring Deposit Scheme.



**Features**

- Freedom of monthly/quarterly/half yearly or yearly installments
- Loan facility against balance in the account
- Minimum period 6 months. Maximum period 10 years.
- Minimum amount ₹ 50 and higher amounts in multiples of ₹ 10
- Tax will not be deducted at source

*Conditions Apply

The Federal Bank Limited, Regd. Office Aluva.

FEDERAL BANK
YOUR PERFECT BANKING PARTNER

24X7 PHONE BANKING
1800 425 1199
1800 420 1199

www.federalbank.co.in

# കോർപ്പറേഷൻ ബാങ്ക്

ആലുവ ശാഖ, ബൈപ്പാസ് റോഡ്, ആലുവ, ഫോൺ : 2621970, 2621980

| | | |
|---|---|---|
| കോർപ്പ് | ഹോം | ഭവന വായ്പ പദ്ധതി |
| കോർപ്പ് | ഹോം പ്രീമിയം | വിദേശ ഇന്ത്യക്കാർക്കായുള്ള ഭവന പദ്ധതി |
| കോർപ്പ് | ഘർശോഭ | ഭവനം പുതുക്കിപ്പണിയാൻ / മോടി പിടിപ്പിക്കുവാനായുള്ള വായ്പ പദ്ധതി |
| കോർപ്പ് | ഡോ. പ്ലസ് | ഡോക്ടർമാർക്കായുള്ള വായ്പ പദ്ധതി |
| കോർപ്പ് | വെഹിക്കിൾ | വാഹന വായ്പ പദ്ധതി |
| കോർപ്പ് | ശുഭ വിവാഹ് | വിവാഹ ആവശ്യത്തിനായുള്ള വായ്പ പദ്ധതി |
| കോർപ്പ് | മോർട്ട്ഗേജ് | വിവിധതരം സാമ്പത്തിക ആവശ്യങ്ങൾക്കായുള്ള ഭൂപണയ വായ്പ പദ്ധതി |
| കോർപ്പ് | വ്യാപാർ | ബിസിനസ്സ് ആവശ്യങ്ങൾക്കായുള്ള വായ്പ പദ്ധതി |
| കോർപ്പ് | SME ലിക്വിഡ് പ്ലസ് | ചെറുകിട വ്യവസായ സംരംഭകർക്കായുള്ള വായ്പ പദ്ധതി |

ചാർട്ടേഡ് അക്കൗണ്ടന്റ്സിനുള്ള പ്രത്യേക വായ്പ പദ്ധതികൾ ലഭ്യമാണ്.

कार्पोरेशन बैंक Corporation Bank

A Premier Public Sector Bank

# LAW ENTRANCE

BY ADVOCATES & LAW LECTURERS

CLAT, CUSAT, LAW ACADEMY, KERALA GOVT.



THE GUIDE® Law Entrance Coaching Centre

Ph: 9562 410 310

www.clatentranceguide.com

NEAR TOWN NORTH POLICE STATION, ST. BENEDICT ROAD JUNCTION, KACHERIPADY

എല്ലാ ദിവസവും Volvo A/c., Non A/c.
എയർ ബസ്സുകൾ എറണാകുളത്ത് നിന്നും പുറപ്പെ...

ബോംബെ, ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, മണി...
മൂകാംബിക, മധുര, ശിവകാശി, കോയമ്പത്തൂർ, പ...

വിവാഹം
വിനോദം, തീർത്ഥാടനം
എന്നിവക്കാവശ്യമായ
എല്ലാവിധ ടൂറിസ്റ്റ്
വാഹനങ്ങളും
മിതമായ നിരക്കിൽ



സോണാ ട്രാവൽ...

കെ.പി.സി.സി ജംഗ്ഷൻ, എം.ജി. റോഡ്, എറണാകുളം, ✆ : 3202528, ...
സാന്റോ കോംപ്ലക്സ്, ആർ.എസ്. റോഡ്, ആലുവ, ✆ : 3258103, 2623...

എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് വേളാങ്കണ്ണി A/c എ...
പുറപ്പെട്ട് ഞായറാഴ്ച വൈകിട്ട് തിരിച്ചെത്തുന്നു.

e-bookings@www.sonatravels.in



# ചില്ലക്ഷരങ്ങൾ

**മർജാൻ എ.യു.**
ഒന്നാംവർഷ ഇംഗ്ലീഷ് ബിരുദം



ആരും കാണാതെ തന്നെയൊന്നു സ്പർശിക്കാൻ
വികാരപരവശനായി അക്ഷരമെന്നോട് കെഞ്ചി.
ഏറെ മടിച്ചെങ്കിലും ഞാൻ അരികിലേക്ക് ചെന്നു,
ചൂട് പങ്കിടാനായ കയ്യുയർത്തിയ എന്നെ
വലിച്ചു പുറത്തിട്ടു, പിന്നിലൂടെ വന്ന ഉദ്യോഗസ്ഥൻ
എന്നെ ഏറെ ശാസിച്ചു.
പുസ്തകങ്ങൾ തൊടാനുള്ളതല്ലത്രേ...
സ്റ്റോക്ക് റൂമിൽ ചില്ലിട്ടുവെക്കാൻ മാത്രം!
പുസ്തകങ്ങളെ സ്പർശിച്ചാൽ
അക്ഷരബീജം എന്നിൽ നിറക്കപ്പെട്ടാലോ എന്നവർ.
ശരിയാണ്... വളരെ ശരിയാണ്.
സ്റ്റാന്റിൽ പ്രദർശിപ്പിച്ചതിൽ നിന്ന്
ഒരു മാഗസിൻ കയ്യിലെടുത്തു.
കണ്ണുരുട്ടി ഐ.ഡി കാർഡെവിടെയെന്ന് ചോദിച്ചു.
തിരികെ വച്ചു.
അക്ഷരങ്ങളാണെന്റെ ഐഡിയെന്ന് തർക്കിച്ചു നിന്നില്ല.
പറന്നുപോയ മുഖ്യന്റെ വികസനത്തെക്കുറിച്ച്
തൊട്ടടുത്ത് നിന്ന കവിയെന്നോട് വാചാലനായപ്പോൾ.
നിശ്ശബ്ദത പാലിക്കാനായ് രണ്ട് ബെല്ലടിച്ചു.
വാക്കുകൾ വിഴുങ്ങി അയാൾ പുറത്തോട്ട് ഓടി.
ഒത്തിരി ശ്വാസത്തിനായ്...
പുറത്തേക്ക്, വന്നവഴി പോകാനൊരുങ്ങിയ
എന്നെ [illegible].

ഇനിയൊരിക്കലും വന്നവഴി പോകരുതെന്ന് പറഞ്ഞു.
വളഞ്ഞവഴിയാണത്രേ പോകേണ്ടത്.
ഏറെ വളഞ്ഞ് തുടങ്ങിയ ഞാൻ തലയാട്ടി.
നിശ്ശബ്ദത മാത്രം അലറിവിളിക്കുന്ന,
ആളൊഴിഞ്ഞ് കിടക്കുന്ന
ഞങ്ങളുടെ ലൈബ്രറിയിലെ ഒരു കോണിൽ,
പുസ്തകങ്ങളിൽ പലതിലും
ഇരിക്കുന്ന ചിതലുകൾ ഹിപ്പികളെപോൽ.
ഊശാന്താടിയും മുടിയും വളർത്തി.
ഖാദിജുബ്ബക്കുള്ളിലിരുന്ന്
കവിത ചൊല്ലുന്നു, കഞ്ചാവടിക്കുന്നു!
ഇനിയൊരിക്കലും ആ 'മ്യൂസിയ' ത്തിലേക്ക് കയറില്ല
എന്ന തീരുമാനവുമായി ഞാൻ 'ഇരുട്ടിലേക്ക്' നടന്നു!

# ഓർമ്മയിൽ വിനയചന്ദ്രിക

**അക്സ ബാബു**
രണ്ടാംവർഷ ഗണിതശാസ്ത്ര ബിരുദം



*വീട്ടിലേക്കെന്നു പോകുന്നു ചോദിക്കുന്നു കൂട്ടാകുർ,*
*കൂട്ടുകിടക്കുന്ന പുസ്തകക്കൂട്ടങ്ങൾ,*
*ഇത്തിരി മുറ്റത്തു ഞാൻ നട്ടു നോറ്റു പൂവിട്ട തൈമുല്ല,*
*പടിവാതിലോളം പറന്നു മറയുന്ന*
*കൊച്ചരിപ്രാവ്, കലണ്ടറിൽ ചുട്ടുകത്തിച്ചു കിടക്കുമവധികൾ...*

***(വീട്ടിലേക്കുള്ള വഴി)***

ഇതായിരുന്നു, ഇതു മാത്രമായിരുന്നു ഡി. വിനയചന്ദ്രൻ എന്ന കവി. കവിതയുടെ കാൽപനിക വള്ളത്തെ മാത്രം വിശ്വാസത്തിലെടുത്ത്, ജീവിതം സുരക്ഷിതമാക്കാനുള്ള സൂത്ര വാക്യങ്ങൾ പരിത്യജിച്ച്, കൂട്ടുകാരുടെയും പുസ്തകങ്ങളുടെയും കാടിന്റെയും ഭൂമിയുടെയും ഓളങ്ങളിലൂടെ ഒരു യാത്ര. അതായിരുന്നു ഈ കവിയുടെ ജീവിതം.

ഉറക്കെയുള്ള അദ്ദേഹത്തിന്റെ കാവ്യാലാപനങ്ങൾക്ക് വേദിപോലും വേണ്ടായിരുന്നു. ആസ്വാദകർ ആലിംഗനം ചെയ്തു. കവിത വേണ്ടാത്തവർ ചിലപ്പോൾ തുറിച്ചുനോക്കി. വിനയ ചന്ദ്രൻ കവിതയെ മാത്രം ആലിംഗനം ചെയ്തു. ക്ലാസിൽ, ബസിൽ, സൗഹൃദ സദസിൽ, ചന്ത യിൽ, പാർക്കിൽ, കടൽത്തീരങ്ങളിൽ.

കവിതയിലേക്ക് പ്രകൃതിയെയും പ്രകൃതിയിലേക്ക് കവിതയെയും കൊണ്ടുവരാൻ ഈ കവിക്ക് പ്രത്യേക ടെക്നിക്കുകളുടെ ആവശ്യമില്ലായിരുന്നു. അത് അദ്ദേഹത്തിന്റെ ജീവിതശൈ ലിയായിരുന്നു. പ്രകൃതിയെപ്പറ്റിയും പ്രണയത്തെപ്പറ്റിയും എഴുതുമ്പോൾ അതിന്റെ കൃത്യമായ കോളങ്ങളിൽ നിൽക്കാതെ ആധുനികമായ ഒരു ആധ്യാത്മികതയിലേക്കു സഞ്ചരിക്കുകയായിരുന്നു ഈ കവി. നിരന്തരമായ പ്രകൃതിയാത്രകൾ വിനയചന്ദ്രന് കവിത അന്വേഷിച്ചുള്ള സഞ്ചാരങ്ങളായി രുന്നു.

ആരു കവിത ചോദിച്ചാലും കൊടുക്കുന്ന ഒരു നിലയ്ക്കാത്ത പൈപ്പ് ആയിരുന്നു അദ്ദേഹം. ഇന്ന പ്രസിദ്ധീകരണം എന്നില്ല. ഉണരുമ്പോൾ മുതൽ ഉറങ്ങുംവരെ കവിത മാത്രം. നാലു ഷീറ്റുള്ള അജ്ഞാത മാസികകളിൽ വരെ കാണും വിനയചന്ദ്രന്റെ കവിത. ഈ ധാരാളത്തത്തിനിടയിൽ

ആരാധനാപൂർണമായ പഠനങ്ങളിൽ നിന്ന് പലപ്പോഴും ഈ കവിതകൾ ഒഴിവാക്കപ്പെട്ടിട്ടുമുണ്ട്. കവിത ഇടിമുഴക്കത്തിന്നടിലെ നിശ്ശബ്ദത എന്നാണ് സ്വന്തം കവിതയിൽ അദ്ദേഹം പറഞ്ഞിട്ടുള്ളത്.

ദേഷ്യങ്ങളെപ്പോലും കുസൃതിയുള്ള കവിതയാക്കി മാറ്റി ഈ കവി, 'വിനയചന്ദ്രിക' എന്നു പേരിട്ടു വിനയപൂർവ്വം കവിതയെഴുതി കവിതയിൽ നിന്നു കവിതയിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. കവി വംശത്തിലെ വിചിത്ര വേഷധാരിയായിരുന്നു വിനയചന്ദ്രൻ. ഇരട്ട വരപ്പുസ്തകത്തിനപ്പുറത്തേക്ക് കവിതയുടെ ക്രാഫ്റ്റ് കുസൃതിയോടെ മാറ്റിയിട്ട പ്രതിഭ. ഒരു വിധത്തിൽ പറഞ്ഞാൽ അയ്യപ്പപ്പണിക്കരുടെ വഴി അദ്ദേഹം പോയശേഷവും തൂത്തുവൃത്തിയാക്കിയിട്ടയാൾ.

ഹിമാലയത്തിന്റെ ചുളുക്കുകൾക്കുള്ളിൽപ്പോയി ഹിമവും ലാവയും നിറച്ച കവിതകൾ എഴുതിയിട്ടുണ്ട് വിനയചന്ദ്രൻ. ഹിമാലയത്തിൽ നിന്നിറങ്ങി വരുമ്പോൾ കവിത മാത്രമല്ല ഇദ്ദേഹം കൂടെക്കൂട്ടിയത്, ഹിമാലയൻ ജീവിതം കൂടിയായിരുന്നു.

അധ്യാപക വംശത്തിലും വേറിട്ട വേഷക്കാരനായിരുന്നു ഈ കവി. അധ്യാപകൻ എന്ന നിലയിൽ അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്കു പ്രിയങ്കരനായിരുന്നു. എന്നു മാത്രമല്ല, ആവേശവുമായിരുന്നു.

*കാടിനു ഞാനെന്തു പേരിടും*
*കാടിനു ഞാനെന്റെ പേരിടും*

എന്നെഴുതി സ്വന്തം പ്രതിഭയെ ഹരിതാഭമാക്കി.



കവിതയായിരുന്നു വിനയചന്ദ്രന്റെ ശരിയായ ചോര. ഈ ലോകം അദ്ദേഹത്തിന് വീടോ ക്ലാസോ കലാലയമോ ഒന്നും ആയിരുന്നില്ല. ഒരു പാർക്ക് ആയിരുന്നു. ആലോചിക്കാനും ശാന്തി വരുത്താനും വന്നിരിക്കുന്ന ഒരു ഇടം. അദ്ദേഹം എന്നും ഏകാകിയായിരുന്നു. അനാഥൻ എന്ന് സ്വയം വിശേഷിപ്പിച്ചവൻ, ഒറ്റപ്പെടലിന്റെ വ്യഥയിൽ കഴിഞ്ഞവൻ... ഡി. വിനയചന്ദ്രൻ എന്നൊരു വ്യക്തി ഇന്ന് ഈ ഭൂമിയിൽ ഇല്ല, എന്നാൽ കവിയും അദ്ധ്യാപകനും കല്ലടയുടെ നിത്യകാമുകനുമായിരുന്ന അദ്ദേഹത്തിന്റെ മുഴങ്ങുന്ന ശബ്ദവും അഭിനയവും താളമേളങ്ങളടങ്ങിയ കവിതാശൈലിയും എല്ലാം അണയാത്ത തിരിനാളമായി എന്നും മനുഷ്യമനസ്സുകളിൽ നിലകൊള്ളുന്നു.

# SHE

**Neethu Rajendran**
*II BA English*



A unique creature she is. Her charm, her features, her motherhood, her compassion, her love and her capacity to contain or reflect. Born a perfect angel, a women is truly and incredible phenomenon to look at and to learn.

Open your eyes and watch her carry herself. Look at the way she talks and laughs. This is she. The women you see beside you, the women who knows you and the women whom you know.

You can see her talking you can see her taking naps during a bus ride, dangling her head left to right, yet a beautiful sight to watch on. Could she possibly be dreaming about the cloth heaps that are waiting to be washed or about the un-swept rooms back home? She might jerk awake and find to her dismay that she never dreamt heroes who loves no one but her, and the evenings where the birds flew back to their nest in the bougainvillea sky. Her womb is heavy with thoughts and her eyes sleepy with caution. Her perfumed sweat drops transform into a white pearl chain around her neck and chokes her times. Little languid hands try to wipe them away but the scent and salt lingers. It's the time for her to evolve and elude from shackles, the world is a dangerous place for her to survive.

Has she ever received the status she deserves? Is she the same in her the private self and outside the four walls. How much she is 'She' today? Is her voice still obscure and expressions still murky? No one knows but the voice within her sole, not the feminist outpour for equality but the longing for understanding. Her unheard songs of love and passion and the untouched beauty of eternal bliss remain within herself. The treasures inside her golden heart are never revealed, for there is no route map to it, but the chambers are always wide open. Yet a few fortunate seeks to it.

Her vitality is there in the nature, the mother earth. Her beautiful curves are there in the river- the holy river, the fragments of her magical being in every single human life.

She is not someone who needs to be protected like an endangered species. Give her the freedom, give her the rights, and give her key to discovery.

Let her be herself .....



# അർത്ഥം കെട്ടുന്ന താലികൾ

**അമർ ഫയ്യാദ് എം. എച്ച്**
രണ്ടാംവർഷ മലയാള ബിരുദം

അർത്ഥങ്ങൾ ആർദ്രമാം-
സിന്ദൂര ചുവയിലും
ആത്മ രതിയിലാകവേ
നിൻ സ്മൃതികൾ മാത്രം.

തികട്ടുന്ന ഓർമ്മകൾ
പൊടിതട്ടി നോക്കുമ്പോൾ
സ്പർശിച്ച നിമിഷങ്ങൾ
വികാരം വിഴുങ്ങുന്നു.
പൊള്ളുന്നു ഈ താലി-
മാറിൽ കിടക്കുമ്പോൾ

വിജനമാം നാല്
ചുവരുകൾക്കുള്ളിലായ്
നെയ്തുനാം ഒരു കൊച്ചു-
ദാമ്പത്യ നിർവൃതി
കാഴ്ചവെച്ചു ഞാൻ
നിനക്കെന്റെ സ്ത്രീത്വവും
കാണിക്ക തന്നു നീ
പുരുഷാർത്ഥ പൂക്കളും

യൗവ്വനാസക്തിയിൽ
ചെയ്തൊരാ തെറ്റിന്റെ
കരി നിഴൽ പേറിഞാൻ
ഓടിയൊളിയ്ക്കും ഇരുട്ടിന്റെ-
മാറിലായ് ഏകയായ്...

# മഹാഗണി തണലേ വിട...

ഗ്ലാഡ്സൺ മാം ജോർജ്ജ്
മൂന്നാംവർഷ സാമ്പത്തികശാസ്ത്ര ബിരുദം

VMH -ന് മുന്നിലെ മഹാഗണി മരത്തിനു ചുവട്ടിലിരുന്നു ഞാൻ എന്റെ കഴിഞ്ഞ 3 വർഷങ്ങൾ ഓർത്തെടുത്തു. പലതവണ ഇതൊക്കെ എവിടെയെങ്കിലും കുത്തികുറിക്കണമെന്ന് വിചാരിച്ചതാണ്. ആ ഓർമ്മകൾ ഇന്നെനിക്ക് പുഞ്ചിരിയും കണ്ണീരും നൽകുകയാണ്...

ആകാംഷയുടെ തിളക്കമുള്ള മിഴികളുമായി ചാറ്റൽ മഴയുള്ള ഒരു മിഥുന മാസത്തിൽ അങ്കമാലിക്കാർക്ക് സ്വന്തമായ ഗേറ്റിലൂടെ ഒരു വിദ്യർത്ഥിയായി യു.സി യിലേക്ക് വന്ന ദിനം ഇപ്പോഴും ഓർക്കുന്നുണ്ട്. കോളേജിൽ ക്ലാസ് 9.30 ന് തുടങ്ങുമെങ്കിലും 9.50 ആയിരുന്നു എന്റെ സമയം. ആദ്യ ദിവസവും കൃത്യം 9.50 ന് ഞാൻ കോളേജിലെത്തി. ക്ലാസെവിടെയാണെന്നറിയാതെ പലതവണ കച്ചേരി മാളിക കയറി ഇറങ്ങി ചുറ്റിത്തിരിഞ്ഞ് നിൽക്കുമ്പോൾ കണ്ട താടിക്കാരായ ചേട്ടന്മാരോടും, തുറിച്ച് നോക്കുന്ന ചേച്ചിമാരോടും എന്തെങ്കിലും ചോദിക്കാൻ എന്റെ ധൈര്യം സമ്മതിച്ചില്ല. വിയർത്തൊലിച്ച് എന്ത് ചെയ്യണമെന്നറിയാതെ പകച്ച് നിൽക്കുമ്പോൾ, ചെറു പുഞ്ചിരിയോടെ ഒരു ക്ലീൻ ഷേവുകാരൻ വന്നു. ജോഷാ ചേട്ടൻ! ഞാൻ പതറിനിൽക്കുന്നത് കണ്ട് ചിരിച്ച്കൊണ്ട് എന്റെ പേര് ചോദിച്ച്, നിങ്ങൾ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് NR -റിലാണ് ക്ലാസ് എന്നു പറഞ്ഞ് NR -റിലേക്ക് കയറ്റിവിട്ട ആ ദൈവദൂതനെ ഞാനീ നിമിഷം നന്ദിയോടെ ഓർക്കുന്നു... NR -റിന്റെ പടവുകൾ കയറി ക്ലാസ് അറിയാതെ നിൽക്കുമ്പോൾ, ദേ, വീണ്ടും ക്ലാസിലെ മാലാഖ... സിസ്റ്റർ ജീന എന്നെ മാടിവിളിച്ചു. അഡ്മിഷൻ സമയത്ത് കണ്ട പരിചയം. അങ്ങിനെ അന്ന്, ടോമി സാറിന്റെ അനുവാദത്തോടെ അവസാന ബഞ്ച് ലക്ഷ്യം വച്ച് നടന്ന്, ആ സ്ഥാനം ഞാൻ കൈക്കലാക്കി. കോളേജിലെ എന്റെ ആദ്യ ദിനങ്ങൾ വലിയ പരുക്കുകൾ ഇല്ലാതെ അവസാനിച്ചു.

ഇന്നീ അവസാന നിമിഷത്തിൽ, കഴിഞ്ഞ് പോയ യു.സി യൻ ഓർമ്മകളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ചില മിന്നൽ പിണരുകൾ ഞാൻ കാണുന്നു... ചില ഇടിമുഴക്കങ്ങൾ കേൾക്കുന്നു...

ആദ്യ സെമസ്റ്ററിൽ ക്ലാസും ക്ലാസിലെ സുഹൃത്തുക്കളും മാത്രമായി ഒതുങ്ങിക്കൂടിയ എനിക്ക് മുന്നിൽ, ഈ കലാലയം മനോഹരമായ ഒരു സൗഹൃദവലയം തീർത്ത് തന്നു. NR -റിലെ ക്ലാസ് മുറിയിൽ മാത്രമായി ഒതുങ്ങിക്കൂടാൻ എനിക്ക് കഴിഞ്ഞില്ല. അവിടെ നിന്ന് എന്റെ കണ്ണുകൾ വിശാലമായ അങ്കണത്തിലേക്കിറങ്ങി. മഴ പെയ്ത് നനഞ്ഞ മണ്ണിലൂടെ ഞാൻ മുന്നോട്ട് നടന്നു. എല്ലാ അർത്ഥത്തിലും ഒരു പുതുലോകത്തേക്കിറങ്ങിച്ചെന്ന ഞാൻ കണ്ടത് ഇടിമുഴങ്ങുന്ന മുദ്രാവാക്യത്തിന്റെ പ്രകമ്പനങ്ങൾ, വിപ്ലവം പെയ്തിറങ്ങിയ വെളുപ്പം ചുവപ്പും നിറങ്ങൾ... എനിക്ക് മുന്നേ കടന്നുപോയ എന്റെ പൂർവ്വികർ ഉഴുതുമറിച്ച മണ്ണിനെ കൗതുകത്തോടെ ഞാൻ നോക്കിനിന്നു...

ആർക്കും ആരേയും പ്രണയിക്കാം എങ്കിലും മനസ്സിന്റെ എല്ല ഭാവനകളേയും ചേർത്ത് വച്ച് ഒരാളെ മാത്രമേ പ്രണയിക്കാൻ സാധിക്കൂ... അല്ലേ? പിന്നീട് യു.സി യിലെ വലിയ ഭാഗവും തിരക്കുകളോടെ ഓടി നടന്നു ഞാൻ എന്റെ പ്രണയം മാത്രം എവിടയോ വച്ച് മറന്നുപോയിരുന്നു. കലാലയ ജീവിതത്തിൽ മറക്കാനാകാത്ത ഒരു പ്രണയമുണ്ടാവുക എന്നത് സുഖമുള്ള ഒരു അനുഭൂതിയാണ്. ഞാനും അതിനുവേണ്ടി പലതവണ ശ്രമിച്ചു. സി.സി യിലേയും BBC -യിലേയും പച്ചപ്പുകൾക്കിടയിൽ തിളക്കമുള്ള പല കണ്ണുകളും ഞാൻ കണ്ടതാണ്. പല ബ്ലോക്കുകൾ മാറി മാറി കയറി ഇറങ്ങിയതും, BCA -യിലേക്ക് നോക്കി കൂകിവിളിച്ചതും. Skinner -ലേക്ക് നോക്കി നടന്ന് ചെരുപ്പ് തേഞ്ഞതും മിച്ചം. 3 വർഷം ഒരു യൂസീയനായി ജീവിച്ചിട്ടും പ്രണയിക്കാതെ മടങ്ങുന്ന അപൂർവ്വം ചിലരിലൊരാളായ് ഞാനും മാറുകയാണോ...? പ്രണയിക്കാനുള്ള എന്റെ ആഗ്രഹത്തെ ഉള്ളിലൊതുക്കി, ഞാനാ രണാങ്കണത്തിലേക്ക് നടന്നിറങ്ങി...

പ്രണയത്തേക്കാൾ വീര്യം വിപ്ലവത്തിനുണ്ടെന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻ വെള്ളക്കൊടിയിലെ നക്ഷത്രത്തെ നെഞ്ചോട് ചേർത്തു. NR -റിന്റെ പടവുകളിലൂടെ, യു.പി യുടെ ഇടനാഴികളിലൂടെ മുദ്രാവാക്യം വിളിച്ച് ആവേശത്തോടെ നടന്ന ദിനങ്ങൾ... യൂസിയിൽ ഒരു ചുവന്ന പുലരി സാധ്യമാക്കാൻ നടത്തിയ കഠിനപ്രയത്നങ്ങൾ...

യു.സി യിലെ ഏറ്റവും മികച്ച ഡിപ്പാർട്ട്മെന്റുകളിൽ ഒന്നായ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമാകാൻ കഴിഞ്ഞത് ഏറ്റവും വലിയ അഭിമാനമാണ്. പിതൃസ്ഥാനീയനായ TV -സാർ. വെറും രണ്ട് വരിയിൽ ഞങ്ങൾക്കാ ബന്ധം ഒതുക്കാനാവില്ല! വേറിട്ട അധ്യാപന ശൈലിയിലൂടെ വിദ്യാർത്ഥികളെ ചിന്തിപ്പിച്ച് കൊണ്ട് ക്ലാസുകൾ കൈകാര്യം ചെയ്യുന്ന RV -സാർ, അമ്മയെപോലെ സ്നേഹിച്ച EP -മിസ്സ്, സൗഹൃദത്തിന്റെ ആഴം മനസ്സിലാക്കിത്തന്ന സുനിൽ സാർ, ചേച്ചിമാരെപ്പോലെ ഇടപെടുന്ന ലിജി മിസ്സ്, നിനോ മിസ്സ്, ചിരിച്ച് കൊണ്ട് ക്ലാസെടുക്കുന്ന സുനി മിസ്സ് രാജലക്ഷ്മി മിസ്സ്... ഇടയ്ക്ക് തനി പട്ടാളച്ചിട്ടയെടുത്ത്

ഇന്ത്യൻ അതിർത്തിയിലെ അവസ്ഥ ക്ലാസിൽ സൃഷ്ടിക്കുന്ന ഞങ്ങളുടെ I.f.I ഗീതിക. മിസ്സ്. എന്നിങ്ങനെ എന്റെ ഡിപ്പാർട്ട്മെന്റ് വിശേഷങ്ങൾ ഈ ചെറിയ വാക്കുകളിൽ ഒതുക്കാൻ എനിക്കാവില്ല. എന്റെ ഹൃദയത്താളുകളിൽ ഞാനത് എപ്പോഴേ രേഖപ്പെടുത്തിക്കഴിഞ്ഞു...

ഡിപ്പാർട്ട്മെന്റ് ഡേയുമായി ബന്ധപ്പെട്ട് ഷൂട്ടിങ് പോയിന്റിലെ നൃത്ത പരിശീലനവും. അതു കഴിഞ്ഞ് റബ്ബർ മരങ്ങൾക്കിടയിലൂടെ നടന്ന് വരുമ്പോൾ ഹോളണ്ടിലേക്കുള്ള എത്തിനോട്ടങ്ങളും... പിന്നെ സയൻസ് ബ്ലോക്കുകൾക്ക് മുന്നിലൂടെ പരസ്പരം കളിയാക്കി, ചിരിച്ച് ഒച്ചവച്ചുള്ള മടക്കയാത്രയുമെല്ലാം ഇന്നും മനസ്സിൽ തെളിഞ്ഞ് നിൽക്കുന്നു!!!

യു.സി യിലെ ക്യാമ്പ് ദിനങ്ങൾ എന്റെ ഹൃദയത്തോടടുത്ത് നിൽക്കുന്നവയാണ്. സ്ക്കൂൾ തലം മുതൽ NSS പ്രവർത്തനം ഉണ്ടായിരുന്നതിനാൽ കലാലയ ജീവിതത്തിലും അത് തുടർന്നു... എന്റെ ക്ലാസിൽ നിന്നും ഞാൻ മാത്രമായിരുന്നു NSS -ന്റെ 7 ഡേ ക്യാമ്പിൽ പങ്കെടുത്തത്. അതുകൊണ്ട് തന്നെ തുടക്കത്തിൽ മറ്റ് ക്യാമ്പ് അംഗങ്ങൾ എനിക്ക് അപരിചിതരായിരുന്നു. പക്ഷെ പിന്നീട്, നല്ല രീതിയിൽ ക്യാമ്പിൽ പ്രവർത്തിക്കാനും, മികച്ച ക്യാമ്പ് പ്രവർത്തകൻ എന്ന സ്ഥാനം നേടാനും എനിക്ക് സാധിച്ചു. ക്യാമ്പിൽ നിന്ന് ലഭിച്ച സൗഹൃദങ്ങൾ എന്റെ യൂസിയൻ സൗഹൃദശൃംഖലയെ വീണ്ടും വലുതാക്കി.

പ്രകൃതി സുന്ദരമായ ഏലി ഹിൽസിലെ ക്യാമ്പ് സെന്ററിൽ ലിജി മിസ്സിന്റേയും ജോൺ സാറിന്റേയും കൂടെയുള്ള ക്യാമ്പ് ദിനങ്ങൾ "wow wow wow Emimimo"-എന്ന ആഫ്രിക്കൻ ഗാനം... അതൊക്കെ ഇപ്പോഴും മനസ്സിൽ തെളിഞ്ഞ് നിൽക്കുന്ന ഓർമ്മകളാണ്.

ആഘോഷങ്ങളും ആരവങ്ങളും ഞങ്ങൾക്ക് എന്നും വലിയ ഇഷ്ടമായിരുന്നു. അത് ക്രിസ്തുമസ്സ്, ഓണം, ഹോളി, ഗാദ്രിക എന്നിവ മാത്രമല്ല - യൂസിയിൽ നടക്കുന്ന എല്ലാ ടൂണർമെന്റുകളും ഞങ്ങൾ ആഘോഷമാക്കിയിരുന്നു!! പരീക്ഷ എഴുതാൻ കയറിയതിനേക്കാൾ കൂടുതൽ, ആരുടേയോ കല്യാണത്തിന് ടാഗോറിൽ കയറി ഒരുപാട് തവണ വാരിവലിച്ച് തിന്നിട്ടുണ്ട് ഞങ്ങൾ. അവിടെ ഞങ്ങൾക്ക് ജൂനിയർ-സീനിയർ വ്യത്യാസങ്ങളോ, കൊടിയുടെ നിറഭേദങ്ങളോ ഇല്ല... കൈയ്യിലെ കോഴിക്കാൽ വിടാതെ ഞാൻ ഇറങ്ങി ഓടിയത് ഓർക്കുമ്പോൾ മനസ്സിൽ ചിരി നിറയുന്നു...

2-ാം വർഷം അധികാരികൾ ഞങ്ങളുടെ അവകാശങ്ങൾക്ക് മുറിവേൽപ്പിച്ചപ്പോൾ, ഇലക്ഷൻ പുനസ്ഥാപിക്കാനുള്ള സമരപരമ്പരകളിൽ മുൻനിരയിൽ നിന്ന് പ്രവർത്തിക്കാൻ സാധിച്ചതിന്റെ അഭിമാനം ഞങ്ങൾക്ക് ഇപ്പോഴുമുണ്ട്. PJ -യിലും NR -റിലും MB -യിലുമൊക്കെ ക്യാമ്പയിനുകളുമായി കയറി ഇറങ്ങിയ ദിനങ്ങൾ. ആ സമയത്ത് കോളേജിലെ സമരങ്ങൾക്ക് നേതൃത്വം നൽകി ഞങ്ങളെ നയിച്ചവരുടെ വാക്കുകൾ മനസ്സിൽ തീ നാളമായി പടർന്നുകയറി. മുഷ്ടി ചുരുട്ടിയ കൈകളും ഉയരുന്ന മുദ്രാവാക്യം വിളികളുമായ ഞാൻ എല്ലാ അർത്ഥത്തിലും ഒരു സഖാവായി മാറുകയായിരുന്നു.

എത്രയൊക്കെ തല്ലിക്കെടുത്താൻ ശ്രമിച്ചിട്ടും വഴങ്ങാത്ത ഞങ്ങടെ ആവേശവും പോരാട്ടവീര്യവും ഉറച്ചതായിരുന്നു.

ക്രൂരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വന്നപ്പോഴും തളരാതെ പിടിച്ച് നിന്ന് ജനാധിപത്യ രീതിയിലുള്ള ഇലക്ഷൻ എന്ന അവകാശം ഞങ്ങൾ തിരിച്ച് പിടിച്ചു. പ്രവർത്തകനായി മാത്രം നിലനിൽക്കാനാഗ്രഹിച്ച എന്റെ മുന്നിലേക്ക് ഒട്ടും പ്രതീക്ഷിക്കാതെയാണ് വിദ്യാർത്ഥി പ്രതിനിധിയാവാനുള്ള അവസരം വന്നെത്തുന്നത്. അതോർക്കുമ്പോൾ ഇപ്പോഴും നെഞ്ചിടിപ്പ് കൂടുന്നു... ചൂട് പിടിച്ച ഇലക്ഷൻ പ്രവർത്തനങ്ങൾ, ക്യാമ്പയിനുകൾ... രാജൻ ചേട്ടന്റെ പരിപ്പ് വടയും കട്ടൻ ചായയുമായി ക്യാന്റീന്റെ ഒരു മൂലയിൽ ഒത്തുകൂടുമ്പോൾ, ഞങ്ങളുടെ പിരിമുറുക്കം കുറയ്ക്കുന്നത് പ്രദീപേട്ടന്റെയും, പ്രശാന്തേട്ടന്റെയും, സുനിച്ചേട്ടന്റെയും കുശലാന്വേഷണങ്ങളായിരുന്നു. അതു കഴിഞ്ഞ്, തളർന്ന്, മാനം നോക്കി ആ പുൽത്തകിടിയിൽ കിടക്കുമ്പോൾ കിട്ടുന്ന സുഖം... സന്ധ്യ രാത്രിക്ക് വഴി മാറുമ്പോൾ, സ്ക്കിനറിനടുത്തുള്ള ഗേറ്റ് കടന്ന്, സെമിനാരിപ്പടി റോഡിലൂടെ നാളത്തെ പ്രവർത്തനങ്ങളെപ്പറ്റി മാത്രം ചിന്തിച്ച് വീട്ടിലേക്കുള്ള മടക്കയാത്ര...

2012 ഒക്ടോബർ 12.... എന്റെ ജീവിതം തന്നെ മാറ്റിമറിച്ച ദിനം... വിദ്യാർത്ഥി പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട എന്റെ ഉത്തരവാദിത്വങ്ങൾക്ക് ചിറക് മുളയ്ക്കുകയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു.

"സർഗ്ഗാത്മകതയിലേക്ക് മടക്കയാത്ര" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച്, ക്ലാസിൽ പോലും കയറാൻ കഴിയാതെ ഓടിനടന്ന ദിനങ്ങൾ... കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെയായിരുന്നു യാത്ര... ചുറ്റും എതിർപ്പുകളും പ്രതിഷേധങ്ങളും... എല്ലാത്തിനേയും അതിജീവിച്ച് മികച്ച പ്രവർത്തനം കാഴ്ചവച്ച ഒരു കലാലയ യൂണിയന്റെ തലപ്പത്തിരിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യം എനിക്കുണ്ട്.

തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികൾക്ക് കോളേജ് അനുവദിച്ചുതരുന്ന ഒരു കൊച്ച് മുറി. 100 കൂട്ടം കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഞങ്ങളുടെ സ്വന്തം "യൂണിയൻ ഓഫീസ്". തർക്കങ്ങൾക്കും, വാദമുഖങ്ങൾക്കും സ്ഥിരം വേദിയായിരുന്നു അത്. ജനറൽ സെക്രട്ടറി, ആർട്സ് ക്ലബ് സെക്രട്ടറി, മാഗസിൻ എഡിറ്റർ എന്നിവരുമായി മാത്രമല്ല, യൂണിയൻ ad-visor -സുമായി പോലും പലതവണ അവിടെവച്ച് തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അതു പറഞ്ഞ് ഞങ്ങളിപ്പോൾ ഒരുപാട് ചിരിക്കാറുമുണ്ട്...

കോളേജിൽ നടന്ന സംഘർഷങ്ങളിൽ എനിക്ക് മറക്കാനാവാത്തത് അവസാനനാളുകളിൽ സി.സി യിൽ വച്ച് ഉണ്ടായതാണ്. എന്റെ ഒരു സുഹൃത്തിനെ ഒരു ഡിപ്പാർട്ട്മെന്റിലെ മുഴുവൻ ആൺകുട്ടികളും ചേർന്ന് തടഞ്ഞ് വച്ചതറിഞ്ഞ്



ചോദ്യം ചെയ്യാൻ ചെന്ന എന്റെ മുണ്ടിന്റെ തുമ്പ് അതിലൊരു മിടുക്കൻ കൈക്കലാക്കി!!! അന്ന് മാനം പോവാതെ അവിടെ നിന്ന് രക്ഷപ്പെട്ടതെങ്ങിനെയാണെന്ന് എനിക്കേ അറിയൂ... ഒരു സംഘർഷ സ്ഥലത്തേക്ക് മുണ്ടുടുത്ത് ചെല്ലരുത് എന്ന വലിയ പാഠം ഞാൻ അന്ന് പഠിച്ചു. ഇത്തരം സംഘർഷ മുഹൂർത്തങ്ങളിൽ ഞങ്ങളെ ശാന്തരാക്കി പറഞ്ഞയക്കുന്ന യു.സി യുടെ കാവൽക്കാരൻ ഷൈജു ച്ചേട്ടനെയും ഈ അവസരത്തിൽ ഓർമ്മിക്കുന്നു...

യു.സി യുടെ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിച്ച്കൊണ്ട് പ്രതികരിക്കേണ്ട, പ്രതിഷേധിക്കേണ്ട സാഹചര്യങ്ങളിൽ കൃത്യമായി പ്രവർത്തിച്ച 3 വർഷങ്ങൾ... ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത അവസാന 6 മാസങ്ങൾ...

എന്റെ യു.സി...,,,

നീ എന്നെ നിന്നിലേക്ക് ഒരുപാടടുപ്പിച്ചു. ഈ മഹാഗണി വൃക്ഷങ്ങൾക്കിടയിൽ വേരുറച്ചതിനുശേഷം, ഇവിടെ നിന്ന് പിഴുതുമാറ്റുമ്പോൾ അനുഭവിക്കുന്ന വേദന പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.

പ്രണയം പൂക്കുന്ന സി.സി യും, മനം മയക്കുന്ന സൗന്ദര്യമുള്ള ബിബിസി യും, വിശാലമായ എഫ്.സി യും, മഞ്ചാടി വീഴുന്ന ഹോക്കി കോർട്ടും, തല ഉയർത്തി നിൽക്കുന്ന ചാപ്പലും, രുചിയുടെ ഈറ്റില്ലമായ ക്യാന്റീനും, ഉറങ്ങാനായി മാത്രം കയറിയിട്ടുള്ള ലൈബ്രറിയും, ക്ലാസ് കട്ട് ചെയ്ത് കൂട്ടുകാരോടൊത്ത് സൊറ പറഞ്ഞിരിക്കുന്ന മണൽക്കൂനയും, തീരുമാനങ്ങൾ എടുക്കാൻ ഒത്തുകൂടുന്ന മിത്രപുരവും, പേരറിയാപൂമരങ്ങളും, വാകമരങ്ങളും, ഈ മഹാഗണിത്തണലും വിട്ട്പോകാൻ ആർക്കാണ് മനസ്സു വരിക...???

യു.സി എന്നിൽ വരുത്തിയ മാറ്റങ്ങൾ, നൽകിയ ആശയങ്ങൾ... ഇതൊക്കെ എന്നും നിലനിൽക്കുന്നതാണ്. എന്റെ ജീവിതത്തിലെ വസന്തകാലം... അതിവിടെ പൂർണ്ണമാവുകയാണ്. ഞാൻ ആഘോഷമാക്കിയ എന്റെ സൗഹൃദങ്ങൾ, കോളേജ് യൂണിയൻ ഇലക്ഷൻ, മീറ്റ് ദ ക്യാന്റിഡേറ്റ്, തെരുവിൽ തന്നെ നടത്തേണ്ടി വന്ന ഞങ്ങളുടെ തെരുവുനാടകം, യൂണിയൻ ഉദ്ഘാടനം, ആർട്സ് ഡേ, വിശപ്പിന്റെ വിളി അറിഞ്ഞ, മുണ്ട് മുറുക്കി ഉടുത്ത് കോട്ടയത്തെ വഴിവക്കിലും കടത്തിണ്ണയിലും കൊതുക് കടികൊണ്ട് കിടന്നുറങ്ങിയ എം.ജി. യൂണിവേഴ്സിറ്റി കലോത്സവം, കവിത പൂത്തിറങ്ങിയ കവിതാ മരം. ഫിലിം ഫെസ്റ്റിവൽ, പുസ്തകോത്സവം, കോളേജ് ഡേ... എല്ലാം എല്ലാം എനിക്ക് അന്യമായിക്കഴിഞ്ഞു.. കാലം മനസ്സിൽ കുറിച്ചിട്ട കുറേ നല്ല ഓർമ്മകളുമായി ഇപ്പോൾ ഇവിടെ വച്ച് ഞാൻ തിരികേ നടക്കുകയാണ്... മുമ്പ് പറഞ്ഞ ഒരു വാചകം തിരുത്തിക്കൊണ്ട്...

യു.സി യിൽ നിന്ന് പ്രണയിക്കാത്തവനായല്ല ഞാൻ തിരിച്ചിറങ്ങുന്നത്... "ഞാനും പ്രണയിച്ചിരുന്നു" എന്നു ഞാൻ ഇപ്പോൾ തിരിച്ചറിയുന്നു.... അടങ്ങാത്ത അഭിനിവേശത്തോടെ ആവേശത്തോടെ ഞാനീ കലാലയത്തെ എന്റെ പ്രസ്ഥാനത്തെ പ്രണയിക്കുന്നു. പ്രണയം ആർക്കോ വേണ്ടിയുള്ള ഒരു ബാക്കിവയ്ക്കലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, ആദ്യമായി ഈ കലാലയത്തിന്റെ പടവുകൾ കയറിയ അതേ മനസ്സോടെ ഞാൻ തിരിച്ചിറങ്ങുകയാണ്. അന്ന് ഒറ്റയ്ക്കായിരുന്നെങ്കിൽ, ഇന്നെനിക്ക് കൂട്ടിന് ഒരുപാട് നല്ല നിമിഷങ്ങളുണ്ട്... അതിന്റെ ഓർമ്മകളുണ്ട്...

എഴുതണമെന്നാഗ്രഹിച്ച പല പേരുകളും എഴുതിച്ചേർക്കാൻ സാധിച്ചിട്ടില്ല... "നിങ്ങളെ ആരേയും മറന്നിട്ടല്ല. നിങ്ങൾ നൽകിയ ഓർമ്മകൾ, അതെന്റെ സ്വകാര്യസ്വത്തായി ഹൃദയത്തിൽ സൂക്ഷിക്കാനാണ് എനിക്കിഷ്ടം..."

ഈ മടക്കയാത്രയിൽ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത് അരുൺ ചേട്ടന്റെ വരികളാണ്... ഞങ്ങളെല്ലാവരും ഒരുമിച്ച്, കൈകോർത്ത് നിന്ന് പാടിയ, യുസിയൻ വിദ്യാർത്ഥികൾ നെഞ്ചേറ്റ് വാങ്ങിയ ആ വരികൾ...

"നിങ്ങള്, നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ...
നിങ്ങള്, നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ...
ഒരമ്മപെറ്റതുപോലെ... എല്ലാരും അങ്ങിനെ തന്ന്യാ...
മരിക്കുംന്നുള്ളത് നേരാ... മരിക്കുംന്നുള്ളത് നേരാ...
ആരുടെകൂടെ നിൽക്കും, നിങ്ങൾ ആരുടെ കൂടെ നിൽക്കും...???

ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത ഒരുപാട് ഓർമ്മകളും, മുഹൂർത്തങ്ങളും നീ എനിക്ക് സമ്മാനിച്ചു... എന്റെ ഉള്ളിലെ നന്മ തിന്മകളെ തിരിച്ചറിയാനും... നന്മയെ വളർത്താനും നീ എന്നെ പഠിപ്പിച്ചു... നീ തന്നത് നീ തിരിച്ചെടുക്കുകയല്ല... മറിച്ച് നീ എന്നെ ഞാൻ ആക്കുകയായിരുന്നു എന്ന സത്യം ഇന്നു ഞാൻ മനസ്സിലാക്കുന്നു...

അക്ഷരങ്ങളിൽ ഒതുക്കാനാകാത്ത ഒരുപാട് ഒരുപാട് ഓർമ്മകളുമായി ഞാൻ എന്റെ വാക്കുകൾക്ക് അടിവരയിടുന്നു...



# The Unending Show

**Deepa Elizabath John**
*II BA English*

Day has already taken her room,
I am still on the bed
Kindling tight inside the blanket.
I could not bear anymore
Loud knock on the door
Rays which pierced to my eyes
Made me remember something
Another show has begun.
Me, in an endower to make awesome
Each day's show without rehearsal and rewinding.
Took a sip from the coffee cup
Which was smiling beside me?
Sometime our life too,
Like the tasteless coffee I enjoyed,
Longing for the un-dissolved sugar at the bottom
I walked into the day, to go on with the show
Which may end when I kiss the death?
Or may last, with the unchanging memories.

# PRINCIPAL'S REPORT

*(Presented during the College Day Celebrations - 3, April 2013)*

Dear friends,

It is with a heart full of gratitude to God and to the College Community that I present before you the highlights of the activities of the College during the year 2012-2013.

## THE OLD STUDENTS ASSOCIATION AND THE ALUMNI REUNION DAY

The College's greatest asset is her *alumni* dispersed all over the globe. The traditional Old Students Day was celebrated on 10.11.2012. Dr. K. C. John (*Power Vision*) delivered the sermon during the Morning Worship. Dr. John V. George IPS (Rtd.) was the Chief Guest during the public function which followed the Morning Worship. The **July Meet** of Old Students, primarily aimed at alumni in the Middle East and N. America, was held on 14.7.2012, in association with the re-union of 1983-1986 batch of BA/BSc students (Madhurasmriti).

## INTERNATIONAL LINKAGES

An 8-member delegation from UCCAANA visited the College in December 2012. They visited our library, the C.P. Andrews Stadium and participated in the UCCAANA Endowment Scholarship distribution ceremony. Sixteen post-graduate students and two faculty members of Religion/Theology/Divinity from Bellarmine University, USA visited the College in January 2013. They were on a trip to learn about religious pluralism and ecumenism as practiced in various countries, and they were very much pleased to know about the heritage of our College and its practices with regard to the above matters. As per the MoU signed between our College and the International Christian University, Tokyo, 3 Japanese students will be arriving on campus in July or August, of this year.

## INTERNAL QUALITY ASSURANCE CELL (IQAC)

The IQAC plays a vital role in defining and overseeing the wholesome development of the College. A half-day Seminar on March 7, 2013 led by Dr. Simon George (Management Expert) was conducted for the faculty. A workshop for the faculty led by experts from IIM, Calicut, is planned for May 2013.

## RELEASE OF VIGNETTES OF UCC/"ORMAKOOTTU"

*The Navathi* commemorative volume comprising of the reminiscences of generations of *alumni* over the 91 year history of the College, was released on July 8, 2012, the 92nd birthday of the College.

# HIGHLIGHTS FROM DEPARTMENTS

### DEPARTMENT OF ENGLISH

- Mr. Cheri Jacob K. (Asst. Professor), and Dr. Aju K. N. (Asst. Professor, Malayalam) won the Kerala State Film Award for the Best Article on Cinema (*"Nirangalude soundarya raashtrivangal"*).
- A UGC-sponsored National Seminar on *Translation Studies: Texts in Context"* was conducted (September 14-17, 2012).
- A workshop, *"Beckett: Back to Back"*, was organized by the Department in association with the Media Club and Ford Pathways Cell of the College (December 19, 2012).

### DEPARTMENT OF MALAYALAM

- A one-day workshop, *"M.A. Malayalam paadya padhathikoru parisheelanam paripadi"*, for the teachers of M.A. Malayalam in the various colleges of the Mahatma Gandhi University was conducted (September 15, 2012).
- A Cultural Meet and giving away of V.T. Bhatathiripadu Prize, and a remembrance meeting of Prof. Sukumar Azhikodu were held (February 6, 2013).
- A three-day National Seminar, sponsored by Vidwan P.G. Nair Trust, on *"Samakaalika Malayla Kavitha: Puthumayum Palamayum"*, was conducted (February 6 – 8, 2013).
- The compendium of essays, *"Vamseeya Padanam: vicharavum veekshanauvum"*, published by the Department, and three books written by Dr. Sibu M. Eapen, and one book by Dr. Muse Mary George, were released (February 8, 2013).
- *Me and my Computer* program was initiated with the assistance of the Computer Science Department to enable every student of the Department to be proficient in computer skills (inaugurated on February 15, 2013).
- Remembrance meeting of Prof. Paaleli Narayanan Namboodiri was held (March 2, 2013).
- *Vyazhavattom saamskaarika kootayma* of the students of M.A. Malayalam on every Thursday from 3:30 p.m. to 4:30 p.m. was intitiated.

### DEPARTMENT OF HINDI

- Hindi Day was celebrated through recitation and elocution competitions (September 14, 2012).

### DEPARTMENT OF ECONOMICS

- Mr. Sunil Abraham Thomas (Asst. Professor) participated in the Study Visit (topic: Health and Environment) sponsored by the United Board for Christian Higher Education in Asia (UBCHEA) at Silliman University, Philippines (October 2012).

### DEPARTMENT OF HISTORY

- Dr. Sebastian Joseph (Asst. Professor) was elected the Joint Secretary of South Indian Association of Indo American Studies Network, Kerala Chapter.
- Dr. Jenee Peter (Asst. Professor) served as Subject Expert for the selection of Asst. Professors in Archeology at the Mahatma Gandhi University.

Board for Christian Higher Education in Asia (UBCHEA) at Silliman University, Philippines (October 2012).

## DEPARTMENT OF PHYSICS

- Dr. Anila E.I. (Assoc. Professor) won the best oral presentation award in the National Conference on Advanced Material Sciences, held in U.C. College, Aluva (August 16-17, 2013).
- Dr. Rachel Reena Philip (Asst. Professor) is pursuing research at Hope College, Michigan, USA, as a United Board Fellow.
- New Research lab was inaugurated (March 3, 2013).
- Two seminars were conducted by the Department for the students and teachers of the College.
- An Inter Collegiate Seminar competition was conducted (December 14, 2012).
- Thirteen students won campus placement from South Indian Bank, and Wipro-Wase program.
- Five students qualified in the UGC NET/JRF.
- Four students were selected for the INSPIRE scholarship of DST.

## DEPARTMENT OF CHEMISTRY

- *Prof. Anantharaman Memorial and Dr. A.M. Chacko Endowment lectures were conducted (February 15, 2013).*
- *Two students were selected for the INSPIRE scholarship of DST.*
- *Six students qualified in the CSIR NET.*
- *An Inter Collegiate and Inter School quiz competition was conducted (January 5, 2013).*
- *Dr. Mary Kurian took charge as HOD on June 1, 2012 in the wake of Dr. Jyothi Mariam John's voluntary retirement.*

*The Career Oriented Program, Material Science is continuing in the Department.*

## DEPARTMENT OF BOTANY

- *Dr. M. Anil Kumar (Asst. Professor) was a resource person in 5 Seminars/Workshops organized by the Government/AICTE/other Colleges.*
- *One international publication by Mr. Pratheesh P.T. and Dr. Anil Kumar M.*
- The Career-oriented program, *"Industrial Floriculture"* is continuing in the Department.

## DEPARTMENT OF ZOOLOGY

- Conducted an awareness campaign on *"Mosquito-source reduction"* (August 21, 2012)
- Ms. Rima Joseph (Asst. Professor) presented papers in the Asia Regional Workshop on Service Learning: Engagement in Environment Action" (Madras Christian College., August 1-3, 2012), and in the National Seminar, "Recent Trends and Future Prospects of Biodiversity and Conservation" (NSS College, Kollam, March

## DEPARTMENT OF COMPUTER SCIENCE

- Conducted a 15-day NET coaching program (May 2012).
- Conducted a 12-day coaching program for candidates preparing for HSST examination in Computer Science (September, 2012).
- Five seminars were conducted by the Department for the students and teachers of the College.

## BIOTECHNOLOGY DIVISION

- Dr. Archana Yadav (Lecturer)'s paper, *"Evaluation of sub-acute toxicity of Aluminum on different parameters of wheat and gram"* has been published as a chapter in: "Environment Management and Biodiversity Conservation (Proceedings)"

## BIOINFORMATICS PROGRAM

- Ms. Ansia Azeez presented a paper *"Humage – Data Base on Ageing"* in a National Seminar held in M.E.S. College, Marampilly.
- Ms. Arya K.R. (first Rank holder of 2012) won STECK Scholarship for PhD program.

## DEPARTMENT OF PHYSICAL EDUCATION

- Unni P.R and Vishnu represented Kerala State for 20-20 cricket Association and secured second place in the 8th National super Eleven Cricket championship held at Uthrakand (June 25-29, 2012).
- Harikrishnan, Josemon.P.P and Ithisham Quarashi represented Kerala State and won third place in the Senior South-Zone Netball Championship held at Trichy (July 12-15, 2012).
- Arun.C.D represented Kerala State and Secured second place in the 9th Senior South Zone National Softball championship held at Pondicherry (July 13-15, 2012).
- Aleena. V, Saranya.S, Bijina,Shylaja Babu.E, Reshma.M and Reshma.K.V represented Kerala state for junior national hockey championship held at Bhopal (September 28 to October 3, 2012).
- Bijina.V represented Kerala State in the Women National Hockey championship (November 2012).
- The Mahatma Gandhi University team (which consists of 13 players of our college) won the 3rd place in the South Zone Inter University Women Hockey championship held at UC College Aluva (November 26-29,2012).
- Vineetha George and Revathy Retheesh (III BSc Zoology) represented Kerala State and won first place in the 9th Senior South Zone National Softball championship held at Pondicherry (July 13-15, 2012), and also in the Federation cup National championship held at Bangalore (December 7-9, 2012).
- Binu Susan Paul secured silver medal and Didy mol Martin, the Bronze medal in the senior state Judo championship held at FISAT (December 15-16, 2012).
- Our teams have won prizes in Water Polo, Judo and Cricket also at the Intercollegiate level.

## HOSTEL LIFE

*There are 213 women students residing in 5 Ladies Hostel and 40 men students in* Chacko Hostel. The renovated and expanded East Hostel is waiting for the inspection by the UGC team to be formally opened to the students. Regular Bible Studies, and the participation of the hostellers in the Worship Services continue as before.

## SPIRITUAL LIFE IN THE COLLEGE

The traditional spiritual activities such as the Morning Worship, the Sunday Evening Worship, retreats for the SCF and College community, and Bible Studies in the Hostels continue. It is hoped and prayed that through these activities the spiritual dimension of our lives may be strengthened and uplifted. The efforts of our Chaplain Rev. Dr. Malhia Joshua to give a shot in the arm to the spiritual activities need to be shared and supported more by the faculty and the students.

## CENTRE FOR THE STUDY OF RELIGION AND SOCIETY (CSRS)

Three Seminars were conducted under the auspices of CSRS during the period of this report. These were:

- Fundamentalism and the construction of common humanity: An ethical evaluation (August 18,2012)
- The Life and Vision of St. Francis of Assissi (October 28, 2012)
- The Relevance of Bhagavat Gita in today's life (March 3, 2013)

## NEW MEMBERS TO THE INTER CHURCH FELLOWSHIP(ICF)

An induction service for admitting 13 permanent faculty members belonging to the cooperating churches to the ICF was held on March 21, 2013. The present strength of the ICF is 35.

## ONGOING RESEARCH PROJECTS AND THE SOURCE OF FUNDING

**(A) *Furding from Department of Science and Technology, Government of India/ State Government (Kerala State Council for Science, Technology and Environment)***

- Dr. E.I. Anila: *"Preparation and characterization of nanophosphors for display and biomedical applications" (DST Major Project)*
- Dr. Rachal Reena Philip: *"Thin film preparation and valence band splitting studies of I, III, VI compounds and solar cell device fabrication"*
- Dr. Anilkumar. M: *"In vitro anti-inflammatory studies on the leaf extracts of Litsea quinqueflora (Dennst) Suresh*

**(B) *Funding from the University Grants Commission***

- Dr.E.S. Jeevanand: *'"Estimation of time to test transform for classical pareto distribution in some real data situation"*
- Prathish abraham:- *"An analysis of effectiveness of student support systems in individual performances using fuzzy relations".*
- Dr.Sibu M. Eapen: *"Cultural changes in Kerala and malayalam cinema : study based on selected films"*
- Eldo Varghese: *"Some problems in graph theory with special reference to fuzzy intersection graphs".*
- Dr.SoniaCchacko: *"The making of the new woman: a psycho-social analysis of the impact of women'smagazines in Kerala"*
- Dr.Rachel Reena Philip: *"Band gap engineering of nanostructured lead sulphilde thin films by doping and fabrication of solar cell devices".*
- Suma Mary Skariah: *"The role of the media defining the changing faces of womanhood in Kerala "*
- Alwin Alexander: *"A dialogic study of the selected works of Sarah Joseph and the inherent praxis of a critical theology of liberation"*
- Dr. Neelima Ranjith: *"Enhancing assertiveness in high school students of rural areas"*
- Dr. Markose V.P.: *"Male representation in Malayalam feminist plays: a cultural study"*
- Dr. A. Benny Cherian: *"Synthesis of toughened unsaturated polyester resin"*
- Dr. K.P. Unnikrisnan: *"Development of particulate filled epoxy resin"*
- Dr. P.V. Sreenivasan: *" Preparation of super tough thermoplastic from polystyrene and powdered nitrile rubber"*

## NEW MANAGER

Dr. Raju K. John, former Principal of the College, assumed charge as the Manager of the College on April 1,2013, when Dr. A.M. Chacko stepped down from the office after completion of his tenure. The College wishes Dr. Raju K. John all the very best in his new office as the Manager of the College.

## PRINCIPAL DESIGNATE

Dr. A. Benny Cherian, Associate Professor of Chemistry and the Bursar, is selected as the next Principal, when the present Principal retires at the end of the month. The College extends all the very best to Dr. A. Benny Cherian as he assumes the office of the Principal.

## CONCLUSION

We can be proud of the fact that the College has fared well in the areas of academics, sports, research, and in various cultural and international initiatives. As we move towards the Centenary land mark, let us re-dedicate ourselves to strive for excellence in all fronts for our College, so as to continue as a leader in Higher Education in our country.

Thank You.

3, April 2013

**Dr. T. Thomas Philip**
*PRINCIPAL*



# NCC ACTIVITIES DURING THE ACADEMIC YEAR 2012-2013

NCC has shown outstanding performance during this academic year.

**Appointments:**

*SUO. Subin D Babu*

*JUO. Jeevan Paul*

*CSM. Gokul Janardanan*

*CQMS. Midhun Sasi*

This year U.C.cadets had participated in 8 National camps. We are proud that our *CSM Gokul Janardanan* had attended *REPUBLIC DAY CAMP (RDC)* Delhi, on 2013, he represented K&L directeries as the Best Cadet. Total 107 cadets from K&L took part in this camp. Achievements are:

- Fourth in P M rally
- Best group dance
- Central cultural section
- Best theme for bala
- Rashtrapathy Bhavan visit
- Cultural program in Navy Chief house.

*SUO. Subin D Babu* was attended services selection board (SSB) intreview and he is waiting for the result. On november 2012 *SUO. Subin D Babu* and *CSM. Gokul Janardan* were attended Pre RDC-I(2013) at Military Station, Pangod(TVM) and *SUO. Subin D Babu* was the senior of the Ernakulam group. *JUO. Jeevan Paul* and *CQMS. Midhun Sasi* attended the TSC-IGC(2013) which was conducted at Grasim Mavoor, Kozhikode on July-August 2012. *JUO. Jeevan Paul* was the Ernakulam group senior. On April 2012 *SUO. Subin D Babu* was selected SNIC at Kavaratti, Lakshadweep in which total 20 cadets from K&L participated. *JUO. Jeevan Paul* attended SNIC DG NCC camp at Parade Ground, Delhi Cantt on November 2012 where total 16 cadets from K&L participated. Sgt. Irfan Habeeb attended the NIC NCC Group at Bellary, Karnataka on January 2013 where total 16 cadets from K&L participated. On June 2012 *CSM. Gokul Janardan* attended IMA Attachement at IMA, Dehradun, Uttarakhand in which total 5 cadets from K&L participated. On May 2012 three cadets took part in Army Attachment at Military Station, Pangod(TVM). In this camp *SUO. Subin D Babu* was the second camp senior and he demonstrated the section battle drill demo as section commander in presence of DDG. *SUO. Subin D Babu* attended Trekking at St.Thomas HSS, Malayatoor on December 2011 and he was in the guards team and gave gaurd of honor to DDG. On December 2012 four cadets attended Trekking at St.Thomas HSS, Mallayatoor. *SUO. Subin D Babu* was the camp senior. This camp was one of the greatest tragic camp ever in the history of NCC, where five cadets were dead.

U.C.Cadets had came accross numerous college activities which enriched their confidence and participations. We participated in tree plantation, blood donation and many other activities in the college. On 2012 Independence Day, 33 cadets attended the parade and *CQMS. Midhun Sasi* did the pilotting for the principal. Twenty cadets volunteered in IND vs ENG ODI cricket on 15'th January 2013. On 2013 Republic day the guest was principle of U.C College, 31 cadets participated in the parade. *SUO. Subin D Babu* was the Parade commander, *JUO. Jeevan Paul* was the Contigent Commander, *CQMS. Midhun Sasi* was selected as first BC, *CDT. Sreejith P.S* was selected as second BC, *Sgt. Haridas Naik* was selected as Best Turnout and *Sgt. Shibin Shaji* Varghees was the Dhaine Darshak. Twelve Cadets attended the C-certificate Examination.

Three cadets attended TSC-IBC (2013) Mini Camp at U.C College, Aluva. *JUO. Jeevan Paul* and *CQMS. Midhun Sasi* demonstrated Obstacle training in presence of GC. Ten cadets attended CATC Mini Camp at U.C College, Aluva which was conducted on January 2013.

In this academic year cadets performed their best and actively participated in all events and were dedicated in their duty and did their level best.



# SPORTS

## NATIONALS

But striving for excellence is not a one-time effort. It is the enquiring and committed minds with a mission to focus that can produce excellence. I quote APJ Abdul Kalam who said, "Of all resources, ignited minds of the youth are the most powerful resource on the Earth, above the Earth and under the Earth." Excellence is never an accident. It is always the result of high intention, sincere effort, and intelligent execution; it represents the wise choice of many alternatives – choice, not chance, determines one's destiny. All of you chose to be part of this great institution, and as you leave the benign shade of your almamater, remember that you were among the most privileged in this country. You had teachers who inspired you to gain knowledge beyond the textbooks and discover new thinking. At UC, we never equated education with 'filling of a vessel' but with the 'kindling of a flame'. Iam confident that the education imparted here would produce skilled professionals who would enhance the intellectual capital of the nation as well as pave the way for their own self advancement. Gandhi once said, "Be the change that you wish to see in this world." Lead the world, be the change and make your almamater proud of you.

Education in general leads to more productivity, more earning and more material well-being. This is true at an individual level as well as at the collective level. But do remember that while technical expertise may make a materially rich society, it may not necessarily be the most pleasant society to live in. A healthy society needs a moral compass and values such as honesty, compassion and humility that have been with us for centuries. Education should not be looked upon merely as an instrument for amassing wealth; it should be valued because it enables a society to live better - materially and morally besides quenching the thirst for knowledge. Let me conclude with what Nehru said at the first ever Convocation address in Independent India, "A university stands for humanism, for tolerance, for reason, for progress, for the adventure of ideas and for the search for truth.... But if the temples of learning become a home of narrow bigotry and petty objectives, how then will the nation prosper or people grow in stature?"



# ആലുവ ദേശാഭിവർദ്ധിനി സർവ്വീസ് സഹകരണ ബാങ്ക്

Estd. 1925

ക്ലിപ്തം നമ്പർ 946, ആലുവ – 683 101

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്
- 7% പലിശ നിരക്കിൽ കാർഷിക വായ്പ
- 5 ലക്ഷം രൂപ സലയുള്ള എംഡിഎസ് പദ്ധതികൾ
- ഡിമാന്റ് ഡ്രാഫ്റ്റ് കുറഞ്ഞ കമ്മീഷൻ നിരക്കിൽ
- വാഹനങ്ങൾ ഇൻഷൂർ ചെയ്യുന്നതിനുള്ള സൗകര്യം
- വായ്പകൾക്ക് കുറഞ്ഞ പലിശ നിരക്ക്
- വിവിധ ഇനം വായ്പാ പദ്ധതികൾ
- 10 ലക്ഷം രൂപ ഓവർ ഡ്രാഫ്റ്റ്
- സേഫ് ഡിപ്പോസിറ്റ് സൗകര്യം
- RTGS / NEFT സൗകര്യം

സ്വർണ്ണപണയ വായ്പ 5 ലക്ഷം രൂപ വരെ

ഭവന നിർമ്മാണ വായ്പ 5 ലക്ഷം രൂപ വരെ

വസ്തു വാങ്ങുന്നതിനും, വിവാഹ ആവശ്യത്തിനും വായ്പ

പി.എം. സഹീർ
പ്രസിഡന്റ്

എം.എൻ. ദാസപ്പൻ
സെക്രട്ടറി

Head Office : 2640350, Main Branch : 2626285, Thottakkattukara Branch : 2606073, Town Branch : 2624878
Fax : 0484 - 2627630
Email : adscbanic@yahoo.com

# കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 2165

കിഴക്കേ കടുങ്ങല്ലൂർ, ആലുവ–2, ഫോൺ : 0484–2606378, 2606379

web : www.kadungalloorscb.com | email : kscbltd2165@yahoo.com

സേവനരംഗത്ത് 72 കൊല്ലം പിന്നിട്ട ഒരു ക്ലാസ് 1 സൂപ്പർ ഗ്രേഡ് സഹകരണ സ്ഥാപനം

**ശാഖകൾ**

കുറ്റിക്കാട്ടുകര, ഫോൺ : 0484–2545024

ഉളിയന്നൂർ, ഫോൺ : 0484–2623258

എരമം, ഫോൺ : 0484–2606380

| | |
|---|---|
| അംഗങ്ങൾ | : 22500 |
| ഓഹരി മൂലധനം | : 2.54 കോടി |
| നിക്ഷേപം | : 127 കോടി |
| വായ്പകൾ | : 104 കോടി |
| പ്രവർത്തന മൂലധനം | : 131 കോടി |
| ഓഡിറ്റ് ക്ലാസിഫിക്കേഷൻ | : എ |

15000 രൂപ വരെ പലിശ രഹിത വിദ്യാഭ്യാസ വായ്പ, 50000 രൂപ വരെ വ്യക്തിഗത വായ്പ, സേഫ് ലോക്കർ, കുടുംബശ്രീ അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ പലിശ കുറഞ്ഞ വായ്പ, നന്മ സ്റ്റോർ, എ.ടി.എം, ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്.

H.O. പ്രവർത്തന സമയം : രാവിലെ 7.00 മുതൽ വൈകിട്ട് 7.00 വരെ

സാംസ്കാരിക രംഗത്ത് സാഹിത്യ പോഷിണി വായനശാല

അഡ്വ. മനോജ് വാസു
പ്രസിഡന്റ്

ശ്രീ. സന്തോഷ് കുമാർ എൻ.
സെക്രട്ടറി

അയാൾ രണ്ടു കാപ്പി വാങ്ങിച്ച് ഒന്ന് അവൾക്കു നൽകി. അവൾ അത് നുണഞ്ഞുകൊണ്ട് പുറത്തെ കാഴ്ചകളിൽ മുഴുകി. ചെറിയ ചാറ്റൽ മഴ പൊടിഞ്ഞു. നനഞ്ഞ കാലാവസ്ഥ സ്റ്റേഷനെ ഒന്നാകെ തണുപ്പിച്ചു. അവൾ കാപ്പി നുകർന്ന് ശരീരത്തിന് ചൂടേകി ഭക്ഷണപ്പൊതികൾ കൊത്തിവലിക്കാൻ കലപില കൂട്ടുന്ന കാക്കകളെ അവൾ സശ്രദ്ധം വീക്ഷിച്ചു. അവയുടെ കോലാഹലങ്ങൾക്കിടയിലൂടെ മറ്റെന്തിലോ അവളുടെ കാഴ്ച ഉടക്കി. കാപ്പിയുടെ ലഹരിയിൽ നിന്നും മുക്തയായി, കൗതുകത്തോടെ അവൾ അത് നോക്കിനിന്നു. ചിതറിക്കിടക്കുന്ന കാലിയായ ചായക്കപ്പുകൾ ശേഖരിക്കുന്ന കൊച്ചുകുട്ടിയിലാണ് അവളുടെ ശ്രദ്ധ പതിഞ്ഞത്. കാഴ്ചയിൽ ഏഴെട്ട് വയസ്സ് പ്രായം തോന്നിക്കും. പൊളിപുരണ്ട വസ്ത്രങ്ങളാണ് അവൻ ധരിച്ചിരുന്നത്. തലമുടി ചെമ്പിച്ച് ജടപിടിച്ചിരുന്നു. വളരെ കരുതലോടെ അവ പെറുക്കിക്കൂട്ടുന്നതനിടയിൽ തന്നെ ശല്യപ്പെടുത്താനെത്തിയ ഒരു നായയെ അവൻ വിരട്ടിയോടിച്ചു. താൻ ശേഖരിച്ച കപ്പുകളിൽ നിന്നും അവശേഷിച്ച രണ്ടോ മൂന്നോ തുള്ളി ചായ കാലിയായ ഒരു കപ്പിലേക്കവൻ പകർത്തി. ഒഴിഞ്ഞ ടീ ബാഗുകളിൽ നിന്നും അവസാന തുള്ളിയും ആ കപ്പിലേക്ക് പിഴിഞ്ഞെടുത്തു. അവന്റെ പ്രവൃത്തികൾ പിടികിട്ടാതെ അവൾ അവനെത്തന്നെ നോക്കിനിന്നു. എന്നാൽ അവൻ കരുതലോടെ തന്റെ ശ്രമം തുടർന്നു. പൊടുന്നനെ ട്രെയിനിന്റെ ഹോൺ ശബ്ദം ഉയർന്നു. എഞ്ചിനിൽ നിന്നും പുറന്തള്ളപ്പെട്ട പുകച്ചുരുളുകൾ അന്തരീക്ഷത്തെ കറുപ്പിച്ചു അവൾ ഉത്കണ്ഠയോടെ അവനെത്തന്നെ തുറിച്ചുനോക്കി ഒരു കപ്പിന്റെ പകുതിയോളം ചായ ശേഖരിക്കുവാൻ അവനു കഴിഞ്ഞു. ട്രെയിൻ സാവധാനം ചലിച്ചുതുടങ്ങി. കാഴ്ച വിട്ടു മാറാതിരിക്കാൻ അവൾ ജനാലയോട് മുഖമമർത്തി എത്തിവലിഞ്ഞു നോക്കി. നിരത്തിയിട്ട കാലികപ്പുകൾക്കും ചണ്ടിയായി ടീ ബാഗുകൾക്കും മധ്യേ നിറഞ്ഞ സംതൃപ്തിയോടെ, താൻ ശേഖരിച്ച ചായ ആർത്തിയോടെ അവൻ കുടിച്ചിറക്കി. അവളുടെ കണ്ഠമിടറി, കണ്ണുകലങ്ങി, സഹതാപത്തിന്റെ കണങ്ങൾ അവളുടെ ചുണ്ടുകളെ വിറയണിയിച്ചു അവൾ കണ്ണടച്ചു.

അയ്യോ....

അറിയാതെ അവൾ ഒച്ചയെടുത്തു. ഒറ്റവലിക്ക് ചായകുടിച്ചുതീർത്ത അവൻ ആ ശബ്ദം കേട്ട് തിരിഞ്ഞു നോക്കി. അവൻ തന്റെ വലതുകൈകൊണ്ട് ചുണ്ടിൽ നിന്നും ഊർന്നിറങ്ങിയ ചായ തുടച്ചു നീക്കി. ട്രെയിൻ വേഗതിൽ ചലിച്ചു. തന്റെ ദൃഷ്ടിയിൽനിന്നു മായുന്നതുവരെ അവൾ അവനെ നോക്കിയിരുന്നു. ട്രെയിൻ പ്ലാറ്റ്ഫോമും പിന്നിട്ട് കഴിഞ്ഞിരുന്നു. അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി. തന്റെ കയ്യിലിരുന്ന കാപ്പി കുടിക്കുവാൻ സാധിക്കാതെ അവളത് ജനൽപ്പടിയിൽ വച്ചു. ചെറിയ ചാറ്റൽ മഴ ചൂടേറിയ കാപ്പിയെ തണുപ്പിച്ചുകൊണ്ടിരുന്നു.

A/c

# Ladies & Kids Orange Beauty Saloon

## Ladies Tailoring
## Designing
## Churidar Materials

**Readymade Cotton Churidar Top**

Tel : 0484-6512344
9645 77 3311



## Our Special Treatments

1. Hair falt & Anti Dandruff Treatment
2. Hair Protean Treatment
3. Hair Spa
4. Face Firming (Skin Tightening)
5. Anti Ageing Treatment
6. Anti Pigmentation
7. Aone Treatment (Pimple Treatment)
8. Skin Whitening Treatment
9. Incles eye Treatment
10. Tummy Trimming (Reduction)

1. Hair Straightening
2. Hair Smoothing
3. Rebounding
4. Bouncing
5. Hair Refeshing
6. Hair Colouring (Loreal Paris)
7. Style Hair Cut

Working Hours 9.30 am to 6.30 pm

Sunday Open 9.30 am to 3.00 pm

2nd Floor

1. International Facials
2. Body Polishing
3. Bridal Make-up (Crylon)
4. Pasing Make-up
5. Bridal Package

## HYGIENIC BEAUTY SALOON & TAILORING CENTRE

വിദേശ രാജ്യങ്ങളിലെ ഫേഷ്യൽ രീതികൾ ✦ വിദഗ്ദ്ധരായ ബ്യൂട്ടീഷ്യന്മാർ
✦ ലോകോത്തര ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ
✦ അത്യാധുനിക ബ്യൂട്ടികെയർ ഉപകരണങ്ങൾ

Kaja Complex, Near SBI Bank, R.S Road, Aluva - 1

# അർത്ഥാന്തരങ്ങൾ

ശ്രീകാന്ത് വേണു
മൂന്നാംവർഷ ഇംഗ്ലീഷ് ബിരുദം



ഉച്ചത്തിൽ കൂകിവിളിച്ചുകൊണ്ട് രണ്ടാംനമ്പർ പ്ലാറ്റ്ഫോമിലേക്ക് തീവണ്ടി ഇഴഞ്ഞിഴഞ്ഞ് വന്നു നിന്നു. ട്രെയിൻ കാത്തുനിന്ന യാത്രക്കാർ തിക്കും തിരക്കും കൂട്ടി. പ്ലാറ്റ്ഫോം മുഴുവൻ ജനനിബിഢ മായി. റെയിൽവേ അറിയിപ്പുകൾ ഉച്ചത്തിൽ കേട്ടു കൊണ്ടേയിരുന്നു. ചായ വിൽപ്പനക്കാർ, ഭക്ഷണ പ്പൊതി വിൽപനക്കാർ, പത്രക്കാർ തുടങ്ങി ട്രെയി നിന്റെ വരവും കാത്തുനിന്ന മറ്റൊരു കൂട്ടർ തങ്ങളു ടേതായ ജോലികളിൽ തകൃതിയായി മുഴുകി... പ്രഭാ തകാലങ്ങൾ പൊതുവേ കച്ചവടം കൊഴുക്കുന്ന വേള യാണ്. തിരക്കേറിയ തീവണ്ടിയുടെ വശങ്ങളിലൂടെ അവർ തങ്ങളുടെ സാധനങ്ങൾ വിറ്റുപോകുവാൻ വേണ്ടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് നടന്നു. നേരം പുലർന്ന വേളയിൽ പുതിദിനത്തിലെ ആദ്യ ജോലി കാത്തുനിന്ന കൂലികൾ പണക്കാരും, ആഢ്യ ന്മാരും എന്ന് തോന്നിക്കുന്നവരുടെ പിന്നാലെ പാഞ്ഞു. റെയിൽവേ പാളങ്ങളിൽ വീണ ഭക്ഷണ പ്പൊതികളിൽ നിന്നും എച്ചിലുകൾ കൊത്തിപ്പെറു ക്കാൻ കാക്കകൾ പരസ്പരം കലപിലകൂടി. അവ യോടൊപ്പം ഒരുപറ്റം പ്രാവുകളും തിനക്കുരുവികളും ചേർന്നു. ശുനകന്മാർ തങ്ങൾക്കാവശ്യമുള്ളതെന്തെ ങ്കിലും കിട്ടുമോ എന്നറിയാൻ പ്ലാറ്റ്ഫോമിലും പരി സരത്തും മണംപിടിച്ചു നടന്നു നേരം പുലർന്ന വേള യിൽ സ്റ്റേഷൻ ശബ്ദമുഖരിതമായി.

ദീർഘദൂരയാത്ര നടത്തുന്ന തീവണ്ടികൾ പൊതുവേ വിശാഖപട്ടണം റെയിൽവേ സ്റ്റേഷനിൽ എത്തി വിശ്രമിക്കുക പതിവാണ്. പാഴ്സലുകൾ കയ റ്റുക, ടാങ്കിൽ വെള്ളമടിക്കുക, ട്രെയിനിന്റെ എൻജിൻ കണ്ടീഷൻ നോക്കുക, തുടങ്ങിയ ജോലികൾ പൂർത്തീ കരിച്ചശേഷം മാത്രമേ വണ്ടി എടുക്കാറുള്ളൂ. സഹി

വയ്യാതെയുള്ള വിശപ്പുമായി തെണ്ടിനടന്നിരുന്ന ശ്വാനകന്മാർ ഒടുവിൽ തങ്ങൾക്ക് ഭക്ഷണമായി കണ്ടെത്തിയത് സ്റ്റേഷനിൽ അലഞ്ഞു നടന്നിരുന്ന ഒരു പന്നിക്കുട്ടിയെയായിരുന്നു. അവർ സംഘം ചേർന്ന് അതിനെ ആക്രമിച്ച് കീഴ്പ്പെടുത്തുകയും ഒടുവിൽ ഭക്ഷണമാക്കുകയും ചെയ്തു. നിർത്തിയിട്ടിരുന്ന തീവണ്ടിയിൽ നിന്നും കാലിയായ പേപ്പർ ഗ്ലാസുകൾ, കുപ്പികൾ, ഭക്ഷണപ്പൊതികൾ തുടങ്ങി ധാരാളം പാഴ്വസ്തുക്കൾ പാളങ്ങളിലേയ്ക്ക് തള്ളപ്പെട്ടുകൊണ്ടിരുന്നു. അരക്കിലോമീറ്ററോളം നീണ്ടു നിവർന്നു കിടക്കുന്ന റെയിൽ പാളങ്ങളും സ്റ്റേഷനും വൃത്തിയാക്കാൻ തൂപ്പുക്കാരനു നന്നേ പണിപ്പെടേണ്ടി വന്നു.

ഇടതടവില്ലാതെ ജനം സ്റ്റേഷൻ മുഴുവൻ ഒഴുകിക്കൊണ്ടിരുന്നു. തിങ്ങിക്കൂടിയ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റിക്കൊണ്ട് ഒരു കയ്യിൽ തന്റെ ഹാൻഡ് ബാഗും മറുകയ്യിൽ ഭാരിച്ച ഒരു പെട്ടിയുമായി ചെറുപ്പക്കാരിയായ ഒരു പെൺകുട്ടി ഓവർ ബ്രിഡ്ജിന്റെ പടികൾ ചവിട്ടി രണ്ടാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് ഇറങ്ങിവന്നു. അവൾക്കു പിന്നാലെ സമപ്രായക്കാരനെന്നു തോന്നിക്കുന്ന ഒരു ചെറുപ്പക്കാരനുമുണ്ടായിരുന്നു. അവർ ഇരുവരും റിസർവേഷൻ ബോഗികൾ പരിശോധിച്ചുകൊണ്ട് ട്രെയിനിന്റെ മുൻവശം ലക്ഷ്യമാക്കി നടന്നു. ചെറുപ്പക്കാരൻ അവളുടെ പെട്ടിവാങ്ങി കയ്യിൽ പിടിച്ചു. അവൾ ഇടതടവില്ലാതെ ശബ്ദിച്ചുകൊണ്ടിരുന്ന തന്റെ മൊബൈൽ ഫോൺ പുറത്തെടുത്ത് ചെവിയോട് ചേർത്തു.

"അമ്മ, ട്രെയിൻ വിട്ടിട്ടില്ല. ഞങ്ങൾ ഇപ്പോൾ എത്തിയതേയുള്ളു. എസ് ഫോറാണ് മുമ്പിലാന്നൊന്നാ പറഞ്ഞേ. ഞാൻ കയറിയിട്ടു വിളിക്കാം."

അവൾ തന്റെ ഫോൺ തിരികെ ബാഗിൽ വെച്ചു.

"ഇതാ എസ് ഫോർ..."

ചെറുപ്പക്കാരൻ അവളോട് പറഞ്ഞു. ഇരുവരും ട്രെയിനിലേക്ക് കയറി അവർ തങ്ങളുടെ സീറ്റ് നമ്പറുകൾ തപ്പി മുമ്പിലേക്ക് നടന്നു.

"അനു. ഹിയറീസ് ഇറ്റ്."

ചെറുപ്പക്കാരൻ സൈഡ്സീറ്റ് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. അവൾ തന്റെ ടിക്കറ്റ് പുറത്തെടുത്ത് പരിശോധിച്ചു.

"ട്വന്റി സിക്സ് ട്വന്റി സെവൻ... യാ ഇറ്റ് ഈസ്."

തുടർന്ന് അവൾ അവിടിരുന്ന യാത്രക്കാരോടായി പറഞ്ഞു:

"സർ ദീസ് ആർ റിസേർവ്ഡ് സീറ്റ്സ്."

അവൾ പറഞ്ഞു മുഴുമിപ്പിക്കുന്നതിനുമുമ്പ് അവർ എഴുന്നേറ്റു.

"താങ്ക്സ്."

ഇരുവരും അവരുടെ ബാഗുകൾ സീറ്റിനടിയിലേക്ക് ഒതുക്കാൻ തുടങ്ങി. പൊടുന്നനെ അവളുടെ ഫോൺ വീണ്ടും ശബ്ദിച്ചു. അവളതു പുറത്തെടുത്ത് അല്പം ദേഷ്യത്തോടെ പറഞ്ഞു.

"ഓ... അമ്മ, എത്ര പ്രാവശ്യം പറയണം. ഇങ്ങനെ അടിക്കടി ഫോൺ വിളിക്കേണ്ട. ഞങ്ങൾ കേറി സീറ്റും കിട്ടി... ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ ഞാൻ അമ്മയെ വിളിച്ചോളാം."

അവൾ ഫോൺ ധൃതിയിൽ ബാഗിൽ തിരുകി ബാഗുയർത്തി മുകളിൽ വയ്ക്കുന്നതിനിടയിൽ അയാൾ അവളോട് തിരക്കി.

"എനി പ്രോബ്ലം.?"

"എയ്, നത്തിങ്.

ഓ... അമ്മ അങ്ങനെയാ... വിളിച്ചുകൊണ്ടേയിരിക്കും."

"ഫോർ വാട്ട്"

"ഷീ ഈസ് വെരി കൺസർവേറ്റീവ്. ആൾവെയ്സ് ആൻക്ഷിയസ് എബൗട്ട് മീ."

സാധനങ്ങൾ ഒതുക്കി, ഇരുവരും സൈഡ് സീറ്റ് നിവർത്തി ഒന്നാക്കി അതിൽ ഇരുപ്പ് ഉറപ്പിച്ചു. തുടർന്ന് അനു അവളുടെ ബാഗിൽനിന്നും ഒരു പാക്കറ്റ് ബിസ്കറ്റ് പുറത്തെടുത്ത് പൊട്ടിച്ചു.

"ഡു യു വാണ്ട് ബിസ്ക്കറ്റ്സ്?"

"നോ താങ്ക്സ്"

"എനിക്കും വേണ്ട. ഇനി ഇത് കൈയിലിരുന്നാൽ ചീത്തയാകും."

അവൾ അത് ജനാലയിൽകൂടി പുറത്തേയ്ക്ക് വലിച്ചെറിഞ്ഞു. ഒരു പറ്റം കാക്കൾ അതിനു ചുറ്റും വട്ടം കൂടി ഏതാനും നിമിഷങ്ങൾക്കുള്ളിൽ ട്രെയിൻ പുറപ്പെടും എന്ന അറിയിപ്പുവന്നു.

"വുഡ് യു ലൈക്ക് റ്റു ഹാവ് എ കോഫി?"

അവൻ തിരക്കി

"ഷുവർ..."

അവൾ ജനാലയുടെ ഷട്ടർ ഉയർത്തി ലോക്ക് ചെയ്തു. തുടർന്ന് സ്റ്റേഷനിലെ വിവിധ കാഴ്ചകളിലേയ്ക്ക് അവളുടെ കണ്ണു പതിഞ്ഞു.

"ടൂ കോഫി"

മുഖത്തേക്കടിച്ചുകൊണ്ട് സ്രാങ്ക് ചോദിച്ചു.

"ഇതെത്ര നേരായീന്നാ സ്രാങ്കേ വിചാരം? നേരത്തിനും കാലത്തിനും കെട്ട്യോമ്മാര് വീട്ടീക്കേറീല്ലെങ്കിലങ്ങല്ലാ പെമ്പറന്നോത്തിമാര് അവരേം നോക്കി എറങ്ങും."

തന്റെ മുഖത്തേക്ക് കത്തിനിന്ന ടോർച്ച് തട്ടിമാറ്റിക്കൊണ്ട് മേരിയമ്മായി പറഞ്ഞു.

"ഓ... വീട്ടീച്ചെന്നട്ട് മതിയെടീ നിന്റെ ഉപദേശം. ആ സണ്ണി വിളിച്ചേർന്നാ?" നടക്കാനെന്ന ഭാവത്തിൽ മേരിയമ്മായിയുടെ കൈക്ക് പിടിച്ചുകൊണ്ട് സ്രാങ്ക് ചോദിച്ചു.

"ഇല്ല സ്രാങ്കേ. ഓ... പിന്നെ ആ റിസോർട്ട് കാര് പറഞ്ഞട്ട് ബ്രോക്കർ വിളിച്ചാർന്ന്... സ്രാങ്കിനെ അത്യാവശ്യായിട്ട് കാണണംന്ന് പറഞ്ഞ്"

"അതെന്ത് പണ്ടാരാടീ ബ്രോക്കർ കുഞ്ഞപ്പന് എന്നെക്കൊണ്ട് കാര്യം?" കണ്ണുമിഴിച്ചുകൊണ്ട് സ്രാങ്ക് ചോദിച്ചു.

"ആഹാ, ഇത് നല്ല കാര്യം. നിങ്ങ കുഞ്ഞപ്പനോട് ചോദിക്ക്. നാളെ കാലത്ത് വരാന്ന് പറഞ്ഞട്ടുണ്ട്." മേരിയമ്മായി പറഞ്ഞു.

ഒന്നു ദീർഘമായി നിശ്വസിച്ചുകൊണ്ട്, ടോർച്ചിന്റെ വെട്ടം മുന്നിലേയ്ക്ക് തലങ്ങും വിലങ്ങും പായിച്ച് സ്രാങ്കും മേരിയമ്മായിയും തെങ്ങുകൾ നിരനിരയായി നിന്നിരുന്ന കടലോരത്തുകൂടെ നടന്ന് മറഞ്ഞു.

സ്രാങ്കിനും മേരിയമ്മായിക്കും ആകെയുള്ള സന്താനമാണ് സണ്ണി. നല്ല പഠിപ്പുണ്ട്. പഠിപ്പിനൊത്ത ജോലി കിട്ടിയപ്പോൾ സണ്ണി വിദേശത്തു പോയി. ഇപ്പോൾ സ്വീഡനിലാണ്. സണ്ണിയെ വിദേശത്തയയ്ക്കാൻ സ്രാങ്കിന് ഒട്ടും താൽപ്പര്യമുണ്ടായിരുന്നില്ല. എങ്കിലും സണ്ണിയുടെ ഇഷ്ടത്തിന് സ്രാങ്ക് സമ്മതം മൂളി.



കടല് ചാകാരമണത്തിട്ട് കുറേ നാളായി. പണിയില്ലാത്തതുകാരണം വള്ളക്കാരെല്ലാം വലയുടെ കേടുപോക്കുന്ന ജോലിയിലാണ്. രാത്രിയുടെ നിശബ്ദതയിൽ കടൽക്കാറ്റ് വീശി നടന്നു. രാത്രി മാഞ്ഞുതുടങ്ങി.

പുലരി തെളിഞ്ഞു. പല വീടുകളിലും വെള്ളകീറിയതറിയാതെ ലൈറ്റുകൾ മിന്നിത്തിളങ്ങുന്നുണ്ട്.

"സ്രാങ്കേ... ചിന്നപ്പൻ സ്രാങ്കേ..." സ്രാങ്കിനെ ത്തേടി കാലത്തെ തന്നെ ആവശ്യക്കാരെത്തി.

"ആരാടാ രാവിലെ തന്നെ...? എന്ത്യേടാ...?" സ്രാങ്ക് ഉമ്മറവാതിൽ തുറന്നുകൊണ്ട് ചോദിച്ചു.

"ഞാനാ കുഞ്ഞപ്പൻ. ഇന്നലെ വന്നേർന്നു." മടക്കികുത്തിയ മുണ്ട് അഴിച്ചിട്ടുകൊണ്ട് കുഞ്ഞപ്പൻ പറഞ്ഞു.

"ഹാ നീയാർന്നാ... കേറിവാ. വയസ്സാംകാലത്ത് പിന്നേം എന്നക്കൊണ്ട് പെണ്ണ് കെട്ടിക്കാൻ വല്ല പ്ലാനു ണ്ടാടാ?

സരസമായി ചിരിച്ചുകൊണ്ട് സ്രാങ്ക് ചോദിച്ചു.

"നിങ്ങ ഒന്ന് പോന്നേ... ഞാനാ ബ്രോക്കര് പണിയെക്ക കളഞ്ഞ്. അതൊന്നുംകൊണ്ട് ജീവിക്കാ മ്പറ്റണില്ലന്ന്... അതല്ല, നമ്മട തൊറേലെ പെണ്ണ്ങ്ങക്ക് എന്തോരം മോഹങ്ങളാ. ചെക്കൻ അങ്ങനെ ഇരി ക്കണം ഇങ്ങനെ ഇരിക്കണം... ഹൊ... ഓർക്കുമ്പ തന്നെ പ്രാന്ത് പിടിക്കും."

"ആ നീ വന്നകാര്യമ്പറ"

സ്രാങ്ക് ഗൗരവത്തോടെ പറഞ്ഞു. ഇരുന്നിരുന്ന കസേര സ്രാങ്കിന്റെ അടുത്തേക്ക് അടുപ്പിച്ചിട്ടുകൊണ്ട് കുഞ്ഞപ്പൻ പറഞ്ഞുതുടങ്ങി.

"സ്രാങ്കേ, ഇത് വികസനത്തിന്റെ കാലോണ്. റിസോർട്ട്കാര് നമ്മടനാട്ടില് വന്നക്കാര്യം നിങ്ങ അറി ഞ്ഞല്ലാ. അവർക്കാണെങ്കി നമ്മട കടപ്പൊറോം സലോം ഇഷ്ടമായിട്ടണ്ട്. നമ്മട തെക്കേലേം വട ക്കേലേം വീട്ട്കാരടക്കം എല്ലാ ചെത്തിക്കാരും വീടൊ ഴിയാന്ന് പറഞ്ഞട്ടുണ്ട്."

"കുഞ്ഞപ്പാ, നീയെന്തൂട്ടാ പറയണേ? കട പ്പൊറം വിട്ട് പോണംന്നാ?"

"അതെ സ്രാങ്കേ. സെന്റിന് ഒരുലക്ഷം വരെ തരാന്ന് അവര് ഏറ്റട്ട്ണ്ട്. ഇത് കേട്ടപ്പത്തന്ന നമ്മട ജോർജ്ജൂട്ടീം ടീമും കരാറിലൊപ്പിട്ട്. പൊറകേ എല്ലാരും പോയി."

"എന്റെ പുണ്യാളാ... ഇത്ങ്ങക്ക് വട്ട് പിടിച്ചാടാ കുഞ്ഞപ്പാ?

നിനക്ക് ഒന്ന് പറഞ്ഞ് ബോധിപ്പിക്കാമ്പാടി ല്ലാർന്നാ?" സ്രാങ്ക് അമ്പരപ്പോടെ ചോദിച്ചു.

"ബോധിപ്പിക്കാനാ? എന്നൂട്ട് ബോധിപ്പിക്കാൻ? ഇതെക്ക നല്ല കാര്യല്ലേ? കൊറെ കാശും കിട്ടും നമ്മട നാടും നന്നാവും. ഇനി കരാറിലാവാൻ, സ്രാങ്കേ നിങ്ങ മാത്രേ ഒള്ളു. തമ്പിച്ചേട്ടനും ഫ്രാൻസീം വരെ ഒപ്പിട്ട് കഴിഞ്ഞ്."

സ്രാങ്ക് തലയിൽ കൈവെച്ചു പോയി.

"എടാ, നീ എന്തൂട്ടാ പറയണെ? സ്രാങ്കിന് കടലാണ് വീട്. ചിന്നപ്പനെ സ്രാങ്കാക്കീത് ഈ കട ലാണ്. ചങ്ക് പറിക്കണമാതിരി സംസാരിക്കല്ലേടാ കുഞ്ഞപ്പാ." സ്രാങ്കിന്റെ വാക്കുകളിൽ വിലാപത്തിന്റെ മണിമുഴക്കമുണ്ടായിരുന്നു.

കുഞ്ഞപ്പൻ വിടാനുള്ള ഭാവമില്ല.

"സ്രാങ്കേ, സ്രാങ്കൊന്ന് മനസ്സിലാക്ക്. അന്നും ഇന്നും നിങ്ങേണ് ഞങ്ങക്ക് സ്രാങ്ക്. നിങ്ങക്ക് ചെത്തിക്കാർടെ ഉള്ളറിയാം. പക്ഷേണ്ടല്ലാ, കടലീന്ന് കിട്ടണ നിധി മാതിരി ഇങ്ങനത്തെ ഒരവസരം കിട്ടുമ്പ നിങ്ങ അതിന് തടസ്സം നിക്കര്ത്. സത്യത്തീ ആരും ഇതിന് എതിർനിക്കണില്ല. സ്രാങ്കിനും ചെത്തി ക്കാർടെ സന്തോഷല്ലേ വല്ത്?"

"ടാ കുഞ്ഞപ്പാ, നീയെന്നെ ഇങ്ങനെ മനോ വെഷമത്തിലാക്കല്ലടാ. നീയിപ്പ പോ, ഞാനൊന്നാ ലോചിക്കട്ടെ."

"ഉവ്വ സ്രാങ്കേ, ഞാമ്പോണ്. പിന്നെ നിങ്ങ ചെത്തിക്കാരെ മറന്ന് ഒന്നും ചെയ്യൂല്ലാന്ന് എനിക്കും ഈ ചെത്തിക്കാർക്കും അറിയാം."

സ്രാങ്കിന്റെ നേർക്ക് അവസാനത്തെ അസ്ത്രവും എയ്തിട്ട് കുഞ്ഞപ്പൻ പടിയിറങ്ങി.

സ്രാങ്കും പടിയിറങ്ങി. എന്നിട്ട് കടപ്പുറത്തേക്ക് നടന്നു. അന്നാദ്യമായി മേരിയമ്മായി സ്രാങ്കിന്റെ മിഴി നനഞ്ഞുകണ്ടു.

സ്രാങ്ക് നടക്കുകയാണ്. ചിന്തകൾ തിരമാല കൾ കണക്കേ മാറി മറയുന്നു. പോകുന്ന വഴിയിൽ വീടിന്റെ ചുമരിൽ ചാരിവെച്ചിരുന്ന പങ്കായവും വലയും ശ്രദ്ധയിൽപെട്ടു. മനസ്സ് വിങ്ങുകയാണ്. മുമ്പെങ്ങും ഇത്തരമൊരനുഭവമുണ്ടായിട്ടില്ല. വല യിൽ കുടുങ്ങിയ മത്സ്യത്തിന്റെ അവസ്ഥ. മത്സ്യബ ന്ധകൻ ബന്ധനസ്ഥനായ അവസ്ഥ. കരയ്ക്കുകയ റ്റിയ വള്ളങ്ങൾ നിരനിരയായി നിൽക്കുന്നു. പത നുരഞ്ഞുപൊങ്ങും പോലെ ചിന്തകൾ സ്രാങ്കിനെ അലട്ടാൻ തുടങ്ങി. വള്ളം... വല... കടൽ... തിരമാല കൾ... എല്ലാം അപ്രത്യക്ഷമാകുന്നു. സ്വപ്നം... സ്വപ്നം... ഭീകര സ്വപ്നം... ഇപ്പോൾ കടലില്ല... വള്ള മില്ല... മത്സ്യമില്ല... മരുഭൂമി... വിജനമായ മരുഭൂമി...

ഇല്ല... അത് സംഭവിച്ചുകൂടാ... നിരനിരയായി നിൽക്കുന്ന വള്ളങ്ങൾ പീരങ്കികളും ഈ തീരദേശം ഒരു കോട്ടയും ആയിരുന്നെങ്കിൽ എന്ന് സ്രാങ്ക് ആശിച്ചു. ആ നിമിഷത്തിലും, സ്രാങ്കിന്റെ മിഴികൾ കരയിൽ വന്നടിക്കുന്ന തിരമാലകളെ തേടുകയായി രുന്നു.

ട്രാൻഷിപ്പ്മെന്റ് ടെർമിനലുകളെ അപേക്ഷിച്ച് പത്തു ദിവസം വരെ കുറഞ്ഞ സമയം കൊണ്ട് കണ്ടെയ്നറുകൾ വിദേശ തുറമുഖങ്ങളിൽ എത്തിക്കാനും ടെർമിനൽ വഴിയൊരുക്കുന്നു.

കേരളത്തിന്റെ ഏറ്റവും വലിയ വികസന പ്രതീക്ഷകളിലൊന്നാണ് കൊച്ചിയിലെ കാക്കനാട് പ്രവർത്തനം പുരോഗമിക്കുന്ന സ്മാർട്ട് സിറ്റി. IT രംഗത്തു രാജ്യാന്തര കമ്പനികളുടെ ബഹുനില സൗധങ്ങൾ സ്മാർട്ട് സിറ്റിയിലുയരുമ്പോൾ ഏകദേശം അമ്പതിനായിരത്തോളം പേർക്ക് പ്രത്യക്ഷമായും അത്രതന്നെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പുതിയൊരു തലത്തിലേക്കുയർത്താൻ പര്യാപ്തമായ ഈ പദ്ധതി നാടിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കും. ഈ വർഷം ജൂലൈ ഒന്നിനു തന്നെ ആദ്യ IT മന്ദിര നിർമ്മാണത്തിനുള്ള മുന്നൊരുക്ക ജോലികൾ ആരംഭിച്ചെന്നു സ്മാർട്ട് സിറ്റി പ്രമോട്ടർമാരായ ടീകോം, ഇൻവെസ്റ്റ്മെന്റ് മാതൃസ്ഥാപനമായ ദുബായ് ഹോൾഡിങ്സ് ചീഫ് ബിസിനസ്സ് ഡവലപ്മെന്റ് ഓഫീസർ അബ്ദുലത്തീഫ് അൽമുല്ല പറഞ്ഞു.

വികസന സ്വപ്നങ്ങൾക്ക് വിലങ്ങു തടിയാകുന്ന മാലിന്യപ്രശ്നം പരിഹരിക്കാനായി നടപ്പിലാക്കിയ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞാൽ നഗരത്തെ കൊന്നുകൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നങ്ങൾക്കൊരു ശാശ്വത പരിഹാരമായിരിക്കും.

ഇങ്ങിനെ വികസന സ്വപ്നങ്ങൾ ചിറക് വിരിയ്ക്കുമ്പോൾ, പ്രതീക്ഷയുടെ കൊടിമുടി കീഴടക്കി മനുഷ്യൻ അഹങ്കരിക്കുമ്പോൾ, യഥാർത്ഥത്തിൽ നാം എങ്ങോട്ടാണ് പോകുന്നത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വേഗത്തിനൊപ്പമെത്താനുള്ള നമ്മുടെ ആവേശകരമായ ഓട്ടത്തിൽ, അതിവേഗം ബഹുദൂരം പിന്നിടാനുള്ള വ്യഗ്രതയിൽ അറിഞ്ഞോ അറിയാതെയോ അവഗണിക്കപ്പെട്ട് പോയത് കാലങ്ങളായി പവിത്രമെന്ന് പരിഗണിക്കപ്പെട്ടിരുന്ന മൂല്യസങ്കല്പങ്ങളാണ്.

കേരളത്തെ മോഡൽ സംസ്ഥാനമെന്ന് വിലയിരുത്തുമ്പോൾ, ഇത് 'മരം കൊണ്ട്, കാട് കാണാതെ പോകുന്ന അവസ്ഥയാണോ' എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതായത്, മോഡൽ സംസ്ഥാനത്ത് വാഴ്ത്തപ്പെടുമ്പോഴും സമകാലീന കേരളത്തിന്റെ യഥാർത്ഥമുഖം മറ്റൊന്നാണ്.

കേരളവികസനം ത്വരിതപ്പെടുത്താനുള്ള ഉത്കണ്ഠയിൽ നാം കണ്ടില്ലെന്നു നടിക്കുന്ന സാധാരണക്കാരന്റെ ദുഃഖത്തിന് ആരാണു പരിഹാരം കാണുക? കുടിയൊഴിപ്പിക്കപ്പെടുന്നവന്റെ, കിടപ്പാടം നഷ്ടപ്പെടുന്നവന്റെ, ഒരുനേരത്തെ അന്നത്തിനു വകയില്ലാതെ തെരുവിൽ അലയുന്നവന്റെ വേദന പലപ്പോഴും കണ്ടിട്ടും, നാം കണ്ടില്ലെന്നു നടിക്കുന്നു.

സഹാറമരുഭൂമിയിൽ മുളച്ച പുൽക്കൊടിയെ സഹതാപത്തോടെ നോക്കി, ദുർവിധിയെ പഴിക്കുന്നവരാണ് നമ്മൾ. ഒരു വശത്ത് നമ്മുടെ കേരളം പുരോഗതിയിലേയ്ക്കും വികസനത്തിലേക്കും കുതിച്ച് മുന്നേറുമ്പോൾ മറുവശത്ത് പ്രതികരണശേഷി നഷ്ടപ്പെട്ട് നോക്കുകുത്തികളായ് മാറുന്ന ജനങ്ങളുള്ള അരാഷ്ട്രീയ സമൂഹമാണ് നമ്മുടെ ഏറ്റവും വലിയ ശാപം.

വിലയിരുത്തലിന്റെ ഈ അവസരത്തിലും നാളത്തെ കേരളത്തെ കുറിച്ചുള്ള സ്വപ്നങ്ങളാണ് നാം പങ്കുവയ്ക്കേണ്ടത്. ആ സ്വപ്ന സാക്ഷാത്കാരത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത് നൂതനാശയങ്ങളും ക്രിയാത്മകമായ കാഴ്ചപ്പാടുകളുമാണ്. അഭിമാനകരമായ പ്രകൃതിസമ്പത്ത്, ആരോഗ്യകരമായ കാലാവസ്ഥ, താരതമ്യേന ഉയർന്ന വിദ്യാഭ്യാസ നിലവാരം ഇവയെല്ലാം ഒത്തു ചേർന്നിട്ടും ഉയരങ്ങളിൽ പറക്കാതെപോയ ഒരു കൊടി പിടിച്ചുകൊണ്ടാണ് കേരളത്തിന്റെ നില. "കേഴുക പ്രിയ നാടേ..." എന്ന ആത്മരോദനത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കൈ കഴുകി മാറി നിൽക്കാൻ ഒരു മലയാളിക്കും സാധിക്കുമെന്ന് തോന്നുന്നില്ല.

വികസന സ്വപ്നങ്ങളിലെ വെല്ലുവിളികളെ ഏറ്റെടുക്കാനും സംസ്ഥാനത്തെ പുരോഗതിയിൽ നിന്നു പുരോഗതിയിലേക്ക് നയിക്കാനും ജീവിതത്തിലെ വൈരുദ്ധ്യ മേഖലകളെയും ഭിന്നതകളേയും അംഗീകരിച്ച് ഏകത്വം നിലനിർത്തിയാൽ മാത്രമേ സാധിക്കൂ... കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ ആശയങ്ങൾക്കും, പൊതുജനക്ഷേമ താല്പര്യങ്ങൾക്കും മറ്റെന്തിനേക്കാളും ഉപരിയായി ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ, മാനവ നന്മയെ ഉയർത്തിപ്പിടിക്കുന്ന വികസനം എന്ന ലക്ഷ്യം നമുക്ക് സാധ്യമാക്കാം.

ഇച്ഛാശക്തിയുള്ള ഭരണകൂടവും, സത്യസന്ധതയും ധാർമ്മികതയും കൈമോശം വന്നിട്ടില്ലാത്ത ഉദ്യോഗസ്ഥരും, പ്രതികരണശേഷിയുള്ള ജനങ്ങളുള്ള സമൂഹവുമായി നമുക്ക് വികസന സ്വപ്നങ്ങളിലേക്ക് ചിറക് വിരിച്ച് പറക്കാം...



# സ്രാങ്ക്

ഫ്രെഡിൻ
ഒന്നാംവർഷ മലയാള ബിരുദം

സൂര്യൻ പടിഞ്ഞാറെത്തി. ഒരു പിൻവാങ്ങലിന്റെ പ്രതീതി സൃഷ്ടിച്ച് ആ കടൽത്തീരവും വാനവും ചുവപ്പിൽ കുതിർന്നു കഴിഞ്ഞു. ചാകരയൊഴിഞ്ഞ കടപ്പുറം. കരയ്ക്കുകയറിയ വള്ളങ്ങൾ കോട്ടമുഖത്തെ പീരങ്കികളെ ഓർമ്മിപ്പിച്ചു.

ചെത്തിക്കടപ്പുറം; ഇത് സ്രാങ്കിന്റെ കടപ്പുറമാണ്. ചിന്നപ്പൻ സ്രാങ്കിന്റെ കടപ്പുറം. തനിക്ക് ഓർമ്മ വെച്ചനാൾ മുതൽ കടൽ തന്നോടൊപ്പമുണ്ടായിരുന്നു എന്നാണ് സ്രാങ്ക് പറയാറ്. ചെത്തിക്കാരും ഇത് സമ്മതിക്കുന്നു. സാങ്കിനിപ്പോൾ വയസ്സേറെയായി. ഈ ചെത്തിയിൽ, കടലമ്മയുടെ മടിത്തട്ടിൽ കഴിഞ്ഞുകൂടാൻ തുടങ്ങിയിട്ട് അമ്പത്താറുകൊല്ലം കഴിഞ്ഞു.

'പതേര്' എന്നാണ് സ്രാങ്കിന്റെ കുടുംബപ്പേര്. 'പതേര് വീട്ടിൽ ചിന്നപ്പൻ സ്രാങ്ക്' - അഭിമാനം കൊള്ളുമ്പോഴൊക്കെ സ്രാങ്ക് കടപ്പുറത്ത് ഒറ്റയ്ക്കു വന്ന് ഉച്ചത്തിൽ ഇങ്ങനെ വിളിക്കുമായിരുന്നു. പതേര് എന്ന് സ്രാങ്കിന്റെ കുടുംബം അറിയപ്പെടുന്നതിനു പിന്നിൽ രസകരമായൊരു കഥയുണ്ട്. സ്രാങ്കിന് ഇറച്ചിയെന്നാൽ ജീവനാണ്. പ്രത്യേകിച്ച് പോത്തിറച്ചി. പോത്തിന്റെ പതിരാണ് സ്രാങ്കിന് പ്രിയം. പതിരിനോടുള്ള പ്രിയം കാരണമാണ് സ്രാങ്കിന് 'പതേര്' എന്ന് പേര് വീണത്. എങ്കിലും, 'പതേര്' എന്ന് സ്രാങ്കിന്റെ മുഖത്തുനോക്കി വിളിച്ചിരുന്നത് കാക്കരി ഫ്രാൻസി, തമ്പിക്കുഞ്ഞും ആയിരുന്നു. ഇവരാണ് സ്രാങ്കിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ. ഈ മൂന്നുപേർക്കും സ്വന്തമായി വള്ളങ്ങളുണ്ട്. സ്രാങ്കിന് 'സമൂഹം' എന്ന പേരിലും ഫ്രാൻസിക്ക് 'വെർജിൻ' എന്ന പേരിലും തമ്പിക്കുഞ്ഞിന് 'രക്ഷകൻ' എന്ന പേരിലും.

"എടാ തൊമ്മീ, നീയാ സ്രാങ്കിനെ കണ്ടോ?"

"ഇല്ല മേരിയമ്മായീ, കൊറച്ച് മുമ്പ് തമ്പിച്ചേട്ടന്റട്ത്ത് കെഴക്കേ തൊട്ടീടെ ഇപ്പറം നിന്ന് വർത്താനം പറയണ കണ്ടേർന്ന്, എന്ത്യേ?"

"ഓ... ഒന്നുല്ലാടാ ചെക്കാ. നേരം എന്തോരായി, എന്നട്ടും കാണാത്തോണ്ട് നോക്കി എറങ്ങ്യതാ. നീ എങ്ങോടാ? ചട്ട മുറുക്കി കുത്തുന്നതിനിടയിൽ മേരിയമ്മായി ചോദിച്ചു.

"ഞാനേ ആ കുട്ടപ്പന്റെ കടേലോട്ടാ. കൊറച്ച് ധൃതീണ്ട്. എന്നാ പോട്ടേട്ടാ..." തൊമ്മി നടന്നു നീങ്ങി.

മേരിയമ്മായി എന്ന മേരിക്കുട്ടിയാണ് സ്രാങ്കിന്റെ ഭാര്യ. സ്രാങ്കിനോടുള്ള ബഹുമാനാർത്ഥമാണ് മേരിക്കുട്ടി മേരിയമ്മായി ആയത്.

"എന്ത്യേടീ മേരിക്കുട്ടി ഈ ഇര്ട്ടത്ത്?"

# വികസനസ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കുമ്പോൾ

**നീനു രാജീവ്**
മൂന്നാംവർഷ ഇംഗ്ലീഷ് ബിരുദം

ഇത് ആധുനിക ജനാധിപത്യയുഗം. ശാസ്ത്രത്തിന്റെ കുതിപ്പുകൾ, സാങ്കേതിക രംഗത്തെ വിസ്ഫോടനങ്ങൾ, മഹാശക്തനായ മനുഷ്യൻ, ആഗോളവൽക്കരണത്തിലൂടെ ത്വരിത പുരോഗതിയുടെ വാചകമേളകൾ...

സമാനതകളില്ലാത്ത അത്യപൂർവ്വങ്ങളായ വികാസങ്ങൾക്കാണ് ഇന്ന് കാലം സാക്ഷിയാകുന്നത്. നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ഉണ്ടെങ്കിൽ അസാധ്യമെന്ന വാക്കിന് പ്രസക്തിയില്ല എന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇരുൾമൂടിയ കേരളത്തിന്റെ ആകാശത്ത് വികസനമെന്ന ഉദയസൂര്യനെ നാം ഇപ്പോൾ തെളിഞ്ഞു കാണുന്നു. എന്താണ് വികസനം? ഒരു സമൂഹത്തിന്റെ എല്ലാ അർത്ഥത്തിലുള്ള വളർച്ചയാണ് വികസനം. ഇത് നാടിനെ സമ്പന്നമാക്കുന്നു, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നു. നോബേൽ സമ്മാനം കരസ്ഥമാക്കിയ അമർത്യാസെന്നും, ലണ്ടൻ സ്ക്കൂൾ ഓഫ് ഇക്കണോമിക്സിലെ ധനശാസ്ത്രജ്ഞനായ ഷാജ് ഡ്രേസും ചേർന്നെഴുതിയ "വിശപ്പും ബഹുജന ഇടപെടലും" എന്ന ഗ്രന്ഥത്തിൽ കേരളത്തെ മോഡൽ സംസ്ഥാനമായാണ് ചിത്രീകരിച്ചിരിക്കുന്നത്. വികസനമേഖലയിൽ കേരളം കാഴ്ചവയ്ക്കുന്ന മുന്നേറ്റം ഈ പ്രസ്താവനയെ അർത്ഥവത്താക്കുന്നതാണ്.



കേരളത്തിൽ സാദ്ധ്യമാകുന്ന വികസനം പരിഗണിക്കുമ്പോൾ, വികസന മുന്നേറ്റങ്ങളുടെ പട്ടികയിൽ മുൻനിരയിൽ നിൽക്കുന്ന ജില്ലയായി എറണാകുളത്തെ രാജ്യം വിലയിരുത്തുന്നു. ലോകോത്തര നിലവാരത്തിലേക്ക് എറണാകുളം യാത്ര ആരംഭിച്ച് കഴിഞ്ഞു. പുതിയ കാലത്തിന്റെ വേഗത്തിനപ്പുറത്തേക്കുള്ള ഈ കുതിച്ചുചാട്ടം നമ്മുടെ വികസന സ്വപ്നങ്ങൾക്ക് ചിറക് നൽകുകയാണ്.

കൊച്ചിയുടെ സ്വപ്ന പദ്ധതിക്ക് ഈ വർഷം ഹരിഭാവമായ തുടക്കംകുറിച്ച് കഴിഞ്ഞു. പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്ത് കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നേറുകയാണ്. മൂന്നു വർഷം കൊണ്ട് നാടിന് അഭിമാനമായി കൊച്ചി മെട്രോ ഓടി

ത്തുടങ്ങുമെന്നാണു പ്രതീക്ഷ. ലോകത്ത് മെട്രോ ട്രെയിനുകൾ ഓടുന്ന നൂറ്റമ്പതോളം നഗരങ്ങളുടെ പട്ടികയിൽ അതോടെ കൊച്ചിയുടെ നാമവും കുറിക്കപ്പെടും.

മെട്രോ കൊച്ചിയുടെ മാത്രം അഭിമാനമല്ല. കേരളത്തിന്റെ മൊത്തത്തിലുള്ളതാണ്. മെട്രോ നമ്മുടെ മണ്ണിൽ യാഥാർത്ഥ്യമാകുന്ന ആ അഭിമാന നിമിഷം നിശ്ചിതസമയത്തു വന്നുചേരാൻ കൊച്ചി മെട്രോ റയിൽ ലിമിറ്റഡിനും (കെഎംആർഎൽ), ഡൽഹി മെട്രോ റയിൽ കോർപ്പറേഷനും (ഡിഎംആർസി) ഒപ്പം ഓരോ മലയാളിയും മനസ്സ് ചേർക്കേണ്ടതുണ്ട്. രണ്ട് നിർമ്മാണ ഏജൻസികൾ മാത്രം വിചാരിച്ചാൽ നടക്കുന്നൊരു അത്ഭുതമല്ല മെട്രോ റയിൽ നിർമ്മാണം. അനുമതികളും പണവും സമയത്തു നൽകി സർക്കാരും നിർമ്മാണവേളയിൽ ഉണ്ടായേക്കാവുന്ന ചെറിയ അസൗകര്യങ്ങൾ സഹിച്ച് കൊച്ചി നഗരവാസികളും ഒപ്പമുണ്ടാകണം. സമയത്തെ വരുതിയിൽ നിർത്തുന്ന മെട്രോമാൻ ഇ. ശ്രീധരന്റെ നിശ്ചയദാർഢ്യത്തിൽ കേരളം പുതിയൊരു അത്ഭുതത്തിനു കാതോർക്കുകയാണ്. നിശ്ചിത സമയത്തിനകം കൊച്ചിയുടെ മുഖഛായ മാറുന്ന അത്ഭുതത്തിന്. നിർമ്മാണം തുടങ്ങാൻ 8 വർഷം കാത്തിരിക്കേണ്ടി വന്നുവെന്നത് ഇനിയൊരു പഴങ്കഥ.

നൂറ്റാണ്ടുകൾക്കു മുമ്പു കപ്പലടുത്തു തുറമുഖ നഗരമായ കൊച്ചിയിൽ റോഡ് ഗതാഗതം കാര്യക്ഷമമായത് അതിനുമെത്രയോ കാലം കഴിഞ്ഞാണ്. കരയും, കടലും കായലും ഇഴപിരിയുള്ള നഗരത്തിനു കര, ജല, വ്യോമ റയിൽ ഗതാഗതത്തിനൊപ്പം കൊച്ചി മെട്രോ പുതിയൊരു മേൽവിലാസം കൂടി കുറിക്കുന്നു.

കൊച്ചി മെട്രോ ഒരു വർഷം സമൂഹത്തിനു നൽകുന്ന ലാഭം 369 കോടി രൂപയാണ്. 30 വർഷം കൊണ്ട് കൊച്ചി മെട്രോ കൊച്ചിക്ക് തിരിച്ചു നൽകുന്നത് 19422 കോടി രൂപ. കൊച്ചി മെട്രോയുടെ ചിലവാകട്ടെ 5181 കോടി മാത്രം. 2005-ൽ മെട്രോ നിർമ്മിക്കുകയായിരുന്നെങ്കിൽ ഈ ചിലവ് 1967 കോടിയായിരുന്നുവെന്നതും പഴയകഥയെന്ന പേരിൽ നമുക്ക് മറക്കാം.

മെട്രോ റയിൽ കൊണ്ട് മാത്രം കൊച്ചിയുടെ മുഴുവൻ ഗതാഗത പ്രശ്നങ്ങൾക്കും പരിഹാരമാവില്ല. ദേശീയപാത 47-ൽ (ഇപ്പോൾ NH 544) ഗതാഗത കുരുക്ക് ഒഴിവാക്കാനുള്ള പദ്ധതികൾ 2 മാസത്തിനുള്ളിൽ ആവിഷ്കരിക്കുമെന്ന സർക്കാർ പ്രഖ്യാപനം കേരളത്തിന് ഏറെ പ്രതീക്ഷ പകരുന്നു. ഈ 4 ജംഗ്ഷനുകളിലെയും ഗതാഗത കുരുക്ക് ദേശീയ പാതയ്ക്കാകെ വിലങ്ങിടുന്നതിനാൽ ഇത് കൊച്ചിയുടെ മാത്രം പ്രശ്നമായി ചുരുക്കികാണാനാവില്ല.

NH അതോറിറ്റി നിർദ്ദേശിച്ചിരിക്കുന്നതുപോലെ 4 ജംഗ്ഷനുകളിൽ വെവ്വേറെ ഫ്ളൈ ഓവർ നിർമ്മിക്കുകയോ അതല്ലെങ്കിൽ കുണ്ടന്നൂർ മുതൽ ഇടപ്പിള്ളി വരെ ഒറ്റ മേൽപ്പാലം (എലിവേറ്റഡ് ഹൈവേ) നിർമ്മിക്കുകയോ ആവാം. നിലവിലുള്ള ദേശീയ പാതയ്ക്ക് പകരമായി അരൂരിൽ നിന്ന് ഇടപ്പള്ളിയിലേക്കു പുതിയൊരു ബൈപാസിനുള്ള സാധ്യതയും പരിഗണിക്കും.

ഇക്കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ഒരു നിമിഷം പോലും അലംഭാവം കാണിക്കാൻ പാടില്ല. കൊച്ചി നഗരത്തിൽ ഒരു ദിവസം വന്നുപോകുന്നവരിൽ 37 ശതമാനവും അയൽ ജില്ലയിൽ നിന്നുള്ളവരാണ്. അതിനാൽ കൊച്ചി നഗരത്തെ രക്ഷിക്കാനുള്ള നടപടിയായി മാത്രം ഇതിനെ കാണാൻ പാടില്ല. കൊച്ചിനഗരം നിശ്ചലമാകാതിരിക്കേണ്ടതു സംസ്ഥാനത്തിന്റെയും ആവശ്യമായി കണ്ട് സർക്കാർ എത്രയും വേഗം തീരുമാനമെടുത്ത് സമയബന്ധിതമായി മുന്നോട്ട് പോവുകതന്നെ വേണം.

കടലോളം പ്രതീക്ഷകളുണർത്തി വല്ലാർപാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻഡ്ഷിപ്പ്മെന്റ് ടെർമിനൽ നാടിനും സമർപ്പിക്കപ്പട്ടത് 2011 ഫെബ്രുവരിയിൽ. പൊതുമേഖലയുടെ പങ്കാളിത്തത്തോടെ രാജ്യത്തു നടപ്പാക്കിയ ഏറ്റവും വലിയ സംയോജിത തുറമുഖ വികസന പദ്ധതി. ഇന്ത്യയിലെ ആദ്യ കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ, ഒറ്റ ഓപ്പറേറ്ററുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ കണ്ടെയ്നർ ടെർമിനൽ തുടങ്ങി സവിശേഷതകൾ പലത്. കണ്ടെയ്നറുകളും മറ്റു ചരക്കുകളും ചെറു ഫീഡർ കപ്പലുകളിൽ നിന്നു വലിയ മദർ ഷിപ്പുകളിലേക്കു മാറ്റിക്കയറ്റി ലക്ഷ്യത്തിലെത്തിക്കുന്ന രീതിയാണ് ട്രാൻഷിപ്പ്മെന്റ്. ഈ ചരക്കു കൈമാറുന്നതിനുള്ള ഇടത്താവളങ്ങളാണ് വല്ലാർപാടം പോലുള്ള ട്രാൻഷിപ്പ്മെന്റ് ടെർമിനലുകൾ.

കിഴക്കു പടിഞ്ഞാറു സമുദ്ര വ്യാപാര പാതയിൽ നിന്ന് 11 നോട്ടിക്കൽ മൈൽ മാത്രം ദൂരെയാണ് കൊച്ചി തുറമുഖം. തിരക്കേറിയ ഈ സമുദ്രപാതയോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന ഇന്ത്യൻ തുറമുഖവും കൊച്ചിതന്നെ. വല്ലാർപാടം ടെർമിനൽ വഴിയുള്ള കണ്ടെയ്നർ നീക്കം ഇന്ത്യയിലെ കയറ്റുമതി-ഇറക്കുമതി വ്യവസായ സമൂഹത്തിനു കോടികളുടെ ലാഭം നൽകാൻ സഹായകമാണ്. വിദേശ



**വരുൺ രാജൻ**
രണ്ടാംവർഷ സാമ്പത്തികശാസ്ത്ര ബിരുദം



# എറണാകുളം

മൂക്കിൻ തുമ്പിലിരുന്ന വിയർപ്പുകണം പിടിവിട്ട് ആശുപത്രിയുടെ തണുത്ത
തറയിലേയ്ക്കുവീണപ്പോഴാണ് എനിക്ക് സ്ഥലകാല ബോധമുണ്ടായത്.
കയ്യിലും ഷർട്ടിന്റെ മുൻഭാഗത്തും പറ്റിയിരുന്ന അയാളുടെ രക്തം കട്ടപിടിച്ച്
കറുത്തനിറം പൂണ്ടിരിക്കുന്നു. ലിസ്സി ഹോസ്പിറ്റലിലെ അത്യാഹിത വിഭാഗത്തിനു
മുന്നിലെ കസേരയിൽ അവളും എന്നോടൊപ്പമുണ്ട്. എന്നാൽ ഞാനവളെ ശ്രദ്ധിച്ചില്ല.
എന്റെ മനസ്സ്, ചോരവാർന്ന് തെരുവിൽ കിടന്നിരുന്ന ആ മനുഷ്യനിലും അയാളുടെ
സഹായാഭ്യർത്ഥനകൾക്ക് ക്യാമറക്കണ്ണുകളിലൂടെ മറുപടി നൽകിയ ഒരുപറ്റം
ആളുകളിലുമായിരുന്നു. അവരുടെ നിർജ്ജീവമായ കണ്ണുകളാണ് അയാളുടെ
മുറിവുകളുടെ ആഴം കൂട്ടിയത് എന്നെനിക്കു തോന്നി.

ഒരുപക്ഷേ, എന്റെ അടുത്തിരുന്നുകൊണ്ട് അവളും ചിന്തിക്കുന്നത്
ICU വിൽ കിടക്കുന്ന ഈ മനുഷ്യനെക്കുറിച്ചായിരിക്കാം. ഞാൻ ചോദിച്ചില്ല.

എന്റെ കൈകൾ ആ നനുത്ത കവിളുകളെ സ്പർശിച്ചപ്പോൾ അവളൊന്നു ഞെട്ടി.
ദയനീയമായിരുന്നു അവളുടെ നോട്ടം. പരിഭവം മുറ്റിനിന്ന ആ കലങ്ങിയ
കണ്ണുകൾ എന്നോടുപറഞ്ഞു.

"ഞങ്ങ അങ്ങനെന്നും ആയിർന്നില്ലടാ. ഒരാക്ക് അപകടം വന്നപ്പൊ
നോക്കിനിന്ന് വീഡിയോ എടുക്കാൻമാത്രം ഇവർടെ ചങ്ക് ഇത്രക്ക്
കല്ലായിപ്പോയത് എങ്ങനേന്ന് എനിക്ക് മനസ്സിലാവണില്ല...

നമ്മ പിടിച്ച് കാറീകേറ്റീല്ലാർന്നെങ്കി അയാൾടെ അവസ്ഥ എന്താകായ്ർന്ന്...?"

ഞാൻ അവളെ കെട്ടിപ്പിടിച്ചൊന്നു നോക്കി. എന്നിട്ട് ഉറച്ചസ്വരത്തിൽ മറുപടി പറഞ്ഞു

"അയാൾ അവിടെക്കിടന്ന് ചത്തേനെ"



# ലക്ഷദ്വീപ്

ആബിദ കെ.പി.
മൂന്നാംവർഷ മലയാളം ബിരുദം



കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ദ്വീപസമൂഹങ്ങളുടെ കൂട്ടത്തെയാണ് ലക്ഷദ്വീപെന്ന പേരിൽ വിളിക്കുന്നത്. ജനവാസമുള്ളതും ഇല്ലാത്തതുമായ മുപ്പത്തിയാറ് ദ്വീപസമൂഹമാണ് ലക്ഷദ്വീപ്. ഇതിൽ ജനവാസമുള്ള പതിനൊന്ന് ദ്വീപുകളാണ് അന്ത്രോത്ത്, മിനിക്കോയി, കവരത്തി, അമ്മേനി, അഗത്തി, കൽപ്പേനി, കടമത്ത്, ബംഗാരം, കിൽത്താൻ, ചെത്‌ലാത്ത്, ബിത്ര എന്നിവ. ജനവാസമില്ലാത്ത പത്ത് ദ്വീപുകളാണ് വിരിഗിലി, ചെറിയം, കൊടിത്തല, തിലക്കം, പിട്ടി, തിണ്ണകര. ഇതു കൂടാതെ ബാക്കി പതിനാറെണ്ണം പുതുതായി രൂപംകൊണ്ട തുരുത്തുകളുമാണ്. ഉത്തരാംശം 8–12 ഡിഗ്രിക്കും ഇടത്ത് സ്ഥിതി ചെയ്യുന്ന ഈ ദ്വീപുകൾക്ക്, കേരളതീരത്ത് നിന്നും 200–400 കി.മീ വരെ ദൂരമാണുള്ളത്. ദ്വീപുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം 378 കി. മീറ്ററുകളാണ്.

ലക്ഷദ്വീപിലെ ഓരോ ദ്വീപും പല അകലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ജനവാസമുള്ള പത്തു ദ്വീപുകളിൽ കിൽത്താൻ, ചെത്‌ലാത്ത്, ബിത്ര തുടങ്ങിയ ദ്വീപുകൾ താരതമ്യേന ചെറിയ ദ്വീപുകളും വലുപ്പത്തിൽ ഒന്നാം സ്ഥാനത്ത് അന്ത്രോത്ത് ദ്വീപുമാണ്. ഏറ്റവും വടക്ക് ഭാഗത്ത് ബിത്ര എന്ന ദ്വീപും, തെക്ക് ഭാഗത്ത് മിനിക്കോയി എന്ന ദ്വീപുമാണ് സ്ഥിതിചെയ്യുന്നത്. ലക്ഷദ്വീപിന്റെ തലസ്ഥാനമാണ് കവരത്തി. ബാഗാരം അന്തർദേശീയ വിനോദസഞ്ചാരകേന്ദ്രമാണ്. ലക്ഷദ്വീപിന്റെ കവാടം എന്നറിയപ്പെടുന്ന അഗത്തിദ്വീപിലാണ് അവിടുത്തെ ഏക വിമാനത്താവളം സ്ഥിതി ചെയ്യുന്നത്.

ജനവാസമില്ലാത്ത ദ്വീപുകളിൽ കുറ്റിച്ചെടികൾ മാത്രമുള്ള ഒരു ദ്വീപാണ് പക്ഷിപിട്ടി. അവിടെ അനേകവർഗ്ഗം പക്ഷികളെ കാണാം. ദ്വീപിന്റെ കടൽത്തീരത്തുള്ള മണൽ വെളുത്ത നിറത്തിലുള്ളവയാണ്. പവിഴപ്പാറകൾ പൊളിഞ്ഞാണ് ദ്വീപിലെ മണൽ ഉണ്ടായതെന്ന് ചില ദ്വീപ് ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. ദ്വീപിലെ എല്ലായിടത്തും ഒരേ നിറത്തിലുള്ള മണലല്ല കാണപ്പെടുന്നത്. കടൽത്തീരത്തെ മണൽ തീരെ ഉറപ്പില്ലാത്തതും പൂഴി മണലുമാണ്. കടൽത്തീരവും ബില്ലവുമാണ് വിനോദസഞ്ചാരികളെ ലക്ഷദ്വീപിലേക്ക് കൂടുതൽ ആകർഷിക്കുന്നത്. പാറക്കെട്ടിനും തീരപ്രദേശത്തിനും ഇടയ്ക്കുള്ള ആഴംകുറഞ്ഞ ഭാഗമാണ് ബില്ലം (ലഗൂൺ). എല്ലാ ദ്വീപുകളും പവിഴപ്പുറ്റുകളുടെ പ്രവർത്തനഫലമായി രൂപംകൊണ്ടതാണ്. വളർത്തു മൃഗങ്ങളല്ലാതെ വന്യമൃഗങ്ങളൊന്നും അവിടെ കാണാൻ

സാധിക്കില്ല എന്നത് ഇവയുടെ മറ്റൊരു പ്രത്യേകതയുമാണ്.

ലക്ഷദ്വീപിന് നിരവധി ചരിത്ര പശ്ചാത്തലമുണ്ടെങ്കിലും തലമുറകളായി കൈമാറിയ ഐതീഹ്യങ്ങളും വിശ്വാസങ്ങളുമാണ് ദ്വീപുകളുടെ ആദ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ സഹായിക്കുന്ന വസ്തുതകൾ.

ലക്ഷദ്വീപുകൾ ഇസ്ലാം മതം സ്വീകരിക്കുന്നത് 7-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലാണ്. അതുവരെ ദ്വീപുജനതയുടെ സംസ്കാരം തനി ബ്രാഹ്മണീയരുടേതായിരുന്നു എന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. കാരണം, പൂർവ്വ ദ്വീപുനിവാസികൾ കേരളത്തിൽ നിന്നും കുടിയേറിപ്പാർത്തവരായിരുന്നു. അവരുടെ മതപരിവർത്തനത്തിനുശേഷം മുസ്ലീം സംസ്കാരവും ആചാരങ്ങളും അവർ സ്വീകരിക്കുകയാണുണ്ടായത്. ഭൂരിഭാഗവും മുസ്ലിം വിഭാഗക്കാരായ ലക്ഷദ്വീപുകാർ മരുമക്കത്തായ സമ്പ്രദായമാണ് ഇന്നും ഇവിടെ നിലനിർത്തുന്നത്. ജനവാസമുള്ള പത്തു ദ്വീപുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളും, മുസ്ലിം മതപാഠ സ്ഥാപനങ്ങളും ഉണ്ട്. കൂടാതെ ലക്ഷദ്വീപ് കലാ അക്കാദമിയും ഉണ്ട്.

ലക്ഷദ്വീപിൽ ജനങ്ങൾ താമസം തുടങ്ങിയ കാലം മുതൽക്കേ അവിടെ ഭാഷയും പിറവിയെടുത്തു. ഒരു പ്രദേശത്തെ ഭാഷയാണ് അവിടുത്തെ സംസ്കാരത്തെ ആവിഷ്കരിക്കുന്ന ഘടകമെന്നിരിക്കെ ഒന്നിലധികം ഭാഷാ സംസാരിക്കുന്നവരാണ് ലക്ഷദ്വീപുകാർ. ഇവർ പൂർവ്വ കേരളീയരായിരുന്നതിനാൽ മലയാളത്തോട് സാമ്യമുള്ള 'ജസരി' എന്ന ഭാഷയാണ് സംസാരിച്ചു വരുന്നത്. എന്നാൽ ഒറ്റപ്പെട്ട് നിൽക്കുന്ന 'മിനിക്കോയി' ദ്വീപിലെ നിവാസികൾ മാലിദ്വീപിലെ ഭാഷയോട് സാമ്യമുള്ള 'മഹൽ' എന്ന ഭാഷയാണ് സംസാരിച്ചുവരുന്നത്. 'ജസരി' ഭാഷ വിവിധ ഭാഷകളുടെ സങ്കരമാണ്. മലയാളം, തമിഴ്, ഹിന്ദി, കന്നട, അറബി, ഉർദു എന്നീ ഭാഷകളിലെ പല പദങ്ങളും ഈ ഭാഷയിൽ കടന്നുവരുന്നു. ഒരേ വാക്കിന് പലപല ദ്വീപുകളിൽ ഒരേ അർത്ഥമല്ല. കാരണം ഓരോ ദ്വീപിലേയും ഭാഷാശൈലി വ്യത്യാസപ്പെട്ടിരിക്കുന്നു. ജസരി ഭാഷ പൂർവ്വീകരിൽ നിന്നും വാമൊഴിയായ് കിട്ടിയതാണ് എന്നതുകൊണ്ടുതന്നെ ഈ ഭാഷയ്ക്ക് ലിപി ഒന്നും തന്നെ ഇല്ല. എന്നാൽ മഹൽ ഭാഷയ്ക്ക് സ്വന്തമെന്ന് അവകാശപ്പെടാൻ ലിപി ഉണ്ട്.

ലക്ഷദ്വീപിൽ ജനങ്ങൾ കുടിയേറിപാർത്തത് എന്നാണെന്നതിന് തെളിവൊന്നുമില്ലെങ്കിലും ഒരുപാട് ഐതീഹ്യങ്ങൾ നിലനിൽക്കുന്നു.

ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കയിലേക്ക് യാത്ര പുറപ്പെടുകയും അദ്ദേഹത്തെ പിന്തുടർന്ന് ഒരു സംഘം ഹിന്ദുക്കളായ കേരളീയർ പുറപ്പെടുകയും അവർ സഞ്ചരിച്ച കപ്പൽ തകരുകയും ജനങ്ങൾ ദ്വീപുകളിൽ എത്തിപ്പെടുകയും ചെയ്തു എന്നതാണ് അതിൽ പ്രമുഖമായ ഒന്ന്.

കോലത്തിരി രാജാവ് (12-ാം നൂറ്റാണ്ട്) ദ്വീപുകൾ കൈക്കലാക്കുകയും കേരളത്തിൽ നിന്ന് ആളുകളെ കുടിയേറി പാർക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു എന്നത് മറ്റൊരു ഐതീഹ്യമാണ്. ഇത് കൂടാതെ കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന വിദേശികൾ കപ്പൽ തകർന്ന് ദ്വീപുകളിലെത്തുകയും അവിടെ താമസമുറപ്പിക്കുകയും ചെയ്തുവെന്നും ഐതിഹ്യം ഉണ്ട്. എന്നാൽ,

കേരളത്തിൽ നിന്ന് കുടിയേറിപ്പാർത്തവരാണ് ലക്ഷദ്വീപുകാർ എന്ന നിഗമനത്തിലാണ് കൂടുതൽ പ്രചാരം ലഭിച്ചിട്ടുള്ളത്.

*റഫ : ദ്വീപോൽപ്പത്തി - ശ്രീ. പി.ഐ. പൂക്കോയി*





# പി.ജി. അനുസ്മരണം

**തൻവീർ ഇബ്രാഹിം**
ഒന്നാംവർഷ മലയാള ബിരുദം

ബുദ്ധിയുള്ളവരെന്ന നിലയിൽ എല്ലാവരും ബുദ്ധിജീവികളാണ്. എന്നാൽ, സമൂഹധർമ്മത്തെ മുൻനിർത്തിപ്പറഞ്ഞാൽ എല്ലാവരും അങ്ങനെയല്ല എന്ന് പറഞ്ഞത് ഇറ്റാലിയൻ ചിന്തകനായ അന്റോണിയോ ഗ്രാംഷിയാണ്. അതായത്, ബുദ്ധിജീവികളാകേണ്ടത് സമൂഹത്തെക്കുറിച്ച് ശക്തമായ ചോദ്യങ്ങൾ ഉന്നയിക്കുന്നവരാണ് എന്നതാണ് ഈ ഒരളവുകോൽ വച്ചു നോക്കുമ്പോൾ നമുക്ക് നിസ്സംശയം പറയാൻ കഴിയും പി. ഗോവിന്ദപിള്ള ഒരു ബുദ്ധിജീവിയായിരുന്നുവെന്ന്. ഹോപ്സ്ബാമിനെ പോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മരണം വരെ തുടർന്ന് സ്വന്തം നിലപാടുകൾ തുറന്നു പ്രഖ്യാപിച്ചിരുന്ന പി.ജി., കൂറ് എന്നതിലുപരിയായി പ്രതിപദ്ധതയുള്ള ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയംഗമായി മരണംവരെ തുടർന്നു.

മാർക്സിസ്റ്റ് ചിന്തകൻ എന്ന നിലയിൽ ഇ.എം.എസിനും, കെ. ദാമോദരനും ഒപ്പം നിൽക്കാൻ വൈജ്ഞാനിക ചിന്തകൻ എന്ന നിലയിൽ എൻ.വി. കൃഷ്ണവാര്യർക്കും, കേസരിക്കും ഒപ്പം ഒരുപോലെ നിൽക്കാൻ പി.ജി. ക്ക് സാധിക്കും. വൈജ്ഞാനിക ചരിത്രത്തെ മലയാളത്തിൽ പി.ജി. യെ പോലെ രേഖപ്പെടുത്തിയ ആരെങ്കിലുമുണ്ടോ എന്നത് സംശയമാണ്.

വൈജ്ഞാനിക ചരിത്രത്തെപ്പറ്റിയുള്ള പി.ജി.യുടെ ഗ്രന്ഥപരമ്പരയും കേരളനവോത്ഥാനത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും നവോത്ഥാന വൈജ്ഞാനിക ചരിത്രത്തെപ്പറ്റിയുള്ള മലയാളത്തിലെ ഏറ്റവും വലിയ കാൽവയ്പാണ്. നവോത്ഥാനത്തെക്കുറിച്ചുള്ള മുഖ്യധാരാ വീക്ഷണങ്ങളേയും എതിർവീക്ഷണങ്ങളേയും ഒരുമിച്ച് വയ്ക്കുകയാണ് പി.ജി.

ജേക്കബ് ബ്രാക്ക് ഹാർട്ട് എന്ന യൂറോപ്യൻ പണ്ഡിതനാണ് നവോത്ഥാനത്തെക്കുറിച്ചുള്ള മുഖ്യധാരാ സങ്കല്പനം അവതരിപ്പിച്ചത്. യൂറോ കേന്ദ്രീതമായ ഈ വീക്ഷണം, പിന്നീട് വിമർശന വിധേയമാകുന്നതാണ് കണ്ടത്. നവോത്ഥാനത്തെ യൂറോപ്പിൽ മാത്രമായി ചുരുക്കിയെന്നും യൂറോപ്പ് ഇരുട്ടിലായിരുന്ന സമയത്ത് പൗരസ്ത്യ ദേശത്തെ അറബികളും ചൈനക്കാരും കൈവരിച്ച കലാസാംസ്കാരിക ശാസ്ത്ര വളർച്ചയെ അവഗണിച്ചു എന്നുമുള്ള വിമർശനങ്ങളാണുയർന്നു നിന്നത്. ഇന്ത്യൻ നവോത്ഥാനമെന്നത് ഹൈന്ദവനവോത്ഥാനത്തിനുപരിയായി എന്തായിരുന്നു എന്ന് ചോദിച്ച 'സുമിത്സർക്കാർ' മുതൽ മലയാളിയായ കെ.എൻ. പണിക്കർ വരെയുള്ളവരുടെ വീക്ഷണങ്ങൾ ഇന്ത്യൻ നവോത്ഥാനത്തെക്കുറിച്ചുള്ള മുഖ്യധാരാ സങ്കല്പങ്ങൾക്ക് പോറലേൽപ്പിച്ചു. ഇങ്ങനെ നാനാവിധമായി ചിതറിക്കിടക്കുന്ന, അടിസ്ഥാനപരമായി തന്നെ വ്യത്യസ്തത പുലർത്തുന്ന വീക്ഷണങ്ങളെ തന്റെ ഗ്രന്ഥത്തിൽ പറഞ്ഞുപോകുകയാണ് പി.ജി. വീക്ഷണങ്ങളെ മുഖാമുഖം നിർത്തുന്നു എന്നതിലുപരിയായി തന്റേതായ ഒരു നിഗമനത്തിനൊന്നും പി.ജി. എത്തുന്നില്ല. കേരള നവോത്ഥാനത്തെക്കുറിച്ചുള്ള പഠനങ്ങളിലാകട്ടെ മുഖ്യധാരാ സങ്കല്പങ്ങളുടെ നിരാകരണത്തിലേക്കൊന്നും പി.ജി. പോകുന്നില്ല. എന്നാൽ മുഖ്യധാരയിൽ ഇടംപിടിക്കാം. ആ ധാരാളം നവോത്ഥാന നായകരെ പി.ജി. പരാമർശിക്കുന്നു. ചുരുക്കത്തിൽ വൈജ്ഞാനിക നവോത്ഥാന മേഖലകളുടെ ചരിത്രകാരനായി പി.ജി.യോടൊപ്പം നിൽക്കാൻ മലയാളത്തിൽ ആരും തന്നെയില്ല.







1926-ൽ പെരുമ്പാവൂരിൽ, പുല്ലുവഴിയിൽ ജനിച്ചു. 1942-ൽ ഇന്റർമീഡിയേറ്റിന് യൂസി കോളേജിൽ പഠിക്കുമ്പോൾ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിൽ പങ്കെടുത്തു. പിന്നീട് പി. കൃഷ്ണപിള്ളയുടെ സ്വാധീനത്താൽ കമ്മ്യൂണിസ്റ്റായി. പിന്നീട് ബോംബെയിലെ സെന്റ് സേവ്യേഴ്സ് കോളേജിൽ ഡിഗ്രിക്ക് ചേർന്നു. പിന്നീടുണ്ടായ വിദ്യാർത്ഥി സമരങ്ങളിൽ പങ്കെടുക്കുകയും തുടർന്ന് യർവ്വാദ ജയിലിൽ തടവുകാരനാക്കപ്പെടുകയും ചെയ്തു. 1951-ൽ തിരുകൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1957, 59, 67, 69 കാലയളവിൽ കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം : ഉത്ഭവവും വളർച്ചയും എന്ന ഗ്രന്ഥത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1964, 83 വരെ ദേശാഭിമാനിയുടെ ചീഫ് എഡിറ്ററായിരുന്നു. സൈലന്റ് വാലി പ്രക്ഷോഭത്തിന്റെ സമയത്തും ബീജിങ്ങിലെ ടിയാജ്മൻ സ്ക്വയറിലെ വിദ്യാർത്ഥികലാപത്തിന്റെ സമയത്തും പാർട്ടി വിരുദ്ധ നിലപാടാണ് പി.ജി. എടുത്തത്. ഭാഷാപോഷിണിയുമായി നടത്തിയ ഒരഭിമുഖത്തിൽ ഇം.എം.എസിനെയും മറ്റുചില പാർട്ടി നേതാക്കളേയും വിമർശിച്ചതിന് പി.ജി. യെ പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ നിന്നും തരംതാഴ്ത്തി. 2012 കാലയളവിൽ അന്തരിച്ചു.

എം. കൃഷ്ണൻനായരെപോലും അതിശയിപ്പിച്ച വായനയായിരുന്നു പി.ജി. യുടേത്. ഒരേ സമയം തന്നെ പല പുസ്തകങ്ങൾ വായിക്കുക എന്നതായിരുന്നു പി.ജി യുടെ രീതി. മരിക്കുമ്പോൾ പി.ജി.യുടെ സ്വകാര്യഗ്രന്ഥ ശേഖരത്തിൽ മുപ്പതിനായിരത്തോളം പുസ്തകങ്ങളുണ്ടായിരുന്നു.

# ചെമ്പുനാണയങ്ങൾ

**റിബിൻ ആന്റണി**
ഒന്നാംവർഷ മലയാള ബിരുദം

പൂർണ്ണചന്ദ്രന്റെ വെൺകിരണങ്ങൾ അരിച്ചിറങ്ങിയ സുന്ദരരാവ്. സൂര്യഗോളത്തിന്റെ പിൻവാങ്ങൽ സൃഷ്ടിച്ച മൂകതയിൽ ഭൂമിദേവി അലിഞ്ഞു കഴിഞ്ഞു. ചന്ദ്രപ്രഭയുടേയും താരാഗണങ്ങളുടേയും പ്രകാശ കിരണങ്ങൾ തങ്ങൾക്കു മതിയാവുന്നില്ല എന്നതിനു സൂചകമായി വീടുകളിൽ റാന്തൽ വിളക്കുകൾ മിന്നിതുടങ്ങി. ഇരവ് സൃഷ്ടിച്ച മൂകതയെ കീറിമുറിച്ചു കൊണ്ട് എങ്ങു നിന്നോ ചീവീടുകളുടെ ആരവവുമെത്തി.



പാതിയടഞ്ഞ കണ്ണുകളുമായി അവർ വീട്ടുവാതിൽക്കൽ ഇരിക്കുകയാണ്. പ്രതീക്ഷയറ്റതും ദാരിദ്ര്യം വിളിച്ചറിയിക്കുന്നതുമായ മുഖഭാവം. പഴകിയതും അയഞ്ഞതുമായ വേഷധാരണം. കൺതടങ്ങളിൽ കാർമേഘം ചായം പൂശിയതുപോലെ. ചുവർ മൂലയ്ക്കരികിൽ കാറ്റിലാടിയുലയുന്ന റാന്തൽ വിളക്കിനെ നോക്കിയവൾ ഇരുന്നു. തേൻ തുള്ളിക്കുമേൽ പൊതിഞ്ഞു മൂടുന്ന തേനീച്ചകൾ പോലെ അവളുടെയുള്ളിൽ ചിന്തകൾ കുമിഞ്ഞുകൂടി. യഹോവയിലുള്ള ഉറച്ചവിശ്വാസമാണ് തനിക്കിന്ന് ഏക ആശ്രയം. അപ്രതീക്ഷിതമായി ജീവിതത്തിലേക്കു കടന്നു വന്ന തന്റെ പ്രിയതമന്റെ വിയോഗം മുതൽ തുടങ്ങിയ ജീവിതക്ലേശങ്ങൾ ഒന്നൊന്നായി അവളെ പിടിച്ചുലച്ചു. സമൂഹം വിധവയെന്ന അലങ്കാരം ചാർത്തിയതും നിയമജ്ഞർ സ്വത്തിന്റെ നല്ലൊരു ഭാഗം കൈക്കലാക്കി തെരുവിലേക്ക് തെണ്ടാനിറക്കിയതും ഇന്നലേകളിൽ നടന്നതുപോലെ അവൾക്കു തോന്നി. കാലം തനിക്കെതിരായി കരിങ്കൊടി കാട്ടാൻ തുടങ്ങിയിട്ട് ഒരുപാട് നാളായി. ക്ലേശകരവും പ്രതീക്ഷയറ്റതുമായ ഈ ജീവിതത്തിന് എന്ത് നിയോഗമാണ് യഹോവ കല്പിച്ചിരിക്കുന്നതെന്ന് അവൾ നിരന്തരം തന്നോടുതന്നെ ചോദിച്ചിരുന്നു.

മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടാൻ തനിക്കിന്ന് നാണമില്ല. എങ്കിലും തനിക്കുമുന്നിൽ കൊട്ടിയടയ്ക്കപ്പെടുന്ന വാതിലുകൾ, സ്വർഗ്ഗപ്രാപ്തിക്കു തന്നെയർഹയാക്കുന്നുവെന്ന ചിന്തയാണ് അവളെ സന്തുഷ്ടയാക്കുന്നത്. വിധവയുടെ നിഴൽ ദൂരെ പ്രത്യക്ഷപ്പെടുമ്പോൾ തന്നെ ഓടിയകലുന്ന മനുഷ്യ കോലങ്ങളിൽ തനിക്കിനി പ്രത്യാശയില്ല.

വസ്ത്രത്തുമ്പിൽ കെട്ടി സൂക്ഷിച്ചുവച്ചിരുന്ന നാണയങ്ങൾ അവൾ പുറത്തെടുത്തു. ഏറെ നാളത്തെ തന്റെ അദ്ധ്വാനഫലം - രണ്ടു ചെമ്പുനാണയങ്ങൾ. പെസഹാ തിരുനാളിനോടനുബന്ധിച്ചുള്ള കാഴ്ചയർപ്പണത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിനം നാളെയാണ്. അല്ലലൊടുങ്ങാത്ത ദിനങ്ങൾക്കും, കണ്ണീരൊപ്പാൻ കഴിയാതിരുന്ന രാവുകൾക്കും അറുതിവന്ന, പെസഹാ ദിനത്തിന്റെ ഓരോർമ്മപ്പെടുത്തൽ കൂടി. അടിമത്തത്തിന്റെയും, കയ്പുനിറഞ്ഞ ദുരിത നൊമ്പരങ്ങളുടെയും പരമ്പര തന്റെ പൂർവ്വീകരുടെ ജീവിതത്തിൽ എഴുതി ചേർക്കപ്പെട്ടപ്പോൾ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും പുതിയ ഉൾക്കാഴ്ചകളുമായി യഹോവ മോശയെ അവർക്കു നൽകി. ഇന്ന് താനനുഭവിക്കുന്ന ദുരിതക്ലേശങ്ങൾക്ക് എന്നാണോ തിരശ്ശീല വീഴുക? പാതിയടഞ്ഞ കണ്ണുകളെ നിദ്ര കീഴടക്കി. ആ രാത്രിയിലും ഒരു നൊമ്പരക്കാഴ്ചയായി അവളുടെ സജ്ജലമിഴികൾ ബാക്കിയായി.

പുലരി തെളിഞ്ഞു. പുത്തനുണർവ്വോടെ സൂര്യരശ്മികളിൽ ശ്രദ്ധപതിച്ച് സസ്യലതാതികൾ. ഉറക്കച്ചടവോടെ മുക്രയിടുന്ന കന്നുകാലികൾ. അവയുടെ കോലാഹലം അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കി. ഇന്ന് കാഴ്ചയർപ്പണ ദിനം. അവൾ ദേവാലയത്തിലേക്കു പോകുവാനുള്ള തിടുക്കത്തിലാണ്. വേഷം ആ പഴയ വിധവാ വസ്ത്രത്തിൽ ഒതുങ്ങി. സമൂഹത്തിന്റെ നിബന്ധനയാണത്. തന്നെക്കാത്തിരിക്കുന്ന പ്രഹസനങ്ങളേയും കുറ്റപ്പെടുത്തലുകളേയും അവൾ ഓർത്തു. സമൂഹത്തിനു മുമ്പിൽ ശപിക്കപ്പെട്ടവൾ!... ദൈവത്തിനു മുന്നിലോ? ഈ ജീവിതത്തിൽ തനിക്കു സമ്പാദ്യമായുള്ളത് രണ്ടു ചെമ്പുനാണയങ്ങൾ മാത്രാണ്. അവൾ ആ നാണയങ്ങൾ ഉള്ളം കൈകളിൽ മുറുകെ പിടിച്ചുകൊണ്ട് ദേവാലയത്തിലേക്ക് യാത്രയായി.

തിരുനാളിനോടനുബന്ധിച്ച് പുതുമോടിയിൽ അണിഞ്ഞൊരുങ്ങി നിൽക്കയാണ് ദേവാലയം. ശിരസ്സ് പൂർണ്ണമായും ആവരണം ചെയ്ത് അവൾ അകത്തു കടന്നു. ആരോ, ഒരു പ്രവാചകനാണെന്നു തോന്നുന്നു, പ്രശംസിക്കുന്നുണ്ട്. ജനം നമ്രശീർഷകരായി പ്രസംഗപീഠത്തിനു ചുറ്റും നിൽക്കുന്നു. അതികായനായ പ്രവാചകൻ നടുവിൽ. അവൻ ഒരു നസറായനാണ്. ഒരുപാട് കേട്ടിട്ടുണ്ട് എങ്കിലും നേരിൽ കാണുന്നതിതാദ്യം. അവന്റെ ഓരോ വാക്കും മണിനാദംപോലെ ദേവാലയത്തിൽ മുഴങ്ങിനിന്നു. അവൾ ഭണ്ഡാരത്തിനരികിലേക്കു നീങ്ങി. കാഴ്ചയർപ്പിക്കാൻ വിശ്വാസികളുടെ ഒരു നിരതന്നെയുണ്ട്. പുത്തൻ വസ്ത്രത്തിൽ പുതുമോടിയിൽ അണിഞ്ഞൊരുങ്ങിയവർ. കുബേരർ, ഭണ്ഡാരത്തിൽ വലിയ വലിയ പണക്കിഴികൾ ഇടുന്നു. അവയുടെ ശബ്ദം തനിക്കെതിരെ പാഞ്ഞുവരുന്ന പ്രഹസനശരങ്ങളാണെന്ന് അവൾക്കുതോന്നി. ഉള്ളിൽ ദുഃഖകയത്തിന്റെ തിരയടി! കണ്ണീരാൽ വിതുമ്പുന്ന മുഖത്തടം! ചുറ്റും പ്രഹസനകോലങ്ങൾ! ഇനി തന്റെ ഊഴം. "യാഹോവേ, ഇത് വെറും നാണയങ്ങളല്ല എന്റെ ജീവിതമാണ്. ജീവിതം മുഴുവനും കണ്ണീരിൽ കുതിർന്ന ഒരു വാനമ്പാടിപക്ഷിയുടെ യാഗാർപ്പണം." അവൾ ആചെമ്പുനാണയങ്ങൾ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു.

ഉടനെ നസ്രായനായ പ്രാവചകൻ അരുൾചെയ്തു. "ശ്രദ്ധിക്കുവിൻ, ഈ വിധവ മറ്റാരെയുംകാൾ അധികമായി നിക്ഷേപിച്ചിരിക്കുന്നു. എന്തെന്നാൽ ബാക്കിയെല്ലാവരും തങ്ങളുടെ സമൃദ്ധിയുടെ ഒരു പങ്ക് സമർപിച്ചപ്പോൾ അവൾ തനിക്കുണ്ടായിരുന്നതു മുഴുവൻ സമർപ്പിച്ചിരിക്കുന്നു. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ."



# അണ കെട്ടുന്നവരോട്...

**ഹരിപ്രസാദ് കെ.എച്ച്.**

*രണ്ടാംവർഷ ഭൗതികശാസ്ത്ര ബിരുദം*

അണകെട്ടുന്നവരുടെ ശ്രദ്ധയിലേയ്ക്ക്,
നിങ്ങളുടെ അണക്കെട്ട് ദുർബ്ബലമോ,
അതിശക്തമോ...?
അശാസ്ത്രീയമായി പണിത
ഒരണക്കെട്ടിനെപറ്റി അറിവുണ്ടത്-
വിനീതമായി പറയാം:
അണ കെട്ടിയത് പൊന്നുതമ്പുരാൻ,
അതും ഭഗീരഥിക്ക് കുറുകേ,

ഭഗീരഥിയിലെ ജലകണങ്ങൾ
സ്വയം അഭിമാനം കൊണ്ടിരുന്നു.
അതിന്റെ ആഴവും പരപ്പുമോർത്ത്,
ശക്തിയും സൗന്ദര്യവുമോർത്ത്...
എന്നാൽ,
പൊന്നുതമ്പുരാൻ സമാധാന കാംക്ഷിയായിരുന്നു.
ഭഗീരഥിയുടെ രുദ്രതയേക്കാൾ തമ്പുരാന് പ്രിയം
ചാവുകടലിന്റെ ശാന്തതയായിരുന്നു.
നദിക്കുകുറുകെ ആദ്യത്തെ കരിങ്കല്ല് പതിച്ചപ്പോൾ
ജലകണങ്ങൾ ഭയന്ന് ഗതിമാറിയൊഴുക്കി.
തമ്പ്രാക്കൾ വിട്ടില്ല.
അവരുടെ പെരുവിരലുകൾ അതിനോടകം തന്നെ
ഏതോ കരാർ പത്രത്തിൽ മുങ്ങി നിവർന്നിരുന്നു.
പൊന്നുതമ്പുരാനോട് ആര്,
എന്ത് മറുത്ത് പറയാൻ, പറഞ്ഞാൽ,
തലവെട്ടി പോസ്റ്റ് കവറിൽ വീട്ടിലേയ്ക്കയ്ക്കും.
എന്നാൽ, അണക്കെട്ടിൽ വിള്ളലുണ്ടായിട്ടുണ്ട്,
വട്ടത്തിൽ, നീളത്തിൽ, ചതുരത്തിൽ
വെള്ളം ചീളിത്തെറിച്ചുകൊണ്ടിരിക്കുന്നു.
അടയ്ക്കുവാനാകാത്ത ചോർച്ചകൾ,
ഇതെങ്ങനെ സംഭവിച്ചു?
ശക്തമായൊരു ഭൂചലനത്തെ അതിജീവിക്കില്ലീ തടയണ-
വിദഗ്ദ്ധർ വിധിയെഴുതി. അണക്കെട്ട് തകരുമോ?
ജനങ്ങൾ ആശങ്കയിലാണ്.
അണകെട്ടുന്നവരുടെ ശ്രദ്ധയിലേയ്ക്ക്,
അണക്കെട്ടുകൾ തകർന്നടിഞ്ഞ സംഭവങ്ങൾ
ചരിത്ര പുസ്തകങ്ങളിൽ പലതുണ്ട്.
ഗദ്ദാഫി എന്നൊരു തമ്പുരാൻ,
പതിറ്റാണ്ടുകൾക്കുമുമ്പ് കെട്ടി ഒരണക്കെട്ട്
അത്. ഈയിടെ അറബ് വസന്ത
കൊടുങ്കാറ്റിലാണ് തകർന്നടിഞ്ഞത്.
പ്രളയജലത്തിൽ മുങ്ങിയ തമ്പുരാൻ
മൂന്നുനാളുകൾക്കുശേഷമാണ് തീരത്തടിഞ്ഞത്.
ആ ആത്മാവിനും,
അതുപോലെ അണക്കെട്ട് പൊട്ടി മരിച്ചവരുടെ
ആത്മാക്കൾക്കും ആദരാഞ്ജലികൾ
അർപ്പിച്ചുകൊണ്ട് നിർത്തുന്നു.



പ്പെടുന്ന ഏകാകിയും സ്വതന്ത്രനുമായ മുത്തച്ഛനായും ഉള്ള റോളുകൾ തില
കനിലെ പിതൃഭാവത്തിന്റെ വിരുദ്ധവും സങ്കീർണവുമായ രണ്ടു മുഖങ്ങളെ
അവതരിപ്പിച്ചു.

തിലകൻ എന്ന നടനെക്കുറിച്ചോർക്കുമ്പോൾ ഒരുപക്ഷെ, നമ്മുടെ മന
സ്സിൽ ആദ്യമെത്തുന്ന രൂപം കണിശക്കാരനും കർക്കശകാരനുമായ ഒരു പിതാ
വിന്റേതായിരിക്കും. ഉള്ളിൽ സ്നേഹം അലതല്ലുമ്പോഴും ഒരിക്കലും അത്
തുറന്നു പ്രകടിപ്പിക്കാത്ത, അപൂർവ്വ സന്ദർഭങ്ങളിൽ മാത്രം തുറന്നു ചിരി
ക്കുകയും തന്റെയുള്ളിലെ കുട്ടിത്തം പ്രകടിപ്പിക്കുകയും ചെയ്യുന്ന, മധ്യവ
യസ്സു കഴിഞ്ഞ, കുറിയ, കറുത്ത ഒരു മനുഷ്യൻ.

തിലകൻ ഒരിക്കലും കടന്നുവന്ന വഴികളെ മറന്നില്ല. നാടിന്റെ നന്മയും
പച്ചയും കെട്ടുപോകാതെ, തൊഴിലാളികളിൽ നിന്നും പകർന്നു കിട്ടിയ നേരും
നെറിയും സമരബോധവും വർഗബോധവും എന്നും അദ്ദേഹം ഹൃദയത്തിൽ
സൂക്ഷിച്ചു. നെറികേടുകൾ ക്കെതിരെ എന്നും പ്രതികരിച്ചു.

അടിയന്തരാവസ്ഥാനന്തര കാലഘട്ടത്തിൽ വിവിധ ഭാഷകളിലുള്ള
ഇന്ത്യൻ സിനിമകളിൽ അതുവരെയുണ്ടായിരുന്ന പുരുഷനായക പിതൃരൂപ
ങ്ങളിൽ വമ്പിച്ച രൂപഭാവാന്തരങ്ങൾ സംഭവിച്ചതായി കാണാം. ഹിന്ദിയിൽ
അതിന് രൂപം നൽകിയത് അമരിഷ് പുരി, ഓംപുരി, ഖുൽബുഷൻ ഖർബന്ധ
തുടങ്ങിയ പുരുഷ സാന്നിധ്യങ്ങളാണെങ്കിൽ മലയാളത്തിൽ അത് തിലക
നാണെന്ന് നിസ്സംശയം പറയാം. സൂക്ഷ്മവ്യാനപരവും സാമൂഹ്യ മനഃശാ
സ്ത്രപരവും ഒപ്പം ഇന്ത്യൻ ദേശാരാഷ്ട്രത്തിനും രാഷ്ട്രീയ സമ്പദ് വ്യവ
സ്ഥയ്ക്കും സംഭവിച്ച പരിണാമമാകാം ഈ മാറ്റത്തിന് കാരണം. അടിയന്ത
രാവസ്ഥ എന്ന ഇരുണ്ട രാഷ്ട്രീയാധ്യായവും ഒരു സുപ്രധാന നാഴികക
ല്ലാണ്.

അതുവരെ നിലനിന്നിരുന്ന പിതൃരൂപത്തിൽ നിന്നും വേറിട്ടൊരു പിതൃ
ച്ഛായയാണ് ഇന്ത്യൻ സിനിമയിൽ അടിയന്തരാവസ്ഥയ്ക്ക് ശേഷം വന്നത്.
സംരക്ഷകൻ, ശാസകൻ, ശാരീരികവും വൈകാരികവും ഭൗതീകവും ആയ
എല്ലാ വിഭാഗത്തിലും മകനോടൊപ്പത്തിനൊപ്പം നിൽക്കുന്ന, അവന് വഴിയും
ദിശയും നൽകുന്ന മാർഗദർശകൻ. ഇന്ത്യൻ പിതാവിന്റെയും ആണത്തത്തി
ന്റെയും ഇത്തരം ഗാഢസംഘർഷങ്ങളുടെ നടുക്കാണ് തിലകൻ എന്ന നട
ന്റെയും ആ നടന സ്വരൂപത്തിന്റെയും നില.

സിനിമാഭിനയത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ തന്റേതായ ഒരു
സാന്നിദ്ധ്യം പ്രസരിപ്പിക്കാൻ തിലകന് കഴിഞ്ഞിട്ടുണ്ട്. പശ്ചാത്തലപൊലി
മയുടെ ഭാഗമായി മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമേ നായകനെ
അനുഗമിക്കുന്ന ഒരാളോ ആയിരുന്നില്ല തിലകൻ. പകരം, അപായകരമോ
ആർദ്രമോ ആയേക്കാവുന്ന, കാമാസക്തനോ ഗുരുതുല്യനോ ആയേക്കാവുന്ന
ഒരാൾ. വിരുദ്ധമായ പ്രവണതകളേയും ഔന്മുഖ്യങ്ങളേയും പോറ്റാനും
കൊല്ലാനും ശക്തിയുള്ള ഒരാൾ. കലഹങ്ങളും പിണക്കങ്ങളും നിറഞ്ഞ
സിനിമാലോകത്ത് തിലകനെ ആരാധിക്കുന്ന ഒരുപാട് പേരുണ്ട്. അത് മല
യാള സിനിമയിൽ തിലകന് പകരക്കാരനായി ആരുമില്ല എന്നതുകൊണ്ടുത
ന്നെയാണ്.

കിലുക്കത്തിലെ മുൻകോപിയായ ആ മനുഷ്യനെ നമുക്ക് മറക്കാൻ
കഴിയാത്തതുപോലെ, പെരുന്തച്ചനെ നമുക്ക് മറക്കാൻ കഴിയാത്തതുപോ
ലെ, മൂന്നാം പക്കത്തിലെ മുത്തച്ഛനെ നമുക്ക് മറക്കാൻ കഴിയാത്തതുപോ
ലെ, ഓർമ്മയുടെ ഖനിയിൽ എല്ലാ കാലത്തേക്കുമായി സൂക്ഷിച്ചുവെക്കാൻ
ഒരുപാട് കഥാപാത്രങ്ങൾ തിലകനെ കാത്തിരിക്കുന്നുണ്ട്. കാലം തിലകനെ
തിരിച്ചുവിളിക്കുന്നു. ഇനി അങ്ങനെ ഒരു തിലകൻ നമുക്കുണ്ടാകുമോ.!!!

# ഇടുക്കി

തൊടുപുഴയിൽ നിന്നും 12. കി.മീ അകലെയായി തൊമ്മൻകുത്ത് എന്നൊരു സ്ഥലമുണ്ടെന്നും, ഇടവിട്ടിടവിട്ടുള്ള 7 വെള്ളച്ചാട്ടങ്ങളാണ് ഈ സ്ഥലത്തിന്റെ പ്രധാന സവിശേഷത എന്നും കേട്ടപ്പോൾ അവിടെ പോകാതെ പറ്റില്ലെന്നായി അവൾ... അപകടം പിടിച്ചസ്ഥലമാണെന്നും, സുരക്ഷിതമല്ലെന്നും പറഞ്ഞ് പിൻതിരിപ്പിയ്ക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ, 'ശരി' എന്ന് സമ്മതം മൂളുമ്പോൾ മനസ്സിൽ നിഗൂഢമായൊരു ആനന്ദം വന്ന് നിറഞ്ഞു.

പട്ടാളക്കാരുടേതുപോലെ യൂണിഫോം ധരിച്ച സെക്യൂരിറ്റി ഞങ്ങളെ കുറെ പാറക്കൂട്ടങ്ങൾക്ക് മുന്നിൽ കൊണ്ട് ചെന്ന് നിർത്തിയിട്ട്, ദൂരെ ഒരു പാറയിടുക്കിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

"ദാ അവിടെ വരെ മാത്രം പോകാമ്പറ്റു... അവിടെ വെള്ളത്തിലെറങ്ങാം, കുളിയ്ക്കാം. എന്ത് വേണങ്കി ചെയ്യാം... അതിന്റെ അപ്പുറത്തേക്ക് പോകരുത്"

ഈ പാറക്കെട്ടും വെള്ളവും കാണാനാണോ വന്നത് എന്ന അർത്ഥത്തിൽ ഞാൻ അവളെയൊന്ന് നോക്കി. എന്നിട്ട്, ഷർട്ടഴിച്ച് പാറപ്പുറത്ത് വെച്ച് വെള്ളത്തിൽച്ചാടി. വസ്ത്രം നനയുമെന്ന് പറഞ്ഞ് അവൾ കരയ്ക്കു തന്നെ നിന്നു. ദാ 'അവിടെ' എന്ന് പറഞ്ഞ സ്ഥലത്തേക്കായിരുന്നു എന്റെ നോട്ടം. വിലക്കപ്പെട്ട കനി തിന്നാനുള്ള നിയന്ത്രണാതീതമായ ആഗ്രഹം...

കാട് എന്നെ വശീകരിയ്ക്കുകയായിരുന്നു. തമോഗർത്തം പോലെ, അവിടേയ്ക്ക് കടക്കുന്ന ഒന്നും തന്നെ തിരികെ വരില്ല എന്നപോലെ, ഞാൻ മുന്നോട്ട് പോയ്ക്കൊണ്ടേയിരുന്നു. കുത്തനെയുള്ള പാറക്കെട്ടുകളിൽപ്പിടിച്ച് മുകളിലേയ്ക്ക് കയറുമ്പോൾ ഞാൻ ഇടതടവില്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. വഴുക്കലുള്ള പാറകളിൽ ചവിട്ടി തെന്നി വീണിട്ടും, കാട്ടുവള്ളികളിലെ പിടിവിട്ട് മലക്കം മറിഞ്ഞിട്ടും പിൻവാങ്ങാൻ എനിക്ക് സാധിച്ചില്ല. കാരണം, ഞാൻ കാടിന്റെ മാന്ത്രിക വലയത്തിനകത്തായിക്കഴിഞ്ഞിരുന്നു.

പെട്ടെന്നാണ് പ്രകൃതി ഉഗ്രരൂപം പൂണ്ടത്. അന്തരീക്ഷം ഇരുണ്ട് ശക്തമായ കാറ്റ് വീശിത്തുടങ്ങി. അപരിചിതമായൊരു പ്രദേശത്ത് ചെന്ന് പെട്ട ഒരുവനെ നോക്കി പ്രകൃതി തന്റെ കൊമ്പൻ മീശ പിരിയ്ക്കുകയാണ്. ശക്തമായ മഴ. ശോഷിച്ചിരുന്ന വെള്ളച്ചാട്ടം ഉറഞ്ഞ് തുള്ളാൻ തുടങ്ങിയിട്ടും ഞാൻ പിൻതിരിഞ്ഞില്ല.

പിന്നിൽ നിന്നും അവളുടെ ശബ്ദം വിദൂരതയിൽ നിന്നെന്നപോലെ കേട്ടു തുടങ്ങി. ആ ശബ്ദത്തിൽ കരച്ചിലിന്റെ അംശം ഉണ്ടെന്ന് തോന്നിയപ്പോൾ ഞാൻ നിന്നു, എന്നിട്ട് പതുക്കെ വഴുക്കലുള്ള പാറകളിലൂടെ താഴേക്കിറങ്ങി... ചുവന്ന് വിളറിയ മുഖമായി അവൾ ഒച്ചയിട്ടു:

"നീ എന്നാ പരിപാടിയാ കാണിച്ചേ...? എന്നെ ഒറ്റയ്ക്ക് വിട്ടേച്ച് എങ്ങോട്ടാ പോയേ...? ഇതേ, കാടാ... കാട്... നിന്റെ കൊച്ച് കളിക്കൊള്ള സ്ഥലല്ല...



ഡിക്കൻസിന്റെ എഴുത്തു ജീവിതത്തിന്റെ മൂലധനം. അച്ഛന്റെ ചെറിയ ലൈബ്രറിയിലെ പുസ്തകങ്ങൾ ഡിക്കൻസ് പലവുരു വായിച്ചു തീർത്തു.

ഡാനിയൽ ഡീഫോയും, ഗോൾഡ് സ്മിത്തും ഫീൽഡിങ്ങുമെല്ലാം ഡിക്കൻസിന്റെ വായനവേളകളെ അടക്കിവാണു. 18-ാം നൂറ്റാണ്ടിലെ പ്രധാനപ്പെട്ട ഉപന്യാസ രചയിതാക്കളെയെല്ലാം ഡിക്കൻസ് വായിച്ചു. ആയിരത്തൊന്ന് രാവുകളും, ഗഞ്ചിയുടെ കഥകളും ആ ഭാവനലോകത്തെ ജീവസുള്ളതാക്കി. ഈ പുസ്തകങ്ങളുടെയെല്ലാം സ്വാധീനമാണ് അക്കാദമിക് വിദ്യാഭ്യാസത്തിന്റെ അഭാവത്തിലും അദ്ദേഹത്തെ ലോകമറിയുന്ന സാഹിത്യകാരനാക്കിയത്.

ചാൾസിന്റെ കുടുംബത്തിന്റെ കടംമൂലം ഒത്തിരി യാതനകൾ അദ്ദേഹത്തിനു സഹിക്കേണ്ടി വന്നു. ചാൾസ് ഒഴികെയുള്ള എല്ലാവരും ജയിലിലായി. അങ്ങനെയിരിക്കെ ചാൾസിന്റെ മുത്തശ്ശിയുടെ മരണത്തെത്തുടർന്ന് അവകാശമായികിട്ടിയ പണംകൊണ്ട് കടമെല്ലാം തീർന്നതോടെ വക്കീൽ ജോലിക്കായി അദ്ദേഹം ഇറങ്ങിത്തിരിച്ചു. വക്കീൽ ഓഫീസിലെ ജീവിതം തന്റെയുള്ളിലെ എഴുത്തുകാരന് ഒട്ടും നല്ലതല്ലെന്നു തോന്നിയപ്പോൾ ചാൾസ് പത്ര റിപ്പോർട്ടറായി. ട്യൂസൺ, മോണിങ് ക്രോണിക്കിൾ, മിറർ ഓഫ് പാർലമെന്റ് തുടങ്ങിയ പത്രങ്ങളിൽ ജോലി ചെയ്തു. 'ബോസ്' എന്ന തൂലിക നാമത്തിലെഴുതിയ 'സ്കെച്ചുകൾ' വലിയ തോതിൽ സ്വീകരിക്കപ്പെട്ടു. ലണ്ടൻ ജീവിതവുമായി ബന്ധപ്പെട്ട കഥകളായിരുന്നു ഇതിന്റെ ഉള്ളടക്കം. ഈ ജനപ്രീതികണ്ട് ഡിക്കൻസിനോട് നോവലെഴുതാൻ പ്രസാധകർ ആവശ്യപ്പെടുകയും ചെയ്തു. ആ നോവലാണ് 'പിക്‌വിക് പേപ്പേഴ്സ്'. ഇരുപതു മാസങ്ങളിലായി ആ നോവൽ പ്രസിദ്ധീകരിക്കപ്പെട്ടതോടെ പണവും പ്രശസ്തിയും ഡിക്കൻസിനെ തേടിയെത്താൻ തുടങ്ങി. പണവും പ്രശസ്തിയും കൈവന്നതോടെ ചാൾസ് കാതറിൻ ഹോഗാർസ് എന്ന യുവതിയെ വിവാഹം ചെയ്തു.

അദ്ദേഹത്തിന്റെ എഴുത്തു ജീവിതം, മാസികയിൽ പ്രസിദ്ധീകരിച്ച 'എ ഡിന്നർ അറ്റ് വോ പ്ലാർ വോക്ക്' ആണ് ഡിക്കൻസിന്റേതായി ആദ്യം പ്രസിദ്ധീകരിച്ച കഥ. എഴുത്ത് അദ്ദേഹത്തിന് ശ്വാസോച്ഛ്വാസം പോലെ അനിവാര്യമായ ഒന്നായി മാറി. സാമൂഹിക തിന്മകളും അരാജകത്വവും നടമാടിയ ഇംഗ്ലീഷ് സമൂഹത്തിന്റെ അധോലോകത്ത് 1837-ൽ ഒലിവറിനെ ഇറക്കിവിട്ടതിന്റെ ശേഷമുള്ള 'ടിസ്റ്റ്' ഇന്നും വായനയെ വിറപ്പിച്ചുകൊണ്ടിരിക്കുന്നു.

'മാസ്റ്റർ ഹംഫ്രീസ് ക്ലോക്ക്' എന്ന പേരിൽ വാരിക തുടങ്ങിയെങ്കിലും വൈകാതെ നിർത്തി. 'ക്രിസ്മസ് കരൾ' അടക്കമുള്ള ക്രിസ്മസ് പുസ്തകങ്ങളുടെ പരമ്പര നന്നായി സ്വീകരിക്കപ്പെട്ടു. 'ഹൗസ് ഹോൾഡ് വേഡ്സ്' എന്ന പേരിൽ തുടങ്ങിയ പ്രസിദ്ധീകരണം ഓൾ ഇയർ റൗണ്ടിൽ ലയിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകളെല്ലാം പ്രസിദ്ധീകരിച്ചത് ഈ പ്രസിദ്ധീകരണത്തിലാണ്.

1865 ജൂണിൽ ഒരു ട്രെയിനപകടത്തിൽ നിന്ന് ചാൾസ് ഡിക്കൻസ് അത്ഭുതകരമായി രക്ഷപ്പെടുകയുണ്ടായി. പാരീസിൽ നിന്ന് എലൻ ടെൾനാനൊപ്പം മടങ്ങുമ്പോൾ സ്റ്റേമ്പിലഞ്ച് ഹേസ്റ്റിൽ ട്രെയിൻ പാളം തെറ്റുകയായിരുന്നു. ഒരേയൊരു ഫസ്റ്റ് ക്ലാസ് കംപാർട്ട്മെന്റ് മാത്രമേ പാളം തെറ്റാതിരുന്നുള്ളൂ. ആ കംപാർട്ട്മെന്റിലാണ് ദൈവം ഇരുത്തിയതുപോലെ ഡിക്കൻസ് ഉണ്ടായിരുന്നത്. ഒട്ടേറെ കോച്ചുകൾ നദിയിലേക്കു വീണു. ഒട്ടേറെ പേർക്ക് ജീവൻ നഷ്ടപ്പെട്ടു. അപകടത്തിൽ പരിക്കേറ്റവരെ രക്ഷിക്കാനും ശുശ്രൂഷിക്കാനും ഡിക്കൻസ് മുന്നിൽ തന്നെയുണ്ടായിരുന്നു. ഈ രക്ഷാപ്രവർത്തനങ്ങളുടെ പേരിൽ പിന്നീട് റയിൽവേ കമ്പനി ഡിക്കൻസിന് ഉപഹാരം നൽകി ആദരിച്ചു.

ചാൾസ് ഡിക്കൻസിന്റെ സ്മരണയ്ക്കായുള്ള ചില മ്യൂസിയങ്ങൾ ലോകത്തിലുണ്ട്. ലണ്ടനിലെ ഹോൾബോണിലെ ഡിക്കൻസിന്റെ വീടുകളിൽ ഒന്നിൽ പ്രവർത്തിക്കുന്ന മ്യൂസിയമാണ് അവയിൽ പ്രധാനം. ഒലിവർ ടിസ്റ്റും, നിക്കോലാസ് നിൽക്കബിയും അടക്കമുള്ള പുസ്തകങ്ങൾ ഇവിടെവച്ചാണ് അദ്ദേഹം എഴുതിയത്. പോർട്സ്മത്തിലും, ഡേവിഡ് കോപ്പർ ഫിൽസിലും ഡിക്കൻസിന്റെ മ്യൂസിയങ്ങൾ ഉണ്ട്.

Pickwick papers, Oliver Twist, Nicholas Nickleby, The old Curiosity shop, Barnaby Rudge, The Life and Adventures of Martin Churrlevit -തുടങ്ങിയവ ഡിക്കൻസിന്റെ പ്രധാന രചനകളിൽപ്പെട്ടവയാണ്.

ആളുകളെ നിരീക്ഷിക്കുന്നതിൽ അസാമാന്യമായ പാടവമുണ്ടായിരുന്നു ഡിക്കൻസിന്. നഗരങ്ങളിലെയും നാട്ടിൻ പുറത്തെയും കാഴ്ചകൾകണ്ട്, ആളുകളുടെ വർത്തമാനങ്ങൾക്ക് കാതോർത്ത് അദ്ദേഹം നടന്നു. ഇങ്ങനെ കിട്ടിയ അനുഭവങ്ങളാണ് അദ്ദേഹം കടലാസിലേക്ക് പകർത്തിയത്. അത് വായിച്ചവർക്ക് അത് സ്വന്തം ജീവിതത്തോടടുത്തു നിൽക്കുന്നതായും തോന്നി.



# അരങ്ങൊഴിയുമ്പോൾ

**ദിവ്യ കൃഷ്ണ**
മൂന്നാംവർഷ മനശാസ്ത്ര ബിരുദം

1935-ൽ ജനിച്ച സുരേന്ദ്രനാഥ തിലകൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ നാടക ജീവിതത്തിൽ സജീവമായിരുന്നു. മുണ്ടക്കയം നാടകസമിതി, കെ. പി.എ.സി, കാളിദാസ കലാകേന്ദ്രം, ചങ്ങനാശ്ശേരി ഗീഥാ തുടങ്ങി സ്വന്തം നേതൃത്വത്തിലുള്ള ചാലക്കുടി സാരഥി വരെയുള്ള നിരവധി പ്രശസ്തമായ നാടക സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ട്ടാണ് തിലകന്റെ അഭിനയ ജീവിതം ആരംഭിക്കുന്നത്. അഭിനയ ശൈലിയിൽ പി.ജെ. ആന്റണി ആണ് തിലകന്റെ ഗുരു. റേഡിയോ നാടകത്തിലെ പ്രവർത്തന പരിചയം തിലകന് വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. ആഹാര്യവും ശരീരഭാഷയും പോലെതന്നെ ശബ്ദത്തെ ഇത്ര സൂക്ഷ്മമായ രീതിയിൽ ഉപയോഗിക്കുന്ന തിലകന്റെ മിടുക്ക് അപാരമാണ്.

നാടകരംഗത്തുനിന്ന് സിനിമയിലേക്കുവന്നത് കെ.ജി. ജോർജ് വഴിയാണ്. ഗന്ധർവക്ഷേത്രം, പെരിയാർ തുടങ്ങിയ ചിത്രങ്ങൾക്ക് ശേഷമാണ് കെ.ജി. ജോർജിന്റെ ഉൾക്കടൽ എന്ന ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടത്. കോലങ്ങളിലെ കാളവർക്കി, യവനികയിലെ വക്കച്ചൻ, ലേഖയുടെ മരണം ഒരു ഫ്ളാഷ്ബാക്കിലെ പി.ആർ.ഒ. ഇവരെല്ലാം ജോർജ് ചിത്രങ്ങളുടെ വൈകാരിക ഭൂമികയിലെ പുരുഷ പ്രതിനിധികളാണ്. നമുക്കു പാർക്കാൻ മുന്തിരിതോപ്പുകളിലെ സോഫിയയുടെ രണ്ടാനച്ഛനായും, മൂന്നാം പക്കത്തിൽ പേരക്കുട്ടിയെ ദാരുണമായ രീതിയിൽ നഷ്ട



കുഞ്ഞിനെയും എടുത്തുകൊണ്ട് ചുണ്ടുകൾ ഇറുക്കിപിടിച്ച് മുഖത്ത് ക്ഷീണിത ഭാവവുമായി, കയ്യിൽ അനുസരിക്കാത്തൊരു ബാഗുമേന്തി ഒരു സ്ത്രീ ബസ്സിനകത്തേക്ക് ഓടി കയറി. സ്ത്രീ മുകളിലെ കമ്പിയിൽ കൈ ഉറപ്പിച്ചു. എഴുന്നേൽക്കാൻ ആഞ്ഞതും ആ സ്ത്രീ എന്നോട് പറഞ്ഞു "കുട്ടിയെ മടിയിൽ ഇരുത്തിയാൽ മതി എഴുന്നേൽക്കണ്ട" ഞാൻ 'തരൂ' എന്ന ഭാവത്തിൽ തലയാട്ടികൊണ്ട് കുട്ടിയെ മടിയിൽ ഇരുത്തി. എന്താണെന്നറിയില്ല കുട്ടിയെന്റെ മടിയിൽ ഇരുന്നപ്പോൾ എന്റെ മനസ്സ് എണ്ണത്തിലേറെ ഇടിക്കുന്നതായി തോന്നി. അവളുടെ മുടിയിൽ നിന്നും വന്ന ജോൺസൺ ബേബി സോപ്പിന്റെ മണം എന്റെ അനിയത്തി സൂസിയെ ഓർമ്മിപ്പിച്ചു. എന്റെ അമ്മ മേരി അച്ചാറു കമ്പനിയിൽ പണിക്കു പോകുമ്പോൾ 11 മാസം പ്രായമുള്ള സൂസിയെ കളിപ്പിക്കുന്നതും, ആഹാരം കൊടുക്കുന്നതും ഉറക്കുന്നതുമെല്ലാം എന്റെ ജോലിയായിരുന്നു. അമ്മ പാലു കാച്ചി കുപ്പിയിൽ വച്ചിട്ടുണ്ടാവും അവളെ അത് കുടിപ്പിക്കാൻ ഞാൻ പണി പതിനെട്ടും ശ്രമിക്കും. അവസാനം അമ്മയുടെ പഴയസാരി വെറുതേ ഒന്ന് ചുറ്റി സാരി തല തോളിന്റെ പിന്നിൽ നിന്ന് വലിച്ചെടുത്ത് അരയിൽ തിരുകി വച്ച്, പാൽക്കുപ്പിയുമായി അവളുടെ അടുത്തു ചെന്ന് കൊടുക്കും. അങ്ങനെ അമ്മയെ കാണണം എന്നവൾ ചിണുങ്ങി കരയുമ്പോൾ തത്സമയം സാരി വാരിയെടുത്ത് അമ്മയായും പിന്നീട് ചേച്ചിയായും അവൾക്കു മുന്നിൽ ഒരുപാട് വേഷം കെട്ടിയിട്ടുണ്ട്. ഇപ്പോൾ ഒരൊറ്റ വേഷം മാത്രമേ ചേരൂ. ചേരാൻ പാടുള്ളൂ.

പാതിയടഞ്ഞ കുട്ടിയുടെ കൈതടത്തിനുള്ളിലേക്ക് എന്റെ വിരലുകൾ എത്തി നോക്കിയതും, അവളതിൽ മുറുക്കി പിടിച്ചുകൊണ്ട് എന്നെ നിഷ്കളങ്കമായി നോക്കി. എന്റെ നെഞ്ചിടിപ്പിന്റെ ആക്കം കൂടി. എന്റെ നടുവിന്റെ മധ്യപാളിയിലൂടെ താഴോട്ടൊഴുകുന്ന വിയർപ്പുതുള്ളികൾ ഒരു പശയായി രൂപാന്തരം പ്രാപിച്ചു. നെറ്റിയിലേയും, മൂക്കിന്റെ താഴെയും കുത്തി നിൽക്കുന്ന വിയർപ്പു തുള്ളികൾ അവളുടെ നോട്ടത്തെ ഉറ്റുനോക്കുകയായിരുന്നു.

എന്റെ മനസ്സിൽ പതഞ്ഞുപൊങ്ങുന്ന ഈ വികാരം ഇതിനു മുമ്പ്, വളരെ കാലം മുമ്പ് കീറിപ്പറിഞ്ഞ സാരി വലിച്ചുടുത്ത് സൂസിയ്ക്ക് മുന്നിൽ പ്രച്ഛന്നവേഷം ആടുമ്പോൾ ഞാനറിഞ്ഞിട്ടുണ്ട്. എന്റെ കണ്ണുകളിൽ മൂടപ്പെട്ട ഈ തിരിച്ചറിവിന്റെ സുഖം നേരിയ മങ്ങലോടെ മാത്രമാണ് അവളെ എനിക്ക് കാട്ടി തന്നത്. ഇറങ്ങുന്നതിനുമുമ്പ് അവളെ ഒന്ന് മാറോട് ചേർക്കാൻ ശ്രമിച്ചതും എന്നെ ബലമായി ഇറുക്കിപ്പിടിച്ച അവളുടെ കുഞ്ഞി വിരലുകൾ അഴിയുന്നതായി എനിക്കി തോന്നി. തൽക്ഷണം അവളെ ഉയർത്തിയെടുക്കാൻ ശ്രമിച്ച കൈകളെ തടയാനുതകുന്ന എന്റെ ഭ്രാന്തമായ മനസ്സിനെ യാഥാർത്ഥ്യത്തിലേക്ക് തിരികെ കൊണ്ടുവരാൻ അവളുടെ ഉടുപ്പിൽ കുടുങ്ങിപ്പോയ എന്റെ കഴുത്തിലെ വലിയ കുരിശുമാലയ്ക്ക് കഴിഞ്ഞു. ഇപ്പോൾ എനിക്ക് മനസ്സിലായി നഷ്ടപ്പെട്ട സ്വപ്നലോകത്തേക്ക് വഴുതി വീഴുന്ന ഞങ്ങളെ പോലുള്ളവരെ തിരിച്ചു കൊണ്ടുവരാനായി ദൈവം അറിഞ്ഞ് കഴുത്തിലണിഞ്ഞ് തന്നതാണ് പവിത്രമായ ഈ 'വെള്ളികുരിശുമാല'

മാപ്പ്...



# ചാൾസ് ഡിക്കൻസ്

**അർച്ചന ജി നായർ**
ഒന്നാംവർഷ മലയാള ബിരുദം

വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും ജനപ്രീതിയുള്ള എഴുത്തുകാരൻ അതാണ് ചാൾസ് ഡിക്കൻസ്. ഗ്രന്ഥശാലകളിൽ പൊടിപിടിച്ചിരിക്കുന്ന പഴഞ്ചൻ പുസ്തകങ്ങളല്ല ഡിക്കൻസിന്റെ നോവലുകൾ. വായനക്കാരുടെ ഹൃദയങ്ങളിൽ അവ ഇന്നും ജീവിക്കുന്നു.

1836-ൽ ആദ്യ നോവൽ പ്രസിദ്ധീകരിച്ചതു മുതൽ ഡിക്കൻസിന് എല്ലാത്തരം വായനക്കാരേയും ആകർഷിക്കാൻ കഴിഞ്ഞു. അക്കാലത്ത് ജീവിച്ചിരുന്ന രാഷ്ട്രീയക്കാരും എഴുത്തുകാരും തത്വചിന്തകന്മാരുമൊക്കെ ഡിക്കൻസിന്റെ നോവലുകളെ ഇഷ്ടപ്പെട്ടു. എന്തിനേറെ, വിക്ടോറിയ രാജ്ഞിപോലും ഡിക്കൻസ് നോവലുകളുടെ ആരാധികയായിരുന്നു. പക്ഷേ ചാൾസ് ഡിക്കൻസിനെ ലോകമറിയുന്ന ഡിക്കൻസാക്കി മാറ്റിയത് തൊഴിലാളികളും കച്ചവടക്കാരും ഉൾപ്പെടുന്ന സാധാരണക്കാരാണ്. അവർ ഡിക്കൻസിന്റെ നോവലുകൾ ശ്വാസമടക്കിപ്പിടിച്ച് വായിച്ചു തീർത്തു.

1812 ഫെബ്രുവരി 7-ന് ഇംഗ്ലണ്ടിലെ പോർത്ത്സ്മിത്തിനടുത്തുള്ള ലാൻസ്പോർട്ട് എന്ന സ്ഥലത്താണ് ചാൾ ഹഫാം ഡിക്കൻസ് എന്ന ചാൾസ് ഡിക്കൻസ് ജനിച്ചത്. അച്ഛൻ ജോൺ ഡിക്കൻസ്, അമ്മ എലിസബത്ത് ബാരോ. വിദ്യാഭ്യാസം മുടങ്ങിയിട്ടും നിരന്തരമായി നടത്തിയ വായനയാണ്

കാലത്ത് നിൽക്കുമ്പോൾ എത്ര ചെറുതായാലും എല്ലാ ഭാഷകളും സംസ്കാരങ്ങളും വികാരങ്ങളും മാനിക്കപ്പെടേണ്ടതു തന്നെയാണ് എന്നല്ലേ പറയേണ്ടത്; അതു മറ്റൊരു ഭാഷയേയോ സംസ്കാരത്തേയോ വികാരത്തേയോ ഹനിക്കാത്തിടത്തോളം കാലം. ഏകധ്രുവ ലോകത്തിനു ബദലായി ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള ബഹുധ്രുവലോകം ബഹുഭാഷാലോകം കൂടിയാണ് എന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. വിപണിയുടെ തന്ത്രങ്ങളിൽ ഒരുപക്ഷേ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഏകഭാഷാ സങ്കല്പം. അന്യഭാഷയെ, സംസ്കാരത്തെ, മനുഷ്യരെ പരിഗണിക്കാതിരിക്കുന്നത് തീർച്ചയായും പുരോഗതിയുടെ ലക്ഷണമല്ല. ഒരാൾക്ക് ഏറ്റവും സുഖപ്രദമായ ഭാഷയിൽ ജീവിക്കുവാൻ അയാൾക്ക് അവസരവും സ്വാതന്ത്ര്യവും അവകാശവും നൽകുക എന്നതാണ പുരോഗമന ചിന്തയുടെ ലക്ഷണം. മറിച്ച് അധിനിവേശത്തിന്റെ, അധികാരത്തിന്റെ, അടിച്ചേൽപ്പിക്കലിന്റെ രീതി മാനുഷികമല്ല എന്നതാണ് വാസ്തവം.

കേരളത്തെ സംബന്ധിച്ചിടത്തോളം അതിന് മുന്നേറാനുള്ള ഭാഷ മലയാളം തന്നെയാണ്. വിദ്യാഭ്യാസം, ഭരണം, കോടതി, വിജ്ഞാനോല്പാദം എന്നീ മേഖലകളിൽ മലയാളഭാഷയെ ഉപയോഗിക്കാൻ കഴിഞ്ഞാലേ സാമൂഹിക വികസനത്തിന്റെ സന്തുലിതാവസ്ഥ നമുക്ക് ഉറപ്പാക്കാനാകൂ. മേൽപ്പറഞ്ഞ മേഖലകളിൽ ഉപയോഗിക്കാൻ മലയാളം അപര്യാപ്തമാണ് എന്നു കരുതുന്നവരാണ് ഭൂരിഭാഗം മലയാളികളും. പദസമ്പത്തില്ല, സാങ്കേതിക നാമങ്ങളില്ല തുടങ്ങിയ മുടന്തൻ ന്യായങ്ങൾ അതിനായി പറയാനും നമുക്കു മടിയില്ല. ചെല്ലുന്ന നാട്ടിൽ നിന്നും സമ്പർക്കത്തിലാകുന്ന ഭാഷയിൽ നിന്നും യാതൊരു മടിയും കൂടാതെ ആശയങ്ങളെയും പദങ്ങളെയും സ്വീകരിക്കുന്ന ഇംഗ്ലീഷിനെ ഇക്കാര്യത്തിൽ നാം മാതൃകയാക്കേണ്ടതാണ്. അങ്ങനെ പ്രവർത്തിച്ചതുകൊണ്ടുകൂടിയാണ് ഇംഗ്ലീഷ് ഇത്ര വികസിച്ചത്. 75 ലക്ഷം ജനങ്ങൾ മാത്രമുള്ള കാറ്റലോണിയ എന്ന ചെറിയ സംസ്ഥാനത്ത് (സ്പെയിൻ) അവരുടെ മാതൃഭാഷയായ കേറ്റലൻ ഔദ്യോഗിക ഭാഷയായി അംഗീകരിപ്പിച്ച് എല്ലാ മേഖലകളിലും കേറ്റലൻ ഭാഷ ഉപയോഗിച്ച് നേട്ടം കൊയ്തതിന്റെ/കൊയ്യുന്നതിന്റെ ചരിത്രം 'മലയാളത്തിന്റെ ഭാവി' എന്ന കൃതിയിൽ കെ. സേതുരാമൻ വിവരിക്കുന്നുണ്ട്. (2011, പുറം, 291-9, മാതൃഭൂമി ബുക്സ്, കോഴിക്കോട്). പ്രൊഫഷണൽ വിദ്യാഭ്യാസരംഗമടക്കം ഉന്നത വിദ്യാഭ്യാസരംഗത്ത് എല്ലായിടത്തും ഭരണരംഗത്തും കമ്പ്യൂട്ടർ രംഗത്തും കേറ്റലൻ ഭാഷയിലൂടെ അവർ ഉണ്ടാക്കിയ നേട്ടം വാസ്തവത്തിൽ മലയാളികളായ നമ്മളെ ലജ്ജിപ്പിക്കേണ്ടതാണ്. കേറ്റലൻ ഭാഷയിൽ വിദ്യാഭ്യാസം നൽകുന്ന അവിടുത്തെ സർവ്വകലാശാലകളുടെ റാങ്ക് ഇംഗ്ലീഷിൽ വിദ്യാഭ്യാസം നൽകുന്ന മികച്ച (?) ഇന്ത്യൻ സർവ്വകലാശാലകളെക്കാൾ മുകളിലാണ് എന്നു കാണാം.

ആർക്ക് പാദസേവ ചെയ്യാൻ വേണ്ടിയാണ് നാമിന്നും നമ്മുടെ മാതൃഭാഷയെ അകറ്റി നിർത്തുന്നത് എന്നത് ഗൗരവപൂർവ്വം ആലോചിച്ചു നോക്കേണ്ടതു തന്നെയാണ്. 1947-ൽ ഇന്ത്യ വിട്ടുപോയി എന്നുപറയുന്ന സാമ്രാജ്യത്വ യജമാനന്മാരോടുള്ള ഭക്തിയും കൂറും നമ്മുടെ മനസ്സുകളിൽ നിന്നും ഇനിയും വിട്ടുപോയിട്ടില്ല എന്നതാണ് വാസ്തവം. മാവേലി സ്റ്റോറിൽ കിട്ടുന്ന ബില്ലുപോലും ഇംഗ്ലീഷിലാവുന്നതിന്റെ രാഷ്ട്രീയം അങ്ങനെയാണ് നമ്മൾ തിരിച്ചറിയേണ്ടത്. മലയാളത്തിന് കരുത്തും പ്രാപ്തിയുമില്ല എന്ന് ആക്ഷേപിക്കുന്നവർ മലയാളം ഒരിക്കലും കരുത്തും പ്രാപ്തിയും നേടരുത് എന്ന് ആഗ്രഹിക്കുന്നവർ കൂടിയാണ്. ചിറകു മുളക്കുമ്പോൾ കുഞ്ഞിനെ പറക്കാൻ അനുവദിക്കാതെ സ്വന്തം ചിറകിനു കീഴിൽ മറച്ചുപിടിക്കുന്ന തള്ള പക്ഷിയെപ്പോലെ മൗഢ്യം പ്രവർത്തിക്കുന്നവരായി ത്തീരരുത് നാം. തട്ടിയും തടഞ്ഞും വീണും മുറിഞ്ഞും എഴുന്നേറ്റും ആണ് കിളിക്കുഞ്ഞ് പറക്കാൻ പഠിക്കുന്നത്. അല്ലാതെ, ഒരു സുപ്രഭാതത്തിൽ പറന്ന് പോകുകയല്ല ചെയ്യുന്നത്. ചിറകിനടിയിൽ ചേർത്തുനിർത്തിയ കിളിക്കുഞ്ഞിനെ കാട്ടുപൂച്ച വരുമ്പോൾ തള്ളപക്ഷി എന്തുചെയ്യും എന്നു കൂടി നാം ആലോചിക്കേണ്ടതുണ്ട്. കാട്ടുപൂച്ചയുടെ വായിലകപ്പെട്ടുപോകുന്ന കിളിക്കുഞ്ഞിന്റെ ദയനീയ അവസ്ഥയായിരിക്കും മലയാളത്തിനും ഉണ്ടാവുക. മലയാളിയുടെ വിവിധങ്ങളായ ജീവിതമേഖലകളിൽ വിഹരിക്കാൻ മലയാളത്തെ തുറന്നുവിടുക. ഇത്രകാലം ചടഞ്ഞുകൂടിയതിന്റെ അരിഷ്ടതകൾ അന്നുണ്ടായേക്കാം, എങ്കിലും അനന്തവിഹായസ്സിൽ തലയുയർത്തിപ്പിടിച്ചു പറക്കാൻ മലയാളത്തിനു കഴിയുക തന്നെ ചെയ്യും. നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രകൃതി രചിക്കുവാനും (ഭാഷാ കൗടലീയ – 'അർത്ഥശാസ്ത്ര' ത്തിന്റെ വിവർത്തനം) ഗണിതശാസ്ത്ര കൃതി രചിക്കുവാനും (യുക്തിഭാഷ) കരുത്തും പ്രാപ്തിയും ഉണ്ടായിരുന്ന ഭാഷയാണ് മലയാളം എന്നത് നാം മറന്നുകൂടാ. ഭാഷോപയോഗത്തിന്റെ കാര്യത്തിൽ നമ്മൾ ധീരമായ നിലപാടുകൾ സ്വീകരിച്ചേ മതിയാകൂ. നമ്മൾ എത്ര ധൈര്യം പ്രകടിപ്പിക്കുന്നുവോ അത്ര ധൈര്യമുണ്ടാകും നമ്മുടെ ഭാഷയ്ക്കും; അത്രയേ ഉണ്ടാകൂ...

# നിന്നിലേക്ക്...

സ്ലിയ ശിവൻ
മൂന്നാംവർഷ സസ്യശാസ്ത്ര ബിരുദം



"Excuse me, സാർ, ആ ഷട്ടർ ഒന്നടക്കോ?" മുഖത്ത് വന്നു വീണ മുടി ചെവിയുടെ പിന്നിലേക്ക് ഒളിപ്പിച്ചു വെച്ചുകൊണ്ടുള്ള ആ ചോദ്യം കേട്ട ഞാൻ അറിയാതെ തന്നെ എന്റെ കൈകൾ ഉയർത്തി. ഷട്ടർ വന്നു വീഴുമ്പോൾ, യാത്രാ ദൃശ്യങ്ങളെ ഒരുപാട് ഇഷ്ടപ്പെടുന്ന എന്റെ കണ്ണുകൾ ഇറുക്കി എന്നോട് പരിഭവിച്ചു. അല്ലെങ്കിലും എന്റെ കണ്ണുകൾക്ക് എപ്പോഴും എന്നോട് പരിഭവമാണ്. അവളിൽ ചായം തേക്കാനോ, അവളുടെ പീലികൾ അഴകോടെ വിടർത്തി ഒതുക്കാനോ ഞാൻ ശ്രമിക്കാറില്ല. അതുകൊണ്ട് തന്നെ ആരും ശ്രദ്ധിക്കാറില്ല എന്ന് മനസ്സിനോട് എപ്പോഴും അടക്കം പറച്ചിലാ. അവളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല ശീലിപ്പിച്ചിട്ട് പെട്ടെന്നൊരു ദിവസം മുതൽ വേണ്ടാന്ന് വച്ചാ ആരാ സഹിക്ക്യാ.

തൊട്ടരികത്ത് ഇരുന്നിട്ടും ഒരിക്കൽ കൂടി ചോദ്യകർത്താവിന്റെ സൗന്ദര്യമൊന്നാസ്വദിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഏതോ ഒരു ചൂടു പിടിച്ച വിഷയത്തിന്റെ പ്രതികരണ ശൈലിയാർന്ന വാക്കുകൾ അനുവാദമില്ലാതെ എന്റെ ചെവിയിലേക്ക് തുളച്ചുകയറിയപ്പോൾ ഞാൻ ഓർത്തു ഷട്ടർ അടയ്ക്കണ്ടായിരുന്നെന്ന്. ഇപ്പോൾ മനസ്സ് തികച്ചും അസ്വസ്ഥതമാണ്. കണ്ണുകൾ മനസ്സിനോട് അടക്കം പറയാൻ തുടങ്ങി കഴിഞ്ഞപ്പോൾ ഞാൻ പതുക്കെ ഷട്ടർ ഒന്നു പൊക്കി - തട്ടാംപ്പടിയിലെ രവി സ്റ്റോർസിന്റെ ഗ്ലാസിട്ട ചുവരുകൾ. ഇനിയും 30 മിനിറ്റ് ഈ ഏകാന്തമനസ്സുമായി മുന്നേറണം. അലക്ഷ്യമായ എന്റെ കണ്ണുകൾ എങ്ങോട്ടെന്നില്ലാതെ ചലിച്ചുകൊണ്ടിരുന്നു.

ഈ കണ്ണുകൾ ചെന്നെത്തപ്പെട്ടത് മധ്യവയസ്കനായ ഒരാളിലായിരുന്നു. അയാളുടെ വലതുകൈ മുകളിലെ കമ്പിയിൽ ബലമായി ഉറപ്പിച്ച് ഇടതുകൈ തന്റെ മാറത്തേക്ക് ആഞ്ഞു നിൽക്കുന്ന ഒരു സ്ത്രീയുടെ പുറംഭാഗം ആവരണം ചെയ്യത്തക്ക രീതിയിൽ ഒരു കമ്പിയിൽ പിടിച്ചിരിക്കുന്നു. ഒരു പക്ഷി വളരെ സുരക്ഷിതത്വത്തോടെ അവളുടെ കൂട്ടിലിരിക്കുന്നതു പോലെയുള്ള ആ ചേച്ചിയുടെ ഭാവം, വീണ്ടും വീണ്ടും അവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കാൻ എന്നെ പ്രേരിപ്പിച്ചു. ഇത് തെറ്റാണെന്നറിയാം പക്ഷേ എല്ലാത്തിനുമുപരി, ഞാനും ഒരു പെണ്ണല്ലേ!

ഈയൊരുതരം ആശ്വാസത്തോടെ എന്റെ കണ്ണുകൾ അവിടെ നിന്ന് പിൻവാങ്ങി എന്നിലേക്ക് തന്നെ വന്നു വീണു. വീണ്ടും ഞാൻ ഷട്ടറൊന്നു തുറന്നു നോക്കി ഇപ്പോൾ സെറ്റിൽമെന്റിലെ റബ്ബർ തോട്ടങ്ങൾ എന്നെ നോക്കി തലയാട്ടി. ഇനിയും ഏതാനും നിമിഷങ്ങൾ മാത്രം എന്നാശ്വസിച്ചുകൊണ്ട് ദീർഘനിശ്വാസത്തോടെ കണ്ണുകൾ പതുക്കെ ഒന്നടച്ചു. നീങ്ങി കൊണ്ടിരുന്ന ബസ് പെട്ടെന്നൊരു നിമിഷം നിശ്ചലമായപ്പോൾ ആകാംക്ഷപൂർവ്വം ഞാൻ ഷട്ടർ തുറന്നു. 9 മാസം പ്രായം തോന്നിക്കുന്ന ഒരു

# ഭാഷയും ജീവിതവും

**വി.പി. മാർക്കോസ്**
മലയാള വിഭാഗം

ഭാഷയില്ലാത്ത ഒരു ലോകത്തെക്കുറിച്ച് സങ്കല്പിക്കാൻ പോലും നമുക്കാവില്ല. എന്നാൽ ഭാഷയുടെ മൂല്യത്തെ നമ്മൾ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. 'എന്താണ് ഭാഷ' എന്ന ചോദ്യത്തിന് 'ആശയവിനിയമത്തിനുള്ള ഉപാധി' എന്ന ഉത്തരം തന്നെയാണല്ലോ നമ്മൾ ഇന്നും നൽകുന്നത്. ഈ ഉത്തരത്തിനപ്പുറത്തേക്ക് പോകാൻ നമ്മൾ ശ്രമിക്കുന്നില്ല. അല്ലെങ്കിൽ അങ്ങനെ പോകേണ്ടതിന്റെ ആവശ്യമുണ്ടെന്ന് നമ്മൾ കരുതുന്നില്ല. അവിടെയാണ് മേൽപ്പറഞ്ഞ സംശയം നിലനിൽക്കുന്നത്. ആശയവിനിമയത്തിനുള്ള ഉപകരണമായി ഭാഷയെ മനസ്സിലാക്കുമ്പോൾ വാസ്തവത്തിൽ ഭാഷയുടെ മൂല്യത്തെ കുറച്ചു കാണുകയാണ് നമ്മൾ.

'ഹിസ് ഹൈനസ് അബ്ദുള്ള' എന്ന സിനിമയിൽ മാമുക്കോയ അവതരിപ്പിക്കുന്ന മുസ്ലീം കഥാപാത്രത്തിന്റെ പ്രസിദ്ധമായ സംഭാഷണമാണ് 'മാണ്ടാ' എന്നത്. നമ്പൂതിരി ഇല്ലത്തെ നായർ കാര്യസ്ഥനായി വേഷം കെട്ടുന്ന മാമുക്കോയയുടെ കഥാപാത്രം 'മാണ്ടാ' എന്നു പറയാൻ പാടില്ല എന്നറിയാവുന്ന നായകൻ ഉടൻ അത് തിരുത്തുന്നുണ്ട്. 'മാണ്ടാ' എന്ന് പറഞ്ഞാൽ കേൾവിക്കാരന് അർത്ഥം മനസ്സിലാവില്ല എന്നു വെച്ചിട്ടാണോ അത് 'വേണ്ട' എന്ന് തിരുത്തുന്നത്. നേരത്തേ കണ്ടതുപോലെ ആശയവിനിമയമായിരുന്നു ഭാഷയുടെ ഉദ്ദേശ്യമെങ്കിൽ 'മാണ്ടാ' എന്നു പറഞ്ഞാലും മതിയായിരുന്നു. പിന്നെന്തുകൊണ്ട് അങ്ങനെ പറയുന്നില്ല? ഒരു നമ്പൂതിരി ഇല്ലത്തെ നായർ കാര്യസ്ഥൻ ഒരിക്കലും അങ്ങനെ പറയില്ല. മാത്രവുമല്ല ആ സംഭാഷണം മാമുക്കോയയുടെ കഥാപാത്രം ഒരു മലപ്പുറം മലബാർ മുസ്ലീമാണെന്ന് വെളിവാക്കുകയും ചെയ്യും. ഒരു വാക്ക് ഉച്ചരിക്കുമ്പോഴേക്കും എന്തെല്ലാം കാര്യങ്ങളാണ് വെളിപ്പെട്ടുവരുന്നത്.

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ പാത്തുമ്മയുടെ ആട് എന്ന കൃതിയിൽ നിന്നുള്ള ഒരു ഭാഗം ശ്രദ്ധിക്കുക : "അബ്ദുൾഖാദർ ഒരു സ്കൂൾ മാസ്റ്ററായിരുന്നു; വലിയ വ്യാകരണക്കാരനും. പണ്ടൊരിക്കൽ ഇവൻ ഉമ്മയോടു പറഞ്ഞു: 'മാതാവേ കുറച്ചു ശുദ്ധജലം തന്നാലും'. അന്ന് ഉമ്മാ ചോറുവിളമ്പുന്ന വലിയ തവികൊണ്ട് തല്ലി. ബാപ്പ അവനെ ആശ്വസിപ്പിച്ചു: "നീ അങ്ങനെ പറഞ്ഞാമതിയെടാ. നീ എന്നെ എന്തെന്നു വിളിക്കും "പിതാവെന്ന്" അതു കേട്ടപ്പോൾ തവികൊണ്ട് ഉമ്മാ ഒന്നുകൂടി കൊടുത്തു. പിന്നെ അവൻ ഉമ്മായെന്നും ബാപ്പായെന്നുമേ വിളിച്ചിരുന്നുള്ളു." (ബഷീർ സമ്പൂർണ്ണ കൃതികൾ വാല്യം-1; 1997 പുറം; 952, ഡി.സി. ബുക്സ്, കോട്ടയം) ഇവിടെ മലയാളികൾക്ക് മനസ്സിലാകാത്ത ഒരു വാക്കു പോലും അബ്ദുൾഖാദർ പറഞ്ഞിട്ടില്ല. എന്നിട്ടും ആവശ്യപ്പെട്ട വെള്ളത്തിനുപകരം കിട്ടിയത് അടിയാണ്. ആശയവിനിമയം എന്ന ലക്ഷ്യം നിറവേറ്റലാണ് ഭാഷകൊണ്ട് സാധിക്കുന്നതെങ്കിൽ അബ്ദുൽഖാദറിന് വെള്ളം കിട്ടുമായിരുന്നു. അവനവനെ മറച്ച് മറ്റൊന്നായി മാറാൻ അബ്ദുൾഖാദർ ശ്രമിച്ചതുകൊണ്ടാണ് ഉമ്മ അയാളെ അടിക്കുന്നത്. ഉമ്മയുടെ മുമ്പിൽ പൊങ്ങച്ചം കാണിക്കേണ്ട എന്നാണ് ആ അടിയുടെ അർത്ഥം. ഭാഷകൊണ്ട് സൃഷ്ടിക്കാൻ ശ്രമിച്ച വ്യാജപരിവേഷമാണ് ഉമ്മ അടിച്ചുടക്കുന്നത്. 'ഉമ്മാക്കിത്തിരി വെള്ളം താ" എന്നായിരുന്നു പറഞ്ഞിരുന്നതെങ്കിൽ ഉടൻതന്നെ സ്നേഹപുരസ്സരം വെള്ളം കിട്ടുമായിരുന്നു. ഭാഷ ബന്ധങ്ങളെ നിർണ്ണയിക്കുന്നു എന്നുകൂടിയാണ് അതിനർത്ഥം. "എന്തരപ്പീ സുകങ്ങള് തന്നേ?" എന്ന ഭാഷണം കേൾക്കുമ്പോൾ അതിന്റെ അർത്ഥം ഗ്രഹിക്കുന്നതിനു മുന്നേതന്നെ ഭാഷകന്റെ/ഭാഷയുടെ ദേശം നമുക്ക് വെളിവായി കിട്ടുന്നു.

ഭാഷകൊണ്ട് വെളിവാകുന്നത് അതിലെ ആശയം മാത്രമല്ല; പറയുന്ന ആളിന്റെ ദേശം, ജാതി, മതം, വിദ്യാഭ്യാസം, തൊഴിൽ, ലിംഗം, പ്രായം എന്നതെല്ലാമാണ്. പറയുന്ന സന്ദർഭവും ഭാഷകർ തമ്മിലുള്ള ബന്ധവും ഒക്കെ ഭാഷയിലൂടെ വെളിപ്പെട്ടു വരും. ഭാഷയുടെ ഈ സ്വഭാവത്തെ അടിസ്ഥാനമാക്കി കുറ്റാന്വേഷണ ഭാഷാ ശാസ്ത്രം (ഫോറൻസിക് ലിംഗ്വിസ്റ്റിക്) എന്നൊരു ഭാഷാശാസ്ത്രശാഖ തന്നെ വികസിച്ചുവന്നിട്ടുണ്ട്. കുറ്റവാളികൾ നടത്തുന്ന ഭാഷാ പ്രയോജനങ്ങളിൽനിന്നും അവരുടെ അടയാളങ്ങളിലേക്ക് പോകുന്ന രീതിയാണ് ഇതി

ലുള്ളത്. നമ്മുടെ നാട്ടിൽ നടക്കുന്ന കവർച്ചകളെക്കുറിച്ചുള്ള വാർത്തകളിൽ കവർച്ചക്കാരുടെ മൊഴികൾ അവരെ തിരിച്ചറിയാൻ സഹായിച്ചിട്ടുള്ളതായി പറഞ്ഞിട്ടുള്ളത് ഓർക്കേണ്ടതാണ്.

ഭാഷ എന്നത് ഒരു ഉപകരണമല്ല; ഉപയോഗിക്കുന്നവരുടെ സ്വത്വത്തിന്റെ അടയാളമാണ്. മനുഷ്യനെ രൂപപ്പെടുത്തുന്നതിൽ ഭാഷ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. മറ്റുള്ളവരെ പരിഗണിക്കാനുള്ള സാധ്യത ജീവി വർഗ്ഗങ്ങളിൽ മനുഷ്യനു മാത്രമേയുള്ളൂ. ബോധപൂർവ്വമായ പരിഗണനയുടെ കാര്യമാണ് പറയുന്നത്. മനുഷ്യനൊഴികെ ഒരു ജീവിയും ഇത്തരം പരിഗണന സഹജീവികൾക്ക് നൽകാറില്ല. ഈ സഹജീവി ബോധം ഭാഷയിലുടെയാണ് മനുഷ്യൻ കൈമാറുന്നതും പ്രചരിപ്പിക്കുന്നതും. മനുഷ്യൻ ലോകത്തെ അറിയുന്നതും ലോകത്തെ സൃഷ്ടിക്കുന്നും ഭാഷയിലൂടെയാണ്. ചുറ്റുപാടുകളെ അറിഞ്ഞും അനുഭവിച്ചുമാണ് മനുഷ്യർ ലോകത്തെ അറിയുന്നത്. ആ അറിവും അനുഭവവും ലഭിക്കുന്നതാകട്ടെ മാതൃഭാഷയിലൂടെയും. 'തീ' എന്ന വാക്ക് ഒരു പൊള്ളലിലൂടെയായിരിക്കും മനുഷ്യശിശു ആദ്യം കേൾക്കുന്നത്, അറിയുന്നത്. ആ അറിവ് ഒരു പൊള്ളലനുഭവമായി ശിശുവിന്റെ മനസ്സിലുണ്ടാവും. അതുകൊണ്ടാണ് എത്ര മുതിർന്നാലും 'തീ' എന്നു കേൾക്കുമ്പോൾ അവന്റെ/അവളുടെ മനസ്സിന് ഒരു പൊള്ളൽ ഉണ്ടാകുന്നത്. മറ്റൊരു ഭാഷയിൽ സമാനാർത്ഥമുള്ള ശബ്ദം കേട്ടാൽ അത്ര തീവ്രമായ അനുഭവം കേൾക്കുന്ന ആളിന് ഉണ്ടാകണമെന്നില്ല. അതുകൊണ്ടാണ് മലയാളത്തിൽ തെറി പറയുമ്പോൾ കേൾക്കണ ആളിന് കൂടുതൽ മുറിയുന്നതും പറയുന്ന ആൾക്ക് കൂടുതൽ സംതൃപ്തി ഉണ്ടാകുന്നതും.

അറിവുകൾ അനുഭവങ്ങളായി മാറുമ്പോൾ മാത്രമേ അവകൊണ്ട് ഫലമുണ്ടാവുകയുള്ളൂ. അനുഭവങ്ങൾ എപ്പോഴും വികാരവുമായി ചേർന്നാണ് ഉണ്ടാകുന്നത്. മനുഷ്യരുടെ വികാരങ്ങൾ രൂപപ്പെടുന്നത് അവരുടെ മാതൃഭാഷ (ഒന്നാംഭാഷ) യിലൂടെയാണ്. വൈകാരികമായ അനുഭവങ്ങളിലൂടെയാണ് നമ്മൾ ലോകത്തെ മനസ്സിലാക്കുന്നത്. കടലു കാണാത്ത ഒരാൾ കടലിനെ മനസ്സിലാക്കുന്നത് ഒരറിവായിട്ടാണ്. എന്നാൽ കടല്ക്കരയിൽ വസിക്കുന്നയാൾക്ക് കടൽ ഒരനുഭവമായിട്ടാണ്. മറ്റൊരു ഭാഷയിലൂടെ ലഭിക്കുന്ന അറിവ് കടൽ കാണാത്തയാളിന്റെ കടലറിവാണ്. മാതൃഭാഷയിലൂടെ ലഭിക്കുന്ന അറിവാകട്ടെ കടല്ക്കരയിലെ ആളിന്റെ കടലറിവും. മാതൃഭാഷയിലൂടെ ലഭിക്കുന്ന അറിവുകളാണ് അനുഭവങ്ങളായി മാറുക എന്നർത്ഥം. അത്തരം അറിവുകളാണ് കൂടുതൽ നന്നായി ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുക. അത്തരം അറിവുകളാണ് ലോകത്തെ നിരന്തരം പുനഃസൃഷ്ടിക്കുവാൻ നമുക്കുതകുക. അതുകൊണ്ടാണ് മാതൃഭാഷയിലൂടെ മാത്രമേ വികസനം സാധ്യമാകൂ എന്നു പറയുന്നത്. അല്ലാതുള്ള വികസനങ്ങൾ എപ്പോഴും അസന്തുലിതമായിരിക്കും.

കൊളോണിയൻ ആധുനികതയുടെ പ്രചാരത്തോടെ കേരളത്തിന്റെ ജീവിതപരിസരം അടിമുടി മാറിയതായി നമുക്കു കാണാം. പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന കേരളമല്ല പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷമുള്ളത്. ഈ മാറ്റങ്ങൾ സംഭവിക്കുമ്പോൾ മറ്റൊരു കാര്യം കുടി ഇക്കൂട്ടത്തിൽ സംഭവിച്ചു. തദ്ദേശീയമായതെല്ലാം മോശമാണെന്ന് നമ്മൾ വിശ്വസിച്ചു എന്നതാണത്. നമ്മുടെ ഭക്ഷണശീലങ്ങൾ, ഭക്ഷണ വസ്തുക്കൾ, വസ്ത്രങ്ങൾ, വസ്ത്രധാരണ രീതികൾ, വിദ്യാഭ്യാസം, ശുചിത്വ സങ്കല്പം, ഔഷധ-ആരോഗ്യ സങ്കല്പങ്ങൾ, കൃഷിരീതികൾ, കൃഷിവസ്തുക്കൾ... അങ്ങനെ പരമ്പരാഗതമായി നമ്മൾ ശീലിച്ചുപോന്നിരുന്ന എല്ലാം മോശമാണെന്ന ധാരണ പതുക്കെ പതുക്കെ വ്യാപിച്ചു. അക്കൂട്ടത്തിൽ നമ്മുടെ ഭാഷയും മോശമാണ് എന്ന് നമ്മൾ വിശ്വസിച്ചു. ഇത് കേരളത്തിലെയോ ഇന്ത്യയിലെയോ മാത്രം കഥയല്ല. ലോകത്തെവിടെയെല്ലാം കോളനികൾ സൃഷ്ടിക്കപ്പെട്ടോ അവിടെയെല്ലാം ഇതായിരുന്നു അവസ്ഥ. തദ്ദേശീയമായവയെ മുഴുവൻ താഴ്ത്തിക്കെട്ടാതെ സാമ്രാജ്യത്വത്തിന് കോളനി സ്ഥാപിക്കാൻ കഴിയുമായിരുന്നില്ല. മലയാളികൾ മനസ്സുകൊണ്ട് വളരെവേഗം കോളനിക്ക് കീഴ്പ്പെടുകയായിരുന്നു എന്നു പറയാം. കോളനി വിരുദ്ധമായ വികാരവും പോരാട്ടവും ഇതേ സമയത്തുതന്നെ നടക്കുന്നുണ്ടായിരുന്നു എന്നതും നാം വിസ്മരിച്ചുകൂടാ.

'മനസ്സിന്റെ അപ കോളനീകരണം' എന്ന കൃതിയിൽ ആഫ്രിക്കൻ എഴുത്തുകാരനും ചിന്തകനുമായ 'ഗൂഗിവാതിഓംഗോ' നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാകുന്നു. "എന്റെ അഭിപ്രായത്തിൽ ഒരാളെ വശീകരിച്ച് ആത്മാവിന്റെ തടവുകാരനാക്കാൻ ഏറ്റവും സഹായകരമായ ശക്തി ഭാഷയാണ്. ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്." (2007, പുറം. 30, ഗാംഷി ബുക്സ്, കൊല്ലം)

ഭാഷ മുന്നേറാനുള്ള ആയുധമാണ് എന്നതുപോലെ തന്നെ കീഴടക്കാനുമുള്ള ആയുധമാണ് എന്ന് തിരിച്ചറിയുന്ന സാമ്രാജ്യത്വ ശക്തികൾ അതിനെ ഫലപ്രദമായി ഉപയോഗിക്കുകയാണ്. ഏകലോകം, ഏകഭാഷ എന്ന മുദ്രാവാക്യവും അതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ട് എന്ന് വിശ്വസിക്കുന്ന ഉത്തരാധുനിക



# ഹെൽമറ്റ്

രാഗേഷ് എൻ. എം.
ഒന്നാംവർഷ സാമ്പത്തികശാസ്ത്ര ബിരുദാനന്തര ബിരുദം

അപകടം നടന്നു...

ഭാഗ്യം ഹെൽമറ്റു വച്ചതുകൊണ്ട് തലയ്ക്ക് ഒന്നും പറ്റിയില്ല...

പക്ഷെ...

തല,

വേറിട്ടുപോയ ഉടലിനെ അന്വേഷിക്കുകയായിരുന്നു...



# ഐകാന്ത്യം

നോക്കുന്നിടത്തൊക്കെ കുരുത്തോല പൂക്കൾ. കണ്ണു ചിമ്മുന്ന നക്ഷത്രങ്ങളെപ്പോലെ ഇരുളിലെ മെഴുകുതിരി വെട്ടങ്ങൾ മെഴുകുതിരികൾ പിടിച്ച, നനുത്ത കൈകൾ.

ഘോഷയാത്ര കാണാൻ എപ്പോഴും നല്ല രംഗിയാണ്. പുലിയും വ്യാളിയും കോമാളികളും ഒക്കെയായി പൊടിപൂരമായിരിക്കും. എന്നാലിത് അങ്ങനെയുള്ള ഒരു ഘോഷയാത്രയല്ല. ശിരോവസ്ത്രം അണിഞ്ഞ പെണ്ണുങ്ങളുടെ നിശബ്ദ പദയാത്രയാണ്. അവരുടെ ഏകാഗ്രതയോട് കൂടിയ ചുവടുവയ്പുകൾ കണ്ട് അവൾ ഷാൾ കൊണ്ട് തന്റെ തലമൂടി. എന്നിട്ട് പതിയെ കണ്ണുകളടച്ചു.

എന്റെ കൈ പിടിച്ചുകൊണ്ട് അവൾ പതിയെ പറഞ്ഞു:

"എനിക്കും കൂടെ നടക്കാൻ തോന്നുവാ" പ്രതികരണത്തിനു കാത്തുനിൽക്കാതെ അവൾ എന്റെ കൈയും പിടിച്ച് മുന്നോട്ടു നടന്നു. ഒരു സ്വപ്നാടകയെപ്പോലെ...

ശൈലികൾ സി.വി തന്റെ നോവലുകളിൽ ഏറിയും കുറഞ്ഞും പരീക്ഷിച്ചിട്ടുണ്ട്. ഭാഷാഭേദങ്ങൾ അവിടവിടെ പ്രയോഗിച്ചിട്ടുണ്ടെന്ന് മാത്രമല്ല, അവയെക്കുറിച്ച് തനിക്കുള്ള അറിവും അഭിപ്രായവും ആഖ്യാനത്തിനിടയിൽ സി.വി പ്രകടിപ്പിക്കുന്നുമുണ്ട്. ആഖ്യാനത്തിൽ കടന്നുവരുന്ന സംസ്കൃത പ്രയോഗങ്ങൾ സി.വി യുടെ നോവലുകളെ ഭേദിക്കാൻ സ്വൽപ്പം കടുപ്പമായൊരു കോട്ടയാക്കുന്നു. എങ്കിലും പച്ചമലയാളത്തെയും അതിന്റെ ചെറിയ ചെറിയ വകഭേദങ്ങളെയും നിരാകരിക്കുന്നതുമില്ല. 'അമ്മിണ', 'അപ്പി' മുതലായ അഭിസംബോധനകളടക്കം മച്ചമ്പി, മീച്ചാപൂരായം, പെയ്യ്, ചേഷകാറി, പെഞ്ചാതി, എന്തരിന് തുടങ്ങി തെക്കൻ മലയാളത്തിന്റെ തിളക്കമുള്ള എത്രയോ പദങ്ങൾ സി.വി 'മാർത്താണ്ഡവർമ്മ' യിൽ ഉപയോഗിച്ചിട്ടുണ്ട്. (പ്രാദേശിക ഭാഷാഭേദങ്ങൾ കൂടുതൽ ഉള്ളത് 'ധർമ്മരാജാ' യിൽ ആണെങ്കിലും) അന്നത്തെക്കാലത്ത് തെക്കൻ മലയാളമായിരുന്നത് ഇന്ന് ചുരുങ്ങി തിരുവനന്തപുരത്തെ കൂടുതൽ സൂക്ഷ്മമായിപ്പറഞ്ഞാൽ കന്യാകുമാരി ജില്ലയിലെമാത്രം മലയാളമാണ്.



'മാർത്താണ്ഡവർമ്മ' കേവലം ചരിത്രനോവൽ മാത്രമല്ല. ചരിത്രത്തോടൊപ്പം ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും നോവലിൽ കടന്ന് വരുന്നുണ്ട്. അരുവാമൊഴി മുതൽ ഇടവാ വരെ വ്യാപിച്ചിരുന്ന വേണാടിന്റെ സ്ഥലവ്യാപ്തി 'മാർത്താണ്ഡവർമ്മ'യിൽ ചരിത്രത്തിന്റെ പശ്ചാത്തലം മാത്രമല്ല, ചരിത്രസംഭവങ്ങളെ പ്രതീകവത്കരിക്കാൻ സി.വി ഈ ഭൂപ്രദേശത്തെ സമർത്ഥമായി ഉപയോഗിക്കുന്നു. കിളിമാനൂരും അഞ്ചുതെങ്ങും തിരുവനന്തപുരവും നാഗർകോവിലും മറ്റും പല സംഭവങ്ങൾക്കും ദൃക്സാക്ഷികളും പ്രതീകങ്ങളുമായി പ്രത്യക്ഷപ്പെടുന്നു.

ചരിത്രപശ്ചാത്തലം മാറ്റിനിർത്തി നോക്കുകയാണെങ്കിൽ നന്മതിന്മകൾ തമ്മിലുള്ള സംഘർഷത്തിന്റെ നാടകീയാവതരണമാണ് 'മാർത്താണ്ഡവർമ്മ' യിൽ കാണാവുന്നത്. തമ്പിമാരുടെ പക്ഷത്തുള്ള മിക്കവരും തിന്മയുടെ മൂർത്തീ ഭാവങ്ങളാണ്. യുവരാജാവിന്റെ കക്ഷിയിൽപ്പെട്ടവർ പൊതുവേ നന്മയുടെ പ്രതിനിധികളാണ്. സി.വി യുടെ ജീവിതവീക്ഷണത്തിലെ ദുരന്താവബോധം സംഘർഷാത്മകമായി അവതരിപ്പിക്കുന്നതിന് ഈ വർഗീകരണം ഉപയുക്തമാകുന്നു. കഥാവസാനത്തിൽ ഷേക്സ്പി




യർ നാടകങ്ങളിലെന്നപോലെ തിന്മ ആത്യന്തികമായി പരാജയപ്പെടുകയും നന്മഭാഗികമായി വിജയിക്കുകയും ചെയ്യുന്നതാണ്. നന്മയായത് കൊണ്ട് മാത്രം പൂർണവിജയമുണ്ടാകുമെന്ന് സ.വി. ധരിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സുഭദ്രയെ കുടമൺപിള്ളയുടെ വാൾത്തലക്കൽ നിന്ന് രക്ഷിക്കാമായിരുന്നിട്ടും സി.വി. അതിനു മുതിരാത്തത് ഈ വീക്ഷണത്താലാകം. യേശുക്രിസ്തുപോലും ക്രൂശിൽ നിന്ന് രക്ഷപ്പെട്ടില്ലല്ലോ?

ആദ്യകൃതിയാണെങ്കിലും 'മാർത്താണ്ഡവർമ്മ' ശക്തനായ ഒരാഖ്യാതാവിനെയാണ് അവലംബമാക്കിയിരിക്കുന്നത്. ആൾമാറാട്ടവും വേഷപ്പകർച്ചയും യാദൃശ്ചികതയും ഉദ്വേഗജനതയുമെല്ലാം ചേർന്ന് അക്ഷരാർത്ഥത്തിൽ നാടകീയമായ ഈ കൃതി ഒരു ചരിത്രഗ്രന്ഥം കൂടിയാണ്. രാജാക്കന്മാരുടേയും ജന്മികളുടേയും പടത്തലവന്മാരുടേയും യുദ്ധത്തിന്റേയും പടയോട്ടത്തിന്റേയും മാത്രം ചരിത്രമല്ല, ചരിത്രത്തിൽ എണ്ണപ്പെടാതെ ജീവിച്ച് മരിക്കുന്ന സാധാരണ ജനത്തിന്റെ ജീവിതത്തിന്റേയും വൈകാരികതയുടേയും ചരിത്രം. 'മാർത്താണ്ഡവർമ്മ' സി.വി യിലേക്കും, തിരുവനന്തപുരത്തിന്റെ പുറം താളുകളിലേക്കുമുള്ള ആദ്യ കാൽവയ്പ്പ് മാത്രമാണ് എന്ന ബോധ്യമാണ് ഈ നോവൽ എനിക്ക് സമ്മാനിച്ചത്.

# കലിംഗ യുദ്ധം

**മാനുവൽ കുര്യാക്കോസ്**
രണ്ടാംവർഷ ചരിത്ര ബിരുദം



കലിംഗയുദ്ധം തുടങ്ങി അശോകൻ
സാമ്രാജ്യം കാൽക്കീഴിലാക്കുവാൻ
അധികാരത്വര സിരയിൽ നിറഞ്ഞു:
നയനംപോലും തിമിരം മൂടി
അന്ധതയാലവൻ സ്വജനങ്ങളെ
കൊന്നേറിഞ്ഞു ചുടുകാട്ടിൽ
നിരവധിപേർ മൃതിയടഞ്ഞൊരി-
യുദ്ധത്തിനൊടുവിൽ
വിജയമശോകനുമാത്രമായ്.

പുത്രനെ വേർപെട്ട തായ തൻ വിലാപവും
താതനെ കാണാത്ത മക്കൾതൻ കണ്ണീരും
കണ്ടൊരശോകനുള്ളിൽ കടലലപോൽ
ശോകം തിരയിളകി മറിഞ്ഞീടവേ
പശ്ചാത്താപ പരവശനായവൻ
ഹിംസയുപേക്ഷിച്ചുനരനായ്ത്തീർന്നു.
ധർമ്മമാർഗ്ഗമുലകിൽ പ്രചരിക്കാനായ്
ധർമ്മപ്രചാരകന്മാരെയും നിയോഗിച്ചു.

*സമർപ്പണം :*
ലോകത്തിന്റെ അധികാര ത്വരയ്ക്കു മുന്നിൽ
ജീവൻ ഹോമിക്കപ്പെട്ട പതിനായിരങ്ങൾക്ക്.

# മാർത്താണ്ഡവർമ്മയിലെ ചരിത്രപാഠങ്ങൾ

**ജാനകി സുനിൽ**
ഒന്നാംവർഷ ഭൗതികശാസ്ത്ര ബിരുദം

ഒരു തിരുവനന്തപുരം യാത്രയ്ക്കിടയിൽ ആണ് ഞാൻ സി.വി. രാമൻ പിള്ളയുടെ നോവലുകൾ വായിക്കാൻ തീരുമാനിക്കുന്നത്. ഒരു തിരുവനന്തപുരംകാരനും ഒരു എറണാകുളംകാരനും ഒരുപോലെ തിരുവനന്തപുരം നഗരത്തെ സി.വി യിലൂടെ നോക്കിക്കാണുന്നത് കണ്ട് ഞാനത്ഭുതപ്പെട്ട് പോയതാണ്. സി.വിയെ വായിക്കുക എന്നത് അത്ര എളുപ്പം സാധിക്കുന്ന കാര്യമല്ല എന്ന് വളരെപ്പെട്ടെന്ന് മനസ്സിലായി. പലരും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ സി.വി. യെക്കുറിച്ച് വായിച്ചിട്ട് സി.വി യുടെ പുസ്തകങ്ങൾ വായിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

“വാഗ്ദേവതയുടെ വീരഭടൻ” എന്നാണ് കുമാരനാശാൻ സി.വി. യെ വിശേഷിപ്പിച്ചിട്ടുള്ളത്. സി.വി യുടെ സവിശേഷതകളെല്ലാം ആ വിശേഷണത്തിലുണ്ട്. 'മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജബഹദൂർ' എന്നീ ചരിത്ര നോവലുകളിലൂടെ സി.വി മലയാള സാഹിത്യത്തിൽ രാജപാത വെട്ടി; പ്രസഹനത്തിലൂടെ മലയാള നാടകത്തിലും. രണ്ടു സാഹിത്യങ്ങളും അവരുടെ ശൈശവദശയിലായിരുന്നപ്പോഴാണ് സി.വി യുടെ ഈ സംഭാവനകൾ. ഇന്നും മലയാളത്തിലെ ഏറ്റവും വലിയ നോവലായി സി.വി യുടെ ചരിത്രാഖ്യായികകൾ തിരഞ്ഞെടുക്കപ്പെടുന്നു. സി.വി മലയാള നോവലിന് കോട്ടകൊത്തളങ്ങളുടെ ബലിഷ്ഠതയും ഐതിഹാസികമായ ദാർശനിക സൗന്ദര്യവും ഭാഷയ്ക്ക് സമുദ്രഗാംഭീര്യവും നൽകി കൊണ്ട് കേരളം, മലയാളി തുടങ്ങിയ സങ്കൽപ്പങ്ങളെ തന്റെ അസാധാരണമായ ഭാവനകൊണ്ട് പൊലിപ്പിച്ചെടുത്തു. കേരളത്തിന്റെ ഇതിഹാസകാരനായിരുന്നു സി.വി.

തിരുവിതാംകൂർ രാജകുടുംബവും നായർ ജന്മിമാരായ എട്ടുവീട്ടിൽ പിള്ളമാരും തമ്മിലുള്ള ശത്രുതയാണ് സി.വി യുടെ ചരിത്രനോവലുകളുടെ പ്രമേയം. തലമുറകളിലൂടെ ആവർത്തിക്കുന്ന ആ പ്രതികാരകഥയിലൂടെ രാജാകേശവദാസിന്റെ ജീവിതം അവതരിപ്പിക്കാനാണ് സി.വി. ലക്ഷ്യമാക്കിയത്. രാഷ്ട്രീയ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി ഉപാഖ്യാനങ്ങൾ കൂട്ടിച്ചേർത്ത് അദ്ദേഹം ഇതിവൃത്തഘടന വികസിപ്പിച്ചു. ഐതിഹാസികമാനമുള്ള കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ നോവലുകളെ അതിസമ്പന്നമാക്കി. സംസ്കൃതബദ്ധമായ ആഢ്യഭാഷ ഒരു വശത്തും ഭാഷാഭേദങ്ങളും നാടൻവാമൊഴിയും മറുവശത്തുമായി നിൽക്കുന്ന ബഹുസ്വരലോകമാണ് സി.വി യുടെ നോവലുകളിൽ ഉള്ളത്. പ്രത്യക്ഷത്തിൽ ആ ചരിത്ര നോവലുകൾ രാജാവിന്റേയും ദൈവത്തിന്റേയും അപ്രമാദിത്വം ഊട്ടിയുറപ്പിക്കുന്നവയാണെന്ന് തോന്നാമെങ്കിലും യഥാർത്ഥത്തിൽ രാജനീതിയേയും ദൈവനീതിയേയും ചോദ്യം ചെയ്യുന്ന അസുരാത്മകരായ പ്രതിനായകരാണ് അവിടെ തലയെടുപ്പോടെ നിൽക്കുന്നത്. രാജനാമങ്ങൾ വഹിക്കുന്ന ആ നോവലുകൾ പ്രതിനായകരുടെ ദുരന്തത്തെ മഹത്വീകരിക്കുന്നതും കാണാം. രാജപക്ഷവും ശത്രുപക്ഷവും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ കഥയിലൂടെ അധികാരവും പൗരന്മാരും തമ്മിലുള്ള ബന്ധത്തിന്റെ സങ്കീർണ്ണതകളും, മനുഷ്യ ജിവിതത്തിലെ ധർമ്മപ്രശ്നവും, മനുഷ്യവിധിയുടെ പ്രഹേളികാസ്വഭാവവും തികഞ്ഞ ദാർശനികതയോടെ അവതരിപ്പിച്ചു എന്നതാണ് സി.വി യെ നമ്മുടെ നോവൽ സാഹിത്യത്തിലെ കുലപതിയാക്കി മാറ്റിയത്.

സി.വി യുടെ മൂന്നു ചരിത്ര നോവലുകളിൽ ഏതാദ്യം വായിക്കണമെന്ന് തീരുമാനിക്കാൻ തന്നെ സമയമെടുത്തു. തിരുവിതാംകൂറിന്റെ രൂപീകരണം മുതലുള്ള ചരിത്രത്തിൽ നിന്ന് വായിച്ച് തുടങ്ങാമെന്ന് കരുതിയതിനാലാണ് 'മാർത്താണ്ഡവർമ്മ' ആദ്യവായനക്ക് തിരഞ്ഞെടുത്തത്. ആദ്യ വായനയിൽത്തന്നെ ഒന്നും പെട്ടെന്ന് മനസ്സിലാകില്ല എന്ന് മനസ്സിലാക്കാൻ സാധിച്ചു. രണ്ടാം വായനയ്ക്ക് ശേഷം 'മാർത്താണ്ഡവർമ്മ' എന്ന നോവൽ തുറന്ന് തന്ന പുതിയ വാതിലുകൾ കണ്ടെത്താനുള്ള എളിയ ശ്രമമാണ് ഈ അന്വേഷണം.

സി.വി യുടെ ആദ്യനോവലാണ് 'മാർത്താണ്ഡവർമ്മ'. 1891 ജൂൺ മാസത്തിലാണ് ഈ നോവലിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധീകൃതമാകുന്നത്. “ആദ്യ



നോവലാണെങ്കിലും കഥാഖ്യാനത്തിലും പാത്രസൃഷ്ടിയിലും ജീവിതബോധത്തിലും പ്രായത്തിൽ കവിഞ്ഞ പക്വത സി.വി 'മാർത്താണ്ഡവർമ്മ' യിൽ കാണിക്കുന്നുണ്ട്'' എന്ന അയ്യപ്പപ്പണിക്കരുടെ പ്രസ്താവന പൊതുവേ. അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1729-മാണ്ട്-അന്നത്തെ വേണാടിന്റെ ഭരണത്തെ ചുറ്റിപ്പറ്റിയുണ്ടായ തർക്കങ്ങൾ ആണ് 'മാർത്താണ്ഡവർമ്മ' യിലെ ചരിത്രപരമായ അംശം. നാടുവാണിരുന്ന രാമവർമ്മ മഹാരാജാവിന്റെ മരുമകനായ മാർത്താണ്ഡവർമ്മയുടെ പ്രതിയോഗികൾ മഹാരാജാവിന്റെ പുത്രന്മാരായ പത്മനാഭൻ തമ്പിയും രാമൻ തമ്പിയുമായിരുന്നു. മാടമ്പിമാരായ എട്ട് വീട്ടിൽ പിള്ളമാരിൽ മിക്കവരും. തമ്പിമാരുടെ അവകാശത്തെ പിന്താങ്ങുകയും ചെയ്തു. ഈ ചരിത്രാംശത്തെ അസ്ഥിപഞ്ജരമായുപയോഗിച്ച് കൊണ്ട് കാല്പനികഭാവനയുടെ സംഭാവനകളായ മനോഹരമാക്കപ്പെട്ട ഒരു ശില്പമാണ് 'മാർത്താണ്ഡവർമ്മ'.

'ഹിസ്റ്റോറിക്കൽ റൊമാൻസ്' എന്നാണ് തന്റെ കൃതികളെ സി.വി തന്നെ തരം തിരിക്കുന്നത് (കാലം സി.വി യുടെ നോവലുകൾ അതിനപ്പുറമാണെന്ന് തെളിയിച്ചെങ്കിലും) ഈ കൃതിയിൽ കാല്പനികാംശം ചരിത്രാംശത്തേക്കാൾ ഏറി നിൽക്കുന്നു എന്ന് പറയപ്പെടുന്നുവെങ്കിലും ചരിത്രഗ്രന്ഥങ്ങളിൽ നിന്ന് ലഭ്യമാകുന്നതിനേക്കാൾ വിശാലമായ ഒരു ചരിത്രവീക്ഷണമാണ് വായനക്കാർക്ക് ലഭിക്കുന്നത്. തങ്കത്തിന്റേയും അനന്തപത്മനാഭന്റേയും പ്രണയകഥ ചരിത്രപരവും രാഷ്ട്രീയപരവും ആയ കഥാവസ്തുവിന് ഒരു പുതു ജീവനും നൽകുന്നു.

സത്യത്തിൽ കേന്ദ്രകഥാപാത്രങ്ങളെ മറന്ന് കഥ അനന്തപത്മനാഭനിലേക്കും സുഭദ്രയിലേക്കുമൊക്കെയായി വളരുന്നത് നോവലിൽ കാണാനാവും. സി.വി അതിനാൽ നേർരേഖയിൽ കഥപറയുന്ന ഒരു കഥാകാരനല്ല മറിച്ച് പല ശാഖകളായി വളരുന്ന ഒരു വൃക്ഷത്തെ സാന്ദർഭികമായി കൂട്ടിയിണക്കുന്ന ഒരു എഴുത്തുകാരനാണ് എന്ന് നിസ്സംശയം പറയാം. കഥാന്ത്യത്തിൽ തിരുവിതാംകൂറായി വളർന്ന വേണാടിന്റെ സിംഹാസനം യുവരാജാവിന് ഉറച്ച് കിട്ടുകയും, അനന്തപത്മനാഭൻ തന്റെ പ്രേയസിയായ പാറുക്കുട്ടിയെ വിവാഹം കഴിക്കുകയും ചെയ്യുന്നു. നിഗൂഢമായി ഷംസുദ്ദീനെ (വേഷപ്രച്ഛന്നനായ അനന്തപത്മനാഭൻ തന്നെ) പ്രേമിച്ച സുലേഖയുടെ ജീവിതാഭിലാഷം സഫലമാകാതെ പോയി. സുലേഖയുടെ പ്രേമഭംഗവും സുഭദ്രയുടെ അപമൃത്യുവും ഒഴിച്ചു നിർത്തിയാൽ ശുഭപര്യവസാനിയായ ഒരു 'റൊമാൻസ്' തന്നെയാണ് 'മാർത്താണ്ഡവർമ്മ'.

കഥാസന്ദർഭം, കഥാപാത്രങ്ങളുടെ സാമൂഹിക പദവി, ഭാഷകനും, ശ്രോതാവും തമ്മിലുള്ള അടുപ്പം തുടങ്ങിയവയുടെ സ്വഭാവമനുസരിച്ച് പലതരം ഭാഷാ

വിശപ്പിനോട് നമുക്കാരിക്കലും മുഖം തിരിക്കാനാവില്ല. അതുകൊണ്ട് തന്നെ അടുത്തുകണ്ട ഭക്ഷണശാലയിൽ നിന്നും പ്രഭാത ഭക്ഷണമായി മാർദ്ദവമുള്ള ഇഡ്ഡലിയും കായത്തിന്റെ രുചിയുള്ള സാമ്പാറും കഴിച്ചു. കായത്തിന്റെ സ്വാദ് നാവിൽ കുത്തിക്കൊണ്ടിരിക്കെ ഞങ്ങൾ കയറിയ കെ.എസ്.ആർ.ടി.സി ബസ് തിരുവനന്തപുരത്തേക്കുള്ള ആദ്യ ഗിയർ ഇട്ടു. പതിയെ കിതപ്പ് ടോപ്പ് ഗിയറിലേക്ക്! വഴിയരികിൽ ചെങ്കൊടികൾ പാറുന്നതു ഞാൻ കണ്ടു. കാറ്റ് അതിനെ വിശ്രമിക്കാൻ അനുവദിക്കുന്നില്ല. കടകളുടെ ബോർഡുകൾ ഞങ്ങളോട് നെയ്യാറ്റിൻകര എത്തി എന്നു പറഞ്ഞുതന്നു. പോക്കുവെയിൽ തലക്കുമീതെ സ്വർണ്ണം തൂകുന്നു. ഏറെ വൈകാതെ ചരിത്രമുറങ്ങുന്ന കിഴക്കേ കോട്ടക്കു മുന്നിലെത്തി. പഴമയുടെ പ്രൗഢി വിളിച്ചറിയിച്ചുകൊണ്ട് കിഴക്കേ കോട്ടയുടെ ഒരു കവാടം ഞങ്ങൾക്കു മുന്നിൽ തലയുയർത്തി നിൽക്കുന്നു. ആർക്കിടെക്ച്ചറിൽ ഹിന്ദു മുഗൾ ശൈലികളുടെ അതിമനോഹരമായ മിശ്രണം. മറ്റേതൊരു പുരാവസ്തുക്കളും നേരിടുന്ന ഒരുതരം അവഗണനയുടെ ചിത്രവും എനിക്കവിടെ കാണാൻ കഴിഞ്ഞു.

അടുത്ത ലക്ഷ്യമായ കോവളം ബീച്ചിലേക്കുള്ള ബസ്സ് ശരവേഗത്തിൽ ലക്ഷ്യം കൈകൊണ്ടു. മുന്നിൽ വലിയൊരു കവാടം ഞങ്ങൾ ബീച്ചിലേക്കു നടന്നു. ബീച്ചിൽ എന്നും ഒന്നാം തീയതിയാണ്. മദ്യപാനം പാടില്ല. നിയമം തെറ്റിക്കുന്നവരെ പിടിക്കാൻ പോലീസുകാർ തിരമാലകളേക്കാൾ വേഗത്തിൽ ഓടിപ്പാഞ്ഞു നടക്കുന്നത് ഞാൻ കണ്ടു. ബീച്ചിന്റെ മനോഹാരിത ഒന്നു വേറെതന്നെ. അങ്ങിങ്ങായി കാണുന്ന കറുപ്പു നിറത്തിലുള്ള മണൽ മക്കാവുവിലെ ഹാക്സാ ബീച്ചിനെ ഓർമ്മിപ്പിച്ചു. സായംകാലം ഞങ്ങൾ കടലിൽ ആസ്വദിച്ചു. കുളികഴിഞ്ഞു കയറി വന്നപ്പോൾ ഒരു ചെറിയ സമ്മാനം എനിക്കായ് അവിടെ കാത്തു നിൽപ്പുണ്ടായിരുന്നു. നീലകണ്ണുകളോടുകൂടിയ ഒരു വെള്ളക്കാരി പെൺകുട്ടി അല്ല ഒരു മാലാഖ! കടലിന്റെ നീലിമയേക്കാളും എന്നെ ആകർഷിച്ചത് അവളുടെ മിഴികളാണ്. ചുവന്ന ചായം നിറച്ച അവളുടെ ചുണ്ടുകളിലേയ്ക്ക് കടൽക്കാറ്റേറ്റ് അവളുടെ കുറുനിരകൾ വീണു കിടക്കുന്നു. അവളതു തന്റെ ചൂണ്ടുവിരൽകൊണ്ട് ചെവിക്കു പിന്നിലേക്ക് മാടിയൊതുക്കി. അനുസരണയില്ലാതെ പാറിനടക്കുന്ന മുടിയിഴകളിൽ ഒന്നു തലോടാൻ എന്റെ മനം കൊതിച്ചു. പുതുമഴയിലെ മണ്ണിന്റെ ഗന്ധമുണ്ട് അവൾക്കെന്ന് എനിക്കു തോന്നി. തിരമാലകൾക്കനുസരിച്ചുള്ള അവളുടെ പദചലനങ്ങൾ എന്നെ ആകർഷിച്ചു. ഒപ്പം പാദങ്ങളിലെ വിരലുകളുടെ ഭംഗിയും, ചെറുവിരൽ തൊട്ടടുത്ത വിരലിനെ തൊട്ടുനിന്നു. എന്തോ പറയാനുണ്ട് എന്ന രീതിയിൽ ആ നാലുവയസുകാരിയുടെ കുട്ടിത്തം എന്നിൽ സന്തോഷമുണർത്തി, ഭക്ഷണത്തിനുശേഷം മനസ്സുകൊണ്ട് അവളോട് യാത്ര പറയാതെ ഞങ്ങൾ അവിടെ നിന്നും യാത്ര തിരിച്ചു.

"തലസ്ഥാന നഗരം" എന്ന വിശേഷണം തിരുവനന്തപുരത്തിനു അധികമാണോ എന്ന് അവിടുത്തെ റോഡുകളും മറ്റും കണ്ടപ്പോൾ എനിക്കു തോന്നി. പക്ഷെ സെക്രട്ടറിയേറ്റു കവടിയാറും പരിസരവുമെല്ലാം തിരുവനന്തപുരത്തിന്റെ പ്രൗഢഗംഭീരമായൊരു മുഖം ഞങ്ങൾക്കു കാട്ടിതന്നു.

ട്രെയിനിൽ ഒരു ജനാലക്കരുകിൽ ഞാൻ സ്ഥാനമുറപ്പിച്ചു. കട്ടപിടിച്ച ഇരുട്ടിനു നടുവിലൂടെ തീവണ്ടി മുന്നോട്ടു നീങ്ങി. മരങ്ങൾ പിന്നോട്ടോടി തുടങ്ങിയിരിക്കുന്നു. സുഖകരമായ ഒരു കാറ്റുവീശി. മരിച്ചുപോയ ഗ്രാമത്തിന്റെ മൗനം കോച്ചിലേക്ക് എങ്ങുനിന്നോ കടന്നുവന്നു. സന്ധ്യയുടെ ചുവപ്പു നിറത്തിനു മീതെ ഇരുട്ട് തന്റെ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. കാർമേഘങ്ങൾ ഉള്ളതിനാലാവാം, നക്ഷത്രങ്ങളെ കാണ്മാനില്ല. ആദ്യം പറഞ്ഞ ഇടവപ്പാതി മഴയെ ഞാൻ ഓർത്തു. പ്രണയിനിയുടെ ചെറുവിരൽ കുറുകെ പിടിച്ചുകൊണ്ട്, മഴ നനഞ്ഞുകൊണ്ടുള്ള ഒരു നടത്തമാണ് ഈ യാത്രയെങ്കിൽ ആ മഴ ഒരിക്കലും തോരരുതേ എന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു.



വിശുദ്ധിയുടെ മണമുള്ള ഒരു നാട്ടിടവഴി.
തെരുവ്, ജീവിതത്തിന്റെ പരിച്ഛേദംപോൽ കിടക്കുന്നു.
ഇത് ചലനത്തിൽനിന്നും ഓടിപ്പോന്നവൻ.
ചിരിക്കുവാനും ചിന്തിക്കുവാനും കഴിവുള്ളവൻ.

ആ രാത്രിയിലും അവൻ അതിൽ വിശ്വസിച്ചിരുന്നു.
അത് അവന്റെ രക്തം കുടിച്ചുവറ്റിച്ചു.
അത് അവന്റെ മാനവികത തുടച്ചുമാറ്റി.
അത് അവന്റെ ഹൃദയത്തെ ചവച്ചുതുപ്പി.

വിറയാർന്ന ആ ശരീരം കാൺകെ-
ഓർമ്മയിൽ പാഞ്ഞെത്തിയതെന്ത്?
ഇറച്ചിക്കടയിൽകണ്ട കറുത്ത കാഴ്ചയോ?
മധുരമായി കൊലചെയ്ത ബ്രൂട്ടസ് പ്രേതത്തേയോ?
മതവൈരികൾ തുപ്പിയ വിഷവായു ശ്വസിച്ച്
അവനിലെ കാമുകനും മനുഷ്യനും പിടഞ്ഞുമരിച്ചു.
ഇപ്പോഴവൻ കേഴുന്നത് പ്രാണവായുവിനോ
സ്വന്തം ശരീരത്തിനോ വേണ്ടിയല്ല
ശിഥിലമായ വിശ്വാസമഞ്ചത്തിനായി.

കാഴ്ചയ്ക്കപ്പുറം രക്തരേണുക്കൾ പതിഞ്ഞ
ശവക്കുഴിയിലെ ജീർണ്ണിച്ച തേങ്ങലുകൾ,
ബൈബിളിനേയും ഖുറാനേയും ഗീതയേയും
വെവ്വേറെ ലിപികളിൽ അച്ചടിച്ച പ്രസ്സിലെ മെഷീനുകൾ,
മിശ്രവിവാഹത്തിന്റെ പേരിൽ
പെറ്റവയറിനേപ്പോലും തള്ളിപ്പറഞ്ഞ മകന്റെ ആക്രോശങ്ങൾ...

വിസ്മൃതിയുടെ വെളുത്ത ചുവരിന്നിടയിലൂടെ
ശ്വാസവായുവിനായി തിക്കിത്തിരക്കുന്നുണ്ടവൻ.
ആ ചുവരിലും കണ്ടു ഒരു ബോർഡ്
"അന്യമതസ്ഥർക്കു പ്രവേശനമില്ല"

# അന്യമതസ്ഥർക്കു പ്രവേശനമില്ല

**പ്രണവ് പി കുമാർ**
രണ്ടാംവർഷ ഭൗതികശാസ്ത്ര ബിരുദം

# മരങ്ങളെത്ര പിന്നോട്ടോടി...

**അനൂപ് കെ.എസ്**
രണ്ടാംവർഷ ഗണിതശാസ്ത്ര ബിരുദം

*സമർപ്പണം : നീലകണ്ണുകളോടുകൂടിയ മാലാഖയ്ക്ക്...*

വർത്തമാന കാലത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണക്കാരനായ "സൂര്യൻ" അന്നും കിഴക്കുതന്നെ ഉദിച്ചു. സ്വകാര്യതയെ ഒരു സുഹൃത്തായി കൂടെ കൂട്ടികൊണ്ട് അലക്ഷ്യമായി കിടന്നിരുന്ന പുസ്തകങ്ങൾക്കിടയിൽ നിന്നും ഞാൻ പേനയെടുത്തു. ചില തിരുത്തലുകൾ അനിവാര്യമായതിനാൽ മാറ്റത്തിന്റെ വിരലുകൾ ലേഖനത്തിന്റെ പല കോണുകളിലും സ്പർശിച്ചിട്ടുണ്ട്.!!!

വൃശ്ചികത്തിലെ മരം കോച്ചുന്ന പ്രഭാതം നാഗർകോവിലിൽ ഞങ്ങളെ സ്വാഗതം ചെയ്യാനെത്തി. സെക്കന്റിന്റെ ഒരംശം പോലും പാഴാക്കി കളയില്ല എന്നു മനസ്സിൽ പറഞ്ഞുകൊണ്ടാണ് റെയിൽവേ സ്റ്റേഷനിലേക്ക് ഞാൻ കാലെടുത്തുവെച്ചത്. ഇളം ചാരനിറത്തിലുള്ള മഞ്ഞ് എന്റെ വിരലുകളെ മരവിപ്പിച്ചു തുടങ്ങി. സ്റ്റേഷന്റെ ഒരു കോണിലെ കടയിൽ നിന്നും തണുപ്പിനെ ശമിപ്പിക്കാൻ ഒരു ചായ കുടിച്ചു സ്ഫടിക ഭരണികളിൽ നിന്നും പല പല നിറത്തിലും വലുപ്പത്തിലുമുള്ള പലഹാരങ്ങൾ ഞങ്ങളെ നോക്കി ചിരിയ്ക്കുന്നതു ഞാൻ കണ്ടു.

"നാഗർക്കോവിൽ" - ഇന്ത്യയുടെ തെക്കേ മുനമ്പിലെ രണ്ടാമത്തെ സ്റ്റേഷൻ. ഒരർത്ഥത്തിൽ കന്യാകുമാരിയുടെ പ്രവേശനകവാടം എന്നു തന്നെ പറയാം. നാഗർക്കോവിൽ സ്റ്റേഷന്റെ ആന്തരിക സൗന്ദര്യവും ബാഹ്യ സൗന്ദര്യവും തമ്മിലുള്ള അന്തരം എന്നെ വിസ്മയിപ്പിച്ചു. കന്യാകുമാരി ലക്ഷ്യമാക്കിയുള്ള യാത്രയിൽ തമിഴ്നാടിന്റെ കാൽപനിക സൗന്ദര്യം വിളിച്ചോതുന്ന വീടുകളും ദേവാലയങ്ങളും ഞങ്ങൾക്കു കാണാൻ സാധിച്ചു. അതാണു - ഭാരതം നിരവധി സാംസ്കാരിക വൈവിധ്യങ്ങളുടെ ഒരു കൂട്ടായ്മ.

വഴിവിളക്കിന്റെ തെറിച്ച വെളിച്ചത്തിൽ കുറച്ചാൾക്കാരേയും 3 റിക്ഷകളും ഞാൻ കണ്ടു. പ്രദേശവാസികളുടെ അറിവിനോളം വരില്ലല്ലോ ജി.പി.എസിന്റെയും വിവരസാങ്കേതിക വിദ്യയുടേയും പ്രസക്തി എന്നതുകൊണ്ട് റിക്ഷക്കാരനോട് ബസ് സ്റ്റാന്റിലേക്കുള്ള വഴിചോദിച്ചു. രൂക്ഷഗന്ധമുള്ള കട്ടൻ ബീഡിയുടെ കറപുരണ്ട ചുണ്ടുകൾ അകത്തേയ്ക്ക് വലിച്ചുപിടിച്ചുകൊണ്ട് അയാൾ പറഞ്ഞു: "രണ്ടുണ്ട് സ്റ്റാന്റ് ഒന്ന് അണ്ണാ സ്റ്റാന്റ് ഒന്ന് വഡാശ്ശേരി." തമിഴ് കലർന്ന മലയാളത്തിൽ അയാളുടെ വാക്കുകൾക്കുവേണ്ടിയുള്ള പിടച്ചിൽ ഞാൻ ശ്രദ്ധിച്ചു. എളുപ്പം വഡാശ്ശേരിയാണെന്നു പറഞ്ഞ് അയാൾ ഞങ്ങളെ അവിടെ കൊണ്ടെത്തിച്ചു. ബസ്സിന്റെ ബോർഡുകൾ തമിഴ് സംസാരിച്ചു തുടങ്ങിയപ്പോൾ ഞങ്ങൾ മുഖാമുഖം നോക്കി. കന്യാകുമാരിയിലേക്കുള്ള ബസ്സ് ആ റിക്ഷക്കാരൻ തന്നെ ഞങ്ങൾക്കു കാണിച്ചു തന്നു. ബസ്സിന്റെ രൂപഭംഗി മുമ്പെന്നോ കണ്ട "മൈന" എന്ന തമിഴ് ചിത്രത്തിലേ ചില രംഗങ്ങളിലേയ്ക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. സവാരിക്കായി ഇറങ്ങിയ കോടമഞ്ഞിനെ ഇപ്പോൾ കാണാനില്ല. നിൽക്കാൻ പറയുമ്പോൾ പരിഭവം കാട്ടാതെ നിന്നും ആക്സിലേറ്റർ കൂട്ടിയും ക്ലച്ച് പിടിച്ചും ഗിയർ മാറ്റിയും അൽപ്പമൊന്നിരമ്പിയും ബസ്സ് മുന്നോട്ടു നീങ്ങി. സ്വർണ്ണം പൂശിയ നെൽപ്പാടങ്ങൾ ഇരുവശത്തും കാണാം. കൊയ്ത്തു മെഷീനുകൾ ഇനിയും ഓടിയെത്തിയിട്ടില്ല എന്ന് ആടിയുലയുന്ന കതിർനാമ്പുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു.

ഞാൻ പ്രതീക്ഷിച്ചതുപോലെയുള്ള ഒരു സംതൃപ്തി നൽകാൻ ആദ്യകാഴ്ചയിൽ കന്യാകുമാരിക്കായില്ല. കടലിന്റെ ആരവം ഉച്ചസ്ഥായിയിൽ എത്തുന്തോറും അങ്ങകലെ തിരുവള്ളുവാരുടെ പ്രതിമ കണ്ടുതുടങ്ങി. അടുക്കുന്തോറും ഇടമുറിയാതെ പെയ്യുന്ന ഇടവപ്പാതിപോലെ കടൽ ശബ്ദിക്കുന്നു. സൂര്യനിൽ നിന്നും പാറിവരുന്ന പ്രകാശം തിരുവള്ളുവാർ പ്രതിമയെ സാരി പുതപ്പിച്ചു. വഴിയിലെല്ലാം ചൂടില്ലാത്ത വെയിൽ വീണു കിടക്കുന്നു. കടലിന്റെ നീല സാരിക്കുമേൽ ചുവപ്പ് ഓറഞ്ച് നിറങ്ങളുടെ ചായം മറഞ്ഞിരിക്കുന്നു. ഡാവിഞ്ചിയുടേയും പിക്കാസോയുടെയും സൃഷ്ടികളേക്കാളും മികച്ച ഒരു പെയ്ന്റിംഗ് പോലെ, മനസ്സിൽ തന്നെ അറിയാതെ തുളുമ്പിവീണ വാക്കുകൾ ചതിച്ചു. കിഴക്കുനിന്നും ബംഗാൾ ഉൾക്കടൽ, പടിഞ്ഞാറുനിന്നും അറബിക്കടൽ, മധ്യഭാഗത്ത് ഇന്ത്യൻ മഹാസമുദ്രം എന്നിങ്ങനെ മൂന്നു കടലുകളുടെ സംഗമം. അറിയില്ല, ആ ദൃശ്യത്തെ വാക്കുകളുടെ വിലങ്ങണിയി

ഞാൻ. പാറക്കെട്ടുകളിൽ തട്ടിത്തെറിച്ച തിരമാലകളുടെ ദൃശ്യം, അച്ഛന്റെ കൈ പിടിച്ച് ചെറായി കടൽത്തീരത്ത് ഓടിക്കളിച്ച ബാല്യകാല സ്മരണകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. തെന്നുന്ന കരിങ്കൽ പടവുകളിലൂടെ ഞാൻ താഴേക്കിറങ്ങി. തീരം തഴുകുന്ന തിരമാലകളെ കുറച്ചുനേരം നോക്കിനിന്നു.

പിന്നോട്ടുനോക്കിയപ്പോൾ നാട്ടിലെ മദ്യവിൽപ്പനശാലകളിൽ കാണുന്ന പോലെയുള്ള ഭീമമായൊരു നിര ഞങ്ങൾ കണ്ടു. അന്വേഷിച്ചപ്പോൾ ബോട്ട് ടിക്കറ്റ് എടുക്കാനുള്ള ക്യൂ ആണെന്നറിഞ്ഞു. ഞങ്ങൾ അതിന്റെ പിൻഭാഗത്ത് സ്ഥാനമുറപ്പിച്ചു.



വെയിലിന്റെ കനം കൂടിത്തുടങ്ങി. ഒച്ചിന്റെ വേഗതയിൽ നിര പതുക്കെ മുന്നോട്ട് നീങ്ങി. ഏകദേശം ഒരു മണിക്കൂറിനുശേഷം മാത്രമാണ് ഞങ്ങൾക്ക് ബോട്ടിൽ കയറാനായത്. 50 പേർക്കിരിക്കാവുന്ന ബോട്ട്. ലൈഫ് ജാക്കറ്റുകൾ ധരിച്ചുവേണം യാത്ര ചെയ്യാൻ. കരയുടെ കൈകൾ പതുക്കെ തട്ടിമാറ്റികൊണ്ട്, അനുസരണയില്ലാതെ ആർത്തിരമ്പുന്ന കടലിലൂടെ ബോട്ട് മുന്നോട്ട് നീങ്ങി. അൽപം സാഹസികത നിറഞ്ഞ യാത്ര. തിരമാലകളുടെ നൃത്തച്ചുവടുകളെ എത്തിപ്പിടിക്കാൻ ബോട്ടിനു പലപ്പോഴും സാധിച്ചില്ല. ഇത്, ബോട്ടിൽ ബാലരമയിലെ രാധയെപ്പോലെ മുടി ഇരുവശത്തേക്കും പിന്നിയിട്ട ശിവഗിരി വിദ്യാലയത്തിലെ പെൺകുട്ടികളേയും ഭയപ്പെടുത്തി.

വിവേകാനന്ദപ്പാറയിൽ ചെന്നിറങ്ങിയപ്പോൾ തന്നെ ആദ്ധ്യാത്മികമായ ഒരു ചൈതന്യം എന്നിൽ ഉളവായി. കറുപ്പും ചുവപ്പും ശിലകളിൽത്തീർത്ത ഒരു ക്ഷേത്രം. ഗുരുവായൂരും മറ്റും ഉള്ളതുപോലെ ബാഗും മൊബൈൽഫോണും ഏൽപ്പിച്ച് നമ്മൾ ഇവിടെ "നിരായുധ" രാവേണ്ട. ഞങ്ങൾക്കു മുന്നിൽ ഗോതമ്പിന്റെ നിറമുള്ള കുറച്ചു പഞ്ചാബി പെൺകുട്ടികൾ പോകുന്നുണ്ടായിരുന്നു. സ്കിന്നർ ഹോസ്റ്റലിന്റെ പടിക്കൽ കറങ്ങുന്ന പൂവാലന്മാരെ സെക്യൂരിറ്റി നോക്കുന്നപോലെ അവിടുത്തെ കാവൽക്കാരൻ ഞങ്ങളെ ഒന്നു നോക്കി. ക്ഷേത്രത്തിനകത്ത് കയറിയപ്പോൾ ബഹളത്തിൽ നിന്നും ശാന്തതയിലേക്കു പ്രവേശിച്ചതിന്റെ ഒരു കുളിർമ എനിക്കനുഭവപ്പെട്ടു. ജീവനക്കാരിലൊരാൾ മുഖമണ്ഡപത്തിൽ നിന്നുകൊണ്ട് വിനോദ സഞ്ചാരികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. ക്ഷേത്രത്തിനകത്ത് ഫോട്ടോയെടുക്കരുതെന്ന കാവൽക്കാരന്റെ നിർദ്ദേശപ്രകാരം അയാളെ ഒന്നു സൂക്ഷിച്ചു നോക്കിയിട്ട് മുഖം തിരിച്ച് ക്യാമറയോട് ഉറങ്ങിക്കോളാൻ പറഞ്ഞു.


NOKIA
Abc 918/1
POVAM...?
Options Back

# തിരുവനന്തപുരം



പത്മനാഭസ്വാമി ക്ഷേത്രത്തിനു മുന്നിലെ പടവുകളിലിരുന്ന് ഞാൻ അവളെ നോക്കി. നെറ്റിയിലെ ചന്ദനക്കുറി വെയിലേറ്റ് തിളങ്ങി. ക്ഷേത്രത്തിനു പുറത്തേക്കിറങ്ങുന്നതിനുമുമ്പേ ഒന്നു തിരിഞ്ഞ്, ശ്രീപത്മനാഭനെ നോക്കി 'എന്നാ ശരി, കാണാം' എന്ന് പറഞ്ഞ് അവൾ നടന്നടുത്തു.

"എന്ത്ര് നോക്കണത്?"

പൊള്ളുന്ന മണ്ണിൽ ചവിട്ടി നിന്നിരുന്ന അവളുടെ നഗ്നമായ കാല്പാദങ്ങളെ നോക്കി ഞാൻ പറഞ്ഞു.

"കാലിലെ പൊടി മുഴുവൻ തട്ടിക്കളഞ്ഞിട്ട് കാറികേറിയാ മതി"



അത് അനിവാര്യമായിരുന്നു. ചായയുടെ മണം എന്നും എനിക്കൊരു ലഹരിയായിരുന്നു...
അതുകൊണ്ടുതന്നെ, മരുഭൂമിയിലേക്ക് പെയ്തിറങ്ങിയ കുളിർമഴയായാണ് ഞാൻ ആ ഒരു
കപ്പ് ചായയെ കണ്ടത്.

പണ്ട്, മൂന്നാം ക്ലാസിൽ വച്ച് അപ്പന്റിസൈറ്റിസ് പിടിപെട്ടപ്പോൾ വയറ് പരിശോധിക്കാനായി
ഡോക്ടർ എന്നെ രണ്ട് ദിവസം പട്ടിണിക്കിട്ടു. ആ രണ്ട് ദിവസം, സൂചി മുനയിലൂടെ ഗ്ലൂക്കോസ്
ഭക്ഷിച്ചും തൊട്ടരികിലെ കിടക്കകളിൽ കിടന്നിരുന്നവർ തിന്നുന്ന ഭക്ഷണപദാർത്ഥങ്ങൾ നോക്കി
വെള്ളമിറക്കിയും ഞാൻ തള്ളിനീക്കി. രണ്ടാം ദിവസം, ദ്രാവക രൂപത്തിലുള്ള എന്തെങ്കിലും
തിന്നാൻ കൊടുക്കാമെന്നുള്ള കരുണാർദ്രമായ ഉത്തരവുണ്ടായി. അന്ന്, എന്റെ ആമാശയത്തി
ലേയ്ക്കു പെയ്തിറങ്ങിയ കുളിർ മഴയാണ് ഈ ചായ.

ഇന്ന് ഓഫീസിൽ നിന്നും വീട്ടിലേക്ക് മടങ്ങിയപ്പോൾ കൂടെ പോന്നതാണവൾ. പതിവു
പോലെ, തിളങ്ങുന്ന തീപ്പെട്ടി കൂടുകൾ പോലത്തെ കടകളും മിന്നുന്ന കണ്ണുകളോടെ പരക്കം
പായുന്ന ഉറുമ്പുകളെപോലെയുള്ള വാഹനങ്ങളും നിറഞ്ഞ രാത്രി ചിത്രം നോക്കി
അലസമായി നിൽക്കവേയാണ് അവൾ ചായയുമായി വന്നത്. അത്, കൈകളിൽ നിന്നും
ഹൃദയത്തിലേക്ക് ഏറ്റുവാങ്ങിക്കൊണ്ട് ഞാൻ എന്റെ ചായ പ്രേമത്തിന്റെ കഥ അവളോട്
പറഞ്ഞു. ചിരിച്ചുകൊണ്ട് അവൾ ആ കഥ മുഴുവനും കേട്ടു. എന്നിട്ട്, പണ്ട് ഞങ്ങളിരുന്ന്
ആർത്തിയോടെ ചായ കുടിച്ചിരുന്ന കോളേജ് ക്യാന്റീനെക്കുറിച്ചും, നരച്ച താടിയും
മീശയും വച്ച്, എപ്പോഴും പാകമാകാത്ത ഷർട്ട് ധരിച്ചിരുന്ന ഒരാളെക്കുറിച്ചും അവൾ
എന്നെ ഓർമ്മിപ്പിച്ചു.

പാതിയൊഴിഞ്ഞ ചായ കോപ്പയിൽ നിന്നും എനിക്കാകാന്റീനിന്റെ മണം കിട്ടി തുടങ്ങി.
അത് എന്റെ മനസ്സിനെ പഴയകാലത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ചായ കപ്പ് തിരികെ കൊടുത്തുകൊണ്ട് ഞാൻ കളിയായി ചോദിച്ചു. "എടീ, നമുക്ക്
നമ്മുടെ പഴയ കോളേജിലേക്ക് പോയാലോ.?"

ഉത്തരം 'പോകാം' എന്നോ, 'നോക്കാം' എന്നോ ആയിരുന്നെങ്കിൽ, 'എപ്പോ,
എങ്ങനെ, എന്തിന്,' എന്നിങ്ങനെ ഒരു മറുചോദ്യമായിരുന്നെങ്കിൽ ഞാൻ ആ
തിളങ്ങുന്ന തീപ്പെട്ടി കൂടുകളെയും നോക്കി കുറേനേരം കൂടി അവിടത്തന്നെ
നിന്നേനെ. എന്നാൽ അവൾ ഉത്തരം ഒറ്റവാക്കിലൊതുക്കി.

"വാ".

# FS Aviation Academy

## In Association with Patriot Aviation College

OFFERS



IATA AVIATION

IATA CARGO

FS AVIATION COURSES

IATA TOURISM

IATA LOGISTICS



AVIATION
- AIRPORT OPERATIONS
- PASSENGER GROUND SERVICES
- GROUND OPS MANAGEMENT
- CABIN CREW
- RAMP OPERATIONS

TOURISM
- FOUNDATION DIPLOMA
- CONSULTANT DIPLOMA
- GDS FARES & TICKETING
- MANAGING TRAVEL BUSINESS

LOGISTICS
- SUPPLY CHAIN & TRANSPORT MODE
- LOGISTICS MANAGEMENT
- TRANSPORTATION MANAGEMENT

CARGO
- CARGO INTRODUCTORY
- INTERNATIONAL RATING
- CARGO DGR INITIAL

**Combi COURSES**
- Integrated Diploma in Airport Management - IDIAM (Passenger)
- Integrated Diploma in Cargo & Airport Management - IDCAM (Cargo)
- Integrated Diploma in Cargo & Logistics Management - IDCLM
- Integrated Diploma In Travel & Tourism Management - IDTTM

III[rd] Floor, Park Avenue Bldg., Bank Jn., Aluva, Ernakulam - 683 101
Tel : 0484 - 6542008
e-mail : info@fscollege.org I web : www.fscollege.org

# സമർപ്പണം

എല്ലാ പെണ്ണുങ്ങൾക്കും...

എല്ലാ ആണുങ്ങൾക്കും...






# എങ്ങോട്ടാ?
# രണ്ട് യു.സി.

union christian college, aluva

MAGAZINE 2012-13